032:3M891:16 F3

MALATHI MA…

UNNI KRISHNA NA…

032
:3M891:16
F3

# മാലതീമാല

ശ്രീമതി സ്വർണ്ണകുമാരി ദേവി
(മിസിസ്സ് ഘോസൽ)
എഴുതിയ സുപ്രസിദ്ധമായ ഇംഗ്ലീഷ്
നോവലിന്റെ പരിഭാഷ.

---

ഗ്രന്ഥകർത്താ

## വി. ഉണ്ണികൃഷ്ണൻ നായർ ബി. ഏ.

---

പ്രകാശകൻ.

കുളക്കുന്നത്ത് രാമൻമേനോൻ

---

S.V. BOOK DEPOT. TRIVANDRUM.

ബി. വി. ബുക്കഡിപ്പോ,
"കമലാലയ"പ്രസ്സ്.
തിരുവനന്തപുരം.

Price Re. 1. [വില ഒരുറുപ്പിക.

---

N. B. ഗ്രന്ഥകർത്താവിന്റെയും പ്രകാശകന്റെയും മുദ്രകളില്ലാത്ത പ്രതി വ്യാജമായിരിക്കുന്നു.

തിരുവനന്തപുരം.

ബി. വി. ബുക്കഡിപ്പോ പ്രവൎത്തകന്മാൎക്കുവേണ്ടി

'കമലാലയ' പ്രസ്സിൽ അച്ചടിച്ചത്.

൧-ാം പതിപ്പ് കാപ്പി-൧൦൦൦

1098

പകൎപ്പവകാശം ബി. വി. ബുക്ക്ഡിപ്പോവിലേക്ക്.

44492

O32-3M891:16

F3

## മുഖവുര.

മഹാകവി രവീന്ദ്രനാഥടാഗോറിന്റെ സഹോദരിയും, ബങ്കാളത്തിലെ ഒരു പ്രസിദ്ധവിദുഷിയുമായ ശ്രീമതി സ്വൎണ്ണകുമാരിദേവി (മിസ്സിസ്സ് ഘോസൽ) ഇംഗ്ലീഷിൽ എഴുതിയ "The Fatal Garland" എന്ന ആഖ്യായികയെയാണ് ഞാൻ "മാലതീമാല" എന്ന പേരോടുകൂടി കൈരളീസമക്ഷം അവതരിപ്പിക്കുന്നതു്. ചരിത്രസംബന്ധമായ ചില സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ചമൽക്കാരാതിശയത്തോടുകൂടി ബന്ധിക്കപ്പെട്ട ഈ കഥ മലയാളികൾക്കു രുചിക്കാതിരിക്കയില്ലെന്ന ബോധത്താൽ അതിന്റെ ഭാഷാന്തരീകരണം, മൂലഗ്രന്ഥകൎത്രിയുടെ അനുമതിയോടുകൂടി, ഞാൻ ആരംഭിച്ചു് പൂൎത്തിയാക്കീട്ടു് കാലം കുറച്ചായി. സംഗതിവശാൽ അതിന്റെ പ്രസിദ്ധീകരണത്തിന്നു് ഇത്ര ഇപ്പോഴേ തരമായുള്ളു. എന്റെ ഈ പരിഭാഷ കൈരളിക്കു സ്വീകാൎയ്യമായും, കേരളീയൎക്കു സന്തോഷപ്രദമായും തീരുന്നുവെങ്കിൽ, അതുതന്നെയാണു് എനിക്കുള്ള ചാരിതാൎത്ഥ്യം.

ഈ പുസ്തകത്തിന്റെ നാമകരണത്തെസ്സംബന്ധിച്ചു് എനിക്കല്പം സ്വാതന്ത്ര്യം കൈക്കൊള്ളേണ്ടിവന്നിട്ടുണ്ടു്. ഇംഗ്ലീഷിലെന്നപോലെതന്നെ മലയാളത്തിലും, പുസ്തകത്തിന്നു കഥാസൂചകമായ ഒരു പേരു് കല്പിക്കണമെന്ന ഔത്സുക്യത്താലാണു് ഞാൻ ഇതിന്നു "മാലതീമാല" എന്ന പേരിടുവാൻ തുനിഞ്ഞതു്. ഈ പദത്തിന്നു് "മാലതിപ്പൂകൊണ്ടുണ്ടാക്കിയമാല" (പിച്ചകമാല) എന്ന അൎത്ഥം പ്രത്യക്ഷമായി എടുക്കാവുന്നതിന്നു പുറമെ, "ഈ മാല മാൽ (വ്യസനം) ആകുന്നു" (മാൽ+അതു്+ഈ+മാല) എന്ന അൎത്ഥം വ്യംഗ്യമായും സിദ്ധിക്കാവുന്നതാണല്ലോ. ഈ വ്യംഗ്യാൎത്ഥമാണു് പ്രകൃതത്തിലേക്കു് അധികം യോജിക്കുന്നതും,

വാസ്തവത്തിൽ മൂലഗ്രന്ഥത്തിൽ നിർദ്ദേശിച്ചിട്ടുള്ള മാല "പിച്ചക" മാലയല്ല, "ബകുള" മാലയാണ്. പക്ഷേ കഥാഗതിക്ക് അതുനിമിത്തം കോട്ടവും വരാനില്ലെന്നുള്ള ദൃഢവിശ്വാസത്താൽ, കഥാശരീരത്തിൽ 'ബകുള'ത്തെ മാററി "മാലതി"യെയാണ് സ്വീകരിച്ചിരിക്കുന്നത്. ഇതൊരു ന്യൂനതയായി സഹൃദയന്മാർ ഗണിക്കുകയില്ലെന്നു കരുതുന്നു.

മദിരാശി,
1097 തുലാം 10-നു. } വി. ഉണ്ണികൃഷ്ണൻ നായർ ബി. എ.

# മാലതീമാല.

## ഒന്നാം അദ്ധ്യായം.

മഹീപാല തടാകതീരത്തിലെ മരത്തണലിൽക്കൂടി രണ്ടു ബാലികമാർ തടാകത്തിന്നഭിമുഖമായി പോകയായിരുന്നു. തടാകജലത്തിൽ പ്രതിഫലിച്ച എലഞ്ഞിവൃക്ഷത്തണലിൽ ദൃഢമായി ബന്ധിക്കപ്പെട്ടിരുന്ന ഒരു ചെറുതോണി, 'ഗോഷാ' സമ്പ്രദായം നിമിത്തം അന്തഃപുരത്തിനുള്ളിൽ അസ്വാതന്ത്ര്യയായി കാലയാപനം ചെയ്‌വാൻ നിർബ്ബന്ധിതയായ ഒരു തരുണിയെപ്പോലെ, നിർബാധം ഒഴുകിപ്പോകുവാൻ സാധിക്കാതെ അസ്വസ്ഥതയോടെ അങ്ങട്ടുമിങ്ങട്ടും ഇളകിക്കൊണ്ടിരുന്നു.

ഫലപുഷ്പസമൃദ്ധിയാൽ രമണീയമായ വൈശാഖമാസത്തിലെ ഒരു സായാഹ്നത്തിലാണ് കഥയാരംഭിക്കുന്നത്. വസന്തം കഴിഞ്ഞു ഗ്രീഷ്മകാലം തുടങ്ങാറായി. അല്പദിവസം മുമ്പുവരെ ഇളംതളിരുകളും വിപാണ്ഡുരകുസുമങ്ങളും മാത്രം നിറഞ്ഞിരുന്ന മാവുകളിൽ ഇപ്പോൾ ഉണ്ണിമാങ്ങകളും ഇടയ്ക്കിടെ മൂപ്പെത്തിയ ഫലങ്ങളും കാണാനുണ്ട്. വസന്തോത്സവത്തിന്റെ വിജയസ്തംഭം പോലെ പ്രകാശിക്കുന്ന അശോകവും, ഗ്രാമ്യമായ ബകുളവും, പരിമളഭരിതമായ പൊൻചെമ്പകവും, കമനീയമായ മാലതിയും പ്രകൃതിദേവിയുടെ പ്രത്യേക പരിവാരങ്ങളെന്നപോലെ പ്രശോഭിച്ചു.

വസന്തമാരുതന്റെ സൌമ്യതയ്ക്കും കാലഗതിക്കനുരൂപമായി കുറവു തട്ടിയിരുന്നു. പ്രഭാതത്തിലും സന്ധ്യയ്ക്കും വീശിയിരുന്ന കാറ്റ്, ജ്വരബാധിതനായ ഒരു രോഗിയുടെ നെററിമേൽ ശീതളവും മൃദുലവും ആയ കരസ്പർശം പോലെ ശിശിരാനുഭവത്തെ ഉണ്ടാക്കി— എന്നു മാത്രമല്ല വൈകുന്നേരംതോറും കലശ

മായ കാററും കോരിച്ചൊരിയുന്ന മഴയും, കൊള്ളക്കാരുടെ കോലാഹലത്തോടു കൂടി, പല അഴിമതികളും നടത്തുന്ന പതിവും ഉണ്ടായിരുന്നു.

മനുഷ്യ ജീവിതത്തിൽ ശൈശവാവസ്ഥവിട്ടു പൂൎണ്ണയൌവ്വനത്തിൽ കാലെടുത്തു വെയ്ക്കുവാൻ ഭാവിക്കുന്ന ബാലികാബാലന്മാൎക്കെന്നപോലെ, ഋതുസമൂഹത്തിൽ വസന്തം അവസാനിച്ചു് ഗ്രീഷ്മോന്മുഖമായിത്തീൎന്നിട്ടുള്ള കാലാവസ്ഥയ്ക്കും ഒരു പ്രത്യേക രാമണീയകത്വം ഉണ്ടെന്നു സൎവ്വസമ്മതമാണല്ലോ. അങ്ങിനെയുള്ള ഈ വൈശാഖമാസത്തിൽ, പ്രകൃതിമണ്ഡലം നാനാവൎണ്ണപ്രകാശത്താലും പരിമളധോരണിയാലും മധുരസ്വരവ്യാപ്തിയാലും ഒരു നടനമണ്ഡപം പോലെ ശോഭിച്ചു.

മുമ്പറഞ്ഞ രണ്ടു ബാലികമാരും, തടാകതീരത്തിൽ അനാഥമായി കിടന്നിരുന്ന തോണിയെ നോക്കിക്കൊണ്ടു കുറേനേരം നിന്നു. ഒടുവിൽ ഒരുവൾ ഇങ്ങനെ പറഞ്ഞു:—"ജ്യേഷ്ഠത്തി! രാജകുമാരൻ വന്നില്ലല്ലോ" ഇതു പറഞ്ഞതു നിരുപമയായിരുന്നു. പതിനൊന്നു വയസ്സുമാത്രം പ്രായം ചെന്ന ഈ കൊച്ചുകുട്ടി അവളുടെ സഖികൾക്കെല്ലാം ഒരു 'കണ്ണിലുണ്ണി'യും, അവളുടെ അസ്ഫുടപ്രലാപം അവരുടെ കൎണ്ണങ്ങൾക്കു "പീയൂഷധാര"യും ആയിരുന്നു. പക്ഷെ, ശക്തിമയിക്കു മാത്രം അവളോടു് ഇഷ്ടമുണ്ടായിരുന്നില്ല. അവൾ വല്ലതും പറഞ്ഞാൽ ശക്തിമയി അവളെ "കൊഞ്ഞനം കാട്ടി" പരിഹസിക്കുക പതിവായിരുന്നതിനാൽ, ശക്തിയുടെ സഹവാസം അവൾക്കു വളരെ ദുസ്സഹമായിട്ടാണ് തോന്നിയിരുന്നതു്. പക്ഷെ വെളിച്ചവും നിഴലും പോലെ, അവർ ഒരിക്കലും വേർപിരിഞ്ഞിരുന്നുമില്ല. തടാകതീരത്തിലെ ആരാമത്തിൽ, നേരംപുലൎന്നാൽ, ഒന്നാമതായി വന്നെത്താറുള്ളതു ശക്തിയാണ്. അവിടെ നിന്നു തിരിച്ചുപോകുന്നതിൽ ഒടുക്കത്തെ ആളും ശക്തിതന്നെ. ഈ സമയത്തെല്ലാം എന്തോ ഒരു വശീകരണശക്തിയാലെന്നപോലെ അവളുടെ കൂടെ നിരുപമയും ഉണ്ടായിരിക്കും. ദിവസംപ്രതി ആ പൂങ്കാവിൽ കളിക്കുവാൻ വരാറുള്ള രാജകുമാരനെ കാണ്മാനുള്ള ആഗ്രഹമാണു് ഈ രണ്ടു പേരേയും തടാകതീരത്തിലേക്കു പ്രേരിപ്പിച്ചിരുന്നതു്.

നിരുപമ തീരെ ആലോചിക്കാതെ തന്റെ തൽക്കാല മനോരഥത്തെ പുറത്തു പറഞ്ഞുവെന്നേയുള്ളു. പക്ഷെ, തന്നിമിത്തം അവൾ ശക്തിയുടെ പരിഹാസത്തിന്നു പാത്രമായിത്തീരുമെന്നോൎത്തപ്പോൾ, അവൾക്കു വളരെ ലജ്ജയും കുറെച്ചൊരു ഭയവും ഉണ്ടായി. ഭാഗ്യവശാൽ അവൾ പറഞ്ഞതു ശക്തി കേട്ടിരുന്നില്ല.

“വരു, നിരുപമേ! നമുക്കു വെള്ളത്തിലിറങ്ങി കുറെ താമരപ്പൂക്കൾ അറുക്കാം.” എന്നുമാത്രമേ ശക്തി പറഞ്ഞുള്ളു.

വെള്ളത്തിലേക്കു ഇറങ്ങിപ്പോവുകയോ? പ്രകൃത്യാ ഭീരുവായ നിരുപമയ്ക്കു് അത്രമാത്രം ധൈൎയ്യമുണ്ടായിരുന്നില്ല. “ഞാൻ വെള്ളത്തിൽ വീണുപോകും. ഇവിടെ കരയ്ക്കിരുന്നു് ഒരു മാലകെട്ടാം” എന്നായിരുന്നു അവളുടെ വിറയലോടുകൂടിയ മറുപടി.

തന്റെ ശാസനകളെ സാധാരണയായി നിരാകരിക്കുവാൻ ധൈൎയ്യപ്പെടാത്ത നിരുപമയുടെ ഈ തക്കുത്തരം കേട്ടപ്പോൾ ശക്തിമതിക്കു വല്ലാതെ നീരസം തോന്നി. അവളുടെ കമനീയമായ പുരികക്കൊടി ചുളിച്ചുകൊണ്ടു നിരുപമയെ വീണ്ടും നിൎബ്ബന്ധിച്ചു. പ്രായംകൊണ്ടു് അവർ തമ്മിൽ ഒരു വയസ്സിന്റെ അന്തരമേ ഉണ്ടായിരുന്നുള്ളുവെങ്കിലും നിരുപമയ്ക്കു ശക്തിയെ ബഹുഭയമായിരുന്നു. ശക്തി പറയുന്നതെല്ലാം വേദവാക്യംപോലെ അനുസരിക്കയല്ലാതെ, അതിനെ തള്ളിക്കളയുവാൻ അവൾക്കു ഒരിക്കലും ധൈൎയ്യമുണ്ടാകാറില്ല. ഈ പ്രാവശ്യം മാത്രം അവൾ ഒരസാധാരണധൈൎയ്യം അവലംബിച്ചു് “ഞാൻ വരികയില്ല” എന്നു ഒരിക്കൽക്കൂടി പറഞ്ഞു്, തന്റെ വൈമനസ്യത്തെ പ്രകാശിപ്പിച്ചു.

കേവലം അപ്രതീക്ഷിതമായ ഈ മറുപടി കേട്ടപ്പോൾ, തനിക്കെന്തോ മാനക്ഷയം വന്ന ഭാവത്തിൽ, ശക്തിമതി നിലത്തു് ഊക്കോടെ ചവട്ടി, “നീ വരികയില്ലേ, തീൎച്ചയാണോ?” എന്നു് അധികാരസൂചകമായ സ്വരത്തിൽ ചോദിച്ചു.

“അതേ” എന്നു നിരുപമ വിക്കിപ്പറഞ്ഞു. “അതെല്ലാംവേറെ കാൎയ്യം; നീ വന്നേ കഴിയൂ” എന്നു പറഞ്ഞുകൊണ്ടു് ശക്തി

മയി, ഭയവിഹ്വലയായി നിന്നിരുന്ന നിരുപമയുടെ കൈക്കു കടന്നുപിടിച്ചു്, അവളെ തടാകത്തിലേക്കു ബലാൽക്കാരമായി വലിച്ചെഴച്ചു.

നിസ്സഹായയായ നിരുപമ ദയനീയമായ ദീനസ്വരത്തിൽ നിലവിളിച്ചുകൊണ്ടു ബന്ധനത്തിൽ നിന്നൊഴിയുവാൻ ശ്രമിക്കുന്നതിനിടയിൽ വേറെ രണ്ടു ബാലികമാർ ഭാഗ്യവശാൽ അവിടെ വന്നെത്തി.

“ശക്തി! നീ എങ്ങോട്ടാണു് നിരുപമയെ വലിച്ചുകൊണ്ടു പോകുന്നതു്?” എന്നു് അവർ ചോദിച്ചതും ശക്തി[illegible] നിരുപമയെ ബന്ധനത്തിൽ നിന്നു വിട്ടതും ഒന്നായിക്കഴിഞ്ഞു.

“ഇതു കണ്ടില്ലേ? പെണ്ണിന്റെ ധിക്കാരം! താമരപ്പൂവരക്കാൻ എന്റെ കൂടെ ഇവൾ വരികയില്ലത്രെ.”

നിസ്സഹായത മൂർത്തീകരിച്ചപോലെ, നിരുപമ, അവളുടെ സഖികളുടെ മുഖത്തു ദയനീയമായി നോക്കി, “ഞാൻ വെള്ളത്തിൽ വീണുപോകും” എന്നുമാത്രം സഗൽഗദം പറഞ്ഞു.

“കൊച്ചുകുട്ടിയല്ലേ? അവൾ മുങ്ങിച്ചത്തുപോകും!” എന്നു പറഞ്ഞു ശക്തി അവളെ പരിഹസിച്ചു.

കുസുമ:—“അവൾ പറയുന്നതു കാര്യമാണു്. അവളെ വിട്ടേക്കൂ.
ശക്തിയുടെ കൂടെ പൂവ്വരക്കാൻ ഞാൻ വരാം.”

ഇത്രയും പറഞ്ഞു, കുസുമ ഉത്തരീയം അഴിച്ചു കാമിനിയെ ഏല്പിച്ചു്, ശക്തിയോടൊന്നിച്ചു വെള്ളത്തിലേക്കിറങ്ങി.

അനന്തരം ആ സുകുമാരികളുടെ സുകോമളങ്ങളായ ശരീരങ്ങൾ, താമരപ്പൂക്കൾക്കിടയിൽ കുവലയാശങ്കയെ ജനിപ്പിച്ചുകൊണ്ടു്, സരോജലത്തിൽ വളരെ നേരം നീന്തിക്കളിച്ചു.

## രണ്ടാം അദ്ധ്യായം

പുരാതനഹിന്ദുകുഡുംബങ്ങളിലെ സന്തതികളായ ആ നാലു ബാലികമാരും ഒരു രാജകുമാരന്റെ സഖികളായിരിക്കത്തക്ക യോഗ്യതയുള്ളവർ തന്നെയായിരുന്നു. ജാതിവലിപ്പംകൊണ്ടും അവർ രാജവംശത്തെക്കാൾ ഒട്ടും താണവരായിരുന്നില്ല. അവരുടെ ആഭിജാത്യവും കുലീനതയും ആകൃതിയിലും പ്രകൃതിയിലും ഒരുപോലെ പ്രത്യക്ഷപ്പെട്ടു.

ഭയവിഹ്വലയായിനിന്നിരുന്ന നിരുപമയുടെ മുഖത്തുനിന്നു കാമിനി കണ്ണീരെല്ലാം തുടച്ചുകളഞ്ഞു്, അവളെ സമാധാനിപ്പിച്ചു. "പൂക്കൾ വീണുകിടക്കുന്ന ഈ സ്ഥലം കാണ്മാൻ എന്തൊരു കൌതുകമാണു്! വരൂ, നമുക്കു കുറെ പൂക്കൾ ശേഖരിക്കാമല്ലൊ?" എന്നു പറഞ്ഞു. നിരുപമയുടെ മുഖത്തുനിന്നു കണ്ണീർ തീരെ മാഞ്ഞുപോയിരുന്നില്ലെങ്കിലും, കാമിനിയുടെ സ്നേഹപൂർവമായ സംഭാഷണം കേട്ടപ്പോൾ അവൾക്കു വളരെ സന്തോഷം തോന്നി. പ്രസന്നതയോടുകൂടി അവൾ ഇടത്തുകൈ നിവർത്തിക്കാണിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു:— "ഞാൻ ഒരു കെട്ടു നൂലു കൊണ്ടുവന്നിട്ടുണ്ടു്. നല്ലതായ ഒരു മാലകെട്ടി രാജകുമാരനെ സമ്മാനിക്കുവാൻ ഇതുതന്നെയാണ് അവസരം."

മരങ്ങൾക്കിടയിൽ വീണുകിടന്നിരുന്ന പുഷ്പങ്ങൾ, അവരുടെ സാരിയിൽ കൊള്ളുന്നേടത്തോളം പെറുക്കി എടുത്തശേഷം കാമിനിയും നിരുപമയും തടാകതീരത്തിൽ ഇരുന്നു മാലകെട്ടിത്തുടങ്ങി. തത്സമയം ശക്തിയും കുസുമയും, തണ്ടുകളോടുകൂടിയ വെള്ളത്താമരപ്പൂക്കൾ വഹിച്ചുകൊണ്ടു് അപ്സരസ്ത്രീകളെപ്പോലെ തടാകത്തിൽനിന്നു കയറിവന്നു് അവരുടെ മുമ്പിൽ നിലയായി.

"രാജകുമാരനു കൊടുക്കാൻവേണ്ടി ഞാൻ ഇതിൽ നിന്നു് ഒരു പൂവെടുക്കട്ടെ?" എന്നു നിരുപമ നിഷ്കപടമായ ഔത്സുക്യത്തോടുകൂടി ചോദിച്ചു. ശക്തിമയിക്കു ഈർഷ്യം വന്നു. "നല്ല

കാൎയ്യം! വെള്ളത്തിലിറങ്ങി പൂക്കൾ അറുത്തുകൊണ്ടുവരാൻ ഞങ്ങൾ. അതു രാജകുമാരനു കൊടുക്കാൻ നീ: പെണ്ണിന്റെ ധിക്കാരം കേട്ടില്ലേ? ഈ മോഹം വെറുതെ."

നിരുപമയുടെ മുഖം ക്ഷണമാത്രംകൊണ്ടു് അപ്രസന്നമായി.

കുസുമ:—(ശക്തിയുടെ പുറത്തു തട്ടിക്കൊണ്ടു്) ശക്തി! വെറുതെ ദേഷ്യപ്പെടാതിരിക്കൂ. നിന്റെ ഇപ്പോഴത്തെ സൌന്ദൎയ്യം ഒന്നു കാണേണ്ടതുതന്നെയാണു്. സംശയമില്ല. നിന്നെ കണ്ടാൽ പാലാഴിയിൽനിന്നു മഹാലക്ഷ്മിതന്നെ കയറിവന്നതാണോ എന്നു തോന്നിപ്പോകും. കാമിനി കെട്ടിയുണ്ടാക്കിയ ഈ മാല നിന്റെ മുടിയിലും, ഈ മാലതീകങ്കണം നിന്റെ കയ്യിലും ഞാൻ അണിയിക്കട്ടെ. ഹാ! ഇപ്പോൾ നിന്റെ സൌന്ദൎയ്യം പൂൎത്തിയായി.

ഇത്രയും പറയുമ്പോഴെയ്ക്കു, കുസുമ ശക്തിയെ അണിയിച്ചു കഴിഞ്ഞിരുന്നു. തന്റെ നിഷ്കാപടമായ ആനന്ദത്തെ പ്രസന്നമായ കടാക്ഷവീക്ഷണത്താൽ പ്രകാശിപ്പിച്ചുകൊണ്ടു് അവൾ കുസുമയെ മന്ദഹാസസമേതം ഒന്നു ചുംബിച്ചു.

പക്ഷേ, കാമിനിയുടെ ആലോചന വേറെ കാൎയ്യങ്ങളെക്കുറിച്ചായിരുന്നു. "കുട്ടികളെ! നിങ്ങൾ അനാവശ്യമായി എത്ര പൂക്കളാണറുത്തിരിക്കുന്നതു്! റാണിക്കു നാളത്തെ പൂജയ്ക്കു വേണ്ടുന്ന പൂക്കൾ കിട്ടാതിരുന്നാൽ എന്തെല്ലാം അനൎത്ഥമാണു വരുന്നതെന്നറിഞ്ഞില്ല." ശക്തിമയി ഇതത്ര ഗണ്യമാക്കിയില്ല. "പൂക്കൾ അപഹരിച്ചതാരാണെന്നു റാണി അറിഞ്ഞെങ്കിലല്ലേ പേടിക്കാനുള്ളു?" എന്നായിരുന്നു അവളുടെ സമാധാനം.

കാമിനി:—(കേൾക്കാത്ത ഭാവത്തിൽ) "ദിനംപ്രതി നൂറു താമരപ്പൂക്കൾ കൊണ്ടു ശിവപൂജ ചെയ്താൽ ഭൎത്താക്കന്മാരെ വശപ്പെടുത്താൻ സാധിക്കുമെന്നുപറയുന്നതു വാസ്തവമാണോ?"

കുസുമയും കാമിനിയും യൌവനയുക്തകളും വിവാഹം കഴിഞ്ഞവരും ആയിരുന്നു.

കുസുമ:—ഇപ്പോഴത്തെ റാണി അവരുടെ ഭൎത്താവിനെ വശപ്പെ

ട്ടത്തിലേയ്ക്ക് ഇങ്ങനെ ശിവപൂജ ചെയ്തിട്ടാണത്രേ. കുറച്ചു കാ
ലംമുമ്പ്, രാജാവിനു റാണിയിൽ ലേശംപോലും പ്രേമമുണ്ടാ
യിരുന്നില്ല. ഈ പുഷ്പാഞ്ജലി തുടങ്ങിയതിനു ശേഷമാണ്
അദ്ദേഹം റാണിയുടെ ദാസനായിത്തീൎന്നത്. നിന്റെ ജ്യേ
ഷ്ഠത്തി തൽക്കാലം അപ്പന്റെ വീട്ടിൽ പാൎക്കുന്നതുകൊ
ണ്ടു അവരുടെ ഭൎത്താവു മുഷിഞ്ഞിരിക്കയാണെന്നല്ലേ പറ
ഞ്ഞതു്? ഒരു മഹാദേവപൂജ കഴിച്ചാൽ, ഈ മുഷിച്ചലെ
ല്ലാം തനിയേ മാറുമല്ലോ. ഭൎത്താവിനെ ചൊല്പടിക്കു നി
ൎത്താൻ ഇത്ര നല്ലവിദ്യ വേറൊന്നും ഇല്ല.

കാമിനി:—ഇതു വാസ്തവമാണെങ്കിൽ തന്നെ നൂറു താമരപ്പൂക്കൾ
അവൾക്കെവിടുന്നാണു കിട്ടുന്നതു്? പക്ഷേ, റാണിയുടെ ശി
വപൂജയുടെ കാരണം കുസുമ പറഞ്ഞതല്ലെന്നാണു് എ
ന്റെ അമ്മയുടെ സംസാരത്തിൽ നിന്നു ഞാൻ മനസ്സി
ലാക്കിയതു്. രാജകുമാരന്റെ ജാതകവശാൽ എന്തോ ഒരു ഗ്ര
ഹപ്പിഴയുണ്ടു്. അതിന്റെ പരിഹാരാൎത്ഥമാണത്രേ ഈ
പൂജകഴിക്കുന്നതു്. രാജകുമാരന്റെ വിവാഹത്തിനുള്ള താ
മസവും ഇതുനിമിത്തമാണത്രേ. ഗ്രഹപ്പിഴ ഇക്കൊല്ലത്തോ
ടുകൂടി അവസാനിക്കുമെന്നു കേട്ടു.

ഈ അശുഭകാൎയ്യത്തെക്കുറിച്ചുള്ള പ്രസംഗം അവർ അധി
കനേരം തുടൎന്നില്ല.

കുസുമ:—നമുക്കൊരു പുതിയറാണി വരുമ്പോൾ എന്തൊരു നേ
രമ്പോക്കായിരിക്കും! അവൾ എന്തുമാതിരിയായിരിക്കുമോ?

കാമിനി:—നിരുപമയെപ്പോലെ ഒരു കൊച്ചു റാണിയെ കിട്ടി
യാൽ നമുക്കു മഹോത്സവമായി.

നിരുപമയുടെ പ്രസന്നകോമളമായ മുഖം സന്തോഷാതിരേ
കത്താൽ വികസിതമായി. അവളുടെ കയ്യിലുണ്ടായിരുന്ന മാല
തീമാല സ്വയമേവ താഴത്തുവീണു. കളങ്കരഹിതമായ ഔൽസു
ക്യത്തോടുകൂടി അവൾ ഇപ്രകാരം പറഞ്ഞു:—“ജ്യേഷ്ഠത്തി!
ഞാൻ റാണിയായിരിക്കൊള്ളാം.”

കാമിനി അവളെ സസന്തോഷം ചുംബിച്ചു. “എന്നാൽ അ

ങ്ങിനെ തന്നെ. നമുക്ക് 'രാജാവും റാണിയും' കളിക്കാം! ഓമനേ! നീ തന്നെ റാണി ഞാൻ അമ്മറാണി. കുസുമ തോഴിയും."

ശക്തി:—അപ്പോൾ, ഞാനോ?

കാമിനി:—(ചിരിച്ചുകൊണ്ട്) നീ ദാസി!

ശക്തിയുടെ നീലോല്പലദളങ്ങളായ നയനങ്ങളിൽ കോപാഗ്നികണങ്ങൾ ഉജ്ജ്വലിച്ചു.

"ഒരിക്കലും അല്ല, ഞാനാണു റാണി; നിരുപമ, വേണമെങ്കിൽ, എന്റെ ദാസിയായിരുന്നുകൊള്ളട്ടെ" എന്നു അത്യുഗ്രമായ ഔദ്ധത്യത്തോടുകൂടി അവൾ പറഞ്ഞു.

"ഞാൻ ഒരിക്കലും ദാസിയായിരിക്കയില്ല" എന്നു നിരുപമ പറയാൻ ഭാവിക്കുമ്പോഴേക്കു തടാകത്തിൽ നിന്നു ഒരു ഓടക്കുഴൽവിളി കേൾക്കാറായി. "രാജകുമാരൻ ഇതാ വരുന്നു!" എന്നും അവൾ സന്തോഷസമേതം നിലവിളിച്ചു.

കുസുമ:—"എന്നാൽ, റാണിയെ തിരഞ്ഞെടുക്കുന്നതു രാജകുമാരന്റെ ഇഷ്ടംപോലെയാകട്ടെ."

കാമിനി:—"അതു തന്നെയാണ് നല്ലതു്."

രാജകുമാരനെ എതിരേൽക്കുന്നതിൽ ഒന്നുപോലെ ബദ്ധശ്രദ്ധകളായിരുന്ന ആ ബാലികമാർ, കൈകോർത്തുപിടിച്ചു, ശ്രോതോമോഹനമായ വേണുസ്വരത്തിന്റെ താളത്തിനൊപ്പം പാടിക്കളിച്ചുതുടങ്ങി. ഓടക്കുഴൽവിളി അവസാനിച്ചപ്പോൾ പെൺകിടാങ്ങൾ അവരുടെ പാട്ടും നിർത്തി. പതിനെട്ടുവയസ്സു പ്രായംചെന്ന ഒരു സുകുമാരൻ തോണിയിൽ നിന്നിറങ്ങി അവർക്കഭിമുഖമായി വന്നു. രാജകുമാരനു സംസാരിക്കാൻ സമയം കൊടുക്കാതെ കാമിനി പറഞ്ഞു:—"രാജകുമാര! ഞങ്ങൾ 'രാജാവും-റാണിയും' കളിക്കാൻ ആലോചിക്കയാണ്. ശക്തിയോ നിരുപമയോ റാണി എന്നാണിവിടെ തീർച്ചയാക്കേണ്ടതു്. ഞാനാണ് അമ്മറാണി—കുസുമ തോഴിയും—നിരുപമ—"

കുസുമ:—അവളെ അർദ്ധോക്തിയിൽ തടഞ്ഞു:—"റാണിയുടെ കാര്യം രാജകുമാരൻ തീർച്ചപ്പെടുത്തട്ടെ."

രാജകുമാരൻ—ആരുടെ റാണിയ്ക്കു രാജാവാരാണ്?

(കാമിനിയും, കസ്തൂരിയും) അതിന്നു സംശയമുണ്ടോ, അങ്ങുതന്നെ.

രാജകുമാരൻ:—(മന്ദഹസിച്ചുകൊണ്ട്) "എന്നാൽ ഞാൻ എന്റെ റാണിയെ തിരഞ്ഞെടുത്തുകൊള്ളാം" എന്നുപറഞ്ഞു്, നിരുപമ വളരെ മനസ്സിരുത്തി കെട്ടിയുണ്ടാക്കിയ മാലതീമാലയെടുത്തു് ശക്തിയുടെ കഴുത്തിലിട്ടു. "ഇതാ എന്റെ റാണി" എന്നു പറഞ്ഞു ശക്തിയുടെ മനോഹരമായ മുഖത്തു സന്തോഷാഭിമാനങ്ങൾ വഴിഞ്ഞൊഴുകി—മററു ബാലികമാരെല്ലാം ഒരുമിച്ചു വധൂവരന്മാരുടെ ചുററും പ്രദക്ഷിണം വെച്ചു് ആർത്തുവിളിച്ചും വിവാഹക്രിയയെ കളിയായിത്തന്നെ യഥോചിതം കൊണ്ടാടി. ഭഗ്നാശയായ നിരുപമയ്ക്കും ഇതിൽ പങ്കുകൊള്ളാതെ നിർവ്വാഹമില്ലെന്നു വന്നു.

നേരം സന്ധ്യായിത്തുടങ്ങി. പശ്ചിമാബ്ധിയിൽ മുഴുകിക്കൊണ്ടിരുന്ന സൂര്യമണ്ഡലത്തിൽനിന്നു നിർഗ്ഗമിച്ച പ്രഭാവിശേഷം വിവാഹഘോഷാർത്ഥമായി നിർമ്മിക്കപ്പെട്ട ഒരു മേൽക്കെട്ടിപോലെ കാണപ്പെട്ടു. കോകിലങ്ങളുടെ കളകൂജിതം ആ കാഴ്ചയുടെ രാമണീയകത്തിന്നു പൂർത്തിവരുത്തി.

രാജകുമാരന്റെ വധൂപദം ലഭിപ്പാനുള്ള ഭാഗ്യം തനിക്കല്ല, ശക്തിമതിക്കാണെന്ന വിചാരത്താൽ അപ്രസാദവതിയായിത്തീർന്ന നിരുപമ കണ്ണിൽ വെള്ളം നിറച്ചുകൊണ്ട് രാജകുമാരന്റെ മുമ്പിൽവന്നു നിന്നു. "രാജകുമാരന്റെ ദാസിയായിരിക്കുവാൻ എന്നെ അനുവദിച്ചാൽമതി" എന്നു ദയനീയസ്വരത്തിൽ പറഞ്ഞു.

പെട്ടെന്നു പ്രകൃതിയുടെ മട്ടെല്ലാം ഒന്നു മാറി. ഒരു കൊടുങ്കാററും മഴയും വന്നു് ആ ഉദ്യാനത്തിന്റെ രാമണീയകത്തെ തൽക്കാലം നാമാവശേഷമാക്കിത്തീർത്തു.

——(0)——

# മൂന്നാം അദ്ധ്യായം

ദൽഹിരാജ്യം ബങ്കാളസാമ്രാജ്യത്തിനു കീഴടങ്ങിയ സന്തോഷസംഭവത്തെ പ്രമാണിച്ച്, അതിന്റെ തലസ്ഥാനമായ പാണ്ഡവനഗരിയിൽ കൊല്ലംതോറും ഒരു മഹോത്സവം കൊണ്ടാടാറുണ്ട്. ആ അവസരത്തിൽ ഒരു വിശേഷവിധിയായിട്ടുള്ള സംഭവം പ്രസിദ്ധവീരന്മാരുടെ കായികാഭ്യാസപ്രദർശനവും അതിൽ പ്രഥമസ്ഥാനം കിട്ടുന്ന ആൾക്കു സുൽത്താന്റെ വകയായി സമ്മാനദാനവും ആണു.

ദിനേശപുരത്തിലെ യുവരാജകുമാരൻ കുട്ടിക്കളിയായി ശക്തിമയിയെ പാണിഗ്രഹണം ചെയ്തിട്ടു ഇപ്പോൾ കൊല്ലം ആറു കഴിഞ്ഞിരിക്കുന്നു. ഇന്നു പാണ്ഡവനഗരിയിലെ വാർഷികോത്സവദിവസമാണ്. കമനീയമായി വിതാനിച്ചിട്ടുള്ള രാജധാനിയുടെ അങ്കണത്തിനുള്ളിൽ വലിയൊരു പുരുഷാരം കൂടീട്ടുണ്ട്. 'ഏലിയസ്സ്ഷാ' എന്നാളുടെ മരണാനന്തരം ബങ്കാളത്തിലെ സുൽത്താനായി സ്ഥാനാരോഹണം ചെയ്ത സിക്കന്ദർഷാ, ഈ പുരുഷാരത്തിന്നിടയിൽ ഉന്നതമായ ഒരു സിംഹാസനത്തിൽ ഇരിക്കുന്നു. പൂമാലകളാൽ അലംകരിക്കപ്പെട്ട ചന്ദനത്തൂണുകളിൽ സ്ഥിതിചെയ്യുന്നതും, പൊൻകസവു തുന്നിപ്പിടിപ്പിച്ചിട്ടുള്ളതുമായ ഒരു മേലാപ്പ് സിംഹാസനത്തിന്റെ ഉപരിഭാഗത്തു കെട്ടിനിർത്തീട്ടുണ്ട്. സിംഹാസനത്തിനു ചുറ്റും, രാജകീയക്ഷണം അനുസരിച്ചു ബങ്കാൾരാജ്യത്തിന്റെ നാലുഭാഗത്തുനിന്നും വന്നെത്തീട്ടുള്ള സാമന്തന്മാർ, രാജാക്കന്മാർ, പ്രഭുക്കൾ, നാടുവാഴികൾ, ജന്മികൾ മുതലായ പലേ തരക്കാരും തത്തൽസ്ഥാനങ്ങളിൽ ഇരിക്കുന്നു. മുൻഭാഗത്തു മുഷ്ടിയുദ്ധക്കാരുടെ കോലാഹലവും ഖഡ്ഗസംഘട്ടനശബ്ദവും, ഇന്ദ്രജാലക്കാരുടെ സംഗീതവും, കാണികളുടെ ഹസ്തതാഡനഘോഷവും, എല്ലാംകൂടെ വലിയൊരു മുഴക്കം! കോട്ടമതിലിൽനിന്നു ഇടയ്ക്കിടെ പൊട്ടിക്കൊണ്ടിരുന്ന പീരങ്കിയുടെ ഭയങ്കരശബ്ദം, രാജധാനിയുടെ 'അസ്ഥിവാര'ത്തെക്കൂടി ഇളക്കുന്ന ഈ കോലാഹലത്തിനു സ്വല്പസമയത്തോളം മാത്രമേ ശമനം വരുത്തിയുള്ളൂ.

സൂര്യദീപ്തിയിൽ തിളങ്ങിക്കൊണ്ടിരുന്ന പൊന്നിൻകൊടിക്കൂറകളുടെ കീഴിലായി പലേതരത്തിലുമുള്ള കച്ചവടസ്ഥലങ്ങൾ അവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇന്ത്യാരാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നുചേർന്നിട്ടുള്ള ശില്പികളുടെ വിചിത്രവേലകൾ, പ്രാചീനങ്ങളും അർവാചീനങ്ങളുമായ ചിത്രപടങ്ങൾ, വിലപിടിച്ച പട്ടുകൾ, മിനുസപ്പെട്ട കസവുതരങ്ങൾ, ശ്രുതിപ്പെട്ട മസ്ലിൻ തുണികൾ, ഭംഗിയുള്ള സാൽവകൾ, മേത്തരമായി പണിചെയ്യപ്പെട്ട ആഭരണങ്ങൾ, രത്നഖചിതങ്ങളായ യുദ്ധസാമഗ്രികൾ, പരിമളഭരിതങ്ങളായ പുഷ്പമാലകൾ, ആരെയും കൊതിപ്പിക്കുന്ന മധുരപലഹാരങ്ങൾ ഇങ്ങിനെ പലേ സാമാനങ്ങളും അവിടെ വിൽക്കാൻ തയ്യാറുണ്ടായിരുന്നു.

ഇപ്രകാരം ഓരോ തരക്കാരും ഓരോ പ്രത്യേക വ്യാപാരം നടത്തുന്നതിനിടയിൽ, സാമുദ്രികാലക്ഷണക്കാരും ചില വ്യാപാരസ്ഥലങ്ങൾ ഏർപ്പെടുത്തീട്ടുണ്ട്. നന്നേ കഷ്ടപ്പെട്ടു സമ്പാദിച്ച പണം ഈ കൂട്ടർക്കു ദക്ഷിണകൊടുത്തു്, പ്രതിഫലമായി ഭാവിയിൽ വരാൻ പോകുന്ന ഉദ്യോഗാശംസയെമാത്രം കൈക്കലാക്കി തിരിച്ചുപോകുന്നവരും അനേകമുണ്ട്. മേൽപ്പറഞ്ഞ ലക്ഷണജ്ഞന്മാരുടെ കൂട്ടത്തിൽ കുറെ ഭേദപ്പെട്ട ഒരുവന്റെ അടുക്കലാണ് സാമാന്യത്തിലധികം ആളുകൾ പോകുന്നതു്. ആളുകളുടെ ഒഴിയാത്ത ഉപദ്രവം സഹിക്കായ്കയാലും, എല്ലാവരേയും തൃപ്തിപ്പെടുത്തി അയയ്ക്കാനുള്ള അശക്യതയാലും ആ ദീർഘദർശി, തന്റെ സമ്പാദ്യത്തെക്കുറിച്ചു കേവലം ആലോചിക്കാതെ, അവിടെ നിന്ന് എങ്ങിനെയെങ്കിലും ഒഴിഞ്ഞുപോയാൽ മതിയെന്നു കരുതി കെട്ടുകെട്ടി പുറപ്പെടുകയായിരുന്നു. തൽസമയം ഏററവും മനോഹരാംഗിയായ ഒരു യുവതീരത്നം അവിടെ വന്നെത്തി, തന്റെ കൈനോക്കണമെന്ന് അവനോടാവശ്യപ്പെട്ടു. അനന്യസാധാരണമായ ആ സൌന്ദര്യോൽക്കർഷത്തിന്റെ ആകർഷണശക്തി അവനെ ബലാൽക്കാരമായി പിടിച്ചുനിർത്തിയതിൽ എന്താണാശ്ചര്യം! അവളുടെ കയ്യിലെ രേഖകൾ കുറേനേരം പരിശോധിച്ചശേഷം, അവന്റെ ദൃഷ്ടി ആശ്ചര്യഭാവത്തോടുകൂടി അവളുടെ കമനീയമായ മുഖത്തു പതിഞ്ഞു. ആ യുവതീരത്നത്തിന്റെ അ

ഗസൌന്ദര്യവും ഭാവഗാംഭീര്യവും കണ്ടുനിന്നവരെല്ലാം അവളെപ്പററി പലേ അഭിപ്രായങ്ങളും പ്രകടിപ്പിച്ചു തുടങ്ങി:—

"ഈ സ്ത്രീ ഏതാണ്."

"നിങ്ങൾ എപ്പോഴെങ്കിലും ഈമാതിരി സൌന്ദര്യം കണ്ടിട്ടുണ്ടോ?"

"സാക്ഷാൽ മഹാലക്ഷ്മിതന്നെ!"

"സ്വാമി! അവരുടെ മുഖത്തു നോക്കിയാൽ ലക്ഷണം പറയാൻ സാധിക്കുമോ? കയ്യിലല്ലേ നോക്കേണ്ടതു്?" എന്നു ചില രസികന്മാർ.

"നമ്മുടെ സ്വാമി അത്ര വിഡ്ഢിയല്ല. തന്റെ കയ്യിൽ വെള്ളികണ്ടാലല്ലാതെ അദ്ദേഹം മററുള്ളവരുടെ കൈ നോക്കുകപതിവില്ല" എന്നു വേറൊരു രസികൻ.

ഈ ഒടുവിലത്തെ അഭിപ്രായം കേട്ടപ്പോൾ, യുവതി അവന്നു പണമെടുത്തു കൊടുക്കാനായി കൈ നീട്ടി. പക്ഷെ അവൻ അതു സ്വീകരിച്ചില്ല. "ദേവീ! ഇവിടുത്തേക്കു മഹാരാജ്ഞിയാകേണ്ട യോഗമുണ്ടു്. ദേവിയിൽനിന്നു യാതൊരു പ്രതിഫലത്തേയും ഞാൻ കാംക്ഷിക്കുന്നില്ല. ഞാൻ ഇപ്പോൾ പറഞ്ഞ ലക്ഷണം എന്റെ ഒരു തിരുമുൽക്കാഴ്ചയായി സ്വീകരിച്ചാൽ എനിക്കു തൃപ്തിയായി" എന്നു വിനയപൂർവ്വം പറഞ്ഞു.

തത്സമയം ദിനേശപുരത്തിലെ രാജകുമാരൻ—(അല്ല. ഗണേശദേവമഹാരാജാവു്) കുതിരപ്പുറത്തുകയറി ആ വഴിയായി കടന്നുപോയി. അദ്ദേഹത്തിന്റെ ദൃഷ്ടി ആ തരുണീരത്നത്തിൽ പതിച്ചു ഉടനെ അദ്ദേഹം കുതിരയെ നിറുത്തി, അവളുടെ മുഖത്തു കൌതുകാതിരേകത്തോടെ നോക്കി. അപരിചിതയായ ഈ സുന്ദരി നമ്മുടെ കഥാനായികയായ ശക്തിമയിതന്നെ ആയിരുന്നുവെങ്കിലും രാജകുമാരന്നു അവളെ തിരിച്ചറിവാൻ കഴിഞ്ഞില്ല. ഇത്രയും നേത്രാനന്ദകരമായ സൌന്ദര്യോൽക്കർഷത്തെ അദ്ദേഹം മുമ്പൊരിക്കലും കണ്ടിരുന്നില്ല. ജന്മാന്തരങ്ങളിലെ ഏതോ ഒരു സംഭവത്തിന്റെ അവ്യക്തസ്മരണപോലെ, അവളുടെ മുഖം താൻ മുമ്പൊരിക്കൽ എവിടെയോ കണ്ടുമറന്നതായി അദ്ദേഹത്തിന്നു തോന്നി. അവളാരാണെന്നു തനിക്കറിയാമെന്നു തോന്നുന്നു

ണ്ട്.. പക്ഷേ അറിയില്ലതാനും. ഇപ്രകാരം അവളുടെ മനോഹരതയാൽ വശീകൃതനായ മഹാരാജാവു സമയം പോയതറിയാതേയും അവളുടെ മുഖത്തുനിന്നു കണ്ണെടുക്കാതെയും അവിടെ വളരെ നേരം സ്തംഭിച്ചുനിന്നുപോയി. നാലുഭാഗത്തും നടന്നിരുന്ന കോലാഹലം യാതൊന്നും അദ്ദേഹം അറിഞ്ഞതേയില്ല. അനിർവ്വചനീയമായ എന്തോ ഒരു സങ്കല്പശക്തിയുടെ സഹായത്താൽ തന്റെ തൽക്കാലസ്ഥിതിയെ അദ്ദേഹം കേവലം വിസ്മരിച്ചു. പ്രശാന്തരമണീയമായ ഒരു തടാകതീരം; ഗ്രീഷ്മകാലത്തിലെ ഒരു സായാഹ്നം; പരിമളപൂരിതമായ ഒരു പൂങ്കാവ്; നനഞ്ഞ തലമുടിയോടും, വസ്ത്രത്തോടുംകൂടി അവിടെ ആവിർഭവിച്ച ഒരു സുകുമാരി; നേരമ്പോക്കായി അവളെ അണിക്കു വിവാഹം ചെയ്തുകൊടുക്കുന്ന സഖികൾ; ഇതെല്ലാമായിരുന്നു ഗണേശദേവന്റെ മനോദർപ്പണത്തിൽ അപ്പോൾ പ്രതിബിംബിച്ചുകണ്ട കാഴ്ചകൾ.

പെട്ടെന്നു കുതിര തലപൊന്തിച്ചു നിലവിളിക്കുകയാൽ, രാജകുമാരൻ ഈ ദിവാസ്വപ്നത്തിൽ നിന്നു മനസ്സില്ലാതെ ഉണന്നുപോയി. മൽപിടുത്തക്കാരെ രാജസന്നിധിയിലേക്കു വിളിച്ചു വരുത്തുവാനുള്ള കാഹളശബ്ദം കേട്ടപ്പോൾ അദ്ദേഹത്തിന്നു തന്റെ സ്ഥിതി ഓർമ്മവരികയും ആ സ്വപ്നാവസ്ഥയെപ്പററി മന്ദഹസിച്ചുകൊണ്ടു് അങ്ങോട്ടുതന്നെ കുതിരയെ തിരിക്കുകയും ചെയ്തു.

—(o)—

## നാലാം അദ്ധ്യായം

മല്ലവീരന്മാരുടെ പോരാട്ടം അവസാനിച്ചു. ധനുർവ്വിദ്യാപ്രദർശനം മാത്രമേ ഇനി ബാക്കിയുള്ളു. അതിൽ സമ്മാനാർഹനാരാണെന്നു തീർച്ചപ്പെടുത്തേണ്ടതിലേക്കായി സുൽത്താൻതന്നെ സിംഹാസനത്തിൽ നിന്നിറങ്ങി, അവിടെ തയ്യാറാക്കി നിർത്തിയിരുന്ന കുതിരപ്പുറത്തു കയറി അഭ്യാസസ്ഥലത്തേക്കു പുറപ്പെട്ടു. രാജസേവകന്മാരും അതിഥികളും യഥാസ്ഥാനം അദ്ദേഹത്തിന്റെ രണ്ടുവശത്തും നിരന്നുനിന്നു.

കുറച്ചുകലെ, വെള്ളക്കല്ലുകൊണ്ടുണ്ടാക്കിയ ഒരു സ്ത്രീപ്രതിമ, ഒരു മരപ്പക്ഷിയെ ചുംബിച്ചുംകൊണ്ടു സ്ഥിതിചെയ്യുന്നുണ്ടായിരുന്നു. ആ പക്ഷിയുടെ കണ്ണിലാണു് അമ്പുകൊള്ളേണ്ടതു്. ഇതു വളരെ വൈഷമ്യമുള്ള ഒരു വിദ്യയായതിനാൽ അനേകം ആളുകൾ ഇതിന്റെ പരിണാമം പ്രതീക്ഷിച്ചുംകൊണ്ടിരിക്കുന്നുണ്ടായിരുന്നു.

“ധനുർവിദ്യയിൽ സാമർത്ഥ്യം പ്രദർശിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ മുന്നോട്ടുവന്നു നിൽക്കേണമെന്നു് സുൽത്താൻ സിക്കന്ദർഷാ തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്നു.” എന്നു ഒരു രാജകിങ്കരൻ മൂന്നുപ്രാവശ്യം ഉച്ചത്തിൽ നിലവിളിച്ചു. ഈ വിജ്ഞാപനത്തെ അഭിനന്ദിച്ചുകൊണ്ടു് അവിടെ കൂടിയവരെല്ലാം കളകളശബ്ദം മുഴക്കി.

പെട്ടെന്നു് വിക്രമശാലിയായ ഒരു കറുത്ത കുതിര, കമനീയമായ അതിന്റെ കഴുത്തുപൊക്കിപ്പിടിച്ചുകൊണ്ടു്, പിൻവശത്തുനിന്നു രംഗപ്രവേശം ചെയ്തു. ചാപബാണങ്ങൾ ധരിച്ചു പ്രഗത്ഭനും, സുന്ദരനും ആയ ഒരു യുവാവു് അതിന്റെ പുറത്തിരുന്നു. യുവാവിന്റെ രംഗപ്രവേശത്തോടുകൂടി ആളുകളുടെ കോലാഹലം നിശ്ശേഷം ശമിച്ചു, ആ സ്ഥലം കേവലം നിശ്ശബ്ദമായി. വരാൻ പോകുന്ന അത്യാശ്ചര്യസംഭവത്തെ പ്രതീക്ഷിച്ചുകൊണ്ടു് അവരെല്ലാം ശ്വാസം അടക്കി നിലയായി.

യുവാവു് സുൽത്താന്റെ മുമ്പിൽചെന്നു മുറപ്രകാരം സലാം ചെയ്തശേഷം, നിശ്ചിതസ്ഥലത്തുപോയി ശരം തൊടുത്തു. ആ വില്ലാളിവീരൻ വലിച്ചുവിട്ട ശരം പിന്നീടാരും കണ്ടിട്ടില്ല. നാലുഭാഗത്തുനിന്നും ആളുകൾ ശിലാപ്രതിമയുടെ അടുക്കലേക്കു് ഓടിയെത്തി. അമ്പു് പക്ഷിയുടെ കണ്ണു തുളച്ചിട്ടാണു പോയതെന്നു കണ്ടപ്പോൾ ആകാശമണ്ഡലത്തെ ഭേദിച്ച കോലാഹലം അവർണ്ണനീയമായിരുന്നു. ലക്ഷ്യം ഭേദിച്ചു് സമ്മാനാർഹനായിത്തീർന്ന യുവാവു് മിനേശപുരാധിപതിയായ ഗണേശദേവനായിരുന്നു. ഈ വിജയത്തെ അഭിനന്ദിച്ചുകൊണ്ടു് ആളുകൾ ജയശബ്ദംമുഴക്കി. സുൽത്താന്റെ അടുക്കൽ സമ്മാനം വാങ്ങുവാൻ പോകുന്ന രാജകുമാരന്റെ ശിരസ്സിൽ പുഷ്പവൃഷ്ടിയുണ്ടായി. സുൽ

ത്താൻ കുതിരപ്പുറത്തുനിന്നിറ സ്വന്തം കൈകൊണ്ടു വിലപി ടിച്ച ഒരു വാൾ ഗണേശദേവന്റെ അരയിൽ ധരിപ്പിച്ചു. “മഹാരാജബഹദൂർ” എന്ന പ്രൌഢമായ സ്ഥാനപ്പേരും അദ്ദേഹത്തിന്നു കല്പിച്ചുകൊടുത്തു. ദിനേശപുരത്തിലെ ജനങ്ങൾക്കു അവരുടെ ഭരണകർത്താക്കന്മാർ, ഇതിന്നുമുമ്പും, മഹാരാജാക്കന്മാർ തന്നെ ആയിരുന്നുവെങ്കിലും, ഈ ശുഭദിവസംമുതൽക്കാണു ബങ്കാളാധിപന്മാർ ഈ സ്ഥാനത്തെ അധികാരപുരസ്സരം സ്ഥിരപ്പെടുത്തിയതു്.

ആളുകളുടെ കോലാഹലം വീണ്ടും ആരംഭിച്ചു. പല പ്രമാണികളും അഭിമോദനാർത്ഥം ഗണേശദേവന്നു പുഷ്പമാല്യങ്ങൾ സമ്മാനിച്ചു.

ഇതെല്ലാം കണ്ടും കേട്ടുംകൊണ്ടു കുറച്ചകലെ നിന്നിരുന്ന ശക്തിമയി തന്റെ കഴുത്തിൽകിടന്നിരുന്ന ഒരു വാടിയ മാലയെടുത്ത് ഒരു ചെറിയകല്ലിന്മേൽ ചുററി രാജകുമാരന്റെ നേർക്കെറിഞ്ഞു. പക്ഷേ, നിർഭാഗ്യവശാൽ ആ മാല ലാക്കുതെററി സുൽത്താന്റെ അടുക്കലാണു ചെന്നുവീണതു്. ആ സമയം, അദ്ദേഹം ഗണേശദേവന്റെ അരയിൽ വാൾ ഘടിപ്പിക്കുകയായിരുന്നു. ആകസ്മികമായ ഈ സംഭവം നിമിത്തം ഈഷൽകോപാശ്ചര്യങ്ങളോടുകൂടി സുൽത്താൻ തലപൊക്കി നോക്കിയപ്പോൾ, പ്രഭുക്കന്മാരും സേവകന്മാരും പുഷ്പവൃഷ്ടിനിർത്തി പ്രഭുവിന്റെ ഭാവപ്പകർച്ചയെപ്പററി ഭയാകുലന്മാരായിത്തീർന്നു എങ്കിലും സുൽത്താന്റെമകൻ ഗിയാസുദ്ധീൻ ആ വാടിയ മാലയെടുത്തു, ‘ഗണേശദേവാ! അങ്ങയെ ആരാണ് ഒരു വാടിയമാലകൊണ്ടാരാധിക്കുന്നതു്?” എന്നു മന്ദഹാസ സമേതം ചോദിച്ചു. സമയോചിതമായ ഈ വാക്ക് പ്രജകളുടെ ഭയാശങ്കകളേയും സുൽത്താന്റെ കോപത്തേയും ഒന്നുപോലെ നാമാവശേഷമാക്കി. സുൽത്താൻ ആരംഭിച്ചുവെച്ചിരുന്ന പ്രവൃത്തിയെ നിർവ്വിഘ്നം നിറവേററുകയും ചെയ്തു.

ആൾക്കൂട്ടത്തിന്റെ ബഹളവും നിരന്തരമായ പുഷ്പവൃഷ്ടിയും അക്രമമായി നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ, ശക്തിമയി ഒരു പരിവ്രാജികയുടെ വേഷത്തിൽ മുന്നോട്ടുവന്നു, ഗീയാസുദ്ധീനെ അഭിവാദനം ചെയ്തു്, ‘ദയചെയ്തു എന്റെ ആ മാല എനിക്കു

മടക്കിത്തരണം' എന്നാവശ്യപ്പെട്ടു. പ്രഗൽഭഗാംഭീര്യത്തോടുകൂടിയ ഈ വാക്കു കേട്ടപ്പോൾ ഗിയാസുദ്ധീന് ആ അപേക്ഷയെ നിരാകരിക്കാൻ മനസ്സുവന്നില്ല. ആളുകളെല്ലാം ഈ അപരിചിതയെ "അനിമേഷകളായ നേത്രപങ്‌ക്തികളാൽ" നോക്കിനില്പായി. അവളാകട്ടെ, ഗിയാസുദ്ധീന്റെ പക്കൽനിന്നു മാലവാങ്ങിയശേഷം ക്ഷണനേരം ഗണേശദേവന്റെ മുഖത്തുനോക്കി, പിന്നീടു സുൽത്താനെയും മകനെയും വന്ദിച്ചു ഭയരഹിതമായ പ്രഭാവത്തോടുകൂടി അവിടെനിന്നു തിരോധാനംചെയ്തു.

——(o)——

## അഞ്ചാം അദ്ധ്യായം.

"ദിനാന്തചിത്രഭാനു"വിന്റെ സ്വർണ്ണമയങ്ങളായ കിരണങ്ങൾ ഗംഗാതരംഗങ്ങളിലും മറുകരയിലെ വൃക്ഷശിഖരങ്ങളിലും കളിയാടിക്കൊണ്ടിരുന്ന ഒരു സായന്തനസമയത്താണ് ഗണേശദേവൻ നദീതീരത്തിൽ കൂടെ മന്ദഗതിയായി സവാരിചെയ്തിരുന്നതു്. പക്ഷെ അദ്ദേഹത്തിന്റെ വിചാരങ്ങൾ സന്ധ്യാകാലത്തിന്റെ രാമണീയകത്തെയോ അന്നു തനിക്കു സിദ്ധിച്ച രാജസമ്മാനത്തെയോ സംബന്ധിച്ചായിരുന്നില്ല. ആഡംബരഹീനയായ ആ തരുണീരത്നത്തെയും, അവളുടെ അനന്യസാധാരണമായ സൌന്ദര്യാതിരേകത്തെയും, അപാരമായ മനോധൈര്യത്തെയും, കേവലം അപരിചിതനായ തന്റെ നേരെ അവൾ മന്ദഹാസസമേതം പതിപ്പിച്ച കടാക്ഷവീക്ഷണത്തെയും, വാടിയ ഒരു പൂമാലയെറിഞ്ഞു്, അതിനെ ഗിയാസുദ്ധീന്റെ പക്കൽ നിന്നു തിരിച്ചു വാങ്ങുമ്പോൾ അവൾ പ്രദർശിപ്പിച്ച പ്രാഗത്ഭ്യത്തെയും കുറിച്ചായിരുന്നു അദ്ദേഹം ചിന്താമഗ്നനായിത്തീർന്നതു്.

അവളുടെ ഉടുപ്പും, നടപ്പും; നോക്കും, ഭാവവും എന്നുവേണ്ട സകല ചേഷ്ടമാററങ്ങളും വളരെ അസാധാരണമായിരുന്നു. ഒരു രാജകുമാരിയുടെ പ്രൌഢിയും, സന്യാസിനിയുടെ ഉടുപ്പും— നല്ല ചേർച്ചതന്നെ! പക്ഷെ അവൾ ഒരു സന്യാസിനിയായിരിക്കാൻ തരമില്ല. എന്തുകൊണ്ടെന്നാൽ, കയ്യിൽ ശൂലമോ

ജപമാലയോ, നെററിയിൽ വിഭൂതിയോ കാണാനില്ല. നേരെമറിച്ചു, തലയിൽ ധരിച്ചിട്ടുള്ള നേരിയ പട്ടിനുള്ളിൽക്കൂടെ നോക്കിയാൽ, പിന്നിൽ അശ്രദ്ധയോടെ കെട്ടിവെച്ച കേശഭാരവും, മുൻവശത്തു, പ്രകൃത്യാ കോമളമായ മുഖകമലത്തിന്റെ മനോഹരതയെ ദ്വിഗുണീകരിച്ചുകൊണ്ടു നെററിമേൽ വീണുകിടക്കുന്ന കുന്തളച്ചുരുളുകളും കാണാനുണ്ടു്.

കയ്യിൽധരിച്ചിട്ടുള്ള സ്വർണ്ണകങ്കണം കാണുമ്പോൾ അവൾ തീർത്ഥാടനം ചെയ്യുന്ന ഒരു വിധവയായിരിക്കുമോ എന്നു ഊഹിപ്പാനും ന്യായമില്ല. പക്ഷെ, കുട്ടിക്കാലത്തുതന്നെ വൈധവ്യം അനുഭവിക്കേണ്ടിവന്നതിനാൽ, അച്ഛനമ്മമാരുടെ അനുഗ്രഹവും അനുമതിയും പ്രമാണിച്ചു് അവൾ ആഭരണങ്ങളെല്ലാം ത്യജിക്കാതിരുന്നതാണെന്നു വിചാരിക്കാൻ വഴിയുണ്ടു്. ഭർത്തൃമതിയായ ഒരു തരുണി സ്വച്ഛന്ദം പുറത്തിറങ്ങി നടക്കുന്നതു് അസംഭാവ്യമാകയാൽ അവളുടെ ഭർത്താവു ജീവിച്ചിരിക്കുന്നില്ലെന്നു തീർച്ചതന്നെ. അവൾ വിവാഹം കഴിയാത്ത ഒരു കന്യകയായിരിക്കാനിടയുണ്ടെന്നുള്ള സംഗതി രാജകുമാരനു തോന്നിയതേ ഇല്ല. പൂർണ്ണയൌവനത്തെ പ്രാപിച്ച ഒരു പെൺകിടാവിനു് ഇനിയും കല്യാണം കഴിഞ്ഞിട്ടില്ലെന്നു ആരെങ്കിലും സംശയിക്കുമോ? ആകപ്പാടെ ആലോചിച്ചതിൽ, അവൾ തീർത്ഥവാസിനിയായ ഒരു വിധവയാണെന്നു രാജകുമാരൻ തീർച്ചപ്പെടുത്തി. അവളുടെ കുലീനതയെപ്പററി തർക്കമില്ല. അവളുടെ ഓരോ പെരുമാററവും, മഹാമനസ്കതയേയും ചാരിത്രശുദ്ധിയേയും വിളിച്ചുപറയുന്നുണ്ടു്. എങ്കിലും തീരേ അപരിചിതനായ അദ്ദേഹത്തിന്റെ മുഖത്തു് അതിപരിചയരസം ഭാവിച്ചുകൊണ്ടു് അവൾ പതിപ്പിച്ച ആ മധുരകടാക്ഷത്തിന്റെ അർത്ഥവും ഉദ്ദേശവും എന്താണു്? അവളെക്കുറിച്ചു അദ്ദേഹത്തിനു യാതൊരറിവും ഇല്ല. പണ്ടു കണ്ടിട്ടും ഇല്ല. പിന്നെ എന്തായിരിക്കാം ആ നോക്കിന്റെ സാരം? അവളുടെ പെരുമാററങ്ങളെല്ലാം ഒരു പ്രശ്നമയമായിരിക്കുന്നു. ഇങ്ങിനെ ഓരോ വിചാരങ്ങളിൽ പെട്ടു്, കുതിരയുടെ കടിഞ്ഞാൺ അയച്ചുവിട്ടുകൊണ്ടു അദ്ദേഹം കുറെദ്ദൂരം സവാരിചെയ്തു. പെട്ടെന്നു കുതിരയെ നിർത്തി:— ഛോരെ പുത്രമ! തന്റെ മനോരാജ്യത്തിൽ കളിയാടിക്കൊണ്ടിരുന്ന തരുണീരത്നം

ഇതാ, മന്ദഹസിച്ചുകൊണ്ടു്, മുൻവശത്തുള്ള ഒരു വൃക്ഷത്തണലിൽ സ്ഥിതിചെയ്യുന്നു! ഗണേശദേവനു താൻ അന്നു കണ്ടതെല്ലാം സ്വപ്നപ്രായമായിത്തോന്നി.

പക്ഷേ, ഇതിനെപ്പററി വളരെനേരം പരിഭ്രമിക്കേണ്ടിവന്നില്ല. ആ യുവതി പ്രസന്നമുഖിയായി മുമ്പോട്ടുവന്നു് "രാജകുമാര! എന്നെ അറിയില്ലേ?" എന്നു മധുരസ്വരത്തിൽ ചോദിച്ചു. രാജകുമാരൻ അത്ഭുതപരവശനായി മൌനം . അവലംബിച്ചതേയുള്ളൂ.

"അങ്ങയുടെ ബാല്യത്തിലെ സഖിയെ ഇത്രവേഗം മറന്നുവോ? തടാകതീരത്തിലെ ഉദ്യാനം അങ്ങേക്കു ഓൎമ്മയില്ലെന്നോ? എന്നു ശക്തി തുടൎന്നു ചോദിച്ചു. "ആരാണിതു്! എന്റെ സഖി ശക്തിയോ?" എന്നു രാജകുമാരൻ സ്വപ്നാവസ്ഥയിലെന്നപോലെ ഉച്ചരിച്ചു.

രാജകുമാര! ഞാനാരാണെന്നു അങ്ങയെ പറഞ്ഞറിയിക്കേണ്ടിവന്നു. എനിക്കു അങ്ങയെ കണ്ടക്ഷണത്തിൽ മനസ്സിലായല്ലൊ?

ശക്തിയുടെ ഈ വാക്കു രാജകുമാരന്റെ ഹൃദയത്തിൽ, ക്ഷണികമെങ്കിലും, പ്രബലമായ ഒരു വികാരത്തെ ജനിപ്പിച്ചു. പക്ഷേ അതു വേഗത്തിൽ നാമാവശേഷമായിത്തീരുകയും ചെയ്തു.

ആ യുവാവു് ഗണേശദേവനും, യുവതി ശക്തിമയിയും തന്നെ ആയിരുന്നു. കുട്ടിക്കാലത്തു് തന്റെ പ്രാണനായിരുന്ന ശക്തിയെ രാജകുമാരൻ അന്നു എത്രയധികം സ്നേഹിച്ചിരുന്നുവെന്നു വിവരിക്കാൻ പ്രയാസമാണ്. പക്ഷേ ഇപ്പോൾ, ശക്തി അന്യാധീനത്തിലായി! ബാല്യകാലത്തു ഒന്നായി കളിച്ചു വളൎന്ന പ്രാണസഖിയെ കണ്ടതിനാലുള്ള സന്തോഷം ഒരുവക— അവൾ അന്യന്റെ ഭാൎയ്യയാണെന്നു കരുതി അവളോടു സ്വതന്ത്രമായി പെരുമാറുവാൻ പാടില്ലാതെ വരികയാലുള്ള ആശാഭംഗത്തിന്റെ ദുസ്സഹത വേറൊരുവക—ഇപ്രകാരം രണ്ടു വിരുദ്ധവികാരങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ മല്ലിടുകയാൽ, അവളെ ഏതുവിധത്തിലാണ് സംബോധനം ചെയ്യേണ്ടതു് എന്നുകൂടി രാജകുമാരനു നിശ്ചയമില്ലാതായി.

ശക്തിമയി പൂർവ്വപരിചയം പ്രമാണിച്ച് അല്പം അധിക്ഷേപസ്വരത്തിൽ ചോദിച്ചു:—"രാജകുമാര! അങ്ങ് എന്താണ് കുതിരപ്പുറത്തുനിന്നിറങ്ങാത്തത്? എല്ലാവരും അങ്ങയെ പുഷ്പമാല്യങ്ങളെക്കൊണ്ട് അഭിവാദനം ചെയ്തില്ലേ? അങ്ങയെ സംബന്ധിച്ചേടത്തോളം ആ വിധം ഒരു കൃതകൃത്യതയ്ക്ക് എനിക്കും അവകാശമില്ലേ? എന്റെ മാല വാടിയതാണെന്നു കരുതി അതു അങ്ങ് സ്വീകരിക്കാതിരിക്കുന്നതു ന്യായമാണോ?''

രാജകുമാരൻ അവ്യഗ്രതയെ അവലംബിച്ചുകൊണ്ട് "എന്റെ അനുമോദനാർത്ഥമായിരുന്നുവോ—" എന്നു ചോദിക്കാനാരംഭിച്ചതിനെ ശക്തിമയി അർദ്ധോക്തിയിൽ തടഞ്ഞു.

"അതേ —അതുതന്നെ ആയിരുന്നു എന്റെ ഉദ്ദേശം. പക്ഷേ അതു അങ്ങയുടെ അടുക്കൽ എത്തുകയില്ലെന്നു ഞാൻ ഓർത്തിരുന്നില്ല. നോക്കൂ! അതെല്ലാം ചതഞ്ഞു കേടുവന്നുപോയി."

രാജകുമാരൻ കുതിരപ്പുറത്തുനിന്നിറങ്ങി. അദ്ദേഹത്തിന്റെ മുഖത്തു അപ്പോഴും മന്ദഹാസം കളിയാടിക്കൊണ്ടിരുന്നു.

"ശക്തി! ഈ വാടിയ മാലകൊണ്ട് ഭവതി എന്നെ ബഹുമാനിക്കുകയല്ല, അധിക്ഷേപിക്കുകയാണു ചെയ്യുന്നതു്.''

ശക്തിമയി ഇതു കേൾക്കാത്ത ഭാവത്തിൽ പറഞ്ഞു:—"രാജകുമാര! കുറെ അങ്ങോട്ടു പോയാൽ നമുക്കു സ്വൈരമായിരുന്നു സംസാരിക്കാം. കുതിരയെ അവിടെ ഒരു മരത്തോടു കെട്ടിവിടുകയും ചെയ്യാം."

കുതിരയുടെ കടിഞ്ഞാണു പിടിച്ചുകൊണ്ടു രാജകുമാരൻ അവളെ പിന്തുടർന്നു.

—(o)—

## ആറാം അദ്ധ്യായം

---

നദീതീരത്തിലുള്ള ഒരു വലിയ പുളിമരത്തോട്ടത്തിലാണ് അവർ ചെന്നെത്തിയതു്. ആരോ മുറിച്ചിട്ടിരുന്ന ഒരു മരം പകുതി വെള്ളത്തിലും പകുതി കരയിലും ആയി അവിടെ വീണു കിടന്നിരുന്നു. ശക്തിമയി അതിന്മേൽ ഇരുന്നു. രാജകുമാരൻ

കുതിരയെ ഒരു മരത്തോടു ബന്ധിച്ചു ചാപപാണിയായി അവളുടെ അടുക്കൽ നിന്നു.

സൂര്യൻ അസ്തമിച്ചിരുന്നുവെങ്കിലും ചക്രവാളത്തിന്റെ പശ്ചിമഭാഗത്തു തങ്ങിനിന്നിരുന്ന സ്വർണ്ണവർണ്ണങ്ങളായ മേഘപടലങ്ങളിൽ നിന്നു നിർഗ്ഗമിച്ച പ്രഭാവിശേഷം, ഗംഗാതരംഗത്തിൽ പ്രതിഫലിച്ചു്, അവിടെ ഇരിക്കുന്ന തരുണീരത്നത്തെ തങ്കവർണ്ണത്തിൽ കുളിപ്പിച്ചു. സന്ധ്യാരാഗത്താൽ സർവ്വാംഗം അഭിഷിക്തയായ ആ കന്യകയുടെ അപ്പോഴത്തെ സൌന്ദര്യം അപൂർവ്വസുഷമം തന്നെ ആയിരുന്നു. ബംഗാളിസ്സുന്ദരികളിൽ സാധാരണയായി കണ്ടുവരാറുള്ള 'തങ്കവർണ്ണ'മല്ല ശക്തിമയിക്കുള്ളതു്. അവളുടേതു്, പേർസിയൻ സുന്ദരികളുടേതുപോലെ, പനിനീർപ്പൂവിന്റെ നിറമാണു്. പ്രൌഢമായ ആകൃതി, വിസ്തൃതവും മേധാസൂചകവുമായ നെററിത്തടം, തിലപുഷ്പസമാനമായ നാസാപുടം, പല്ലവകോമളങ്ങളായ അധരങ്ങൾ, നുണക്കുഴികളാൽ കമനീയമായ കവിൾത്തടം, നീലോല്പലസദൃശങ്ങളായ മിഴികൾ, അരാളങ്ങളായ ചില്ലിവല്ലികൾ, ഇങ്ങിനെ അവൾ പ്രത്യംഗം സുന്ദരിയായിരുന്നു. ഒരു പ്രാചീന ക്ഷത്രിയവംശത്തിൽ പിറന്ന ഈ സുകുമാരിയുടെ ആകൃതിയിലും പ്രകൃതിയിലും എന്തോ ചില വിശേഷവിധികൾ കാണാനുണ്ടായിരുന്നു. സ്വഭാ പ്രസന്നമായ മുഖത്തു കളിയാടിക്കൊണ്ടിരുന്ന മന്ദഹാസം അവളുടെ മനോനൈർമ്മല്യത്തേയും ഹൃദയസന്തുഷ്ടിയേയും വെളിപ്പെടുത്തി. കുലീനതയെ ദൃഷ്ടാന്തപ്പെടുത്തുന്ന പ്രാഗത്ഭ്യവും, പെരുമാററങ്ങളിലെ പ്രൌഢിയും, അവളുടെ കാഷായവസ്ത്രത്തോടുള്ള വൈജാത്യത്താൽ അത്യധികം പ്രകാശിക്കുകയും ചെയ്തു.

നിസർഗ്ഗസുന്ദരമായ ഈ രൂപസമൃദ്ധി കണ്ടപ്പോൾ, ആശ്രമഭൂമിയിൽ "മാനോടൊത്തു വളന്ന" ശകുന്തളയെയാണു് രാജകുമാരനോർമ്മവന്നതു്:—

"ഫുല്ലാബ്ജത്തിനു രമ്യതയ്ക്കു കുറവോ
    പായൽപ്പതിഞ്ഞീടിലും
ചൊല്ലാർന്നോരഴകല്ലയോ പനിമതി-
    ക്കങ്കം കറുത്തെങ്കിലും,

മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും
ഭൂയിഷ്ഠം ശോഭാവഹം
നല്ലാകാരമതിന്നലംകരണമാ-
മെല്ലാ പദാൎത്ഥങ്ങളും."

എന്ന ശ്ലോകത്തെ അദ്ദേഹം അറിയാതെതന്നെ ചൊല്ലിപ്പോയി. തന്റെ അടുത്തിരുന്ന തരുണീരത്നത്തിന്റെ രൂപലാവണ്യത്താൽ വ്യാമോഹിതനായിത്തീൎന്ന ഗണേശദേവൻ സൎവ്വവികല്പങ്ങളേയും, അവർ തമ്മിലുള്ള അന്തരത്തേയും കേവലം വിസ്മരിച്ചു, താൻ അപ്പോൾ സ്ഥിതിചെയ്തിരുന്നതു് നദീതീരത്തിലെ തോപ്പിലല്ലെന്നും, തന്റെ ബാല്യകാലത്തിലെ രാജ്ഞിയായ ശക്തിയോടൊന്നിച്ചു മഹീപാലതടാകതീരത്തിലാണെന്നും സങ്കല്പിച്ചു. അയസ്കാന്തശക്തിയാലെന്നപോലെ, അദ്ദേഹം അറിയാതെ തന്നെ അവളുടെ അരികിലേക്കു ആകൎഷിക്കപ്പെട്ടു, അവളുടെകൂടെ ചേൎന്നിരിപ്പായി.

"രാജകുമാരൻ ഇപ്പോഴും ഓടക്കുഴൽ വിളിക്കാറുണ്ടോ" എന്നു അവൾ ചോദിച്ചതു കേട്ടപ്പോൾ മാത്രമേ ഗണേശദേവൻ ഈ മന്ത്രശക്തിയുടെ അധീനതയിൽനിന്നു മുക്തനായുള്ളു. എങ്കിലും ദീൎഘമായൊന്നു നിശ്വസിച്ചു സ്വല്പം മാറിയിരുന്നതല്ലാതെ, ശക്തിയുടെ അടുക്കൽനിന്നു വളരെ അകന്നിരിക്കുവാൻ അദ്ദേഹത്തിന്നു മനസ്സുവന്നില്ല.

"രാജകുമാരി അങ്ങയുടെ ഓടക്കുഴൽ എവിടെ? ഇപ്പോൾ അതിൽ പണ്ടത്തെപ്പോലെ പ്രിയമില്ലെന്നുണ്ടോ?"

"പണ്ടത്തെപ്പോലെയോ? കഴിഞ്ഞുപോയ കാലം ഇനി തിരിച്ചുവരുമോ? രാത്രി അവസാനിച്ചാൽ പിന്നെ സ്വപ്നം നിലനില്ക്കുമോ?"

"പക്ഷേ രാത്രി പിന്നെയും വരുമല്ലോ."

"വരുമ്പോൾ, കഴിഞ്ഞുപോയ സ്വപ്നത്തെ കൊണ്ടുവരുമോ?"

ചന്ദ്രോദയത്താൽ സമുദ്രജലംപോലെ ഈ വാക്കു കേട്ടപ്പോൾ, ശക്തിയുടെ ഹൃദയത്തിൽ സന്തോഷരസം വഴിഞ്ഞൊഴുകി. ശ്രീകൃഷ്ണന് ഓടക്കുഴലിലും വൃന്ദാവനത്തിലും വിരക്തി തോന്നാനുള്ള കാരണം രാധയുടെ വിരഹം തന്നെയാണെന്നു അവൾക്ക് ക്ഷണത്തിൽ മനസ്സിലായി. രാജകുമാരന്റെ വിരഹത്താൽ അവൾ അനുഭവിച്ചത്ര മനോദുഃഖം അദ്ദേഹവും അനുഭവിച്ചിരിക്കേണമെന്ന് അവൾ തീർച്ചപ്പെടുത്തി. ഹാ കഷ്ടം! പ്രാരാബ്ധദുഃഖം അനുഭവിച്ച് മനസ്സിന്നു കാലുഷ്യം ഏൽക്കാത്ത യുവജനങ്ങൾക്ക്-അനുരാഗത്തെക്കുറിച്ചുള്ള വിശ്വാസം അപരിമിതംതന്നെ!

"സങ്കല്പശക്തിയെ വേണ്ടവിധം ഉപയോഗിക്കാമെങ്കിൽ കഴിഞ്ഞുപോയ സ്വപ്നങ്ങളെ പുനരുജ്ജീവിപ്പിക്കാനാണോ പ്രയാസം? അങ്ങേയ്ക്കു ബാല്യവിനോദങ്ങളിലെല്ലാം വിരക്തി തോന്നേണ്ടുന്ന കാലമായിപ്പോയോ?"

"എല്ലാ വിനോദങ്ങളിലും വിരക്തിവന്നിട്ടില്ലെങ്കിലും ചിലതിലെല്ലാം വന്നിട്ടുണ്ടെന്നു തീർച്ചതന്നെ. എനിക്കു പ്രായമായിത്തുടങ്ങി. പോരെങ്കിൽ ഒരു രാജ്യം ഭരിക്കേണ്ടുന്ന ബാദ്ധ്യതയും ഉണ്ട്. എന്റെ പ്രജകളുടെ ക്ഷേമാഭ്യുദയത്തിലോ, ഓടക്കുഴൽ മുതലായ ബാലചാപല്യങ്ങളിലോ ഞാൻ ഇപ്പോൾ അധികം ശ്രദ്ധവെയ്ക്കേണ്ടതു്?

ഗുണേശദേവന്നു വയസ്സു ഇരുപത്തിരണ്ടായെങ്കിലും ബാലസ്വഭാവം തീരേ മാറിയിരുന്നില്ല. പക്ഷെ, തരംകിട്ടുമ്പോഴെല്ലാം വയോധികന്മാരുടെ ഗൌരവവും ലോകപരിചയവും അദ്ദേഹം നടിക്കാറുണ്ട്.

ഗുണേശദേവന്ന് ഇപ്പോൾ ഓടക്കുഴലിലും മററും പ്രിയമില്ലായിരിക്കാം. എങ്കിലും ശക്തിമയിക്ക് അതു കേൾപ്പാൻ ഇപ്പോഴും ആഗ്രഹമുണ്ട്. രാജകുമാരാ! ആ ഓടക്കുഴൽ ഉപേക്ഷിക്കാൻ അങ്ങേയ്ക്ക് എങ്ങിനെ മനസ്സുവന്നു? നിരായുധനായ കാമദേവനും ഓടക്കുഴലില്ലാത്ത ബാലകൃഷ്ണനും എങ്ങിനെ കഴിച്ചുകൂട്ടും?

"അങ്ങിനെയാണോ ശക്തി പറയുന്നത്? എന്നാൻ ഞാനും എൻെറ ഓടക്കുഴലും ഒരിക്കലും പിരിയാതിരിക്കേണ്ടതാവശ്യം തന്നെ" എന്ന് ചിരിച്ചു പറഞ്ഞുകൊണ്ടു രാജകുമാരൻ കുപ്പായത്തിനുള്ളിൽ നിന്നു ഒരു ചെറിയ ഓടക്കുഴൽ എടുത്തു കാണിച്ചു.

"ഹാ! പണ്ടത്തെ ഓടക്കുഴൽ തന്നെ" എന്നു ശക്തിമയി സന്തോഷത്തോടുകൂടി അത്യുച്ചത്തിൽ നിലവിളിച്ചു.

"അതേ, അതുതന്നെ."

വളരേ കാലം മുമ്പ്, ശക്തിമയി നന്നെ കുട്ടിയായിരുന്നപ്പോൾ, അവൾ രാജകുമാരന്ന് കൊടുത്തതായിരുന്നു ഈ ഓടക്കുഴൽ. അതു വിളിക്കുന്ന സമ്പ്രദായം ശക്തിയെ പഠിപ്പിക്കുവാൻ വേണ്ടി അന്നു രാജകുമാരൻ ചെയ്ത ശ്രമങ്ങളെല്ലാം പെൺകുട്ടികൾക്കു സഹജമായ ക്ഷമയില്ലായ്മനിമിത്തം, വൃഥാവിലായി. വെറും ഓടകൊണ്ടുണ്ടാക്കിയതാണെങ്കിലും അതിൻെറ സ്വരം, സ്വർണ്ണം കെട്ടിച്ച തൻെറ സ്വന്ത "ഓടക്കുഴ"ലിൻെറ സ്വരത്തേക്കാൾ എത്രയോ മനോഹരമായിരുന്നതിനാൽ, അങ്ങിനെ രാജകുമാരൻ വളരെ പ്രേമത്തോടുകൂടി സൂക്ഷിച്ചുവെച്ചിരുന്നു.

രാജകുമാരൻ ചിരപരിചിതമായ ഒരു സ്വരം പാടി. ശക്തിയുടെ ഹൃദയം അതിൻെറ മാധുരിയിൽ ലയിച്ച്, വെയിൽകൊണ്ടു വരണ്ടു കിടക്കുന്ന മരുഭൂമി മഴത്തുള്ളികളെയെന്നപോലെ, ആ ഗീതാമൃതത്തെ പാനം ചെയ്തു.

:o:

## ഏഴാം അദ്ധ്യായം

ഹാ! ആ ഗീതാമൃതത്തിൻെറ വശീകരണശക്തി അന്യാദൃശം തന്നെ. ആനന്ദമയമായി കഴിഞ്ഞിരുന്ന തൻെറ കുട്ടിക്കാലത്ത്, ഇഷ്ടസഖികളോടൊന്നിച്ചു മഹീപാലതടാകത്തിൽ തോണി കളിക്കുമ്പോൾ രാജകുമാരൻ പലപ്പോഴും പാടാറുള്ളതായിരുന്നു ഈ പാട്ട്. ശക്തിമയിക്കു ആ കഥയെല്ലാം ഓർമ്മയുണ്ടെന്നു മാത്രമ

ല്ല, രാജകുമാരന് ഇപ്പോഴും അവളിൽ പൂർണ്ണപ്രേമമുണ്ടെന്നും അവർ മനസ്സിലാക്കി. ഈ ബോധം അവളുടെ ഹൃദയത്തിൽ അനല്പമായ സന്തോഷത്തെയും പ്രത്യാശയെയും ജനിപ്പിച്ചു.

"രാജകുമാര! സാരമില്ലാത്ത ഈ ഓടക്കുഴൽ ഒരു മഹാരാജാവിന്റെ തിരുക്കൈവിളയാട്ടത്തിനു ചേർന്നതല്ല. അതിങ്ങോട്ടു വാങ്ങി നദിയിലേക്കെറിഞ്ഞു കളയാൻ തോന്നുന്നു.'

ഗണേശദേവൻ, തനിക്കു അന്നു സമ്മാനം കിട്ടിയ വാളിന്മേൽ കൈ വച്ചുകൊണ്ടു ഗംഭീരപൌരുഷത്തോടു കൂടി ഇപ്രകാരം മറുവടി പറഞ്ഞു:—

"ശക്തി! രക്തഖചിതമായ ഈ വാളും താനും കളയേണ്ടിവന്നാലും, എന്റെ ഓടക്കുഴൽ ഞാൻ വിട്ടുകളയുന്നതല്ല. പൂർവ്വസ്മരണകളെ നിലനിർത്തിപ്പോരുന്ന ഈ കുഴൽ എനിക്കു എന്റെ പ്രാണനേക്കാൾ പ്രിയമുള്ളതാണ്."

ശക്തിമയി മൂടുപടം നീക്കി, കഴുത്തിൽ ധരിച്ചിരുന്ന ഒരു വാടിയമാല കയ്യിലെടുത്തു. "രാജകുമാര! പൂർവ്വകാലസ്മരണയ്ക്കായി ഞാനും ഒരു സാധനം സൂക്ഷിച്ചു വെച്ചിട്ടുണ്ട്. പണ്ടൊരിക്കൽ തടാകതീരത്തിൽ വെച്ച് അങ്ങ് എന്റെ കഴുത്തിൽ ഒരു മാലയിട്ടതു് ഓർക്കുന്നുണ്ടോ? എന്റെ പ്രാണനേക്കാളും പ്രിയതരമായി അന്നുമുതൽ സൂക്ഷിച്ചുപോന്ന മാലയാണിതു്. ഇന്ന് ഉത്സവസ്ഥലത്തു വെച്ച് അങ്ങയുടെ നേർക്ക് ഇതെറിയാനുള്ള കാരണവും അതുതന്നെയാണ്. എന്റെ ഉദ്ദേശം അഭിനന്ദനമോ അധിക്ഷേപമോ എന്നു ഇനി അങ്ങുതന്നെ തീർച്ചപ്പെടുത്തിയാൽമതി."

രാജകുമാരന്റെ ഹൃദയം അപാരമായ സന്തോഷത്താൽ പെട്ടെന്നൊന്നു കാളി. പക്ഷെ അതു ക്ഷണഭംഗുരമായിരുന്നു. നിമിഷനേരത്തിനുള്ളിൽ മുഖത്തിന്റെ പ്രസന്നത നിശ്ശേഷം നശിച്ചു, അതിന്റെ സ്ഥാനത്തു വ്യസനഭാവം പ്രത്യക്ഷപ്പെട്ടു. ആചാരനിർബന്ധങ്ങളിൽ നിന്നും ചിരപ്രതിഷ്ഠാപിതങ്ങളായ മൂഢവിശ്വാസപരമ്പരകളിൽ നിന്നും മനസ്സിനെ വ്യാവർത്തിപ്പിച്ചു തന്റെ ചൊല്പടിക്കു നിർത്തുവാൻ അദ്ദേഹം അശക്തനായിത്തീർന്നു. അദ്ദേഹത്തിനു ശക്തിമയിയെക്കുറിച്ചുള്ള അഭിനിവേശം കൊണ്ട്

അന്യന്മാരിൽ യാതൊരാൾക്കും ദോഷം വന്നിട്ടില്ല. വല്ല ദുഃഖവും ഉണ്ടായിട്ടുണ്ടെങ്കിൽ അതു തനിക്കു തന്നെയാണു്. പുരുഷന്മാൎക്കു ഒന്നിലധികം ഭാൎയ്യമാരുണ്ടാകുന്നതു ശാസ്ത്രവിരുദ്ധമല്ലാത്ത സ്ഥിതിക്കു്, അവർ ഒന്നിലധികം സ്ത്രീകളെ സ്നേഹിക്കുന്നതു് ഒരിക്കലും ഒരു പാപമായിക്കരുതാൻ തരമില്ല. എന്നു മാത്രമല്ല ശക്തിമയി അന്യപുരുഷന്റെ അധീനതയിൽപെടുന്നതിനു എത്രയോകാലം മുമ്പാണു് രാജകുമാരൻ അവളെ സ്നേഹിക്കാൻ തുടങ്ങിയതു്. പക്ഷേ രാജകുമാരന്റെ പ്രേമഭാജനമായ ശക്തിയും ഇപ്പോൾ അവിടെ ഇരിക്കുന്ന ശക്തിയും രണ്ടു ഭിന്നപ്രകൃതികളാണു്. ഈ ശക്തി ഇപ്പോൾ യൌവനയുക്തയായ ഒരു തരുണിയാണെന്നു തന്നെയല്ല, വേറൊരാളുടെ ധൎമ്മപത്നിയും ആയിത്തീൎന്നിരിക്കുന്നു. അവൾ അന്യപുരുഷനെ സ്മരിക്കുകപോലും ചെയ്യുന്നതു മഹാപാപവും ഇഹപരലോകങ്ങളിൽ അശ്രേയസ്കരവും ആണു്.

ഇങ്ങിനെ ഓരോ വിചാരങ്ങളാൽ രാജകുമാരന്റെ മുഖം ഗൌരവഭാവം കൈക്കൊണ്ടു. ഇതുകണ്ടപ്പോൾ ശക്തിക്കും ഭാവം പകൎന്നു രാജകുമാരന്റെ കഴുത്തിലിടുവാനുദ്ദേശിച്ചു് ഊരിയെടുത്ത മാല അവളുടെ കയ്യിൽത്തന്നെ വെച്ചുകൊണ്ടിരുന്നു.

രാജകുമാരൻ:—(വ്യസനഭാവത്തിൽ) "ശക്തി! ഇതുതന്നെയാണോ ആ മാല? ഇതിരിക്കട്ടെ, ചെറുപ്പത്തിലെ ചപലതകളെല്ലാം വിസ്മരിക്കേണ്ട കാലമായില്ലേ? ഭവതി ഇനിയും ഈവക വിചാരങ്ങൾ വെച്ചുകൊണ്ടിരിക്കുന്നതു യുക്തമാണോ?"

രാജകുമാരന്റെ വാക്കു ശക്തിയുടെ ഹൃദയമൎമ്മത്തിൽ കൊണ്ടു.

"രാജകുമാരൻ പൂൎവ്വകഥയെല്ലാം മറന്നോ?"

"മറന്നിട്ടില്ല. അതുതന്നെയാണു് എനിക്കുള്ള വ്യസനവും" ആട്ടേ, ശക്തി എന്തിനാണു ഞങ്ങളെയെല്ലാം അത്ര പൊടുന്നനവേ വിട്ടുപൊയ്ക്കളഞ്ഞതു്?"

രാജകുമാരൻ ശക്തിമയിക്കു ധൎമ്മമാൎഗ്ഗം ഉപദേശിക്കാൻ ചെയ്ത പരിശ്രമം, തന്റെ അനുരാഗത്തിന്റെ പ്രത്യക്ഷീകരണത്തിലാണു കലാശിച്ചതെന്നു ശക്തിമയിക്കു മനസ്സിലായി. തന്നിമിത്തം അവൾക്കു ഏറക്കുറെ സമാധാനവും ഉണ്ടായി.

"ഞങ്ങൾ അത്ര പെട്ടെന്നു ദിനേശപുരം വിട്ടുപോകാനുള്ള കാരണം എനിക്കുതന്നെ ഇനിയും മനസ്സിലായിട്ടില്ല. ഒരുദിവസം രാവിലെ, അച്ഛൻ തീർത്ഥയാത്രയ്ക്കു പുറപ്പെടുകയാണെന്നും ഞാൻ കൂടെ ഒന്നായി പോകേണമെന്നും പറഞ്ഞു. പോകുന്നതിനു മുമ്പായി രാജകുമാരനെ കണ്ടു യാത്രപറയേണമെന്നു എനിക്കു വലിയ മോഹമുണ്ടായിരുന്നു. പക്ഷേ, അച്ഛന്റെ ബദ്ധപ്പാടു നിമിത്തം അതിനു തരമായില്ല. അന്നുമുതൽ ആറുസംവത്സരം ഞങ്ങൾ ഓരോ പുണ്യസ്ഥലങ്ങളിൽ സഞ്ചരിച്ചു. ദിനേശപുരത്തേക്കു മടങ്ങിപ്പോകാമെന്നു ഞാൻ പലപ്പോഴും നിർബ്ബന്ധിച്ചിട്ടും അച്ഛൻ അനുസരിച്ചില്ല. 'അമ്മുടെ തീർത്ഥയാത്ര അവസാനിക്കട്ടെ' എന്നു മാത്രം മറുപടി പറഞ്ഞുകൊണ്ടു കാലം കഴിച്ചു. ഒടുവിൽ ഞങ്ങൾ ഇവിടെ (പാണ്ഡ്യനഗരിയിൽ) എത്തിച്ചേർന്നു. ഇവിടെവെച്ചു അച്ഛൻ കുറച്ചുദിവസം മുമ്പു പരലോകം പ്രാപിച്ചു. ശ്രാദ്ധംകഴിഞ്ഞിട്ടു കുറച്ചുദിവസമേ ആയിട്ടുള്ളു. അച്ഛന്റെ മരണശേഷം, എനിക്കു ദിനേശപുരത്തേക്കു പോകാനുള്ള മോഹം പൂർവ്വാധികം വർദ്ധിച്ചു. അങ്ങിനെയിരിക്കുമ്പോഴാണു രാജകുമാരൻ ഇവിടെ വന്നിട്ടുണ്ടെന്നു യദൃച്ഛയാ എനിക്കറിവുകിട്ടിയതു്. ഇത്രകാലവും ഞാൻ അനുഭവിച്ച കഷ്ടതകൾ ഈശ്വരൻ മാത്രമേ അറിഞ്ഞുകൂടൂ. ഈ വാടിയ 'മാം മാത്രമാണ് എന്നെ—"

രാജകുമാരൻ, ഈ ഘട്ടത്തിൽ, ശക്തിയെ തടഞ്ഞു പറഞ്ഞു:—

"ശക്തി വേറൊരാളുടെ ഭാര്യയാണെന്നല്ലേ ഞാൻ കരുതിയതു്? ഇത്ര കാലമായിട്ടും ശക്തിയെ ആരും വിവാഹം ചെയ്തില്ലെന്നോ!"

ശക്തി:—രാജകുമാരാ! ഒരു സ്ത്രീക്കു രണ്ടു വിവാഹം പതിവുണ്ടോ?

ഈ സന്ദർഭത്തിൽ, പ്രേമോജ്ജ്വലിതമായി പ്രകാശിച്ചിരുന്ന അവളുടെ മുഖം കാണേണ്ടതായിരുന്നു! രാജകുമാരൻ ലജ്ജയാലും, തീവ്രമായ പശ്ചാത്താപത്താലും അധോമുഖനായി. ശക്തിമയി അദ്ദേഹത്തിലുള്ള ഗാഢാനുരാഗത്തെ പ്രമാണിച്ചു മ

റൊരാൾക്കെ വരിക്കാതെ കാലംകഴിച്ചു. പക്ഷേ, ഹാ കഷ്ടം!. അവളുടെ അനുരാഗവും വിശ്വാസവും അസ്ഥാനത്തിലായിപ്പോയി. രാജകുമാരൻ വേറൊരു ബാലികയെ പാണിഗ്രഹണം ചെയ്തു് അവളുടെ അനുരാഗത്തിൽ സന്തുഷ്ടനായിത്തീർന്നിരിക്കയാണു്!

ഇങ്ങിനെ ചിന്താശതങ്ങളെക്കൊണ്ടു് അദ്ദേഹത്തിന്റെ ഹൃദയം വല്ലാതെ വ്യാകുലമായി തീർന്നെങ്കിലും, ശക്തിമയി അന്യാധീനത്തിൽപ്പെട്ടിട്ടില്ലെന്നാലോചിച്ചു് രാജകുമാരനു അനിർവ്വചനീയമായ സന്തോഷമാണുണ്ടായതു്.

“രാജകുമാരന്റെ വിവാഹം കഴിഞ്ഞുവായിരിക്കാം ഇല്ലേ? എന്നു ശക്തി ഉൽകണ്ഠയോടുകൂടെ ചോദിച്ച ചോദ്യത്തിനു യാതൊരു മറുവടിയും കിട്ടാതെ വളരെ നിമിഷങ്ങൾ കഴിഞ്ഞു.

“ശക്തി! എന്തിനാണത്ര പെട്ടെന്നു പോയികളഞ്ഞതു്?” എന്നു വളരെ നേരം കഴിഞ്ഞപ്പോൾ രാജകുമാരൻ ചോദിച്ചു. ഈ ചോദ്യം സകല സംശയത്തേയും പരിഹരിക്കുവാൻ പര്യാപ്തമായിരുന്നു. തന്റെ ചോദ്യത്തിനുത്തരം രാജകുമാരന്റെ മറുചോദ്യത്തിൽ അടങ്ങീട്ടുണ്ടെന്നു ശക്തിമയി സ്ത്രീ സഹജമായ ബുദ്ധിപാടവംകൊണ്ടു ഉടനെ മനസ്സിലാക്കി. “ഗണേശദേവൻ പൂർവ്വകഥയെല്ലാം മറന്നു. ഇല്ലേ?” എന്നു മാത്രം പറഞ്ഞു.

“ശക്തി! അങ്ങിനെ പറയരുതു്! ശക്തിയെ വിവാഹം ചെയ്തു കൊടുക്കാനാണു് ശക്തിയുടെ അച്ഛൻ ഇവിടെനിന്നു കൂട്ടികൊണ്ടു പോയതെന്നാണു് അമ്മ എന്നെ ധരിപ്പിച്ചതു്. ശക്തി ഇപ്പോൾ ആരുടേയോ ഭാര്യയായിരിക്കുകയാണെന്നായിരുന്നു എന്റെ വിശ്വാസം.”

ശക്തിയുടെ പുരാതനഗൃഹം ദിനേശപുരത്തുനിന്നു കുറച്ചുകലേയുള്ള ദേവകോട്ട എന്ന ഗ്രാമത്തിലായിരുന്നു. ഹിന്തുബാലികമാരുടെ വിവാഹം അവരവരുടെ പുരാതന ഗൃഹങ്ങളിൽ വെച്ചു കഴിക്കേണ്ടതാണെന്ന നിർബന്ധം പ്രമാണിച്ചു ശക്തിയെ അങ്ങട്ടു കൂട്ടികൊണ്ടു പോയതായിരിക്കാമെന്നു ആളുകളും വിശ്വസിച്ചു.

ഇതു ശക്തിയുടെ ജീവദശയിലെ ഒരു വിഷമഘട്ടമായിരുന്നു. അവളെപ്പോലെ മനക്കരുത്തുള്ള ഒരു പെൺകിടാവിനല്ലാതെ ഈ ഘട്ടത്തെ ഇത്ര ധീരതയോടു കൂടി എതൃത്തുനിൽക്കുവാൻ സാധിക്കുമോ എന്നു സംശയമാണ്. അവളുടെ കണ്ണിൽ നിറഞ്ഞ അശ്രുകണങ്ങളെ അവൾ വേഗത്തിൽ നിയന്ത്രണം ചെയ്തു.

"ആരാണ് റാണി?" എന്നൊരു ചോദ്യം അശരീരിപോലെ രാജകുമാരന്റെ കർണ്ണരന്ധ്രങ്ങളിൽ പ്രവേശിച്ചു.

"നിരുപമ"

## എട്ടാം അദ്ധ്യായം

---

സാധുകുട്ടി! ഇതാ നന്നേ ചെറുപ്പത്തിൽത്തന്നെ അവൾക്കു അനുരാഗവൃക്ഷത്തിന്റെ വിഷഫലം അനുഭവിക്കാനിടയായി! ഏറ്റവും ദുസ്സഹമായ ഈർഷ്യാകോപങ്ങളാൽ അവളുടെ ഹൃദയം കലുഷിതവുമായി. സർവ്വസുഖങ്ങളേയും ഉപേക്ഷിച്ചു, അവൾ രാജകുമാരനുവേണ്ടി അനേകം കഷ്ടതകൾ അനുഭവിക്കേണ്ടിവന്നുവെങ്കിലും അവളുടെ ഹൃദയം പ്രേമാമൃതപൂർണ്ണമായിരുന്നതിനാൽ ഈ വക അനിഷ്ടങ്ങളെ അവൾ ഇതേവരെ കേവലം ഗണ്യമാക്കിയിരുന്നില്ല. പക്ഷേ ഒടുവിൽ നിർഭാഗ്യമൂർദ്ധന്യത്താൽ, അവളുടെ ഏകാഗ്രപ്രണയത്തിന്നു പാത്രീഭവിച്ച ആ സുകുമാരൻ—അവൾ ആർക്കുവേണ്ടി ഇത്രയെല്ലാം മനോദുഃഖം അനുഭവിച്ചുവോ, ആ യുവാവ്—അവളെ വിസ്മരിച്ചു വേറൊരു ബാലികയുടെ ഭർത്തൃപദം അംഗീകരിക്കുകയാണ് ചെയ്തതു്.

ഹാ ദൈവമേ! സ്ത്രീപുരുഷന്മാരുടെ നിലകൾക്കു എന്തൊരന്തരമാണ് അങ്ങ് നിയമിച്ചിരിക്കുന്നതു്! പുരുഷന്മാരുടെ സന്തോഷവൃക്ഷം സ്ത്രീജനങ്ങളുടെ ബാഷ്പധാരകൊണ്ടാണോ ജലസേചനം ചെയ്യേണ്ടതു്? സ്ത്രീഹൃദയത്തെ ഭേദിച്ചൊഴുകുന്ന അ

ധിരത്തെ പാനം ചെയ്തിട്ടുവേണോ കക്കശന്മാരായ പുരുഷന്മാരുടെ ജീവിതതൃഷ്ണ മാറുവാൻ?

ശക്തിയുടെ മുഖപ്പകർച്ച കണ്ടു രാജകുമാരൻ വല്ലാതെ അന്ധാളിച്ചു. അവളുടെ വികാരങ്ങളെല്ലാം, ഊർജ്ജസ്വലമായ ഒരു സ്വഭാവത്തിൻെറ പ്രക്ഷോഭമാണെന്നു രാജകുമാരൻ മനസ്സിലാക്കിയിരുന്നില്ല. ഇതറിഞ്ഞിരുന്നെങ്കിൽ അദ്ദേഹം അവളുടെ സ്വഭാവവീണയുടെ അപശ്രുതികരമായ തന്ത്രികളെ മീട്ടുവാൻ തുനിയുകയില്ലായിരുന്നു. തൻെറ ബാല്യകാലത്തിലെ ഇഷ്ടതോഴിയും എത്രതന്നെ ശ്രമിച്ചാലും തൻെറ മനസ്സിൽനിന്നു വിട്ടൊഴിയാത്തവളുമായ ആ ശക്തിയുടെ സുകുമാരഹൃദയത്തിനുള്ളിൽ ഇത്ര ഭയങ്കരമായ വികാരപ്രക്ഷോഭം ഉണ്ടാകാനിടയുള്ളതാണെന്നു രാജകുമാരൻ സ്വപ്നേപി കരുതിയിരുന്നില്ല.

അതിദാരുണമായ മനോദണ്ഡം അനുഭവിച്ചു തപിച്ചുകൊണ്ടിരുന്ന ശക്തിമയിക്കു് ഒടുവിൽ ഉച്ചാരണശക്തി ലഭിച്ചു്, ഏകാഗ്രമായ പരുഷതയോടുകൂടി ഇങ്ങിനെ പറഞ്ഞു:—

“ഓ! ശരിതന്നെ. അങ്ങേപ്പോലെയുള്ള പുരുഷന്മാർക്കു സഹജമായ സ്വാർത്ഥതല്പരതയെ അങ്ങും നിറവേററി. ഞങ്ങൾ എത്രകണ്ടു വിശ്വസിക്കുന്നുവോ അത്രകണ്ടു നിങ്ങൾ ചതിക്കുന്നു. ഞങ്ങൾ നിങ്ങളെയോർത്തു മനസ്സുരുകി നാൾ കഴിക്കുന്നതിന്നു പകരമായി നിങ്ങൾ, പൂക്കൾതോറും പാറിനടക്കുന്ന വണ്ടുകളെപ്പോലെ, യാതൊരു വ്യവസ്ഥയും ഇല്ലാതെ ജീവിതസുധയെ തരം കിട്ടുമ്പോഴെല്ലാം ആസ്വദിക്കുന്നു. ശരണം പ്രാപിക്കുന്നവരെ നിങ്ങൾ നിർദ്ദാക്ഷിണ്യം നിരസിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നു! ഞങ്ങളുടെ അധഃപതനത്തിലാണു നിങ്ങൾക്കു പ്രിയം!”

വികസിതമായ ഒരു പനിനീർപൂവിനുള്ളിൽ പെട്ടെന്നു് ഒരു കൃഷ്ണസർപ്പം ചുററിപ്പിടിച്ചു കണ്ടാലുണ്ടാകുന്ന സ്തബ്ധതയോടുകൂടി രാജകുമാരൻ മൌനിയായി നിന്നു. ശക്തിയുടെ മനോഹരമായ മുഖം, കോപമാത്സര്യങ്ങളുടെ അഭിനിവേശത്താൽ വികൃതമായിത്തീർന്നതോടുകൂടി, രാജകുമാരൻെറ വിചാരങ്ങൾ ആ സ്വരൂപ

ഞ്ഞു വിട്ടു രാജധാനിയിൽ തന്റെ പ്രത്യാഗമനം പ്രതീക്ഷിച്ചുംകൊണ്ടിരിക്കുന്ന നിരുപമയുടെ നിഷ്കന്മഷസ്വരൂപത്തിലേക്കു പ്രചരിച്ചു. ഇത്ര നേരവും, അദ്ദേഹത്തിന്നു ആ സുകുമാരിയുടെ സ്മരണപോലും ഉണ്ടായിരുന്നില്ല. ശക്തിയെക്കുറിച്ചു ബാല്യദശ മുതൽക്കേ തന്റെ ഹൃദയാന്തരത്തിൽ സ്ഥലംപിടിച്ചിരുന്ന പ്രേമാവേശം നിമിത്തം, നിരുപമയെ പൂർണ്ണമനസ്സോടെ സ്നേഹിക്കുവാൻ രാജകുമാരന്നു ഒരിക്കലും സാധിച്ചിരുന്നില്ല. പക്ഷെ, ആ പ്രേമാവസ്ഥ കാലാന്തരത്തിൽ കേവലം സ്വപ്നപ്രായമായിത്തീരുകയാൽ നിരുപമയുടെ സാന്നിദ്ധ്യം അദ്ദേഹത്തിന് എല്ലായ്പോഴും ആനന്ദപ്രദമായിത്തന്നെ തോന്നി. ഒരു ഭക്തന്റെ ഹൃദയത്തിൽ പതിഞ്ഞുകിടക്കുന്ന ദൈവവിഗ്രഹംപോലെ മാത്രമാണു രാജകുമാരന്റെ മനസ്സിൽ ശക്തിമയിയുടെ സ്വരൂപം പതിഞ്ഞിരുന്നതു്. അവളെ മനുഷ്യാതീതമായ ഒരു വിശിഷ്ട മാതൃകയായിട്ടാണു് അദ്ദേഹം സങ്കല്പിച്ചിരുന്നതും. തന്റെ പ്രിയപുത്രിയുടെ ജനയിത്രിയും, തന്നോടൊന്നിച്ചു് "ഏതും ഭേദിച്ചിടാതെ സുഖവുമസുഖവും" പങ്കുകൊള്ളേണ്ടുന്ന സഹധർമ്മചാരിണിയും ആയ നിരുപമയെക്കുറിച്ചു് രാജകുമാരന്നു് ഒരുകാലത്തും അനാസ്ഥയോ അനാദരമോ ഉണ്ടായിരുന്നില്ലെങ്കിലും, അവളോടു പരിപൂർണ്ണമായ അനുരാഗം ഭാവിക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചില്ല. അവളുടെ കറകളഞ്ഞ സൌശീല്യവും അനല്പമായ ഭർത്തൃഭക്തിയും അദ്ദേഹത്തിന്നു മുമ്പുതന്നേ ബോദ്ധ്യപ്പെടുകയും ചെയ്തിരുന്നു. പക്ഷേ ചിരപ്രതീക്ഷിതമായ തന്റെ ജീവിതാദർശം മൂർത്തീകരിച്ചതുപോലെ ശക്തിയുടെ പുണ്യവിഗ്രഹം മുമ്പിൽ വന്നു നിന്നപ്പോൾ അദ്ദേഹത്തിന്റെ ജീവിതം എത്രമാത്രം ശൂന്യമായിട്ടാണു കിടന്നിരുന്നതെന്നു രാജകുമാരന്നു മനസ്സിലായി. ശക്തിയുടെ സൌന്ദര്യത്തിന്റെ അയസ്കാന്തശക്തിക്കധീനപ്പെടുകയാൽ സ്വല്പനേരത്തോളം രാജകുമാരൻ തന്നെത്താൻ മറന്നു നിരുപമയേയും വിസ്മരിച്ചു. ആ സൌന്ദര്യം അചിരേണ മാത്സര്യദൂഷിതമായി കണ്ടപ്പോൾ ആ വശീകരണത്തിൽനിന്നു മുക്തനായി തന്റെ മിഥ്യാഭ്രമത്തെക്കുറിച്ചു തന്നെത്താൻ ശപിച്ചു. ഒരു വിശിഷ്ടദേവതയെ എന്നപോലെ താൻ സദാ ഭജിച്ചുകൊണ്ടിരുന്ന ആ

തരുണിയുടെ ഹൃദയം സ്നേഹിക്കത്തക്കതല്ലെന്നും രാജകുമാരൻ തീൎച്ചപ്പെടുത്തി. സ്വഭാവഗുണംകൊണ്ടു് അവളിൽനിന്നു് എത്രയോ ഉയൎന്ന പടിയിൽ സ്ഥിതി ചെയ്യുന്ന നിരുപമയോടു് അദ്ദേഹം അനുവൎത്തിക്കേണ്ടുന്ന ധൎമ്മത്തെ ക്ഷണനേരംപോലും നിരാകരിക്കുകയോ, അവളുടെ ദാമ്പത്യജീവിതത്തെ ഒരു സപത്നിയുടെ ആവിൎഭാവത്താൽ കലുഷിതമാക്കുകയോ ചെയ്യുന്നതു ഒരു മഹാപാതകമാണെന്നു രാജകുമാരൻ മനസ്സിലാക്കി യാതൊന്നും സംസാരിക്കാതെ മൌനം ഭജിക്കുകകൊണ്ടു.

———(൦)———

# ഒൻപതാം അദ്ധ്യായം.

ശക്തിയുടെ പരുഷമായ ശകാരമാകട്ടെ, അപാരമായ വ്യസനപ്രകടനമാകട്ടെ രാജകുമാരന്റെ മനസ്സിളക്കുവാൻ പൎയ്യാപ്തമായില്ല. അദ്ദേഹം കേവലം നിൎവികാരനായി നിന്നതേയുള്ളു.

ജീവദശയിൽ എന്തെല്ലാം അസാംഗത്യങ്ങൾ നടക്കുന്നു! ധിക്കാരികളും ഗൎവിഷ്ഠരും ആയ ജനങ്ങൾ ആപത്തിൽപെട്ടുമ്പോൾ അവരെ കീഴടക്കുന്നതു് എളുപ്പമായിട്ടും, നേരെമറിച്ചു്, പ്രകൃത്യാ വണക്കവും ഒതുക്കവും ഉള്ളവരെ സ്വാധീനപ്പെടുത്തുന്നതു കൃച്ഛ്രസാദ്ധ്യമായിട്ടുമാണു് കാണുന്നതു്!

തന്റെ ഹൃദയവല്ലഭനായ യുവാവിന്റെ നിശ്ചലസ്ഥിതി കണ്ടപ്പോൾ, ആ മനസ്വിനിയുടെ ഹൃദയം തകൎന്നുപോയി. പരാജിതയായ അവളുടെ നയനോല്പലങ്ങളിൽ നിന്നു പ്രവഹിച്ച ബാഷ്പധാര ഉദിച്ചു പൊങ്ങുന്ന ചന്ദ്രികയിൽ പ്രത്യക്ഷപ്പെട്ടു. കണ്ഠസ്തംഭനം ഒരു വിധത്തിൽ മാറിയപ്പോൾ അവൾ ഇപ്രകാരം അപേക്ഷിച്ചു:—

“രാജകുമാര! എന്നെ തള്ളിക്കളയരുതേ! പുരുഷന്മാൎക്കു ഒന്നിലധികം ഭാൎയ്യമാരാവാം എന്നു ശാസ്ത്രങ്ങൾ അനുവദിച്ചിരി

ക്കെ, അനാഥയായ എന്നെ അങ്ങ് ഉപേക്ഷിക്കേണ്ടുന്ന ആവശ്യമില്ല. സർവേശ്വരൻമുഖേന ഞാൻ അങ്ങയുടെ ധർമ്മപത്നിയാണ്. എൻെറ അച്ഛനും മരിച്ചു. എനിക്കിനി ലോകത്തിൽ ആരും തന്നെ ആശ്രയമില്ല. രാജകുമാരൻ നിമിത്തം ഞാൻ അന്യനെ വരിക്കേണ്ടിവരുന്നപക്ഷം, ആ മഹാപാപത്തിൻെറ ഫലം അങ്ങുതന്നെ അനുഭവിക്കേണ്ടി വരും!”

അവളുടെ കോപം വ്യസനമായി പരിണമിച്ചതോടുകൂടി, മുഖത്തിൻെറ നൈസർഗ്ഗിക ഭംഗിയും തിരിച്ചുവന്നു. ശക്തിയുടെ സംസാരം അവസാനിച്ച ക്ഷണത്തിൽ ആ വനപ്രദേശവും നിശ്ശബ്ദമായിത്തീൎന്നു. രാജകുമാരനോ, എന്തുചെയ്യുകയായിരുന്നു? ചഞ്ചലമായ ചന്ദ്രികയാൽ അഭിഷിക്തവും, ബാഷ്പധാരാവിലവും, വ്യസനാകുലവും ദിവ്യമായ ഏതോ വികാരാഭിനിവേശത്താൽ ഏററവും ഉജ്ജ്വലിതവുമായ ഒരു ഓമനമുഖമല്ലാതെ വേറെ യാതൊന്നിൻെറ സാന്നിദ്ധ്യവും അദ്ദേഹം അറിഞ്ഞിരുന്നില്ല. കുറച്ചു നേരംമുമ്പു കോപാതിരേകത്താൽ വികൃതമായിരുന്ന അവളുടെ ആകൃതി കേവലം വിസ്മൃതിയിലായി. ഇതരവിഷയങ്ങളെല്ലാം എന്നുവേണ്ടാ, രാജധാനിയിൽ തൻെറ വരവും കാത്തിരുന്ന നിരുപമയെക്കൂടി അദ്ദേഹം മറന്നു. വിജനമായ ആ വനാന്തരത്തിൽ, താനും തൻെറ ഏകാഗ്രപ്രണയഭാജനമായ ശക്തിയും അല്ലാതെ വേറെ ആരും ഇല്ലെന്നു മാത്രമേ രാജകുമാരനു ബോധമുണ്ടായിരുന്നുള്ളു. അവളെ വ്യസനിപ്പിച്ചതിനാലുള്ള പശ്ചാത്താപമൊഴികെ, വേറെ യാതൊരു ചിന്തയും അദ്ദേഹത്തിൻെറ ഹൃദയത്തിൽ അങ്കുരിച്ചിരുന്നില്ല. അടക്കുവാൻ സാധിക്കാത്ത ഒരാകർഷണശക്തിക്കധീനനായി അദ്ദേഹം അവളുടെ അരികിലേക്കു മാറിയിരുന്നു; നീലോല്പലസദൃശങ്ങളായ നയനങ്ങളെ പ്രേമപാരവശ്യത്തോടുകൂടി അവളുടെ മുഖത്തു പതിപ്പിച്ചുകൊണ്ടു അവളുടെ മൃണാളകോമളങ്ങളായ കരങ്ങളെ പിടിച്ചു മാറോടണച്ചു. പ്രേമപരവശന്മാരായ കാമിനീകാമുകന്മാർ ലോകത്തിൻെറ ആദികാലം മുതൽ, യൌവനത്തേയും ചന്ദ്രികയേയും സാക്ഷികളാക്കി, പരസ്പരം ചെയ്തുപോരാറുള്ള പ്രേമപ്രതിജ്ഞകളെത്തന്നെയാണ് ഈ സന്ദർഭത്തിൽ രാജകുമാരനും ഉച്ചരിക്ക

വാൻ ആഗ്രഹിച്ചുള്ളു. തന്റെ ഹൃദയത്തിൽ "തള്ളിത്തിങ്ങി" പ്പെരുകുന്ന പ്രേമാവസ്ഥയെ വെളിപ്പെടുത്തുവാൻ രാജകുമാരൻ ഭാവിച്ചതേയുള്ളു! അപ്പോഴെയ്ക്കു, നിശ്ശബ്ദവും, ചന്ദ്രികാധവളിതവും ആയ പ്രകൃതിയുടെ രാമണീയകത്തിന്നു തീരെ യോജിക്കാത്ത ഒരു പരുഷസ്വരം, ഇടിമുഴക്കംപോലെ അദ്ദേഹത്തിന്റെ കൎണ്ണപുടത്തെ ഭേദിച്ചു.

'ഒരു മാന്യവംശത്തിന്നു ധൂമകേതുവായിത്തീൎന്ന വികൃതി! നീ എന്താണിവിടെ ചെയ്യുന്നതു്? അന്യന്റെ ഭാൎയ്യയെ തൊടുകയൊ?"

രാജകുമാരൻ ലജ്ജിതനായി തിരിഞ്ഞു നോക്കിയപ്പോൾ കണ്ടതു തന്റെ അമ്മയുടെ കോപോജ്ജ്വലമായ മുഖമായിരുന്നു. ഗംഗാതീരത്തിൽ നിന്നു സന്ധ്യാവന്ദനം കഴിഞ്ഞു തിരിച്ചു വരുമ്പോഴാണു് ഈ കാമിനീകാമുകന്മാരുടെ ശൃംഗാരചേഷ്ടകൾ അവരുടെ ദൃഷ്ടിയിൽപെട്ടതു്. തന്റെ അധൎമ്മപ്രവൃത്തി അമ്മ കണ്ടുപോയതുകൊണ്ടുള്ള വല്ലായ്മനിമിത്തം രാജകുമാരൻ അപരാധിയായ ഒരു ബാലനെപ്പോലെ അധോമുഖനായിനിന്നു.

പക്ഷെ, ശക്തിയുടെ ധീരത ഇവിടേയും സന്നദ്ധമായിരുന്നു. നിൎഭയം എഴുന്നീററു കുപിതയായ റാണിയോടെതിരിടുവാൻ അവൾക്കു ലേശംപോലും കുലുക്കമുണ്ടായില്ല:—

"അമ്മെ! ഞാൻ അന്യന്റെ ഭാൎയ്യയല്ല. ഈ രാജകുമാരന്റെ ധൎമ്മപത്നിയാണു് ഞാൻ. ഞങ്ങൾ കുട്ടികളായിരുന്ന കാലത്തുതന്നെ ദൈവത്തിന്റെ മുമ്പാകെ വിവാഹം ചെയ്തു കഴിഞ്ഞിരിക്കുന്നു".

ആ കോപിഷ്ഠയുടെ മുഖഭാവം മുമ്പെത്തെക്കാളും ഭയങ്കരമായി.

"ഗണേശ! ഈ സ്ത്രീ ആരാണെന്നറിയുമോ? വനവാരിലാലിന്റെ മകളല്ലെ ഇവൾ! നീ ഇവളെ വിവാഹം ചെയ്താൽ പ്രതാപരാജന്റെ വംശത്തിന്നു തീൎത്താൽ തീരാത്ത അപഖ്യാതിവരുമെന്നു ഓൎമ്മയിരിക്കട്ടെ! കൂടപ്പിറന്നവളുടെ നടപ്പുദോഷംകൊണ്ടായിരുന്നു വനവാരിലാൽ നാടുവിട്ടു പോയ്ക്കളഞ്ഞതു്. അങ്ങ

ന്നെയുള്ള ഒരുവന്റെ മകളാണോ എന്റെ മകന്റെ ഭാൎയ്യയായും ദിനേശപുരത്തിലെ രാജ്ഞിയായും ഇരിക്കേണ്ടവൾ? ഞാൻ ജീവിച്ചിരിക്കുംവരെ അതു സമ്മതിക്കുകയില്ല. നിന്റെ കൂടെ അവളെ പാൎപ്പിക്കേണമെന്നാണ് ഇഷ്ടമെങ്കിൽ അങ്ങിനെ ചെയ്താലും വേണ്ടില്ല; ന്യായപ്രകാരം അവളെ ഭാൎയ്യയാക്കി സ്വീകരിക്കുവാൻ ഞാൻ അനുവദിക്കുന്നതല്ല. ഗണേശ! നിനക്കു ഇത്ര ലജ്ജയില്ലാതായിപ്പോയല്ലോ!”

മനസ്വിനിയായ ശക്തിക്കു ഇതിൽപരം ദുസ്സഹമായ ഒരപമാനം നേരിടാനില്ലെന്നു തോന്നി. കോപം, നിന്ദ, മാനഭംഗം, ഇതെല്ലാം ഓരോ നോട്ടത്തിലും അഗ്നികണങ്ങൾപോലെ സ്ഫുരിപ്പിച്ചുകൊണ്ടു അവൾ മഹാറാണിയുടെ നേരിട്ടുചെന്നു. അവളുടെ ഭാവം പ്രൌഢഗംഭീരവും ശബ്ദം കോപകമ്പിതവും ആയിരുന്നു:—

“മഹാറാണി! നിങ്ങൾ ഇപ്പോൾ പറഞ്ഞതെല്ലാം നിങ്ങളെപ്പോലെയുള്ള പ്രമാണികൾക്കു പറയുവാൻ അർഹതയുള്ള സംഗതികളായിരിക്കാം. ഞാൻ പറയുന്നതു നിങ്ങൾക്കു് ഒട്ടും രുചിച്ചില്ലെന്നും വന്നേക്കാം. എങ്കിലും കൎമ്മഫലം ധനികനായാലും ദരിദ്രനായാലും അനുഭവിക്കാതെ കഴികയില്ല. ഈശ്വരൻ സത്യസ്വരൂപനും എന്റെ അനുരാഗം പരിശുദ്ധവും ആണെങ്കിൽ ഈ സാഹസപ്രവൃത്തിയുടെ ഫലം ഒരു കാലത്തു നിങ്ങൾ തന്നെ അനുഭവിക്കേണ്ടിവരും. ഇപ്പോൾ നിങ്ങൾ പുച്ഛിക്കുന്ന വനചാരിലാലിന്റെ വംശക്കാരുടെ മുമ്പിൽ നിങ്ങളുടെ ശേഷക്കാർ സാഷ്ടാംഗപ്രണാമം ചെയ്യേണ്ടുന്ന കാലം വരും. ഈ വാക്കു പാഴായിപ്പോയാൽ, ഈശ്വരൻ നീതിസ്വരൂപനല്ലെന്നു കരുതിക്കൊൾക.”

അമാനുഷികമായ പ്രൌഢിയോടുകൂടി ശക്തിമയി ഇത്രയും പറഞ്ഞു്, ഒരു വിദ്യുല്ലതികപോലെ വൃക്ഷങ്ങൾക്കിടയിൽ മറഞ്ഞു. അവളുടെ ഒടുവിലത്തെ വാക്കുകൾ മഹാറാണിയുടെ കൎണ്ണരന്ധ്രത്തിൽ തറച്ചു് അവരെ സ്തംഭപ്രായമാക്കിത്തീൎത്തു.

——:0:——

# പത്താം അദ്ധ്യായം

അന്തരീക്ഷത്തിൽക്കൂടെ പതിക്കുന്ന കൊള്ളിമീൻ, ആരംഭത്തിൽ ഏററവും തിളങ്ങി പ്രകാശിച്ച്, സ്വല്പനേരത്തിനുള്ളിൽ, അതിൻെറ ഉഷ്ണശക്തിയാൽതന്നെ നാമാവശേഷമായിത്തീരുന്നതുപോലെ, ഊർജ്ജസ്വലമായ വികാരപ്രക്ഷോഭത്തിന്നടിമപ്പെടുന്ന ആളുകൾ ക്ഷണത്തിൽ ക്ഷീണിച്ച് ദുർബലന്മാരായി പരിണമിക്കുന്നതു സാധാരണയാണ്. ഭൌതികമായ മനുഷ്യശരീരത്തിൽ ആത്മജ്യോതിസ്സിൻെറ സമ്പർക്കം ചിരാനുബന്ധിയായിരിക്കുന്നില്ല. തന്നിമിത്തം, മനസ്സിൻെറ സഹനശക്തിയെ അതിക്രമിച്ചു പ്രവർത്തിക്കുന്ന ആളുകൾ ആ അവിവേകത്തിൻെറ അനർത്ഥഫലം അവശ്യം അനുഭവിക്കേണ്ടിവരുന്നു.

പരാജിതയായി, പരവശയായിത്തീർന്ന ശക്തിമയി, അന്ധതമസ്സിൽ വഴികാണാതെ ഉഴലുന്ന പാന്ഥനെപ്പോലെയായി. കാഴ്ച മങ്ങുകയാൽ അവൾക്കു യാതൊന്നും ശരിക്കു കാണാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല, സർവ്വവസ്തുക്കളും ചുററിത്തിരിയുന്നതായും അവൾ നിന്നിരുന്ന സ്ഥലംതന്നെ ഭൂകമ്പത്താലെന്നപോലെ ഇളകുന്നതായും അവൾക്കുതോന്നി. ഒരു വൃക്ഷച്ചുവട്ടിൽചെന്നു അഭയം പ്രാപിക്കുവാൻ അവൾ നന്നേ പണിപ്പെടേണ്ടിവന്നു. ഒരു മരക്കൊമ്പു പിടിച്ചെഴുന്നേൽക്കാൻവേണ്ടി പൊക്കിയ കൈകുഴഞ്ഞ് അവൾ നിലത്തു കമിഴ്ന്നുവീണു. ഈ അവസരത്തിലാണ് അവളുടെ ജീവദശയിൽ അവൾക്കു ഒന്നാമതായി ബോധക്ഷയം ഉണ്ടായതു്. അർദ്ധരാത്രി സമയത്തു്, ഏകാകിനിയും അനന്യശരണയും ആയ ആ സാധു പെൺകുട്ടി അവിടെ വീണുകിടക്കാനിടയായി! ഇതിനു മുമ്പൊരിക്കലും, എത്രതന്നെ കഠിനമായ വ്യസനാവസ്ഥയിലും, അവൾക്കു ധൈര്യക്ഷയം നേരിട്ടിരുന്നില്ല. ഈയൊരവസരത്തിൽ അവൾക്ക് ഇദംപ്രഥമമായി നേരിട്ട അനാസ്ഥിതി കണ്ടു പ്രകൃതിദേവി അവളെ നിശ്ചലമായ അത്ഭുതത്തോടുകൂടി നോക്കിനിന്നു.

പക്ഷെ, അവളുടെ യൌവനത്തിലുള്ളും, കൂടപ്പിറന്ന ദേഹബലവും നിമിത്തം, അവൾക്ക വേഗത്തിൽ ഉണർച്ചയുണ്ടായി. കാട്ടുമരങ്ങളുടെ ഭയങ്കരച്ഛായകൾ അവളുടെ ചുറ്റും, വൃക്ഷശിഖരങ്ങൾക്കിടയിൽക്കൂടി പ്രകാശിച്ച ബാലചന്ദ്രകല ഉപരിഭാഗത്തും പരിലസിച്ചിരുന്നു. ബോധംവന്ന ഉടനെ അവൾ ആകാശത്തിൽനിന്നു ഭൂമിയിലേക്കും ഭൂമിയിൽനിന്നു ആകാശത്തിലേക്കും ദൃഷ്ടി നടത്തി. അവളുടെ നയനോല്പലങ്ങളിൽ പ്രതിഫലിച്ചിരുന്ന രാത്രിയുടെ രാമണീയകമൊന്നും അവളറിഞ്ഞിരുന്നില്ല. ചന്ദ്രന്റെ പ്രഭയെക്കുറിച്ചാകട്ടെ, രാത്രിയുടെ ഭയങ്കരതയെക്കുറിച്ചാകട്ടെ, യാതൊന്നും ആലോചിക്കാതെ അവളുടെ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരുന്ന നൈരാശ്യത്തിന്റെ ദീനവിലാപം മാത്രമേ അവൾ അറിഞ്ഞിരുന്നുള്ളു.

കിടന്ന ദിക്കിൽനിന്നു വളരെ പണിപ്പെട്ടെഴുന്നീറ്റു്, ഒരു വൃക്ഷത്തെ ചാരിയിരുന്നുകൊണ്ടു അവൾ വലത്തുകയ്യിൽ വളരെ നേരം നോക്കി ചുടുകണ്ണീർ വാർത്തു. ആ കയ്യിൽ, രാജകുമാരനെ സമ്മാനിക്കാൻവേണ്ടി സൂക്ഷിച്ചുവെച്ചിരുന്ന വാടിയ മാലയുണ്ടായിരുന്നു. ഇത്ര കാലവും അതിൽ ലയിച്ചു കിടന്നിരുന്ന പ്രേമവിശ്വാസങ്ങളും, പ്രത്യാശകളും ഇപ്പോൾ തീരെ നാമാവശേഷമായിത്തീർന്നുപോയതിനാൽ അതൊരു വെറും വാടിയ മാലമാത്രമെ ആയിരുന്നുള്ളു! അതു കാണുംതോറും അവളുടെ മനോവേദന അടിക്കടി വർദ്ധിച്ചു.

ഒടുവിൽ അശ്രുപ്രവാഹം ഒരു വിധം ശമിച്ചു. ദേഹമാസകലം വെന്തുരുകുന്നപോലെയുള്ള ഒരനുഭവം അവൾക്കുണ്ടായി. മഹാറാണിയുടെ പരുഷോക്തിയിൽ അടങ്ങിയ വിഷമസ്ഥിതി അവൾക്കോർമ്മവന്നു. എങ്കിലും അതുകൊണ്ടൊന്നും അവൾക്ക ധൈര്യക്ഷയമുണ്ടായിരുന്നില്ലെന്നുമാത്രമല്ല, നേരെമറിച്ച് അവളുടെ ഹൃദയത്തിൽ, മുമ്പുണ്ടായിരുന്നില്ലാത്ത ഒരു ശക്തിയും ആവിർഭവിച്ചു. ചുണ്ടു കടിച്ചമർത്തിക്കൊണ്ട് അവൾ തന്റെ അനുരാഗത്തിന്റെ ഒടുവിലത്തെ അടയാളത്തെ നശിപ്പിച്ചുകളയുവാനൊരുമ്പെട്ടു. ആ വാടിയ മാല പൊട്ടിച്ചു അതിലെ പൂക്കൾ ഒന്നൊ

ന്നായി ചിന്നിച്ചിതറി വലിച്ചെറിഞ്ഞു. ഇതുകൊണ്ടും ദ്വേഷ്യം ശമിക്കായ്കയാൽ, ഇരുന്ന ദിക്കിൽനിന്നെഴുന്നീററു അതിനെ ചവിട്ടി മർദ്ദിച്ചു. ഹാ! ഭാഗ്യശൂന്യമായ ഹൃദയമേ! പ്രേമവിലാസങ്ങളുടെ അധിഷ്ഠാനവും പ്രാണനേക്കാൾ പ്രിയതരങ്ങളുമായ ആ പ്രേമകുസുമങ്ങൾ മണ്ണോടുചേർന്നപ്പോൾ നീ അനുഭവിച്ച സങ്കടം എന്തായിരിക്കും?

ശക്തി വളരെ നേരം പൂക്കളിൽ നിന്നു കണ്ണെടുക്കാതെ നോക്കിനിന്നു. തൽസമയം അവൾ അനുഭവിച്ചത്ര തീവ്രമായ മനോദണ്ഡം ആ കുസുമങ്ങളും അനുഭവിച്ചിട്ടില്ലെന്നു ആർക്കറിയാം?

ക്രമേണ അവളുടെ മനസ്സു കഠിനതവിട്ടു ആർദ്രമായിത്തുടങ്ങി. നൈരാശ്യപീഡയാൽ അവളുടെ അധരങ്ങൾ വിറച്ചു. പൂമാല നശിപ്പിച്ച സ്ഥലത്തുചെന്നു പ്രാണവേദനയോടുകൂടെ തന്റെ മനോഹരഗാത്രത്തെ പതിപ്പിച്ചു് അവൾ ഒരു കട്ടിയെപ്പോലെ നിലവിളിച്ചു.

"അയ്യോ രാജകുമാരി! രാജകുമാരി അങ്ങു് എന്തു് കഠിനക്രിയയാണു് ചെയ്തതു്!"

ഉടനെതന്നെ അവൾ എഴുന്നേററു്, മാറത്തടിച്ചുകൊണ്ടു് ചിത്തഭ്രമം പിടിച്ചവളെപ്പോലെ വീണ്ടും ഇങ്ങിനെ നിലവിളിച്ചു:—

"ഹൃദയമേ! ഈ ചാപല്യം വിടുക. ഈ അപകാരത്തിനു പ്രതിക്രിയ ചെയ്തല്ലാതെ താൻ അടങ്ങുകയില്ല. എന്റെ ജഗദീശ്വരാ! ആ പ്രതിക്രിയ ചെയ്യാനുള്ള ശക്തി എനിക്കുണ്ടാക്കിത്തരേണമേ!"

തന്റെ സ്വന്തശബ്ദത്തിന്റെ ഭയങ്കരതയാൽതന്നെ ഞെട്ടിപ്പോയ ശക്തി, വീണ്ടും നിലത്തുവീണു് നിശ്ശബ്ദമായും, നിശ്ചലമായും ശവപ്രായത്തിൽ കിടന്നു. അവളുടെ പ്രതികാരാരവം മാത്രം കാട്ടിലെങ്ങും പ്രതിധ്വനിച്ചു.

——(൦)——

# പതിനൊന്നാം അദ്ധ്യായം

ശക്തി മോഹാലസ്യപ്പെട്ടപോലെ കിടക്കുകയായിരുന്നു. പെട്ടന്ന്, ആരോ തന്നെ തൊട്ടതായി തോന്നുകയാൽ ഞെട്ടിയെഴുന്നേററു. "ആരാണത്?" എന്നു ചോദിച്ചു.

"ഞാനൊരു മുസൽമാനാണ്" എന്നായിരുന്നു മറുപടി.

വിജനമായ ഒരു കാട്ടിൽവെച്ച്, രാത്രിസമയത്ത്, കേവലം അപരിചിതനായ ഒരു പുരുഷനെ കാണുമ്പോൾ ശക്തിയെപ്പോലെയുള്ള അസാധാരണ സ്ത്രീകൾക്കുമാത്രമേ ധൈര്യക്ഷയം തോന്നാതിരിക്കയുള്ളു. അഥവാ, വിധിവൈപരീത്യംനിമിത്തം പ്രാരബ്ധക്കടലിൽ കിടന്നു പലേ കഷ്ടപ്പാടുകളും അനുഭവിച്ച്, കരളുറപ്പും, ആത്മവിശ്വാസവും സിദ്ധിച്ചിരുന്ന അവൾക്കു ഒരു അപരിചിതന്റെ ദർശനത്താൽ ഭയം തോന്നാത്തതിൽ എന്താണത്ഭുതം? പക്ഷെ, ഒരു മുസൽമാൻ അവളെ തൊട്ടതിനെക്കുറിച്ച് അവൾക്കു സ്വല്പം കോപമുണ്ടായി.

"മുട്ടാളാ! നീ എന്നെ തൊട്ടതു ധിക്കാരമല്ലേ?"

മുസൽമാൻസന്യാസികൾ സാധാരണ ധരിച്ചുവരാറുള്ള ഒരു വെള്ളക്കുപ്പായവും കഴുത്തിൽ ഒരു മാലയും ആയിരുന്നു ആ അപരിചിതന്റെ വേഷസാമഗ്രികൾ. ശക്തിയുടെ കോപഭാവത്തെക്കുറിച്ചു മന്ദഹസിച്ചുകൊണ്ട് അവൻ ഇങ്ങിനെ പറഞ്ഞു:

"നിങ്ങൾ മോഹാലസ്യപ്പെട്ടുകിടക്കുകയാണെന്നായിരുന്നു ഞാൻ വിചാരിച്ചത്."

ശക്തി:—"ആഹാ! ഞാൻ മോഹാലസ്യപ്പെട്ടാൽ നിനക്കെന്താണ്? നീ എന്റെ ശരീരം തൊട്ടതു ധിക്കാരമല്ലേ?"

അപരിചിതൻ അവളുടെ അടുത്തു ഒരു വൃക്ഷച്ചുവട്ടിലിരുന്ന് തലക്കെട്ടഴിച്ചു അതിനെ വീണ്ടും തലയിൽ ചുററിത്തുടങ്ങി.

"ഞാൻ നിങ്ങളെ തൊട്ടുപോയതിൽ എന്താണൊരു ദോഷം? നിങ്ങളെയും എന്നെയും മററു സർവ്വചരാചരങ്ങളെയും സൃഷ്ടിച്ച ദൈവം ഒന്നുതന്നെയല്ലേ? നിങ്ങൾക്കു മററുള്ളവരേക്കാൾ ശ്രേഷ്ഠതയുണ്ടെന്നു കരുതുവാനെന്താണവകാശം?"

“ഞാൻ ഒരു പുരുഷനും, വിശേഷിച്ച് ഒരു മുസൽമാനും—താനോ ഒരു ഹിന്ദുസ്ത്രീ—താന്റെ കുലവും ജാതിയും എത്രയോ നികൃഷ്ടമായിട്ടുള്ളതു്—നേരെമറിച്ച് എന്റെ കുലവും ജാതിയും വളരെ ഉൽകൃഷ്ടമാണ്. നമ്മൾ രണ്ടുപേരേയും സൃഷ്ടിച്ച ദൈവം ഒന്നായിരിക്കാം. പക്ഷെ നമ്മുടെ പ്രകൃതികൾക്കു വളരെ അന്തരമുണ്ടു്. നമ്മൾതമ്മിൽ യാതൊരു സംഭാഷണത്തിനും അവകാശമില്ല.”

മുസൽമാൻ ഇതുകേട്ടു ചിരിച്ചു പരിഹാസത്തിൽ മറുപടി പറഞ്ഞു:—

“ജനങ്ങൾ അനുസരിക്കേണ്ടുന്ന നിയമങ്ങളെ ദൈവം ആൾതരം നോക്കി വ്യത്യാസപ്പെടുത്തീട്ടില്ല. ധനികനെന്നും ദരിദ്രനെന്നും, ഹിന്ദുവെന്നും മുസൽമാനെന്നും ഭേദമില്ലാതെ, സർവ്വവ്യാപിയായി ഒരു അനശ്വരചൈതന്യം മാത്രമേയുള്ളു. അതു സർവചരാചരങ്ങൾക്കും ബാധകമായിട്ടുള്ളതും, ജാതിനാമാദിഭേദങ്ങൾക്കു കീഴടങ്ങാത്തതുമാണ്.”

ഇതെന്തു പുതുമ! ഒരു മണിക്കൂർമുമ്പ് അവൾ മഹാരാജ്ഞിയോടു പറഞ്ഞിരുന്നതും ഈ വാക്കുകൾതന്നെയായിരുന്നു. ഈ മുസൽമാൻ ഉച്ചരിക്കുന്ന സാമവചനം കുറച്ചുമുമ്പേ, അവളുടെ മുഖത്തുനിന്നു നിർഗ്ഗമിച്ച ശാപവചനങ്ങളുടെ പ്രതിസ്പന്ദനം തന്നെ ആയിരിക്കാം എന്നു ശക്തി തീരുമാനിച്ചു.

അവളുടെ അന്തർഗ്ഗതത്തെ അറിഞ്ഞതുപോലെ സംസാരിക്കുന്ന ഈ അപരിചിതൻ ആരായിരിക്കാം? അവൻ നാട്ടുപുറങ്ങളിലെ പെരുവഴികളിൽ കൂടെ സാധാരണയായി സഞ്ചരിക്കാറുള്ള കള്ളസ്സന്യാസികളിൽ ആരെങ്കിലും ആയിരിക്കാമെന്നായിരുന്നു പ്രഥമദൃഷ്ടിയിൽ ശക്തി ശങ്കിച്ചിരുന്നതു്. പക്ഷെ ഈ ധാരണ ശരിയല്ലെന്നും, അവൻ ആത്മജ്ഞാനം ലഭിച്ചിട്ടുള്ള ഒരു വിദ്വാനാണെന്നും അവൾക്കു ക്രമേണ ബോദ്ധ്യംവന്നു.

മുസൽമാന്റെ വാക്കുകൾ അവളെ ചിന്താകുലയാക്കിത്തീർത്തു.

“മഹർഷേ! അങ്ങു പറയുന്നതു വാസ്തവമാണെങ്കിൽ, മനുഷ്യർക്കു ഭേദബുദ്ധി തോന്നുന്നതു എന്തുകൊണ്ടാണ്?”

"അതിനുള്ള കാരണം അജ്ഞാനം, അല്ലെങ്കിൽ മായയാണ്."

"ഈ അജ്ഞാനത്തിനെന്താണ് കാരണം? ദൈവം സർവ്വശക്തനായിരിക്കേ, ജനങ്ങളെ അജ്ഞാനാന്ധകാരത്തിൽ നിന്നു ഉദ്ധരിക്കാത്തതെന്തുകൊണ്ടാണ്?"

"പ്രപഞ്ചത്തിന്റെ നിലനില്പിന്നു അജ്ഞാനം ആവശ്യമാണ്. അതിന്റെ അഭാവത്തിൽ പ്രപഞ്ചവും നശിക്കും."

"അങ്ങിനെയാണെങ്കിൽ ദൈവത്തിന്റെ ഉദ്ദേശം മനുഷ്യൻ കഷ്ടപ്പെടേണമെന്നാണെന്നു തെളിയുന്നു. ഇതു ക്രൂരതയല്ലേ? പിന്നെ എന്തിനാണ് ദൈവം പ്രേമസ്വരൂപനാണെന്നും മററും വെറുതെ ഘോഷിക്കുന്നതു്?"

"ക്ഷമിക്കൂ! ദൈവം സർവ്വാന്തര്യാമിയാണ്. കാരുണ്യവും പാരുഷ്യവും ദൈവികസത്തയുടെ അംശങ്ങളുമാണ്. പ്രകൃതിനിയമങ്ങളെ അനുസരിച്ചു നടക്കുന്നവർക്കു ദൈവം പ്രേമസ്വരൂപനായും, അല്ലാത്തവർക്കു സംഹാരമൂർത്തിയായും പ്രത്യക്ഷപ്പെടുന്നു."

ഈ തത്വോപദേശത്തിന്റെ സാരം മുഴുവനും ശരിയായി ഗ്രഹിക്കുവാൻ ശക്തിക്കു സാധിച്ചില്ല. അവളുടെ ഹൃദയത്തെ തപിപ്പിച്ചുകൊണ്ടിരുന്ന തീവ്രവേദന അവളറിയാതെ തന്നെ വാഗ്രൂപേണ പ്രത്യക്ഷപ്പെട്ടുപോയി—

"ദൈവം പ്രതിക്രിയ അനുവദിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ പ്രതിക്രിയയെ മഹാപാപമായി കരുതുന്നതു തെററല്ലേ?"

"അതു് അത്ര വലിയൊരു പാപമാണെങ്കിൽ ദീർഘ്യായും സർവ്വശക്തൻ അതിന്നു ജനങ്ങൾക്കു അഭിരുചി തോന്നിക്കുകയില്ലായിരുന്നു. ന്യായവിരുദ്ധമായ കാര്യങ്ങളിൽ പ്രതിക്രിയ അനുവദിക്കപ്പെട്ടിരുന്നില്ലെങ്കിൽ, ദൈവത്തിന്നുതന്നെ ന്യായാന്യായവിവേചനമില്ലെന്നു പറയേണ്ടിവരുമായിരുന്നില്ലേ? അനീതിക്കുള്ള പ്രതിഫലം പ്രതിക്രിയമാത്രമാണ്."

"എന്നാൽ ആ പ്രതിക്രിയക്കാണ് ഞാൻ സദാകാലവും കൊതിച്ചുകൊണ്ടിരിക്കുന്നതു്. വിശ്വാസവഞ്ചനവും, ഹൃദയഭേദനവും ചെയ്തിട്ടുള്ളവർക്കു വല്ല പ്രതിക്രിയയും വിധിച്ചിട്ടുണ്ടോ?"

"ഉണ്ടു്—കററക്കാരൻെറ ശിരച്ഛേദമാണ് അതിനുള്ള ശിക്ഷ. അതിനു ദൈവം നിങ്ങളെ സഹായിക്കട്ടെ!"

പ്രകൃത്യാ കോമളശീലയായ ശക്തിക്ക്, മുസൽമാൻ വിവരിച്ചു കാണിച്ച ഈ രക്തമയമായ ബീഭത്സചിത്രം കേവലം ദുസ്സഹമായിത്തോന്നി നഖശിഖാന്തം വിറയലോടുകൂടി അവൾ ഇങ്ങിനെ പറഞ്ഞു:—

"വേണ്ട,-വേണ്ട,-അദ്ദേഹത്തിൻെറ ഹൃദയത്തെയും പ്രേമത്തെയുമാണ് ഞാൻ കൊതിക്കുന്നതു്. അദ്ദേഹത്തിൻെറ പ്രാണനാശത്തെയല്ല. മാതാവിനെയും രാജ്യത്തെയും, കുടുംബത്തെയും ഐശ്വൎയ്യത്തെയും ഉപേക്ഷിച്ച ഗണേശദേവൻ എനിക്കു വശംവദനായിത്തീരണമെന്നു മാത്രമെ എനിക്കാഗ്രഹമുള്ളു. ഈ മോഹം സാധിച്ചാൽ എനിക്കു കൃതാൎത്ഥതയായി. വേറെ യാതൊന്നും വേണ്ടതില്ല."

മുസൽമാൻ:—"ഇങ്ങിനെ ന്യാളുകളെയല്ല, നൂറു ചക്രവൎത്തികളെത്തന്നെ, പാട്ടിൽപെടുത്തുവാൻ പ്രാപ്തിയുള്ള ഒരു സ്ത്രീരത്നം ഇത്ര നിസ്സാരമായ കാൎയ്യത്തിനുവേണ്ടിയാണോ ക്ലേശിക്കുന്നതു്?"

ചക്രവൎത്തികളെ പാട്ടിൽപെടുത്തുകയോ?—അതേ. ശക്തിയുടെ പതിനെട്ടാം വയസ്സിൽ, അവൾ ഒരു മഹാരാജ്ഞിയായിത്തീരുമെന്നു അവളുടെ ജാതകത്തിൽ പറഞ്ഞിട്ടുള്ളതാണ്. ഈ യോഗം പാഴായിപ്പോകാനിടയില്ലെന്നുള്ള ഉത്തമവിശ്വാസത്താലാണു വനവാരിലാൽ മകളുടെ വിവാഹകാൎയ്യത്തിൽ അനവധാനനായിരുന്നതു്.

വനവാരിലാൽ, കാമിനിയുടെയും നിരുപമയുടെയും പിതാക്കന്മാരെപ്പോലെ രാജ്യതന്ത്രനിപുണനോ, സേനാനായകനോ ആയിരുന്നില്ലെങ്കിലും, അഭിമാനത്തിൽ ഒട്ടും കുറഞ്ഞവനായിരുന്നില്ല. പുരാതനമായ "പാല"വംശത്തിൽ പിറന്ന അദ്ദേഹം കുലമഹിമകൊണ്ടു്, തൻെറ പ്രഭുവിനേക്കാൾ ഒട്ടും താഴ്ന്നതല്ലാത്ത പദവിക്കു അർഹനാണെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. മഹാറാണിയുടെ ഉപദ്രവംനിമിത്തം ദിനേശപുരം വിടേണ്ടിവന്നവനല്ലാതെ, അതുകൊണ്ടു് തൻെറ യോഗ്യതയ്ക്കു ഭംഗം

ഭവിച്ചിട്ടുണ്ടെന്നോ, രാജവംശവുമായുള്ള ചേർച്ചയും മുടക്കം നേരിട്ടുമെന്നോ, അദ്ദേഹം കരുതിയിരുന്നില്ല. ഒരു കാലത്തു ദിനേശപുരത്തിലെ രാജകുമാരൻ ശക്തിയെ വിവാഹം ചെയ്യുമെന്ന ബോദ്ധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു.

അപ്പന്റെ അഭിപ്രായത്തിൽ ശക്തിയും പങ്കുകൊണ്ടിരുന്നു. പക്ഷേ, അല്പസമയത്തിനുള്ളിൽ നടന്ന ചില സംഭവങ്ങൾ അവളുടെ വിശ്വാസത്തെ നിശ്ശേഷം നശിപ്പിച്ചു. തന്നിമിത്തം അവൾക്കു ചക്രവർത്തിനിയാകേണ്ടുന്ന യോഗമുണ്ടെന്നു മുസൽമാൻ സൂചിപ്പിച്ചപ്പോൾ അവൾക്കു കലശലായ ദ്വേഷ്യവും, പരിഭവവും ആണുണ്ടായതു്.

"മതി മതി! എനിക്കതു കേൾക്കേണ്ട. ഈ മാതിരി പരിഹാസങ്ങൾ പുണ്യാത്മാക്കൾക്കു ചേർന്നതല്ല. പ്രേമസർവസ്വമായ തന്റെ കാമുകന്റെ ഹൃദയത്തെപ്പോലും സ്വാധീനപ്പെടുത്തുവാൻ സാധിക്കാത്ത ഒരു സ്ത്രീയാണോ അനേകായിരം ആളുകളെ കീഴടക്കി ഭരിക്കാൻ പോകുന്നതു്?"

"ഞാൻ പരിഹസിക്കയല്ല. നിങ്ങൾക്കുമദ്ധ്യേ ചിലക്കു സന്തോഷവും, വേറെ ചിലക്കു സന്താപവും ഉണ്ടാകേണമെന്നാണു് ദൈവമതം. അതു നിറവേറാതെ കഴിയുമോ?"

ശക്തിമതി ഒന്നു മന്ദഹസിച്ചു. പക്ഷേ ആ മന്ദഹാസം നൈരാശ്യസങ്കലിതമായിരുന്നു. "എനിക്കു ഒരു മാന്യസ്ഥിതിയിൽ എത്തേണ്ടുന്ന യോഗമുണ്ടെന്നു തന്നെയായിരുന്നു ഞാനും ഒരുകാലത്തു വിശ്വസിച്ചിരുന്നതു്. പക്ഷേ അതെല്ലാം മിഥ്യാഭ്രമങ്ങളാണെന്നു് ഇന്നു രാത്രി എനിക്കു മനസ്സിലായി. ഈ സാധുശക്തിമതി ഒരു രാജ്ഞിയായിത്തീരുന്ന കാര്യം കേവലം അസാദ്ധ്യമാണു്."

"മത്സ്യഗന്ധിനി എങ്ങിനെയാണു രാജ്ഞിയായതു്?" എന്നായിരുന്നു സന്യാസിയുടെ ചോദ്യം. ഒരു മുസൽമാന്റെ മുഖത്തുനിന്നു നിർഗമിച്ച ഈ ഹിന്ദുമതതത്വം കേട്ടപ്പോൾ അവൾക്കു് അയാളിലുള്ള വിശ്വാസം പൂർവ്വാധികമായിത്തീർന്നു. അയാൾ വീണ്ടും തുടർന്നു പറഞ്ഞു.

"എന്റെ മനോദർപ്പണത്തിൽ ഇപ്പോഴും പ്രതിബിംബിച്ചുകാണുന്നതു ബെങ്കാളസാമ്രാജ്യത്തിൽ ചക്രവർത്തിനിയായി വാഴുന്ന ശക്തിമയിയെയാണു്."

ഒരു ദീർഘദർശിയുടെ പ്രൌഢിയോടുകൂടി മുസൽമാൻ പറഞ്ഞ ഈ വാക്കുകേട്ടപ്പോൾ ശക്തിമയി, കൌതുകാതിരേകത്താൽ അവളുടെ ശോകസ്ഥിതിയെല്ലാം മറന്നു.

"ശക്തിമയി ബെങ്കാളത്തിലെ ചക്രവർത്തിനിയോ? അസാദ്ധ്യം! ഈ വക മോഹം വെച്ചിരുന്നിട്ടു യാതൊരുഫലവുമില്ല. ഇതിനേക്കാൾ എത്രയോ താണനിലയിലായിരുന്ന എന്റെ ആഗ്രഹംകൂടെ വൃഥാവിലാണെന്നല്ലേ കാണുന്നതു്.?"

"അതിലും ഉപരിയായ ഒരു യോഗം നിമിത്തമാണു് അതു വൃഥാവിലായിപ്പോയതു്. സാധാരണയിൽ കവിഞ്ഞനിലയിലുള്ള ഒരു പ്രേമമാണു് നിങ്ങളെ ശരണം പ്രാപിക്കാൻ ഭാവിക്കുന്നതു്. സുൽത്താന്റെ മകൻ നിങ്ങളെക്കണ്ടസമയംമുതൽ പ്രേമപരവശനായിരിക്കുകയാണു്. അദ്ദേഹത്തിന്റെ ഭാര്യാപദം കൈക്കൊള്ളേണമെന്നു നിങ്ങളോടപേക്ഷിക്കുവാൻ വേണ്ടിയാണു് ഞാൻ വന്നിരിക്കുന്നതു്."

അപരിചിതന്റെ ഉദ്ദേശം എന്തായിരുന്നുവെന്നു ശക്തിമയിക്കു് ഇതേവരെ മനസ്സിലായിരുന്നില്ല. ഗണേശദേവനെ മാത്രം സദാകാലവും സ്മരിച്ചുകൊണ്ടിരുന്ന അവൾക്കു വേറൊരു രാജകുമാരനെക്കുറിച്ചു വിചാരംതന്നെ ഇല്ലായിരുന്നു. അയാൾ സംസാരിച്ചിരുന്നതു ബെങ്കാളസാമ്രാജ്യത്തിലെ യുവരാജകുമാരനായ ഗിയാസുദ്ധീനെക്കുറിച്ചാണെന്നു മനസ്സിലാക്കിയക്ഷണത്തിൽ, ശക്തിമയിക്കു് അയാളിൽ ആദ്യം ജനിച്ചിരുന്ന അവിശ്വാസമെല്ലാം നാമാവശേഷമായിപ്പോയി. വനവാരിലാലിന്റെ മകളാണെന്നുള്ള അപഖ്യാതിനിമിത്തം ഗണേശദേവന്റെ അനാദരത്തിനും, മഹാറാണിയുടെ അധിക്ഷേപത്തിനും പാത്രീഭവിച്ചിരുന്ന ശക്തിമയിയെ ഇതാ ബെങ്കാളസാമ്രാജ്യത്തിലെ ചക്രവർത്തിനിസ്ഥാനം സ്വയമേവ ശരണംപ്രാപിച്ചിരിക്കുന്നു! അവളെ ഇത്രനാളും തള്ളിക്കളഞ്ഞിരുന്നവരുടെ രക്ഷാധികാരം അചിരേണ കരസ്ഥമാകുവാൻ വഴിയുണ്ടെന്നറിഞ്ഞ ഉടനെ അവൾക്കുണ്ടായ

സന്തോഷാതിരേകം, ചക്രവത്തിനിപദം കിട്ടിക്കഴിഞ്ഞാലുണ്ടാകുന്ന സന്തോഷത്തെക്കാരം എത്രയോ പ്രബലപ്പെട്ടതായിരുന്നു.

നന്നേ ചെറുപ്പംമുതൽക്കേ, ശക്തിമയിയുടെ അന്തരംഗത്തിൽ വളരെ ദൃഢമായി വേരൂന്നിക്കിടന്നിരുന്നതു രണ്ടുവികാരങ്ങളായിരുന്നു. ഒന്നു രാജകുമാരനോടുള്ള അസാമാന്യപ്രേമം; മറെറാന്നു ഉന്നതപദവിയിലിരിക്കാനുള്ള മോഹം. ഒന്നാമത്തെ അഭിലാഷത്തെ, നിഷ്കരുണകനായ വിധി അവളുടെ ഹൃദയത്തിൽനിന്നു തട്ടിപ്പറിച്ചുകളഞ്ഞു. ഗണേശദേവൻ അവളിൽനിന്നു എത്രയോ അകന്നുപോയി. അദ്ദേഹത്തെ വീണ്ടും കിട്ടുന്നകാൎയ്യവും അസാദ്ധ്യനിലയിലായി. പക്ഷെ അവളുടെ രണ്ടാമത്തെ അഭിലാഷം ഇതാ സഫലമാകുവാൻപോകുന്നു. അവളും വളരെക്കാലം കൊതിച്ചിരുന്ന പ്രാഭവം അവളെപ്പുണർന്നു ആശ്രയിക്കാൻ തുടങ്ങുന്നു. അതിനെ അംഗീകരിക്കുകയോ നിരാകരിക്കുകയോ വേണ്ടതു് എന്നേ ഇനി തീർച്ചപ്പെടുത്തേണ്ടതുള്ളൂ.

ഇങ്ങനെ ഓരോ വിചാരങ്ങളിൽ പെട്ടു കുറേനേരം മൌനംദീക്ഷിച്ചശേഷം ശക്തിമയി ഒടുവിൽ ഇപ്രകാരം പറഞ്ഞു:—
"അദ്ദേഹം ഒരു മുഹമ്മദീയനും ഞാനൊരു ഹിന്ദുവും ആണല്ലോ.

"അതെല്ലാം മിഥ്യാഭ്രമമല്ലേ? ദൈവം ഏകനാണു". ഹിന്ദുക്കളും മുസൽമാന്മാരും ഒരേ ദൈവത്തെ വ്യത്യസ്തരീതിയിലും ഭിന്നനാമങ്ങളെക്കൊണ്ടും ആരാധിക്കുന്നുവെന്നേയുള്ളൂ. ആ സംഗതിയെ മുൻനിത്തി ഒരുവനെ തള്ളിക്കളയുന്നതു മഹാപാപവും അധൎമ്മവും ആണ്!

തന്റെ ഹൃദയവല്ലഭനായ ഗണേശദേവനെമാത്രം സ്മരിച്ചുകൊണ്ടിരുന്ന ശക്തി, മുസൽമാന്റെ ഈ ഒടുവിലത്തെ വാക്കുകേട്ടിരുന്നില്ല. രാജകുമാരനെ കിട്ടാതിരുന്നാൽ രാജ്യവും സമ്പത്തും കൊണ്ടെന്തൊരുഫലമാണു്?

"എനിക്കു ഗണേശദേവനെ കിട്ടേണമെന്നാണാഗ്രഹം."
"അതു സാധിക്കുന്നതല്ല."
"സാധിക്കുന്നതല്ലെന്നോ".

"അങ്ങിനെ തന്നെ."

"നിങ്ങൾക്കു തീർച്ചയുണ്ടോ."

"ഉണ്ട്. ഗണേശദേവൻ ഒരുകാലത്തും നിങ്ങളെ കൈക്കൊള്ളുകയില്ല. ഒരു വലിയ സാമ്രാജ്യം ഇതാ നിങ്ങളുടെ അധീനത്തിലാകാൻ പോകുന്നു! ബങ്കാളത്തിലെ ചക്രവർത്തിനിസ്ഥാനമോ—".

മുസൽമാൻ സംസാരിച്ചുകഴിയുന്നതിനു മുമ്പായി ശക്തിമയി അയാളെ തടഞ്ഞു നിർത്തി പോകാൻ പുറപ്പെട്ടു. "തൽക്കാലം എന്നെ പോകാൻ അനുവദിക്കണം. എന്റെ മറുപടി നാളെപ്പറയാം" എന്നുപറഞ്ഞു് അവൾ അവിടെ നിന്നുപോയി.

—(ഠ)—

## പന്ത്രണ്ടാം അദ്ധ്യായം

ഭയങ്കരമായ ആ വനാന്തരത്തിൽ ശക്തിമയി ഏകാകിനിയായി. അവളെ ആവരണംചെയ്ത ഘോരാന്ധകാരത്തിന്റെ പൈശാചസന്താനങ്ങളെന്നപോലെ ഭാവനാസൃഷ്ടങ്ങളായ ചില പ്രാകൃതസ്വരൂപങ്ങൾ അവളെ പിന്തുടർന്നു് അവളുടെ അനുരാഗത്തിന്റെ അസാദ്ധ്യസ്ഥിതിയെപ്പററി അവളെ അപഹസിക്കുന്നുണ്ടെന്നു് അവൾക്കുതോന്നി. ധീരോദാത്തയായ ആ ബാലികയുടെ ഹൃദയം ഭയാവേശത്താൽ ഇളകി. ഗതിക്കു വേഗതകൂട്ടി, വൃക്ഷങ്ങൾക്കിടയിൽ കൂടി, കുറെ അകലെ കത്തിക്കൊണ്ടിരുന്ന ഒരു വെളിച്ചത്തിന്നഭിമുഖമായി അവൾ നടന്നു. ഒടുവിൽ, കാട്ടിന്റെ അഗ്രഭാഗത്തു് അനാഥമായി കിടന്നിരുന്ന ഒരു പുരാതനക്ഷേത്രത്തിൽ അവൾ എത്തിച്ചേർന്നു, തുറന്നുകിടന്നിരുന്ന വാതിലിൽ കൂടെ ഉള്ളിലേക്കു പ്രവേശിച്ചു. ആ മുറിക്കുള്ളിൽ യാതൊരു വിഗ്രഹവും ഉണ്ടായിരുന്നില്ല. കാഷായവസ്ത്രം ധരിച്ചു, ശാന്തരസപ്രസന്നമായ മുഖഭാവത്തോടു കൂടി മാൻതോലിൽ ഇരുന്നു വിശ്രമിക്കുന്ന ഒരു സാധ്വിയുടെ രൂപം ആ മങ്ങിയ വിളക്കിന്റെ സഹായത്താൽ അവിടെ പ്രത്യക്ഷപ്പെട്ടു. അവർ ആ ക്ഷേത്രത്തിലെ പു

രോഷിതയായിരുന്നു. ശക്തിയെ കണ്ട ക്ഷണത്തിൽ അവളോട് സൌമ്യമായ അധിക്ഷേപസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:—

"മകളേ! നിന്നെക്കുറിച്ചു ഞാൻ വല്ലാതെ അന്ധാളിച്ചു. ഇത്രനേരവും നീ എവിടെയായിരുന്നു? നിന്നെ വളർത്തിക്കൊള്ളാമെന്നു ഞാൻ നിൻെറ അച്ഛനോടു വാഗ്ദത്തം ചെയ്യുമ്പോൾ നീ ഇത്ര ദുസ്സ്വഭാവിയാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല."

ശക്തിയുടെ അച്ഛൻ മരിക്കുന്നതിന്നു മുമ്പായി അവളെ ഈ സന്യാസിനിയുടെ പക്കൽ ഏല്പിച്ചിട്ടുണ്ടായിരുന്നു. അവൾ തൻെറ കൃത്യത്തെ സാധൂകരിക്കുവാൻ ശ്രമിക്കാതെ സന്യാസിനിയുടെ ശകാരത്തെ വണക്കത്തോടുകൂടെ കൈക്കൊണ്ടു.

"രാജകുമാരൻ ഇവിടെ വന്നിട്ടുണ്ടായിരുന്നു" എന്നു മാത്രമേ അവൾ പറഞ്ഞുള്ളു.

ശക്തിമയിയുടെ താമസത്തിന്നു കാരണമെന്താണെന്നും രാജകുമാരൻ എന്നു പറഞ്ഞതു് ആരെക്കുറിച്ചാണെന്നും സന്യാസിനിക്കു നല്ലവണ്ണം മനസ്സിലായിരുന്നു. എങ്കിലും അവർ വീണ്ടും ചോദിച്ചു:—

"ഏതു രാജകുമാരൻ?"

"എൻെറ ഒരു വയസ്യനായ ഗണേശദേവൻ—അദ്ദേഹമാണ് ഇപ്പോൾ ദിനേശപുരത്തിലെ രാജാവ്."

"സൂര്യദേവൻ മരിച്ചുവോ?"

"ഉവ്വ്."

"ഓം. ശാന്തി! ശാന്തി!" എന്നു മാത്രം പറഞ്ഞു സന്യാസിനി ഗാഢസമാധിയിൽപെട്ടു.

"അമ്മയ്ക്കു് അദ്ദേഹത്തെ പരിചയമുണ്ടായിരുന്നുവോ?" എന്നു ചോദിച്ചു്, ശക്തിമയി ആ സമാധികളെ വിഘ്നാതർ വരുത്തിയെങ്കിലും അവർ വളരെ നേരം മൌനമായിത്തന്നെ ഇരുന്നു. ഒടുവിൽ ഇങ്ങനെ പറഞ്ഞു:—

"ശക്തി! നീയൊരു പ്രായംചെന്ന പെൺകിടാവാണ്. രാജകുമാരൻ കുട്ടിക്കാലത്തു നിൻെറ സ്നേഹിതനായിരുന്നിരിക്കാം.

എങ്കിലും ഇപ്പോഴ് നീ അദ്ദേഹത്തോടു സ്വതന്ത്രമായി പെരുമാറുന്നതു ശരിയല്ല.''

"രാജകുമാരൻ എന്നെ വിവാഹം ചെയ്തിരിക്കുന്നു."

"വിവാഹമോ? അക്കഥയൊന്നും നിന്റെ അച്ഛൻ എന്നോടു പറഞ്ഞില്ലല്ലോ."

"ആ വിവരം അച്ഛൻ അറിഞ്ഞിരുന്നില്ല. ഞങ്ങളുടെ വിവാഹം ഗാന്ധർവ്വവിധിപ്രകാരമായിരുന്നു. ഞാൻ അദ്ദേഹത്തെയും അദ്ദേഹം എന്നെയും മാലയിട്ടുവരിക്കുകയാണു് ചെയ്തതു്.''

വളരെ കൊല്ലംമുമ്പു് തടാകതീരത്തിൽവെച്ചു നടന്ന സംഭവത്തെ ശക്തിമയി വിവരിച്ചു. അതു കേട്ടപ്പോഴ് അനുകമ്പാപൂർണ്ണമായ മന്ദഹാസത്തോടുകൂടി സന്യാസിനി പറഞ്ഞു:—

"സാധുക്കുട്ടി! നിന്റെ മനോരാജ്യത്തെപ്പററി ആരും കുററം പറയുകയില്ല. ലോകംതന്നെ ഒരു കളിസ്ഥലമല്ലേ? ശ്രീകൃഷ്ണഭഗവാൻകൂടി ഒരു കളിക്കുട്ടിയായിരുന്നില്ലേ? നീ പ്രാരബ്ധദുഃഖം എന്താണെന്നോ, ലോകസ്വഭാവം എന്താണെന്നോ അറിയാത്ത ഒരു കൊച്ചുകുട്ടിയാണു്. അതിരിക്കട്ടെ; ഇതിനെപ്പററി രാജകുമാരൻ എന്തു പറയുന്നു? കുട്ടിക്കളിയായി വരിച്ച പെൺകിടാവിനെ സഹധർമ്മചാരിണിയായി സ്വീകരിക്കാമെന്നു് അദ്ദേഹം സമ്മതിക്കുന്നുണ്ടോ?''

ദുർഭഗയായ പെൺകുട്ടി! അവളുടെ നിസ്സഹായത എത്ര ദുസ്സഹമായിരുന്നു! അവളോടു സഹതപിക്കാൻകൂടി ആരും ഇല്ലല്ലോ? അന്നു വൈകുന്നേരം നടന്ന സംഭവങ്ങൾ യാതൊന്നും അറിഞ്ഞിട്ടില്ലാത്ത സന്യാസിനിക്കുകൂടി അവളുടെ മനോരാജ്യം ഒരു മിഥ്യാഭ്രമമാണെന്നു തോന്നിയ സ്ഥിതിക്കു്, അവളുടെ അഭിലാഷം തീരെ അസാദ്ധ്യകോടിയിൽ തള്ളേണ്ടതുതന്നെ ആയിരിക്കുമോ?

''രാജകുമാരനെ കൊതിച്ചിട്ടു ഫലമില്ല'' എന്നുള്ള കഠോരവചനത്തെത്തന്നെയാണോ സർവ്വരും അവളുടെ ചെവിയിൽ ഉരുവിടുന്നതു്!

അവളുടെ ഹൃദയപ്രക്ഷോഭം ഒരുവിധം ശമിക്കുന്നതുവരെ അവൾ യാതൊന്നും സംസാരിക്കുവാൻ തുനിഞ്ഞില്ല. പിന്നീട് ശാന്തസ്വരത്തിൽ ഇപ്രകാരം പറഞ്ഞു:—

"ദേവീ! ഞാൻ എന്റെ ചരിത്രം മുഴുവനും കേൾപ്പിക്കാം. എന്റെ പ്രാണവല്ലഭൻ എന്നെ ത്യജിച്ചു അനാഥസ്ഥിതിയിൽ വിട്ടിരിക്കയാണ്. അതിന്നു പ്രതികാരം ചെയ്യല്ലാതെ ഞാൻ അടങ്ങിയിരിക്കുകയില്ല. ഗണേശദേവൻ എന്റെ ഭർത്താവായിത്തീരണം. അല്ലാത്തപക്ഷം ഞാൻ—"

മകളേ ക്ഷമിക്കൂ. പ്രതികാരേച്ഛ സ്ത്രീസ്വഭാവത്തിന്നനുരൂപമായിട്ടുള്ളതല്ല. മനുഷ്യരുടെ അഭിലാഷങ്ങളെല്ലാം സാധിപ്പിച്ചുകൊള്ളാമെന്നുള്ള കരാറിന്മേലല്ല ദൈവം ലോകത്തെ സൃഷ്ടിച്ചിട്ടുള്ളത്. വിചാരിക്കുംപോലെ ലോകത്തെ കീഴ്മേലാക്കിമറിക്കുവാനും നമുക്കു സാധിക്കുകയില്ല. ജീവിതയാത്രയിൽ യാതൊരു പ്രതിബന്ധങ്ങളും സംഭവിക്കുകയില്ലെന്നോ, ജീവിതകുസുമത്തിൽ ദുഃഖകണ്ടകങ്ങൾ ഉണ്ടാകുന്നതല്ലെന്നോ ദൈവം നമ്മോടു പ്രതിജ്ഞയും ചെയ്തിട്ടില്ല. ആ സ്ഥിതിക്കു നിന്റെ കോപംകൊണ്ടു യാതൊരു പ്രയോജനവും ഇല്ല. കുട്ടിക്കളിയായി നടത്തപ്പെട്ട വിവാഹക്രിയ രാജകുമാരൻ ആജീവനാന്തം നിലനിർത്തിപ്പോരേണ്ടുന്ന ഒരു ബന്ധമാണെന്നു കരുതുന്നതു വെറും ഭോഷത്വമാണ്. മനുഷ്യരുടെ സുഖദുഃഖങ്ങൾ കർമ്മഫലത്തെ അനുസരിച്ചു നില്ക്കുന്നതാകയാൽ, അവരുടെ കഷ്ടപ്പാടുകൾക്ക് ഉത്തരവാദികൾ അവരവർതന്നെയാണ്. നീ രാജകുമാരന്റെ പ്രേമത്തെ യാചിക്കുന്നു. പക്ഷെ യാചകന്മാർക്കു യാച്യവസ്തുവിൽ എന്തവകാശമാണുള്ളത്? രാജകുമാരൻ നിനക്കു യാതൊരു ദോഷവും ചെയ്തിട്ടില്ല. ഇക്കാര്യം നീ മനസ്സിലാക്കുമെങ്കിൽ, രാജകുമാരന്റെ അനുരാഗത്തിന്നു നിനക്കു തീരെ അവകാശമില്ലെന്നും തെളിയുന്നതാണ്."

"അവകാശമില്ലെന്നോ?" ശക്തിയുടെ ഭാവം ഏറ്റവും പ്രഗത്ഭഗംഭീരമായിരുന്നു. "എനിക്കല്ലാതെ വേറെ ആർക്കാണവകാശം? പ്രേമത്തേയും വിശ്വാസത്തേയും അടിസ്ഥാനപ്പെടുത്തീട്ടുള്ള

താങ്കൾക്കു അവകാശം. ഭൎത്താവിന്റെ അനുകമ്പയെ അവലംബിച്ചു് ഏതാനും യാചിക്കുന്ന അൎത്ഥിജനത്തെ തള്ളിക്കളയുന്നു മഹാ പാതകമാണെന്നല്ലേ ലോകസിദ്ധാന്തം? തന്റെ ഹൃദയത്തെയും ആത്മാവിനെയും കാമുകങ്കൽ സമൎപ്പിച്ചിട്ടുള്ള ഒരു ബാലികയെ ഉപേക്ഷിക്കുന്നതിനാൽ വന്നുചേരുന്ന പാപം പിന്നെ പറയേണ്ടതുണ്ടോ? അമ്മേ! എനിക്കു ലോകപരിചയമില്ലെന്നു പറയുന്നതു വാസ്തവംതന്നെ. പക്ഷേ എന്റെ മനോഗതിയെയും, അതിനെ പ്രേരിക്കുന്ന ദൈവികമായ ചിത്തവൃത്തിയേയും, സൎവാന്തൎയ്യാമിയായി ജഗദീശ്വരന്റെ സനാതനമായ ധൎമ്മാധൎമ്മക്രമങ്ങളേയും എനിക്കു നല്ലപോലെ അറിയാം. വിശ്വാസവഞ്ചനംചെയ്തു് എന്നെ തള്ളിക്കളഞ്ഞ അദ്ദേഹം ദിവ്യവും പാവനവുമായ പ്രേമവ്യവസ്ഥയുടെ നീതികളെ അതിലംഘിച്ച ഒരു അധൎമ്മിഷ്ഠനാണെന്നാണ് എന്റെ അഭിപ്രായം.

"മകളേ! നിന്റെ അഭിപ്രായം ശരിയല്ല. നിഷ്കളങ്കരായ യുവജനങ്ങളുടെ ചിത്തവൃത്തികൾ സൎവ്വഥാ ഉൽകൃഷ്ടങ്ങൾ തന്നെ ആണെങ്കിലും അനുരാഗവതിയായ തരുണിയിൽ ഒരു പുരുഷൻ അനുരക്തനല്ലാതെ വന്നാൽ ഈ നിയമം നിലനില്ക്കുകയില്ല. രണ്ടു യുവജനങ്ങൾ തമ്മിൽ സ്നേഹിക്കുകയും, അതിൽ ഒരു കക്ഷി വിശ്വാസവഞ്ചനം ചെയ്യുകയും ചെയ്താൽ പ്രേമത്തിന്റെ പരിശുദ്ധതയ്ക്കു് ഭംഗവും, കാമുകന്മാരുടെ ധൎമ്മത്തിനു വീഴ്ചയും സംഭവിക്കുന്നു. എന്നുമാത്രമല്ല, അനുരക്തനെന്ന നാട്യത്തിൽ, ഒരുസ്ത്രീയിൽ, അയഥാൎത്ഥമായ മോഹത്തെ ജനിപ്പിക്കുന്ന പുരുഷൻ കേവലം മൂൎഖനും, അവന്റെ ദുൎബോധനനിമിത്തം അവൾ അനുഭവിക്കേണ്ടിവരുന്ന കഷ്ടതകൾക്കു ഉത്തരവാദിയും ആയിത്തീരുന്നു. പക്ഷേ നിന്റെ കാൎയ്യത്തിൽ ഇത്രയൊന്നും വാദിക്കേണ്ടുന്ന ആവശ്യമേയില്ല. കുട്ടിക്കളിയായി രാജകുമാരൻ നിന്നെ പരിഗ്രഹിച്ചതുകൊണ്ടു നീ അദ്ദേഹത്തിന്റെ ഭാൎയ്യയായിത്തീരുന്നതല്ല. അങ്ങിനെ കരുതേണ്ടുന്ന ബാദ്ധ്യതയും രാജകുമാരനില്ല. അനുരാഗം ഇരുകക്ഷികളും അന്യോന്യം ഭാവിക്കുന്നുണ്ടെങ്കിലേ ഇക്കാൎയ്യത്തിൽ നിനക്കൊരവകാശമുണ്ടെന്നു പറയാൻ പാടുള്ളു. അല്ലാത്ത പക്ഷം നിന്റെ നില കേവലം ഒരുപേക്ഷകന്റെ നിലയാണ്",

അവകാശമില്ലാത്ത കാൎയ്യത്തിൽ അവകാശമുണ്ടെന്നു ഭ്രമിച്ചു് ഒടുവിൽ ആശാഭംഗം അനുഭവിക്കുന്നവർ സ്വയംകൃതാനൎത്ഥത്തെയാണു് ക്ഷണിച്ചുവരുത്തുന്നതു്.

അങ്ങിനെയാണെങ്കിൽ, രാജകുമാരൻ എന്നോടു സ്നേഹം ഭാവിച്ചതെന്തിനാണു്? എന്റെ കഴുത്തിൽ മാലയിട്ടു് എന്നെ രാജ്ഞിയാക്കി സ്വീകരിച്ചതെന്തിനാണു്?"

"അതു വെറും ബാലചാപല്യമാണെന്നു പറഞ്ഞില്ലേ"

"ആ ചാപല്യം എനിക്കും ബാധകമല്ലേ? ഞാനും അക്കാലത്തു് ഒരു ചെറിയ കുട്ടിയായിരുന്നില്ലേ? എന്റെ സ്നേഹം എന്നെന്നും നിലനിൽക്കുന്നതാണെങ്കിൽ അദ്ദേഹത്തിന്റെ സ്നേഹത്തിനും അതേവിധം സ്ഥിരത പാടില്ലേ?"

"മകളേ! ദ്വേഷ്യപ്പെടാതെ ഞാൻ പറയുന്നതു മുഴുവനും കേൾക്കൂ. നിന്റെ അഭിപ്രായം അഭിനന്ദനീയംതന്നെയെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ നീ ഒരു കാൎയ്യം ഓൎക്കേണ്ടതുണ്ടു്. പ്രേമവികാരം, പുരുഷന്മാൎക്കു പ്രത്യേകിച്ചും, യൌവനകാലത്തെ സംബന്ധിച്ചുള്ള ഒരവസ്ഥയാണു്. കുട്ടിക്കാലം കഴിഞ്ഞതിൽപിന്നെ നിങ്ങൾ രണ്ടാളും തമ്മിൽ കണ്ടിട്ടുകൂടിയില്ല. അതുനിമിത്തം രാജകുമാരന്റെ അന്തരംഗത്തിൽ മുളച്ചുവന്നിരുന്ന പ്രേമാങ്കുരത്തിനു വളരുവാൻ തരംകിട്ടീട്ടില്ല. ഇതിനുംപുറമെ, സാധാരണയായി കാമുകന്മാർ വധുക്കളെ വരിക്കുന്ന സമ്പ്രദായത്തിൽ അദ്ദേഹം നിന്നെ പരിഗ്രഹിച്ചിട്ടുമില്ല. ആകപ്പാടെ ആലോചിച്ചാൽ അദ്ദേഹം ലോകദൃഷ്ടിയിലാകട്ടെ ദൈവംമുഖേനയാകട്ടെ കുററക്കാരനല്ല. നിന്റെ മനസ്സു കുറേക്കൂടെ സ്വസ്ഥമായിരുന്നെങ്കിൽ ഈ വസ്തുത നിനക്കുതന്നെ വെളിപ്പെട്ടുമായിരുന്നു.

"അമ്മേ! നിങ്ങളുടെ അഭിപ്രായം തെററിപ്പോയിരിക്കുന്നു. ഇന്നുകൂടി രാജകുമാരന്റെ ഓരോ നോട്ടത്തിലും വാക്കിലും അദ്ദേഹത്തിന്റെ അനുരാഗം അടയാളപ്പെട്ടിരുന്നു. പക്ഷെ കരളുറപ്പും ധൈൎയ്യവും ഇല്ലാത്തതുകൊണ്ടും, മഹാറാണിയുടെ പ്രീതികേടു് ഭയന്നും, അടിസ്ഥാനമില്ലാത്ത ആക്ഷേപങ്ങളെ വിശ്വസിച്ചും, അദ്ദേഹം തന്റെ ഹൃദയവല്ലഭയെ നിൎദ്ദാക്ഷിണ്യം തള്ളിക്കളയുക

യാണ്. വന്‌വാരിലാലിന്റെ പെങ്ങൾ മിനോൾപുരക്കാരുടെ വംശത്തെ ദുഷിപ്പിച്ചുവെന്നാണ് ആ ദുഷ്ടയുടെ ആക്ഷേപം! ഹാ! ദുഷ്ടഹൃദയേ! നിന്റെ ആക്ഷേപം അടിസ്ഥാനരഹിതമാണ്! നീ വരുത്തിക്കൂട്ടുന്ന അത്യാപത്തു നിന്റെ തലയിൽത്തന്നെ ഇടിത്തീ വീഴ്ത്തട്ടെ!”

:0:

# പതിമൂന്നാം അദ്ധ്യായം

അതികഠിനമായ ഹൃദയക്ഷോഭത്താൽ തന്നെത്താൻ മറന്നവളായ ശക്തിമയിക്കു കിതപ്പുനിമിത്തം യാതൊന്നും സംസാരിക്കാൻ സാധിച്ചില്ല. സന്യാസിനിയും കുറച്ചുനേരം മൌനം ദീക്ഷിച്ചശേഷമേ സംസാരിക്കാൻ തുനിഞ്ഞുള്ളു:—

“മകളേ! വിധിയെ കണക്കിലേറെ കുററപ്പെടുത്തുന്നതു ശരിയല്ല. എല്ലാം ദൈവഗതിയാണ്. രാജകുമാരൻ നിന്നിൽ അനുരക്തനായിരുന്നിട്ടുകൂടി നിന്നെ ഉപേക്ഷിക്കുന്നുണ്ടെങ്കിൽ, അങ്ങിനെ ചെയ്യുന്നതു് രാജധർമ്മത്തേയും ചിത്തവൃത്തിയേയും അനുസരിച്ചാണ്. അദ്ദേഹം നിന്റെ ജീവിതസൌഖ്യത്തെ മാത്രമല്ല അദ്ദേഹത്തിന്റെ സ്വന്തസുഖത്തെയും ബലികൊടുത്താണു ഈ വിധം ചെയ്യുന്നതു്. നിന്നിൽ ഉള്ള അനുരാഗത്തെ മറച്ചുവെച്ചു്, നിന്നെ തിരസ്കരിക്കുവാൻ നിർബന്ധിതനായിത്തീർന്ന അദ്ദേഹത്തിന്നു ഈ ലോകത്തിൽ എന്തൊരു സുഖമാണുള്ളതു്? അതുകൊണ്ടു നീ അദ്ദേഹത്തിൽ പ്രതികാരേച്ഛുവായിരിക്കാതെ, അദ്ദേഹത്തെ ബഹുമാനിക്കുകയും ആശീർവദിക്കുകയുമാണു ചെയ്യേണ്ടതു്. ഇങ്ങിനെയുള്ള ഒരു വിഷമഘട്ടത്തിൽ ഭഗവാൻ ശ്രീരാമചന്ദ്രൻ ചെയ്തതെന്തായിരുന്നു? നിന്നെ വിവാഹം ചെയ്യുന്നതുകൊണ്ടു രാജവംശത്തിന്നു മാനക്കേടു വരുമെന്നു അദ്ദേഹം ഭയപ്പെടുന്നുണ്ടെങ്കിൽ അതു് ഉചിതം തന്നെയല്ലേ?”

ശക്തി പുച്ഛരസത്തിൽ ഒന്നു ചിരിച്ച് "ഹ! അദ്ദേഹത്തിന്റെ ഔചിത്യബോധത്തെക്കുറിച്ചു ഞാൻ ആശീർവദിക്കേണ്ടതു തന്നെ! പ്രേമബന്ധത്തെക്കാൾ വലുതായൊരു ബന്ധം എന്താണുള്ളതു്? ശ്രീരാമചന്ദ്രൻ സീതാദേവിയെ ത്യജിച്ചതിൽ യാതൊരു യോഗ്യതയും ഞാൻ കാണുന്നില്ല. അയോദ്ധ്യാവാസികൾ ആ കൃത്യത്തെക്കുറിച്ചു്, പക്ഷേ, ശ്ലാഘിച്ചിരിക്കാം. എങ്കിലും സീതാദേവി അനുഭവിച്ച കഷ്ടതകളുടെ കടുപ്പം സ്ത്രീകൾക്കുമാത്രമല്ലേ അറിഞ്ഞുകൂടൂ! അതു ഒരു ധീരകൃത്യമായിരുന്നുവെന്നു സ്ത്രീകളാരും അഭിപ്രായപ്പെടുമെന്നു തോന്നുന്നില്ല. ആ ഒരു അനീതിനിമിത്തം ശ്രീരാമചന്ദ്രന്റെ ഖ്യാതി എത്ര കളങ്കപ്പെട്ടുപോയിട്ടുണ്ടു്! തന്റെ ധർമ്മപത്നിയും ആശ്രിതയും ആയിരുന്ന സീതാദേവി കളങ്കരഹിതയാണെന്നറിഞ്ഞിട്ടുകൂടി, ആ മഹാനുഭാവൻ അടിസ്ഥാനരഹിതമായ ലോകാപവാദത്തെ ഭയന്നു് ആ സതീരത്നത്തെ ത്യജിച്ചു. ഇതാണോ ധർമ്മം? ഇതാണോ നീതി? ഒരു രാജാവിന്റെ നിലയിലും, നീതിജ്ഞന്റെ നിലയിലും, ഭർത്താവിന്റെ നിലയിലും ശ്രീരാമചന്ദ്രൻ ധർമ്മഭ്രഷ്ടനാണു്. ദൈവംമുഖേനയും ലോകദൃഷ്ടിയിലും അദ്ദേഹം അപരാധിയാണു്."

സന്ന്യാസിനി. "പക്ഷേ—"

ശക്തി—'അമ്മേ! ഇക്കാര്യത്തിൽ 'പക്ഷേ' എന്നു പറഞ്ഞിട്ടു ഫലമില്ല. രാജകുമാരൻ ലോകാപവാദഭയചഞ്ചലനായി തന്റെ ഹൃദയവല്ലഭയെ—തന്നെ പ്രേമപുരസ്സരം ഹൃദയത്തിൽ പ്രതിഷ്ഠിച്ചാരാധിച്ചുപോന്ന പതിവ്രതയെ—തള്ളിക്കളയുകയാണ് ചെയ്യുന്നതു്. അദ്ദേഹം ഇന്നും, ഈ നിമിഷംപോലും, എന്റെ ഭർത്താവാണു്. പക്ഷേ, പ്രേമം, ജീവൻ, ഭക്തി എന്നുവേണ്ട സർവസ്വവും അദ്ദേഹത്തിൽ സർവാത്മനാ സമർപ്പിച്ചിരുന്ന എന്നെ അദ്ദേഹം നിഷ്കരുണം നിരസിച്ചുകളഞ്ഞു. ഇത്രമാത്രം കാഠിന്യം എന്നോടു കാണിച്ച ഒരാൾ നിരപരാധിയാണെന്നും അദ്ദേഹത്തെ ഞാൻ ബഹുമാനിക്കേണ്ടതാണെന്നും പറയുന്നതു ആശ്ചര്യംതന്നെ! പൗരുഷവും നീതിയും ഇല്ലാത്ത

അദ്ദേഹം കേവലം അധൎമ്മിഷ്ഠനും ഭീരുവും ആണ്. എന്റെ എളയമ്മ മഹാറാണിയുടെ പേരിലന കളങ്കപ്പെട്ടതിയത്രേ! അവളുടെ പേരു്! പുണ്യശാലിനിയായ അവരോ,, പരലോകം പ്രാപിച്ചു. അവരുടെ സാന്നിദ്ധ്യത്താൽ സ്വൎഗ്ഗലോകംകൂടെ പാവനമായിത്തീൎന്നിട്ടുണ്ടായിരിക്കണം. മഹാറാണി പറഞ്ഞതെല്ലാം വെറും ഭോഷ്കാണ്. ശുദ്ധമേകളവ്!"

ശക്തിയുടെ പുരുഷസ്വരത്തിന്റെ പ്രതിധ്വനി നിശീഥിനിയുടെ നിശ്ശബ്ദതയെ നിശ്ശേഷം നശിപ്പിച്ചു. യോഗിനിയുടെ സ്വരം യഥാപൂൎവ്വം ശാന്തമായിരുന്നു.

മകളേ! സാമാധാനിക്കൂ; കാൎയ്യത്തിന്റെ വാസ്തവം മുഴുവനും ദൈവത്തിനുമാത്രമേ അറിഞ്ഞുകൂടൂ. മഹാറാണിയുടെ അധിക്ഷേപത്തിനു പാത്രീഭവിച്ചവരും ഇക്കാണുന്ന ഞാൻ തന്നെയാണ്. മരണാനന്തരം എന്റെ വാസം സ്വൎഗ്ഗത്തിലോ നരകത്തിലോ എന്നു തീൎച്ചപ്പെടുത്താൻ തരമില്ലെങ്കിലും ഞാനിപ്പോൾ ഭൂമിയിൽതന്നെയാണുള്ളതു്.

തന്നെ ഇത്രനാളും പുത്രീനിൎവ്വിശേഷം രക്ഷിച്ചുപോന്ന ആ സാധ്വി തന്റെ സ്വന്തം എളയമ്മയാണെന്നറിഞ്ഞപ്പോൾ ശക്തിമയിക്കുണ്ടായ ആശ്ചൎയ്യവും സന്തോഷവും വിവരിക്കുകയെക്കാൾ ഊഹിക്കുന്നതാണു് നല്ലതു്. ഒന്നും സംസാരിക്കുവാൻ സാധിക്കാതെ അവൾ യോഗിനിയുടെ മുഖത്തു നോക്കിക്കൊണ്ടു നിലയായി.

"മകളേ! ഞാൻ അനുഭവിച്ച കഷ്ടതകൾ പറഞ്ഞുതരാം. അതിൽനിന്നെങ്കിലും നീയൊരു പാഠം പഠിക്കൂ. അനുരാഗമാണു് ലോകത്തിൽ ഏററവും മഹത്തായ ശക്തിയെന്നും ആ ശക്തിക്കു ഇതരവിഷയങ്ങളെല്ലാം കീഴടങ്ങേണ്ടതാണെന്നും നീ ഇപ്പോൾ വിശ്വസിക്കുംപോലെതന്നെ ഞാനും ഒരുകാലത്തു വിശ്വസിച്ചിരുന്നു. എന്റെ കാമുകനെ ഞാൻ ഈശ്വരനെപ്പോലെ ആരാധിച്ചു. അദ്ദേഹം സൌന്ദൎയ്യത്തിനും സൌഭാഗ്യത്തിനും സൌശീല്യത്തിനും 'കേളീസങ്കേതസ്ഥാന'മാണെന്നും അദ്ദേഹം പറയുന്നതെല്ലാം സത്യവും ചെയ്യുന്നതെല്ലാം ധൎമ്മവും ആണെന്നും കാലുഷ്യസ്പൎശമേല്ക്കാതെ മററു ജനങ്ങളെക്കാൾ എത്രയോ ഉപരിയായ ഒരു

സ്ഥാനത്തെ അർഹിക്കുന്ന ഒരു ദിവ്യപുരുഷനാണദ്ദേഹമെന്നും ഞാൻ വിശ്വസിച്ചുപോന്നു. പക്ഷെ, കാലക്രമത്തിൽ, ഞാൻ ആരാധിച്ചുപോന്ന ആ ദിവ്യവിഗ്രഹം തകൎന്നുപോയി. എന്റെ വിശ്വാസം തീരെ അസ്ഥാനത്തിലായിരുന്നെന്നും എനിക്കു മനസ്സിലായി. എന്തിനു വളരെ പറയുന്നു! ദൈവംതന്നെ ലോകത്തിൽ മനുഷ്യനായവതരിക്കുന്നതായാൽ; അദ്ദേഹവും പ്രപഞ്ചനിയമങ്ങൾക്കു കീഴടങ്ങേണ്ടിവരുന്നതാണു്. ലൌകികനിയമങ്ങൾക്കനുരൂപമായി നാം നമ്മുടെ ചിത്തവൃത്തികളെ വ്യവസ്ഥപ്പെടുത്തുന്ന പക്ഷം മനസ്സിന്റെ ശുദ്ധിയും നിഷ്കന്മഷത്വവും നിലനിൽക്കും; നേരെമറിച്ചു് ആ നിയമങ്ങളെ അതിക്രമിച്ചാൽ അനൎത്ഥമല്ലാതെ വേറൊരു ഫലവും ഉണ്ടാകുന്നതുമല്ല.

ശക്തി—പക്ഷെ, അമ്മേ, ഒടുവിൽ സന്തോഷത്തേയും മനസ്സമാധാനത്തേയും ബലികൊടുത്തു നിരന്തരദുഃഖം അനുഭവിക്കുന്നതു ചാരിത്രശാലിനികളും ശുദ്ധഹൃദയകളും സ്നിഗ്ദ്ധസ്വഭാവകളുമായ സ്ത്രീകളാണല്ലോ! ന്യായരഹിതമായും നിൎദ്ദയമായും വ്യാപരിക്കുന്ന പുരുഷന്മാർ വലിയ പ്രമാണികളായിത്തീരുകയും, അവരെ വിശ്വസിച്ചും ആശ്രയിച്ചും നിൽക്കുന്ന പാവങ്ങളുടെ ശ്രേയസ്സും സൌഖ്യവും നിശ്ശേഷം നശിക്കുന്നതുകണ്ടു രസിക്കുകയും ചെയ്യുന്നു! അമ്മേ! അമ്മയുടെ അധഃപതനത്തിനു കാരണഭൂതൻ ആരാണെന്നു എനിക്കിപ്പോൾ മനസ്സിലായി. ഗണേശദേവൻ എന്നെ വഞ്ചിച്ചപ്രകാരം, അദ്ദേഹത്തിന്റെ പിതാവു നിങ്ങളെയും ചതിച്ചു. എന്നിട്ടും നിങ്ങൾ അദ്ദേഹത്തെക്കുറിച്ചു ശ്ലാഘിക്കുന്നതിലാണത്ഭുതം. ഹാ! ഈ മഹാപാപത്തിനു പ്രതികാരം ഒരിക്കൽ ചെയ്താൽ പോരാ, ആയിരം പ്രാവശ്യം ചെയ്തെങ്കിലേ ഇതിന്റെ ഫലം ഒടുങ്ങുകയുള്ളൂ. ഹാ—ദൈവമേ! അങ്ങയുടെ നീതിപാടവം എവിടെപ്പോയി? കശ്മലന്മാരായ പുരുഷവ്യാഘ്രങ്ങളുടെ അടിമകളായിത്തീൎന്നു അവരുടെ അഴിമതികൾക്കു കീഴടങ്ങേണമെന്ന ഉദ്ദേശത്തോടുകൂടിയാണോ അങ്ങു സ്ത്രീകളെ അബലകളായും, ശുദ്ധഹൃദകളായും സ്നിഗ്ദ്ധസ്വഭാവകളായും സൃഷ്ടിച്ചതു്?"

സന്യാസിനി:—"മകളെ! ജഗദീശ്വരനെക്കുറിച്ചു് ഇങ്ങിനെ നിൎമ്മൎയ്യാദം പറയരുതു്. കഷ്ടതയനുഭവിക്കുന്നവർ ദൈവത്തിന്റെ പ്രത്യേകവാത്സല്യത്തിനു പാത്രീഭവിച്ചിട്ടുള്ളവരാണെന്നു നീ മനസ്സിലാക്കണം. അന്യായമായി ദ്രോഹിക്കുന്നവരോടു ബലം പ്രയോഗിക്കുന്നതു മൃഗബുദ്ധിയുടെ ലക്ഷണമാണു്, മനുഷ്യൎക്കു ചേൎന്നതല്ല. അന്യന്മാർ ഏല്പിക്കുന്ന ദ്രോഹത്തെ ക്ഷമയോടുകൂടി സഹിച്ചു് അവരെ അനുഗ്രഹിക്കുകയാണു മനുഷ്യരുടെ കൃത്യം. അപ്പോൾ മാത്രമേ അവരുടെ ഹൃദയത്തിൽ അന്തൎഭവിച്ചുകിടക്കുന്ന ദൈവികസത്ത പ്രത്യക്ഷമാകയുള്ളു. പ്രതികാരഭ്രമം കേവലം പൈശാചബുദ്ധിയുടെ ലക്ഷണവും, നേരെമറിച്ചു് സ്നേഹബുദ്ധി, ദിവ്യമായ ഒരു അനുഗ്രഹവും സായൂജ്യസോപാനത്തിലേയ്ക്കു വഴികാട്ടുന്ന വെളിച്ചവും ആണു്. ഈ ദിവ്യാനുഗ്രഹത്തിന്റെ സഹായത്താൽ, നമുക്കു് മററുള്ളവരുടെ സങ്കടങ്ങളിൽ പങ്കുകൊള്ളുവാനും, അവരെ ആപത്തിൽ നിന്നു രക്ഷിക്കാനും സാധിക്കുന്നതാണു്."

ശക്തി—"ക്ഷമാശീലന്മാരായിരുന്നു സുഖമനുഭവിയ്ക്കുവാൻ ആഗ്രഹിക്കുന്നവർ അങ്ങിനെ ചെയ്തുകൊള്ളട്ടെ. ദ്രോഹവും അനീതിയും പൊറുക്കുവാൻ ഞാനാളല്ല."

സന്യാസിനി—മകളേ! സമാധാനിക്കൂ. പ്രതികാരം ചെയ്യേണ്ടുന്ന അധികാരം ദൈവത്തിനേയുള്ളു. ഗുണദോഷങ്ങളേയും ധൎമ്മാധൎമ്മങ്ങളേയും തിരിച്ചറിയുവാനുള്ള സാമൎത്ഥ്യം മനുഷ്യന്മാൎക്കു നന്നേ കുറവാണു്. സ്ത്രീകൾ സ്നേഹസ്വഭാവമുള്ളവരാണു്. പ്രേമപരിപൂൎണ്ണമായ ഹൃദയത്തിൽ പ്രതികാരേച്ഛ ഒരുകാലത്തും അങ്കുരിക്കുന്നതല്ല. ശക്തി! നീ വളരെ സങ്കടം അനുഭവിച്ചവളാണു്. അനുരാഗവിഷയത്തിൽ വന്നുചേൎന്ന ആശാഭംഗംനിമിത്തം നിന്റെ ഹൃദയം ഇപ്പോഴും തപിച്ചുകൊണ്ടാണിരിക്കുന്നതു്. പക്ഷെ, ഇനിയെങ്കിലും മനസ്സമാധാനം വേണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ പ്രതികാരഭ്രമം വിട്ടുകളയുക, നിന്നിൽ അപരാധിയാ

ഞാനു വിചാരിക്കുന്ന ആ യുവാവിനെ അനുഗ്രഹിക്കുക. ഇവയൊരു സമാധാനം നിനക്കുണ്ടായാൽ, മറെറ യാതൊന്നും വേണ്ടതില്ല.''

ശക്തി—''ദൈവമതം ഞാൻ ഇങ്ങിനെയെല്ലാം ചെയ്യണമെന്നായിരുന്നെങ്കിൽ എന്റെ പ്രകൃതി അതിന്നനുസരിച്ചായിരിക്കേണ്ടതല്ലേ? പുഷ്പവും മുള്ളും ഒരേ ചെടിയുടെ സന്താനങ്ങളാണെങ്കിലും ഭിന്നപ്രകൃതികളാണല്ലോ. 'അമ്മേ! സൽകർമ്മംകൊണ്ടും ധർമ്മനിഷ്ഠകൊണ്ടും പാപത്തെ ജയിക്കേണമെന്നാണ്' അമ്മയുടെ യോഗം. നേരെമറിച്ച്, പാപത്തെക്കൊണ്ടുതന്നെ പാപത്തെ ജയിക്കേണമെന്നാണ് എന്റെ തലയിലെഴുതീട്ടുള്ളത്. എന്റെ ജീവിതം ഇത്ര അധന്യവും കഠിനവും ആയിത്തീരുവാൻ ഞാനെന്തു പാപമാണ് ചെയ്തതെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ ദൈവമതം നിറവേറാതെ നിവൃത്തിയില്ലല്ലോ. രാജകുമാരൻ എന്നെ സ്വീകരിക്കുന്നപക്ഷം ഞാൻ അദ്ദേഹത്തിന്റെ കഠിനതയെല്ലാം വിസ്മരിച്ച് അദ്ദേഹത്തോട് ക്ഷമിക്കും. അല്ലാത്ത പക്ഷം, ശ്രീഭദ്രകാളി തന്നാണെ! ഞാൻ എന്റെ മതത്തെ പരിത്യജിക്കും! അനീതിയെ അടക്കുന്നതു ധർമ്മമായി കരുതാത്ത ഒരു ശ്രേഷ്ഠമതത്തെ ഞാൻ ഒരു കാലത്തും അവലംബിച്ചിരിക്കുവാൻ വിചാരിക്കുന്നില്ല. ഞാൻ ഇതാ ദേവിയുടെ സന്നിധിയിലേക്കു പോകുന്നു. ദേവി എന്റെ അഭീഷ്ടത്തെ സാധിപ്പിച്ചുതരുന്നപക്ഷം ഞാൻ എന്നും ഹിന്ദുമതാചാരിതന്നെ. അല്ലെങ്കിൽ—ഹാ ദൈവമേ, കടാക്ഷിക്കണേ!''

# പതിന്നാലാം അദ്ധ്യായം

സന്ന്യാസിനിയുടെ മറുപടിക്കു കാത്തുനിൽക്കാതെ ശക്തി അവിടെനിന്നു് പുറത്തേക്കുപോയി. അവൾ തോപ്പിൽക്കൂടെ നടന്നു്, ആ കെട്ടിടത്തിന്റെ പിൻവശത്തുള്ള കാളീക്ഷേത്രത്തിന്റെ നടുവാതിൽക്കലെത്തി, വാതിൽ തള്ളിത്തുറന്നു. നേരം അർദ്ധരാത്രിയായിരുന്നു. ചന്ദ്രൻ അസ്തമിച്ചിരുന്നതിനാൽ, നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചം മാത്രമേ, അന്ധകാരത്തെ ദൃശ്യമാക്കിക്കൊണ്ടു്, പ്രകാശിച്ചിരുന്നുള്ളൂ. കാളിയുടെ കരാളവദനത്തിൽനിന്നു കണ്ണെടുക്കാതെ ശക്തി കുറേനേരം അവിടെ നിശ്ചലയായി നിന്നു. സംഹാരസംരംഭത്തോടുകൂടി തുറിച്ചുനിൽക്കുന്ന ജിഹ്വാഗ്രവും, രക്തമയമായ കപാലമാലയും അവളുടെ മുമ്പിൽ നൃത്തം ചെയ്യുന്നുണ്ടെന്നു് അവൾക്കു തോന്നി. അവളുടെ അപ്പോഴത്തെ നില പ്രേതബാധ പിടിപെട്ടവളുടേതെന്നോ, ചിത്തഭ്രമംകൊണ്ടു മതിമറന്നവളുടേതെന്നോ എന്താണു പറയേണ്ടതെന്നു തീർച്ചയില്ല. പരിതസ്ഥിതികളെക്കുറിച്ചു് അവൾക്കു കേവലം ബോധമില്ല. അവളുടെ ഹൃദയത്തെ മർദ്ദിച്ചുകൊണ്ടിരുന്ന ഒരൊറ്റ വികാരത്തെക്കുറിച്ചു മാത്രമെ അവൾക്കു ആ സമയം അറിവുണ്ടായിരുന്നുള്ളൂ.

"ഹാ—പ്രതികാരമേ! പ്രതികാരമേ! അദ്ദേഹത്തിന്റെ പ്രാണനാശത്തെ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രേമത്തെയാണു് ഞാൻ ആവശ്യപ്പെടുന്നതു്! ഹാ ദേവി! എന്റെ മോഹം സാധിപ്പിച്ചുതരണേ!" എന്നിങ്ങനെ അവൾ ഒരു ഭ്രാന്തിയെപ്പോലെ നിലവിളിച്ചു.

"അവനെ ഒരുകാലത്തും നിനക്കു് കിട്ടുകയില്ല."

പ്രേതലോകത്തിൽനിന്നു പുറപ്പെട്ട ഒരു അശരീരിപോലെയാണു് ഈ വാചകം അവളുടെ ചെവിയിൽ പെട്ടതു്. അധരം വിറച്ചും, കണ്ണുകൾ തുറിച്ചും, ശരീരമാസകലം വിയർത്തുംകൊണ്ടു് അവൾ അവിടെ സ്തംഭിച്ചുനിലയായി. നിശ്ചലവും നിശ്ചേതന

വും ആയ കാളീവിഗ്രഹമൊഴികെ, വേറെ യാതൊന്നും അവിടെ ദൃശ്യമായിരുന്നില്ല. പക്ഷേ സൂക്ഷിച്ചുനോക്കിയപ്പോൾ, കാളിയുടെ രക്തവൎണ്ണമായ ജിഹ്വാഗ്രം ഇളകുന്നതായും രൂക്ഷമായ കണ്ണുകളിൽനിന്നു് അഗ്നികണങ്ങൾ ചിതറുന്നതായും അവൾക്കു തോന്നി. ഭയങ്കരമായ നിശ്ശബ്ദതയെ മുടക്കിക്കൊണ്ടു് വീണ്ടും ഒരശരീരി അവളുടെ കൎണ്ണപുടത്തെ ഭേദിച്ചു:—

"നിന്റെ പ്രതികാരേച്ഛ സഫലമാകാതിരിക്കയില്ല. ദേവിയുടെ മതം അങ്ങിനെയാണു്. നീ അവന്റെ വിനാശകാരിണിയായിത്തീരും."

ഈ വാക്കുകൾ കേട്ടപ്പോൾ മാനശാലിനിയായ അവളുടെ നാഡികളിൽ പ്രവഹിച്ചിരുന്ന രക്തം തിളച്ചുപൊങ്ങി. ഭയരഹിതമായ പ്രാഗത്ഭ്യത്തോടുകൂടി അവൾ ഇങ്ങിനെ ചോദിച്ചു:—

"ആരാണതു്? ഈ ശബ്ദം ദേവിയുടേതല്ലെന്നു് എനിക്കു മനസ്സിലായിരിക്കുന്നു."

വിഗ്രഹത്തിന്റെ പിൻവശത്തുനിന്നു് ഒരാൾ പുറത്തേയ്ക്കു വന്നു. ശക്തിയുടെ കണ്ണുകൾ ഇരുട്ടുമായി പരിചയിച്ചിരുന്നതിനാൽ അവൾക്കു് ആ സ്വരൂപത്തെ നഖശിഖാന്തം പരിശോധിക്കുവാൻ സാധിച്ചു.

അരയിൽ ചുകന്നവസ്ത്രവും, തലമുടിയിൽ തെറ്റിമാലകളും, നെറ്റിയിൽ രക്തചന്ദനക്കുറികളും, കഴുത്തിൽ കപാലമാലയും ധരിച്ചിരുന്ന ആ ഭയങ്കരസ്വരൂപം, "കാപാലിക" വൎഗ്ഗത്തിൽപ്പെട്ട ഒരു കാളീഭക്തന്റേതാണെന്നു് ശക്തിയ്ക്കു മനസ്സിലായി. പക്ഷേ അവൾക്കു തീരേ ഭയമോ കുലുക്കമോ ഉണ്ടായില്ല. ക്ഷണനേരം അവനെ നോക്കി നിന്നശേഷം:—

"താൻ ആരാണു്" എന്നു ചോദിച്ചു.

"ഞാൻ ദേവീദാസനാണു്. ദേവിയുടെ കല്പനപ്രകാരം നിങ്ങൾക്കുള്ള ഒരു നിദേശത്തെ കൊണ്ടുവന്നിരിക്കയാണു്. നിങ്ങളുടെ ജീവിതനഭോമണ്ഡലത്തിൽ ഒരു കാളമേഘം ആവിർഭവിക്കുവാൻ പോകുന്നു! ഒരു ദുൎയ്യോഗരാഹു നിങ്ങളുടെ ഭാഗ്യച

ന്ദ്രനെ ഗ്രസിക്കുവാൻ ഒരുങ്ങിക്കൊണ്ടു നിൽക്കുന്നു. അതിൽ നിന്നു മോചനം ലഭിച്ചെങ്കിലേ നിങ്ങൾക്കു ഗുണമുള്ളു. കാളിയിൽ നിങ്ങൾക്കു് അണുമാത്രം ഭക്തിയോ, നിങ്ങളുടെ ജീവനിൽ പ്രതിപത്തിയോ ഉണ്ടെങ്കിൽ, നിങ്ങൾ നിഷ്ഫലമായി സ്നേഹിച്ചുപോരുന്ന ആ യുവാവിൻെറ വിനാശത്തിന്നായി പ്രാർത്ഥിച്ചുകൊള്ളുക. നേരെ മറിച്ചു്, നിങ്ങളുടെ ഹൃദയത്തെ ഭേദിച്ചു്, പ്രേമത്തെ നിരാകരിച്ചു് നിഷ്ഠൂരണം തള്ളിക്കളഞ്ഞ ആ നിഷ്ഠൂരണകൻെറ സമാരാധനം നിങ്ങൾ ഇനിയും കൊതിക്കുന്നപക്ഷം, അങ്ങിനെ ചെയ്തുകൊൾക. പക്ഷെ അന്തസ്സാരമില്ലാത്ത അഭ്യർത്ഥനകളെക്കൊണ്ടു ദേവിയെ അനാവശ്യമായി അപമാനിക്കേണ്ട ആവശ്യമില്ല. അവൻെറ പിന്നാലെപോയി അവനെ ശരണം പ്രാപിച്ചു്, ഒടുവിൽ അവൻ സ്നേഹം ഭാവിച്ചില്ലെങ്കിൽ ആ പരാഭവത്തെയും സഹിച്ചു് കാലക്ഷേപം ചെയ്തുകൊൾക. ഞാൻ പറയേണ്ടതു പറഞ്ഞു. അവൻ നിങ്ങളെ ഭാര്യയാക്കി സ്വീകരിക്കുന്നതല്ല. പക്ഷെ—”

ശക്തിമയി അവൻെറ പ്രസംഗം തടഞ്ഞുനിർത്തി. അവളുടെ അഭിമാനം ഓരോ നോട്ടത്തിലും പ്രകാശിച്ചു. അവൾ അന്നുപകൽ അനുഭവിച്ച അപമാനം അവൾക്കു് ഓർമ്മവന്നു. അവളുടെ ഹൃദയം കലങ്ങിമറിഞ്ഞു.

“താൻ ആരാണു്? ഒരു സന്യാസിയോ പ്രേതമോ? എനിക്കു് രാജകുമാരനെ കിട്ടേണമെന്നാഗ്രഹമില്ല. ഈ വിചാരംതന്നെ കേവലം ദുസ്സഹമായി തീർന്നിരിക്കുന്നു.”

സന്യാസി—അഥവാ വേണമെന്നു് വിചാരമുണ്ടെങ്കിൽ തന്നെ കിട്ടുകയുമില്ല. ഒരുകാലത്തും അവൻ നിങ്ങളെ സ്വീകരിക്കുന്നതല്ല. ന്യായമായവിധത്തിൽ അവൻെറ ഭാര്യയായിരിക്കാൻ ഒരിക്കലും സാധിക്കുകയില്ല. അതുകൊണ്ടു് എൻെറ ചോദ്യത്തിന്നുത്തരം പറയുക. നിങ്ങളുടെ ഇഷ്ടം, നിങ്ങളെ വഞ്ചിച്ച ആ പുരുഷൻെറ അടിമയായിരിക്കാനോ, അല്ല—?”

“എൻെറ രാജ്ഞിയായിരിപ്പാനോ

MUL
044492

ഇതു പറഞ്ഞതു് വേറൊരാളായിരുന്നു. പെട്ടന്നു കാളീവിഗ്രഹത്തിന്റെ പിൻവശത്തുനിന്നു് ഒരു യുവാവു മുമ്പോട്ടുവന്നു. അതു സുൽത്താന്റെ പുത്രനായ ഗിയാസുദ്ധീനാണെന്നു് അയാളെ കണ്ട ഉടൻ ശക്തിമയിക്കു് മനസ്സിലായി.

രാത്രിയുടെ ഭയങ്കരതയെ നിർമ്മാർജ്ജനം ചെയ്തുകൊണ്ടു് അരുണരശ്മികൾ പൂർവ്വദിക്കിൽ പ്രകാശിച്ചുതുടങ്ങി. ഗിയാസുദ്ധീൻ ശക്തിയുടെ കൈകൾ കടന്നുപിടിച്ചു.

"സുന്ദരി! ബങ്കാളത്തിലെ രാജ്ഞിയായിരിക്കുവാൻ ഭവതിയ്ക്കു സമ്മതമാണോ? ഭവതിയുടെ അസാന്നിദ്ധ്യത്തിൽ എനിക്കു് എന്റെ രാജ്യവും ധനവും തൃണപ്രായമാണു്."

ആശ്ചര്യവും ലജ്ജയും നിമിത്തം ശക്തിയ്ക്കു് ക്ഷണത്തിൽ ഒരു മറുപടി പറയുവാൻ കഴിഞ്ഞില്ല. ഇതേവരെ ഏകസരണിയിൽക്കൂടെ വ്യാപരിച്ചിരുന്ന അവളുടെ ചിത്തവൃത്തി ഇപ്പോൾ രണ്ടു ഭിന്നമാർഗ്ഗങ്ങളുടെ ഒരു സന്ധിയിൽ എത്തിച്ചേർന്നിരിക്കുന്നു. പ്രേമം, ബഹുമാനം, പ്രാഭവം ഇതെല്ലാം ഒരു വശത്തുനിന്നും, നിന്ദ, അപമാനം, അധിക്ഷേപം ഇതെല്ലാം മറുവശത്തുനിന്നും അവളെ കൈ നീട്ടി വിളിക്കുന്നു. ഒരാൾ അവൾക്കുവേണ്ടി, തന്റെ സർവ്വസ്വത്തെയും സമർപ്പിക്കുവാൻ തയ്യാറാണെന്നു് ശപഥം ചെയ്യുന്നു. വേറൊരാൾക്കുവേണ്ടി അവൾ എന്തും ചെയ്വാൻ ഒരുക്കമാണെങ്കിലും അയാൾ അവളെ ത്യജിച്ചു് വളരെ അകലേ പൊയ്ക്കളഞ്ഞിരിക്കുന്നു. വ്യാധന്റെ അധീനതയിൽനിന്നു് വിട്ടൊഴിവാൻ കഴിയാത്ത മാൻപേടയെപ്പോലെ അവൾ എന്തുചെയ്യേണ്ടു എന്നറിയാതെ കുഴങ്ങി. അവളുടെ അന്തർഗ്ഗതം സ്ത്രീസ്വഭാവത്തിന്നനുരൂപമല്ലെന്നു അവൾക്കു തോന്നിയെങ്കിലും തന്റെ തൽക്കാലവികാരത്തെ മുൻനിറുത്തിക്കൊണ്ടു് അവൾ ഇപ്രകാരം പറഞ്ഞു:—

"ഞാൻ അങ്ങയുടെ അടിമയാകുവാൻ ഒരുക്കമാണു്."

ഗിയാസുദ്ധീൻ കഴുത്തിൽനിന്നു വിലപിടിച്ച ഒരു വൈരമാലയെടുത്തു ശക്തിയുടെ കമനീയമായ കണ്ഠനാളത്തിൽ അണിയിച്ചു. പക്ഷേ ശക്തിയുടെ ധൈര്യമെല്ലാം തീരേ നാമാവ

ശേഷമായിത്തീൎന്നിരുന്നു! വിളറി വിവൎണമായ മുഖഭാവവും, മാരുതവേഗത്താൽ ഇളകുന്ന താമരദളങ്ങൾപോലെ വിറയ്ക്കുന്ന അധരങ്ങളും അവർ ആ സമയം അനുഭവിച്ചിരുന്ന മനോദുഃഖത്തെ വെളിപ്പെടുത്തി.

—(o)—

# പതിനഞ്ചാം അദ്ധ്യായം

ശക്തി പുറമേ ഇറങ്ങിപ്പോയ കഥയറിയാതെ, സന്ന്യാസിനി അവരുടെ വിചാരധാരയെ പിന്തുടൎന്നുകൊണ്ടു് ഇങ്ങിനെ പറഞ്ഞു.

“മകളേ! കാളി പ്രതികാരദേവതയല്ല. പാപസംഹാരമൂൎത്തിയാണു്. പ്രതികാരേച്ഛയോടുകൂടി ചെയ്യപ്പെടുന്ന ദേവീഭജനം പൈശാചമായ ചിത്തവൃത്തിയെ ദ്യോതിപ്പിക്കുന്നു. ശാസ്ത്രങ്ങൾ പ്രതികാരത്തെ അനുവദിക്കുന്നില്ല. ഹിന്ദുമതം അത്ര ദിവ്യമായിട്ടുള്ളതാണു്.”

അവർ ഏകാകിനിയാണെന്നുള്ള വസ്തുത ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേ അവൎക്കു മനസ്സിലായുള്ളു. തുറന്നുകിടന്നിരുന്ന വാതലിൽകൂടെ കാററടിച്ചു വിളക്കു കെട്ടുപോയി. നക്ഷത്രശോഭിതമായ ആകാശമണ്ഡലം വിസ്തൃതമായ ഒരു മേൽക്കെട്ടിപോലെ കാണപ്പെട്ടു. വടക്കുവശത്തു മരക്കൂട്ടത്തിന്റെ ഉപരിഭാഗത്തായി, ദീപ്തിമത്തായ “സപ്തൎഷിമണ്ഡല”വും അതിനുമേലേ ക്ഷീണദ്യുതിയായ ധ്രുവനക്ഷത്രവും പ്രകാശിച്ചുകൊണ്ടിരുന്നു. ഈ കാഴ്ച കണ്ടപ്പോൾ യോഗിനിയുടെ ഹൃദയത്തിൽ അത്ഭുതരസം വഴിഞ്ഞൊഴുകി. ലോകശില്പിയുടെ അന്ന്യാദൃശമായ സൃഷ്ടിവൈചിത്ര്യത്തെ പ്രകടിപ്പിക്കുന്ന പ്രകൃതി, വിലയേറിയ ഒരു വിജ്ഞാനനിക്ഷേപമാണെന്നും ആകാശമണ്ഡലത്തിൽ തിളങ്ങിക്കൊണ്ടിരുന്ന നക്ഷത്രപംക്തികൾ ആശ്ചൎയ്യകരങ്ങളായ തത്വകണങ്ങളടങ്ങിയ മഹാഗ്രന്ഥങ്ങളാണെന്നും, സമാധിയാൽ വികസിതമായിരുന്ന അവരുടെ പരിശുദ്ധഹൃദയത്തിൽ ബോധം ജനിച്ചു. ദിവ്യമായ ഈ കാഴ്ച അവരെ ബ്രഹ്മാനന്ദസൌഖ്യത്തിൽ ലയിപ്പിച്ചു.

"ഹേ! ദേവദേവ! വിശ്വംഭര! അനന്യസാധാരണമായ അങ്ങയുടെ സൃഷ്ടിവൈചിത്ര്യത്തെ വിനയത്തോടും പരിശുദ്ധമനസ്സോടും കൂടെ ഞാൻ അവലോകനംചെയ്യട്ടെ. പഞ്ചഭൂതമയമായ ഈ ലോകചക്രത്തിൽ ഭ്രമണംചെയ്യുന്ന ഞങ്ങൾ എത്ര ബലഹീനരാണ്! ഞങ്ങളുടെ കർമ്മങ്ങളും, മനോധർമ്മങ്ങളും നിത്യാനുഭവങ്ങളും ഞങ്ങൾക്കധീനങ്ങളല്ല. പവനോൽഭ്രാന്തമായ മേഘപടലംപോലെ ഞങ്ങൾ പ്രപഞ്ചചക്രത്തിൽകിടന്നു തിരിയുന്നു. കേവലം മരപ്പാവകളെപ്പോലെ അങ്ങ് ഞങ്ങളെ കളിപ്പിക്കുന്നു! വഴിയമ്പലങ്ങളിൽ വരികയും പോവുകയും ചെയ്യുന്ന പാന്ഥന്മാരെപ്പോലെ ഞങ്ങൾ സദാകാലവും സ്ഥിരതയില്ലാതെ അലഞ്ഞുകഴിയുന്നു! ഗുണദോഷങ്ങളും, സന്തോഷസന്താപങ്ങളും, ഐശ്വര്യദാരിദ്ര്യങ്ങളും എല്ലാം അങ്ങയുടെ സൃഷ്ടിസഞ്ചയങ്ങളുടെ നിലനില്പിന്നും ഏകീകരണത്തിന്നുംവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള അവസ്ഥാഭേദങ്ങളാണ്. അവയ്ക്കു വേറെ യാതൊരുദ്ദേശ്യവും ഇല്ലെങ്കിൽ, ഞങ്ങൾക്കു നൽകപ്പെടുന്ന നിഗ്രഹാനുഗ്രഹങ്ങൾ ഞങ്ങളുടെ കർമ്മാനുസാരികളല്ലാതേയും, ഞങ്ങളുടെ ബുദ്ധിയുടെ അപൂർണ്ണതയ്ക്കനുരൂപങ്ങളല്ലാതേയും വരുന്നതു എന്തുകൊണ്ടാണ്? ഞങ്ങളുടെ കർമ്മങ്ങൾ, പുണ്യമായാലും, പാപമായാലും, വായുവിന്റെ ഗതിപോലെ, ഞങ്ങൾ ഊഹിക്കാത്ത വിധത്തിൽ പരിണമിക്കുന്നു! അച്ഛൻചെയ്ത കർമ്മങ്ങളുടെ ഫലം മക്കൾ അനുഭവിക്കേണ്ടിവരുന്നു. ഒരാളുടെ ദുരിതഫലം വേറൊരാൾ അനുഭവിക്കേണ്ടുന്ന ആവശ്യമെന്താണ്? എന്റെ കർമ്മദോഷത്തിന്റെ ഫലം ദോഷരഹിതമായ ഈ ബാലിക എന്തിനാണ് അനുഭവിക്കുന്നതു്? അഥവാ, ഈ കർമ്മപാശംവഴിയായി അവൾ പൂർവ്വജന്മദുരിതങ്ങളിൽനിന്നു മുക്തയായിത്തീരേണമെന്നായിരിക്കുമോ അങ്ങയുടെ മതം?"

ഇത്രയും പ്രാർത്ഥിച്ചുകഴിഞ്ഞതുശേഷം അവർ കണ്ണടച്ചു അവ്യഗ്രസമാധിയിൽപെട്ടു. സഹസ്രം നക്ഷത്രങ്ങൾ അവരുടെ ഹൃദയാന്തരീക്ഷത്തിൽ പ്രകാശിക്കുന്നതായും, അവയുടെ വെളിച്ചത്താൽ സൃഷ്ടിസഞ്ചയത്തിനുള്ളിൽ മറഞ്ഞുകിടക്കുന്ന ഗൂഢരഹസ്യങ്ങൾ പ്രത്യക്ഷപ്പെട്ടതായും അവർക്കുതോന്നി. ഹൃദയത്തിൽ

വഴിഞ്ഞൊഴുകുന്ന ബ്രഹ്മാനന്ദരസത്തോടുകൂടി അവർ വീണ്ടും ജപിച്ചുതുടങ്ങി.

“ഹേ ജഗദീശ്വര! ലോകതത്വം എനിക്കിപ്പോൾ മനസ്സിലായി. അങ്ങയുടെ സൃഷ്ടിസഞ്ചയത്തിൽ നിരർത്ഥകമായി യാതൊന്നുമില്ല. പരമാണുമുതൽ പരബ്രഹ്മംവരെയുള്ള സകല ചരാചരങ്ങളും ഒരേ ഉദ്ദേശസിദ്ധിക്കാണ് നിരന്തരം പ്രവർത്തിച്ചുവരുന്നതു്. അങ്ങയുടെ ദിവ്യസന്നിധിയിൽ വലുതെന്നും ചെറുതെന്നുമുള്ള വ്യത്യാസം ഇല്ലതന്നെ. പരമാണുപ്രായമായ മണൽത്തരിയിലും, ദിഗന്തരാളത്തിൽ പരിവർത്തനംചെയ്യുന്ന ഏററവും വലിയ ലോകാന്തരത്തിലും അങ്ങ് സ്ഥിതിചെയ്യുന്നു. മണൽത്തരികളിൽ അന്തർഭവിച്ചുകിടക്കുന്ന ചൈതന്യശകലം കാലാന്തരത്തിൽ വർദ്ധിച്ചു പലേ പരിണാമങ്ങളും അനുഭവിച്ചു് ഒടുവിൽ പരബ്രഹ്മചൈതന്യത്തോടുചേർന്നു ലയിക്കുന്നു. അങ്ങേ സൃഷ്ടിയുടെ മൂലതത്വം പുരോഗതിയാണ്. പരബ്രഹ്മചൈതന്യമായ അങ്ങയിൽ സകല ചരാചരങ്ങളേയും ലയിപ്പിക്കുന്നതാണ് കർമ്മവാസനയുടെ പരമോദ്ദേശം—പരമാണുമുതൽ പരബ്രഹ്മംവരെയുള്ള സർവ്വചരാചരങ്ങളും പ്രപഞ്ചചക്രത്തിൽ നിരന്തരം ചുററിത്തിരിഞ്ഞു്, അനേകജന്മങ്ങളെടുത്തും പലവിധം ജീവിതങ്ങളെ നയിച്ചും ഒടുവിൽ സായൂജ്യപദം പ്രാപിക്കുകയും പ്രപഞ്ചോദ്ദേശത്തെ നിറവേററുകയുംചെയ്യുന്നു. ജീവിതസമുദ്രത്തിൽക്കൂടിയുള്ള ഈ യാത്രയിൽ, പുണ്യപാപങ്ങളും, രാഗവൈരാഗ്യങ്ങളും, സുഖദുഃഖങ്ങളും ഇടകലർന്നനുഭവിച്ചു സംസാരികൾ വിദൂരമായ കരയ്ക്കണഞ്ഞു ശാശ്വതസുഖം ലഭിക്കുന്നു. ഞങ്ങളുടെകാഴ്ച പരിമിതമാകകൊണ്ടു വളരെ ദൂരത്തിൽ വരാൻപോകുന്ന സംഭവങ്ങൾ ഞങ്ങൾക്കറിവാൻ കഴിയാതെ വരികയും, അതുനിമിത്തം ജീവിതയാത്രയിൽ എപ്പോഴാണ് കോളിളക്കവും അപായവും വരുന്നതെന്നു നിശ്ചയമില്ലാതെ ഞങ്ങൾ നിരന്തരം ഭയപ്പെട്ടുകൊണ്ടുതന്നെ കാലംകഴിക്കേണ്ടിവരികയും ചെയ്യുന്നു. പക്ഷേ, ജീവിതത്തോണിയുടെ അമരക്കാരനായ അങ്ങേ അറിയുന്നവർക്കു ഈ വിധം അപായശങ്കയ്ക്കവകാശമില്ല. അങ്ങ് പാപത്തിൽനിന്നു പുണ്യത്തേയും,

സക്തിയിൽനിന്നു വിരക്തിയേയും ഉളവാക്കുന്നു. കറുത്തിരുണ്ട മേഘപടലങ്ങളെ സൂര്യകിരണങ്ങൾ പ്രകാശിപ്പിക്കുംപോലെ, അങ്ങയുടെ സ്വഭാവജന്യമായ കാരുണ്യം വിധിദുർവിലസിതങ്ങളുടെ ഭയങ്കരതയെ ശിഥിലീകരിക്കുന്നു. ജ്ഞാനികൾക്കു മാത്രമേ അങ്ങേ സ്വല്പമെങ്കിലും അറിയുവാൻ സാധിക്കുന്നുള്ളൂ. ഹേ പ്രഭോ! ഈ എന്നെ എന്തിനാണിനിയും ഈ ലോകത്തിൽ വെച്ചിരിക്കുന്നതു്? എന്റെ ജന്മം അങ്ങയുടെ കാരുണ്യാമൃതത്താൽ പരിശുദ്ധമായിത്തീർന്നിരിക്കുന്നു. ഇനിയും എന്തൊരു കർമ്മമാണ് എന്നാൽ നിർവ്വഹിക്കപ്പെടേണ്ടതായിട്ടുള്ളതു്?"

അടുത്തുനിന്നു പുറപ്പെട്ട കുതിരക്കുളമ്പുകളുടെ ശബ്ദം യോഗിനിയുടെ ധ്യാനത്തിനു മുടക്കംവരുത്തി. കുതിരപ്പുറത്തു കയറി അവിടെ വന്നെത്തിയ തലക്കെട്ടുകാരൻ ഒരു മുസൽമാനാണെന്നു പ്രഭാതത്തിന്റെ പ്രകാശത്താൽ അവൾക്കു മനസ്സിലായി.

മുസൽമാൻ:—അമ്മേ! നമസ്കാരം. ദയചെയ്തു പുറത്തേയ്ക്കു വരണം. സുൽത്താനു നിങ്ങളുടെ പേരിൽ തോന്നീട്ടുള്ള വലിയൊരു കാരുണ്യത്തെ അറിയിക്കുവാനാണു് ഞാൻ വന്നിരിക്കുന്നതു്.

യോഗിനി വാതിലിനരികിൽ ചെന്നു. കുറച്ചകലെ, ഒരു മരത്തിന്റെ ചുവട്ടിൽ മനോഹരമായി അലങ്കരിക്കപ്പെട്ട ഒരു പല്ലക്കു വെച്ചതുകണ്ടു് അതിനെപ്പറ്റി ആശ്ചര്യത്തോടുകൂടി അന്വേഷണം തുടങ്ങി.

"ആ പല്ലക്കു് ആർക്കുവേണ്ടിയാണു കൊണ്ടുവന്നിരിക്കുന്നതു്?"

മുസൽ—ഞങ്ങളുടെ രാജ്ഞിക്കുവേണ്ടി. ഞങ്ങളുടെ സുൽത്താൻ നിങ്ങളുടെകൂടെ പാർക്കുന്ന ആ തരുണീരത്നത്തെ വിവാഹം ചെയ്വാൻ ആഗ്രഹിക്കുന്നു. അവരെ ദയചെയ്തു ഇങ്ങട്ടു വിളിക്കണം.

യോഗിനിയുടെ സഹജമായ ശാന്തത ക്ഷണനേരംകൊണ്ടു് ഇല്ലാതായി.

"ആ യുവതി ഒരു ഹിന്ദുവാണെന്നു സുൽത്താന്നു് നിശ്ചയമില്ലെന്നുണ്ടോ? അവർ തമ്മിൽ യാതൊരു ചേർച്ചയും തരമില്ല."

മുസൽ—മുസൽമാൻമാൎക്ക് ഹിന്ദുസ്ത്രീകളെ വിവാഹം ചെയ്യാൻ പാടുണ്ട്. ഞങ്ങളുടെ മതം വളരെ ഉൽകൃഷ്ടമാണ്. നിബിയുടെ മതം ലോകസമ്മതമായ മതമല്ലേ? മുസൽമാൻ ജാതിയിൽ എല്ലാവരും ചേരാമെന്നാണ് ഞങ്ങളുടെ ശാസ്ത്രം പറയുന്നത്.

യോഗിനി—പക്ഷേ അവരു സ്വന്തമതം ത്യജിക്കുവാൻ ഒരുക്കമുണ്ടെങ്കിലല്ലേ നിങ്ങൾ ഇത്രയെല്ലാം ബുദ്ധിമുട്ടേണ്ടു?

മുസൽ—ഒരു സുൽത്താന്റെ ഭാൎയ്യയാവാൻ തരം കിട്ടുമ്പോൾ ഏതൊരുത്തിയാണ് മതം മാറുന്നതിൽ മടിക്കുന്നവൾ? അതിരിക്കട്ടെ. അവരെ ഇങ്ങട്ട് വിളിക്കുക. മററു കാൎയ്യമെല്ലാം സമയംപോലെ തീൎച്ചപ്പെടുത്താം.

യോഗിനി—അതു വേറെകാൎയ്യം. അവളുടെ അച്ഛൻ മരിക്കുമ്പോൾ അവളെ എന്റെ കയ്യിലാണേല്പിച്ചിരിക്കുന്നത്. ആരുതന്നെ ആവശ്യപ്പെട്ടാലും ഞാൻ അവളെ വിട്ടുകൊടുക്കുവാൻ വിചാരിക്കുന്നില്ല.

മുസൽ—നിങ്ങൾ സുൽത്താന്റെ കല്പനയാണു ലംഘിക്കുന്നതെന്നോൎമ്മവേണം. അവരെ വിട്ടുതരാത്തപക്ഷം ഞങ്ങൾ ക്ഷേത്രത്തിനുള്ളിൽ കടക്കും.

യോഗിനി—പ്രജകളെ രക്ഷിക്കുകയാണു രാജധൎമ്മം. അവരോടു ബലം പ്രയോഗിക്കുകയല്ല. ഞാൻ അവളെ വിട്ടുതരാൻ വിചാരിക്കുന്നില്ല.

മുസൽ—നിങ്ങൾക്കു ജീവനിൽ കൊതിയുണ്ടെങ്കിൽ അവരെ വിട്ടയയ്ക്കുന്നതു നന്ന്. അല്ലാത്തപക്ഷം ഞാൻ നിങ്ങളെ തടവുകാരിയാക്കി പിടിക്കുന്നതാണ്".

ഇത്രയും പറഞ്ഞു് ആ ഉദ്യോഗസ്ഥൻ കുതിരപ്പുറത്തു നിന്നിറങ്ങി. യോഗിനി ശരംപോലെ കാളിയുടെ ശ്രീകോവിലിലേക്കു പോയി.

ആ സമയം ഒരു യുവാവിന്റെ കൈ കോൎത്തു പിടിച്ചുകൊണ്ടു് ശക്തിയും അവിടെ എത്തി. താൻ കണ്ടതു യഥാൎത്ഥമാണോ

എന്നു വിശ്വസിക്കുവാൻ സാധിക്കാതെ സന്ന്യാസിനി സ്തംഭിച്ചു നിന്നുപോയി.

"ശക്തി! ഇതാരാണു?"

"എന്റെ ഭൎത്താവായിരിക്കാൻ പോകുന്ന ഗിയാസുദ്ധീൻ രാജകുമാരൻ."

അത്യാശ്ചൎയ്യത്തിൽപെട്ട യോഗിനിയ്ക്കു നിന്നദിക്കിൽ നിന്നിളകുവാൻ സാധിച്ചില്ല. ശക്തിയും ഗിയാസുദ്ധീനുംകൂടി കാട്ടിനുള്ളിൽ മറഞ്ഞു.

... ... ... ... ...

നേരം പ്രകാശമായിത്തുടങ്ങി. പൂൎവ്വദിക്കിൽ ഉദിച്ചുപൊങ്ങുന്ന ആദിത്യഭഗവാനെ നോക്കിക്കൊണ്ടു സന്ന്യാസിനി പ്രാൎത്ഥിച്ചു:—

"ഹേ, ജഗദീശ്വരി! എന്റെ ജീവിതോദ്ദേശം എനിക്കു മനസ്സിലായി. മഹമ്മദീയരുടെ അക്രമപ്രവൃത്തികളിൽ നിന്നും ഉപദ്രവത്തിൽ നിന്നും എന്റെ ജന്മഭൂമിയെ ഉദ്ധരിയ്ക്കുകയാണു് എന്റെ കൎത്തവ്യകൎമ്മം. ഇതിൽ എനിക്കുമാത്രമല്ല, ഈ ശക്തിക്കും ഒരു ബാദ്ധ്യതയുണ്ടു്. ഹേ! ബ്രഹ്മചൈതന്യമേ! അങ്ങു ഞങ്ങളെ രണ്ടുപേരേയും കൃത്യനിൎവ്വഹണത്തിന്നാജ്ഞാപിക്കുകയും, ഒരുത്തിയെ വിഷയാസക്തിവഴിയായും മററൊരുത്തിയെ വിരക്തിവഴിയായും പ്രാപ്യസ്ഥാനത്തിലേക്കു പ്രേരിക്കുകയും ചെയ്യുന്നു. ഹേ! ശാശ്വതബ്രഹ്മമൂൎത്തേ! സ്രഷ്ടാവും സൃഷ്ടിയും, വിദ്യയും അവിദ്യയും, കൎമ്മവും കൎമ്മഫലവും അങ്ങുതന്നെ. ഹേ! സൎവ്വശക്ത! എന്റെ ഹൃദയത്തെ ആവരണംചെയ്യുന്ന അന്ധകാരത്തെ അങ്ങയുടെ ജ്ഞാനദീപ്തിയാൽ അകററിയാലും! അങ്ങയുടെ മഹത്തരമായ ഉദ്ദേശത്തെ നിറവേററുവാൻ വേണ്ടുന്ന ശക്തിയെ എനിക്കു പ്രദാനംചെയ്താലും—ഓം!"

# പതിനാറാം അദ്ധ്യായം.

ധനുർവിദ്യയിൽ സമ്മാനാർഹനായിത്തീൎന്ന രാജകുമാരനെ അഭിനന്ദിച്ചുകൊണ്ടു് ശക്തിമയി അദ്ദേഹത്തിനു സമ്മാനിക്കുവാൻ ഭാവിച്ച ആ വാടിയ മാലതീമാല എന്തൊരു 'മാല'യായിട്ടാണു് തീൎന്നതു്! കുട്ടിക്കളിയിൽ കെട്ടിയുണ്ടാക്കിയ ആ മാല ശക്തിയുടെ ഹൃദയത്തിൽ ആദ്യം ഗാഢമായ അനുരാഗത്തേയും ദൃഢതരമായ പ്രത്യാശയേയും ജനിപ്പിച്ചു. പിന്നീടു് ആ മാലതന്നെ അവയെ നിശ്ശേഷം നശിപ്പിക്കുകയുംചെയ്തു. പക്ഷേ, ഇതുകൊണ്ടും അതിന്റെ ദുരദൃഷ്ടം അവസാനിച്ചില്ല. രാജാക്കന്മാരുടെയും രാജകുമാരന്മാരുടെയും ഹൃദയത്തിൽ അപാരമായ വൈരത്തെ ജനിപ്പിച്ചു്, രാജ്യം മുഴുവനും രക്തപ്രവാഹത്തിൽ കീഴ്മേൽ മറിച്ചതും ഈ മാലതന്നെയായിരുന്നുവെന്നു വഴിയെ കാണാം.

ഉത്സവം അവസാനിച്ചശേഷം, ശക്തിയെ കണ്ടു കൌശലത്തിൽ കാൎയ്യംപററിച്ച ആ കള്ളസ്സന്ന്യാസി ആരായിരുന്നുവെന്നു് ഇനി അന്വേഷിക്കാം. ശക്തിയുടെ അനിതരസാധാരണമായ രൂപലാവണ്യം കണ്ട ക്ഷണത്തിൽ, സുൽത്താൻ സിക്കണ്ടർഷാവിനു് അവളിൽ അതിയായ അഭിനിവേശം ജനിച്ചു് ഭ്രമം കലശലായി. അവളെ വല്ലവിധത്തിലും കരസ്ഥമാക്കേണമെന്നു തീൎച്ചപ്പെടുത്തി, പാണ്ഡവനഗരിയിലെ ഉത്സവം കഴിഞ്ഞന്നു രാത്രി തന്നെ, തന്റെ വിശ്വസ്ഥസേവകനായ അസിംഖാനെ ഉദ്യാനത്തിലെ ഒരു ഗൂഢസ്ഥലത്തു രഹസ്യമായി വിളിച്ചുവരുത്തി തന്റെ അഭിലാഷം അറിയിച്ചു:—

"അസിംഖാൻ! ഇന്നു വൈകുന്നേരം ഒരു പൂമാലയെറിഞ്ഞു നമ്മെ വന്ദിച്ച 'ഭൈരവി'യെ നീ ഓൎക്കുന്നില്ലേ? അവളെ തേടിപ്പിടിച്ചു് നമ്മുടെ അടുക്കൽ കൊണ്ടുവരണം. അവളെ നമ്മുടെ രാജ്ഞിയാക്കേണമെന്നു തീൎച്ചയാക്കിയിരിക്കുന്നു. അവൾ പൂമാല എറിഞ്ഞതു് എന്നെ ഉദ്ദേശിച്ചിട്ടാണെന്നാണു് എനിക്കു തോന്നുന്നതു്. ഭൎത്താക്കന്മാരെ ഇപ്രകാരം മാലയിട്ടുവരിക്കുന്ന സമ്പ്രദായം ഹിന്ദുക്കളുടെ ഇടയിൽ സാധാരണയാണല്ലോ. അ

വളുടെ ഉപചാരത്തെ നിരാകരിക്കുന്നതു് നമ്മുടെ യോഗ്യതയ്ക്കു പററിയതല്ല".

ഈ സംഭാഷണം കഴിഞ്ഞു് അസിംഖൻ രാജസന്നിധിയിൽനിന്നു തിരിച്ചുപോകുന്നതു സുൽത്താന്റെ ശ്രീമന്തപുത്രനും യുവരാജാവുമായ ഗിയാസുദ്ധീൻ കണ്ടിരുന്നു. സ്വഗൃഹത്തിലേയ്ക്കു തിരിച്ചുപോകുന്നതിനുമുമ്പു അച്ഛനെകണ്ടു വന്ദിക്കാമെന്നു കരുതി അങ്ങോട്ടു പോകുംവഴി സുൽത്താനും അസിംഖാനും തമ്മിൽ സ്വകാര്യം പറയുന്നതു് അയാൾ യദൃച്ഛയാ കേട്ടു, ഇടിവെട്ടിയ മരംപോലെ സ്തംഭിച്ചു നിന്നുപോയി. താൻതന്നെ ശക്തിയുടെ കാമുകനായിരുന്നു. അവളിൽ തന്റെ അച്ഛനും അഭിനിവേശം ജനിച്ചു് അദ്ദേഹവും തന്റെ എതിർകക്ഷിയായി തീൎന്നിരിക്കുന്നു. ഈ വിഷമഘട്ടത്തിൽ എന്തുചെയ്യേണ്ടുവെന്നറിയാതെ ഗിയാസുദ്ധീൻ ധൎമ്മസങ്കടത്തിലായി. ഈ ഒരു പെൺകിടാവിൽ ഭ്രമിച്ചു്, രാജ്യവും, ധനവും, അഥവാ ജീവൻകൂടിയും ഉപേക്ഷിച്ചു തന്റെ അച്ഛന്റെ നേരെ ശത്രുയ്ക്കു പുറപ്പെടുകയോ, അതല്ല, ഈ വിഷയത്തിൽനിന്നു കേവലം പിൻമാറുകയോ, എന്താണു് വേണ്ടതെന്നു് അയാൾക്കു സംശയമായി.

ഉദ്ദിഷ്ടകാൎയ്യത്തിൽനിന്നു പിൻവലിക്കുകയേക്കാൾ മരിക്കുന്നതാണു് നല്ലതെന്നു ഗിയാസുദ്ധീന്റെ ഉററബന്ധുവും ഉത്തമോപദേഷ്ടാവുമായ അന്തഃകരണം ഉപദേശിച്ചു. മനസ്സാക്ഷിക്കെതിരായി പ്രവൎത്തിക്കുന്ന സമ്പ്രദായം ഗിയാസുദ്ധീനു പണ്ടേ ഇല്ല. ഇപ്പോഴും അങ്ങിനെ ചെയ്യുന്നതു വിഹിതമല്ലെന്നും അയാൾ തീൎച്ചപ്പെടുത്തി. തന്റെ അവിവേകകൃത്യത്തിന്റെ ദുരിതഫലം അറിഞ്ഞുകൊണ്ടുതന്നെ അയാൾ അനൎത്ഥസരണിയിൽ കാലെടുത്തുവച്ചു.

ഉദ്ദേശപ്രകാരം തന്റെ പിതാവിനെ വന്ദിക്കുവാൻ കാത്തുനിൽക്കാതെ ഗിയാസുദ്ധീൻ നേരേ സ്വഗൃഹത്തിലേക്കു തിരിച്ചു സ്വൎണ്ണനഗരത്തിലേക്കു അന്നു രാത്രി തന്നെ പുറപ്പെടാനുള്ള ഏൎപ്പാടുകൾ ചെയ്തു. സ്വൎണ്ണനഗരം അയാൾ ഭരിച്ചിരുന്ന സംസ്ഥാനത്തിന്റെ തലസ്ഥാനമായിരുന്നു. അവിടുത്തെ നാണ്യങ്ങൾകൂടി ഗിയാസുദ്ധീന്റെ സ്വന്തം പേരിലാണടച്ചിരുന്നതു്.

രാജ്യപദവിയിലേയ്ക്ക് ഇനിയത്തെ അടുത്ത അവകാശിയായ ഗിയാസുദ്ധീന്ന് ഈ വക സ്വാതന്ത്ര്യങ്ങൾ അനുവദിക്കുന്നതിനാൽ യാതൊരു വൈഷമ്യവും വരാനില്ലെന്നായിരുന്നു സുൽത്താന്റെ വിശ്വാസം. പക്ഷെ ഈ വിശ്വാസം വളരെ അസ്ഥാനത്തിലായിപ്പോയെന്നു സുൽത്താന്നു കാലതാമസം കൂടാതെ അറിയാനിടയായി.

അന്നുരാത്രിതന്നെ ഗിയാസുദ്ധീൻ തന്റെ പരിജനങ്ങളേയും സൈന്യത്തിൽ ഒരുഭാഗത്തേയും സ്വർണ്ണനഗരത്തിലേയ്ക്കയച്ചു. ശേഷം പട്ടാളക്കാർ തന്റെകൂടെ പുറപ്പെടേണ്ടതാണെന്നു ചട്ടംകെട്ടി, തന്റെ വിശ്വസ്തഭൃത്യനായ കുട്ടബ്ബിന്റെ വരവും നോക്കിയിരിപ്പായി.

മനസ്സാക്ഷി കഴിച്ചാൽപ്പിന്നെ ഗിയാസുദ്ധീന്റെ ഉത്തമമിത്രം ഈ കുട്ടബ്ബാണ്. അന്തരംഗസഖാവിന്റെ ഉപദേശങ്ങളെ ക്രിയാരൂപേണ നിർവഹിക്കുകയാണു കുട്ടബ്ബിന്റെ പ്രവൃത്തി ഈ രണ്ടു മിത്രങ്ങളിൽ ഒന്നു അയാളുടെ ജീവിതഘടികാരത്തിന്റെ സൂചിയും മറേറതു താക്കോലും ആയിരുന്നു എന്നുപറയാം. വിചാരിക്കുന്നതെല്ലാം സാധിക്കണം എന്ന പിടുത്തക്കാരനായിരുന്ന ഗിയാസുദ്ധീന്നു ഈ രണ്ടുകൂട്ടരുടേയും സഹകരണം സകല കാര്യത്തിലും അപരിഹാര്യമായിത്തീർന്നു. കുട്ടബ്ബ് അയാളുടെ അഭിലാഷങ്ങൾ സാധിപ്പിക്കുക മാത്രമല്ല, പ്രേരിക്കുകകൂടി ചെയ്തിരുന്നു.

തന്റെ പ്രഭുവിന്നു ശക്തിയോടു അഭിനിവേശം ജനിച്ചിട്ടുണ്ടെന്നറിഞ്ഞ ക്ഷണത്തിൽ കുട്ടബ്ബ് അവളെ തിരഞ്ഞുപുറപ്പെട്ടു. അവൻ കാര്യം സാധിച്ചേ മടങ്ങുകയുള്ളു എന്നു ഗിയാസുദ്ധീന്നു നല്ലപോലെ അറിയാമായിരുന്നു. കുട്ടബ്ബ് ഏതെങ്കിലും ഒരു ഉദ്യമത്തിൽനിന്നു ഭഗ്നോത്സാഹനായി തിരിച്ചുവരിക എന്നതു ഇതേവരെ ഉണ്ടായിട്ടില്ല. അവന്റെ പ്രത്യാഗമനം പ്രതീക്ഷിച്ചും സമയത്തിന്റെ മന്ദഗതിയെ ശപിച്ചുംകൊണ്ടു യുവരാജാവ് അക്ഷമനായിരുന്നു. സ്വർണ്ണനഗരിയിൽ എത്തിച്ചേർന്നാൽ പിന്നെ യാതൊന്നും ഭയപ്പെടേണ്ടതില്ലെന്നു അയാൾക്കു തീർച്ചയുണ്ടായിരുന്നതിനാൽ എങ്ങിനെയെങ്കിലും ശക്തിയോടുകൂടി അവിടെ എത്തിയാൽ മതിയെന്നായിരുന്നു അയാളുടെ ആഗ്രഹം.

ഏകദേശം അർദ്ധരാത്രിയായപ്പോൾ "പക്ഷി വലയിൽ അകപ്പെട്ടു" എന്ന സന്തോഷവർത്തമാനവും കൊണ്ടു് കുട്ടബ്ബ് മടങ്ങി എത്തി. ഇനിയൊന്നും ഭയപ്പെടാനില്ലെന്നും പണിപ്പെട്ടു കിട്ടിയ നിക്ഷേപത്തെ ഉടനെ സ്വാധീനപ്പെടുത്തേണ്ടതാണെന്നും അവർ തീർച്ചയാക്കി.

കാര്യസാഫല്യത്തെക്കുറിച്ചു് അവർ അന്യോന്യം കുറെ നേരം അനുമോദിച്ചശേഷം, തന്റെ അച്ഛന്നു് ശക്തിയോടുള്ള അഭിനിവേശത്തെപ്പററിയും, അതിനെ തടയുവാനുള്ള മാർഗ്ഗങ്ങളെപ്പററിയും ഗിയാസുദ്ധീൻ കുട്ടബ്ബുമായി സംസാരിച്ചു. ശക്തി തന്റെ പാട്ടിലായെന്നുള്ള ദൃഢതയോടുകൂടി ഇരുവരും മേലിൽ ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ചാലോചിച്ചുതുടങ്ങി. പാണ്ഡുവനഗരിയിൽ നിന്നു പോകുന്നതിന്നുമുമ്പുതന്നെ രാജപദവിക്കു യോജിക്കുന്ന ആഡംബരത്തോടുകൂടെ മനോഹരവും ബഹളമില്ലാത്തതുമായ ഒരു ദിക്കിൽവെച്ചു് ശക്തിയുടെ വിവാഹം നടത്തേണമെന്നായിരുന്നു അയാളുടെ ഉദ്ദേശം. പക്ഷെ ഇതിന്നു ഒരു തരക്കേടുണ്ടായിരുന്നു. അടുത്തദിവസം രാവിലെ സുൽത്താനും സൈന്യവും സമരസന്നാഹത്തോടുകൂടി അവിടെ എത്തുമെന്നു് തീർച്ചയാണു്. യുദ്ധരംഗത്തിലേക്കു പുറപ്പെടുന്നതിന്നുമുമ്പായിതന്നെ, ശക്തിയെ രാജ്ഞിപദത്തിൽ സ്ഥാപിക്കേണമെന്നു് ഗിയാസ്സുദ്ധീന്നു് കലശലായായ മോഹവും ഉണ്ടു്. പക്ഷെ, ശത്രുപീഡയേൽക്കാതെ അവർക്കു പാർക്കുവാൻ സൌകര്യമുള്ള സ്ഥലം എവിടെയാണുള്ളതു്? തന്റെ ദുർമ്മോഹം എത്രയോ ആപൽക്കരമാണെന്നു് ഗിയാസുദ്ധീൻ തീരെ ഓർത്തില്ല. മോഹാന്ധന്മാരായ മനുഷ്യർ വിഷയസുഖത്തിൽ ഭ്രമിച്ചു് അവശ്യംഭാവിയായ ആപത്തിനെ ഓർക്കാതെ അപകടത്തിൽ ചാടുന്നതു് ഏററവും ആശ്ചര്യകരമാണെങ്കിലും അതു ലോകസ്വഭാവമാണല്ലൊ.

കുട്ടബ്ബിന്റെ ബുദ്ധിസാമർത്ഥ്യം ഈ വിഷമഘട്ടത്തിലും സന്നദ്ധമായിരുന്നു. സുൽത്താന്റെ പ്രധാനമന്ത്രിയായിരുന്ന അവന്റെ അച്ഛന്നു് നഗരത്തിന്റെ ബഹിർഭാഗത്തു് ജനബാധയില്ലാത്ത ഒരു മൂലയിൽ ഈ ആവശ്യത്തിന്നുപററിയ ഒരു ഗൃഹമുണ്ടു്. കുട്ടബ്ബ് അവിടെ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്‌വാൻ

വേണ്ടി കുറേ ആളുകളോടുകൂടി യുവരാജാവിന്റെ സേനാധിപതിയായ ഹുസേൻഖാനെ അവിടത്തേക്കയച്ചു. പാണ്ഡവനഗരിയിൽ ശേഷിച്ചിരുന്ന പട്ടാളക്കാരോടും, രണ്ടു പല്ലക്കുകളോടും കുറെ പരിചാരികമാരോടുംകൂടി ഹുസ്സേൻഖാൻ ഉടനെ പ്രസ്തുതഗൃഹത്തിലേക്കു യാത്രയായി.

അതിനുശേഷം പ്രശാന്തമായ നിശീഥിനിയിൽ ഗിയാസുഡീനും ചങ്ങാതിയും ആറു പട്ടാളക്കാരും ഒരു ഒഴിഞ്ഞപല്ലക്കുമായി ശക്തി പാർത്തിരുന്ന സ്ഥലത്തേക്കു് പുറപ്പെട്ടു. കാളീക്ഷേത്രത്തിന്നടുത്തെത്തിയപ്പോൾ പട്ടാളക്കാരെയും പല്ലക്കുകാരെയും മറവിൽ നിർത്തി, ഗിയാസുഡീനും ചങ്ങാതിയുംമാത്രം ആരുംകാണാതെ നിശ്ശബ്ദമായി ക്ഷേത്രത്തിന്നുള്ളിലേക്കു കടന്നു. ഒരു മുസൽമാൻസന്യാസിയുടെ വേഷംധരിച്ചു കുട്ടബ്ബ് മുമ്പുതന്നെ ആ സ്ഥലത്തിന്റെ "ഉള്ളുകള്ളികൾ" മനസ്സിലാക്കിട്ടുണ്ടായിരുന്നു. ഈ പ്രാവശ്യം വേറൊരു വേഷമാണു് യുക്തമെന്നു അവൻ തീർച്ചപ്പെടുത്തി, ക്ഷേത്രത്തിന്നുള്ളിൽ കടന്നുടനെ തന്റെ ഉടുപ്പു മാററി. തലയിൽ കെട്ടിയിരുന്ന ചുവന്നവസ്ത്രം അഴിച്ചു അരയിൽ കെട്ടി. ദേവിയുടെ കഴുത്തിൽ ചാർത്തിയ തെററിമാലകളും ചുമരിൽ തൂങ്ങിക്കിടന്നിരുന്ന കപാലമാലയും ലേശംപോലും കൂസൽകൂടാതെ എടുത്തണിഞ്ഞു... വിഗ്രഹത്തിന്റെ മുൻവശത്തു് ഒരു തട്ടിൽ കൂട്ടിവെച്ചിരുന്ന രക്തചന്ദനമെടുത്തു് ശരീരത്തിലും പൂശി; ഇങ്ങിനെ വേഷംമാറിക്കഴിഞ്ഞപ്പോൾ അവൻ കാളീഭക്തന്മാരിൽവെച്ചു് ഏററവും ഭയങ്കരന്മാരായ "കാപാലിക"സ്സന്ന്യാസികളിൽ ഒരുവനെപ്പോലെ ആയിത്തീർന്നു.

"ഇനി വേണ്ടുന്നകാൎയ്യം ആലോചിക്കാം" എന്നുപറഞ്ഞുകൊണ്ടു് കുട്ടബ്ബ് ചുമരിലെ ഒരു ദ്വാരത്തിൽകൂടി യോഗിനിയുടെ മുറിയിലേക്കു നോക്കിയപ്പോൾ ശക്തി ആ സ്ഥലത്തേക്കു വരുന്നുണ്ടെന്നു കണ്ടു, വിവരം ഗിയാസുഡീനോടു രഹസ്യത്തിൽ പറഞ്ഞു. രണ്ടുപേരും വിഗ്രഹത്തിന്റെ പിൻവശത്തു് മറഞ്ഞു നിന്നു. ശക്തിയുടെ പ്രാൎത്ഥനകൾക്കു മറുപടിപറഞ്ഞതു് കുട്ടബ്ബായിരുന്നു. പിന്നീടു് നടന്ന സംഗതികൾ നമുക്കറിവുള്ളതാണല്ലോ.

———(൦)———

## പതിനേഴാം അദ്ധ്യായം

സുൽത്താന്റെ രാജധാനിയിൽ വാൎഷികോത്സവം കൊണ്ടാടിയ സമയംതന്നെ, പാണ്ഡവനഗരിയിൽ ഗണേശദേവന്റെ അരമനയോടുചേൎന്ന ഉദ്യാനത്തിലും ചില വിശേഷസംഭവങ്ങൾ നടന്നുകൊണ്ടിരുന്നു.

കാലം രമണീയമായ വസന്തമായിരുന്നു. ഹിമാലയപാൎശ്വത്തിൽനിന്നു വീശുന്ന ശീതക്കാററു ശമിച്ചു. ദാക്ഷിണാത്യനായ മന്ദമാരുതൻ പൂത്തുതളിൎത്തു നിൽക്കുന്ന വൃക്ഷലതാദികളിൽ കളിയാടി. അശോകം, ചമ്പകം മുതലായ വൃക്ഷങ്ങളിൽ കുസുമങ്ങൾ നിറഞ്ഞു. പുഷ്പിതമായ ആ പൂങ്കാവ് വിശേഷവസ്ത്രങ്ങൾ ധരിച്ചു 'മേനിമിനുക്കങ്ങൾ' പൂൎത്തിയാക്കീട്ടുള്ള ഒരു നവോഢയെപ്പോലെ പരിലസിച്ചു. ആകാശമണ്ഡപത്തിലെങ്ങും വ്യാപിച്ച പരിമളലഹരിയാൽ പ്രമത്തങ്ങളായ കോകിലങ്ങൾ സരസഗാനം ആരംഭിച്ചു. ഇങ്ങിനെയുള്ള വസന്തോത്സവത്തിന്റെ ആഘോഷാൎത്ഥം ഉദ്യാനത്തിൽ വന്നുചേൎന്നിരുന്ന നവയൌവനയുക്തകളുടെ മധുരസ്വരങ്ങൾ ഉപവനപ്രാന്തങ്ങളെ മുഖരിതങ്ങളാക്കി.

നമ്മുടെ ഇന്ത്യാരാജ്യം ഒരു ചരിത്രഭൂമിയാണെന്നു പറയുന്നതു് ഏററവും യഥാൎത്ഥമാണു്. ഐതിഹ്യമോ പുരാവൃത്തമോ ഇല്ലാത്ത വൃക്ഷം കാണ്മാൻ നന്നെ പ്രയാസമുണ്ടു്. സുരഭിലമായ ചൂതപുഷ്പം മന്മഥന്റെ പഞ്ചായുധങ്ങളിൽ ഒന്നാണു്. കടമ്പുവൃക്ഷത്തിന്റെ സ്നിഗ്ദ്ധഛായയിൽ വെച്ചാണു് രാധാമാധവന്മാരുടെ ലീലാവിലാസങ്ങൾ നടന്നിരുന്നതു്. "കാമിനീപാദസമ്പൎക്കം" ഏല്ക്കാത്ത അശോകവൃക്ഷം പൂക്കാറില്ല. പക്ഷേ, ചമൽക്കാരശ്ശൂന്യമായ ഈ കാലത്തു അശോകം പരസഹായാപേക്ഷകൂടാതെ പുഷ്പിക്കേണ്ടിവന്നിരിക്കുന്നു. ഈ വസന്തോത്സവത്തിൽ, അവിടെ കൂടിയിരുന്ന ബാലികമാർ ആരുംതന്നെ അശോകത്തെ തീരെ ആദരിക്കാൻ ഭാവമില്ല. വിനോദപ്രിയകളായ ആ പെൺകിടാങ്ങൾക്കു് ഒരു പേരമരത്തോടാണു് അധികം പ്രിയം കാണുന്നതു്. ഒരു ചെറിയകട്ടി, നിലത്തോടടുത്തു ചാഞ്ഞു

കിടക്കുന്ന പേരമരത്തിൽ കയറി, അതിന്റെ കൊമ്പുകളിൽ അങ്ങുമിങ്ങും ചാടിക്കളിക്കുന്നു! പല്ലവകോമളങ്ങളായ ആ ചെറുകാലടികളുടെ സ്പർശസൗഖ്യം അനുഭവിക്കാനിടവന്നതിനാൽ സന്തോഷിച്ചിട്ടെന്നപോലെ ആ വൃക്ഷത്തിന്റെ ചെറുശാഖകൾ ആടിക്കൊണ്ടിരിക്കുന്നു. മരത്തിൽ കയറാൻ ധൈര്യമില്ലാത്ത ചില കുട്ടികൾ അതിന്റെ ചുവട്ടിൽ നാലുഭാഗത്തും വളഞ്ഞുനിന്നു അവരുടെ ലീലാകേളികൾ കണ്ടു രസിക്കുന്നു. അവളെ അനുകരിക്കുവാൻ മുതിർന്ന വേറെ ചിലർ, മരത്തിൽ കയറാനുള്ള ശ്രമം ഫലിക്കാതെ ഭഗ്നാശകളായി ഭൂമീദേവിയുടെ മടിയിൽചെന്നു വീഴുന്നതു കണ്ടു മററുള്ളവർ ചിരിക്കുന്നു.

മരത്തിന്മേൽ ചാടിക്കയറുന്നതു പെൺകുട്ടികൾക്കു ചേർന്ന തൊഴിലല്ലെന്നു പറഞ്ഞു മററെ കുട്ടിയെ പഴിച്ചും, കീഴ്പെട്ടു ഇറങ്ങിവരാൻവേണ്ടി അവളോടപേക്ഷിച്ചും വേറെ ചില ബാലികമാരും അവിടെ നിൽക്കുന്നുണ്ടായിരുന്നു. പക്ഷെ അവരുടെ ആക്ഷേപം അവളെ പൂർവ്വാധികം ഉത്സാഹിപ്പിച്ചതേയുള്ളു. പല വിദ്യകളും കാണിക്കുന്നതിന്നിടയിൽ അവൾ തന്റെ സഖികളുടെ തലയിൽ ഒട്ടേറെ പഴങ്ങൾ കൊഴിച്ചിടുകയും ചെയ്തിരുന്നു.

ആസമയംതന്നെ വേറൊരു മരത്തിൽ നിന്നും പഴങ്ങളുടെ ഒരു വൃഷ്ടിയുണ്ടായി. താണുനിന്നിരുന്ന ഒരു കൊമ്പു കൈകൊണ്ടു പിടിച്ചു കുലുക്കിയപ്പോൾ ദ്രൌപദിയുടെ അക്ഷയപാത്രത്തിൽ നിന്നു അന്നം പൊലിയുംപോലെ ആ മരത്തിൽ നിന്നു പഴങ്ങൾ കണക്കില്ലാതെ കൊഴിഞ്ഞുവീണു. അവയെ വളരെ നേരം നിലത്തുകിടക്കാനനുവദിക്കാതെ ആ പെങ്കിടാങ്ങൾ ആർത്തുവിളിച്ചുകൊണ്ടു പെറുക്കി ശേഖരിച്ചു.

ഈവക നേരമ്പോക്കുകൾക്കു ചമൽക്കാരവും പ്രൌഢിയും പോരെന്നായിരുന്നു വേറെ ചിലരുടെ അഭിപ്രായം. നവോഢകളായ ചില ബാലികമാർ തങ്ങളുടെ ഭർത്താക്കന്മാൎക്കു സമ്മാനിക്കാൻവേണ്ടി പുഷ്പമാല്യങ്ങൾ കെട്ടിയുണ്ടാക്കുന്നു. ഫലപുഷ്പാദികളിലും രസമില്ലാത്ത മററു ചിലർ, സ്വന്തം കാമുകന്മാരെ കടാക്ഷവീക്ഷണത്താൽ വശീകരിച്ചു തങ്ങളുടെ സൌന്ദൎയ്യജാലത്തിൽ പെടുത്തി അവശന്മാരാക്കുവാനുള്ള അവസരത്തെ മാത്രം പ്രതീ

ക്ഷിച്ചുകൊണ്ടിരിക്കുന്നു. വേറൊരുസ്ഥലത്തെ വിദ്വാന്മാരും ഊഞ്ഞാലുകളാണ്. നേരമ്പോക്കുകൾ പറഞ്ഞുചിരിച്ചും പാട്ടുകൾ പാടി രസിച്ചും അവർ കോമളക്കാലടികളെക്കൊണ്ടു വായുമണ്ഡലത്തെ തർജ്ജനം ചെയ്തു ഊഞ്ഞാലാടുന്ന കാഴ്ച കാണേണ്ടതു തന്നെയാണ്!

ഒട്ടകലെയുള്ള ഒരു മാവിൻതോട്ടത്തിലെ കൽത്തറയിലിരുന്നു കാമിനിയും കുസുമയും മാലകെട്ടുകയാണ്. പൂക്കളെക്കൊണ്ടു ഓരോ ആഭരണങ്ങളുണ്ടാക്കിയും ഇടയ്ക്കിടെ ഉല്ലാസജനകമായ ഓരോ നർമ്മരഹസ്യങ്ങൾ പറഞ്ഞു രസിച്ചും അവർ കാലയാപനം ചെയ്യുന്നു. പെട്ടെന്നു കുറെ അകലേ നിന്നു മധുരമായ ഒരു പാട്ടു പുറപ്പെട്ടു. അതു രംഗിണിയുടെ പാട്ടായിരുന്നു. യൌവനയുക്തയായ ഈ രംഗിണി അരമനഭാഗവതരുടെ ഭാര്യയാണ്. രംഗിണിയെക്കാൾ ഇരട്ടി പ്രായമുള്ള ആ വയോധികബ്രാഹ്മണൻ ശുദ്ധമേ സ്ത്രീലമ്പടനും ശൃംഗാരിയും ആയിരുന്നു. തനിക്കു ഇപ്പോഴും ചെറുപ്പമാണെന്ന ഭാവത്തിൽ അയാൾ പലേ ശൃംഗാരപ്പാട്ടുകളും നിർമ്മിച്ചു രംഗിണിയെ പലപ്പോഴും ആരാധിക്കാറുണ്ട്. ഈ കൂട്ടത്തിൽപെട്ട ഒരു പദം പാടിക്കൊണ്ടായിരുന്നു രംഗിണിയുടെ രംഗപ്രവേശം.

കാമിനിയും കുസുമയും മാലകെട്ടൽ നിർത്തി. "ഇതാ നമ്മുടെ രംഗിണി!" എന്നു പറഞ്ഞു.

രംഗിണീസുന്ദരി പാടിക്കൊണ്ടു അവരുടെ മുമ്പിലെത്തി.

കുസുമ:—(ചിരിച്ചുകൊണ്ടു) പോ! നിന്റെ കിഴവന്റെ പാട്ടു ഞങ്ങൾക്കു കേൾക്കേണ്ടാ.

രംഗിണി:—അയ്യോ ഓമനേ! എന്റെ ഭർത്താവ് കിഴവനാണെങ്കിൽ നീയാകട്ടെ ഇനി എന്റെ ഭർത്താവ് എന്നു പറഞ്ഞുകൊണ്ടു അവൾ കുസുമയെ ചുംബിച്ചു ഗാനം തുടർന്നു.

കാമിനി:—നിന്റെ കിഴവൻഭർത്താവിനു ശൃംഗാരം നടിക്കാൻ നല്ല വശമുണ്ട്. സംശയമില്ല.

രംഗിണി:—നിന്റെ ചെറുപ്പക്കാരൻ ഭർത്താവിനെക്കാളും വശമുണ്ട്. അയാൾ നേരമ്പോക്കായി ഒരൊററ വാക്കെങ്കിലും

പറയുന്നതു ഞാൻ കേട്ടിട്ടില്ല. എനിക്ക് ഈ മാതിരി ഒരു മൂകനെ കിട്ടിയിരുന്നെങ്കിൽ ഞാൻ തീർച്ചയായും 'കാവി'യ്ട്ടുത്തു കാശിക്കു പോസ്റ്റുളയുമായിരുന്നു.

കുസുമ:—കാമിനിയുടെ ഭർത്താവ് വലിയ സൂത്രക്കാരനാണ്. അദ്ദേഹത്തിന്റെ ശൃംഗാരമെല്ലാം രഹസ്യമായിട്ടാണ്. ആട്ടെ രംഗിണി! കുറച്ചുകൂടി പാടു.

രംഗിണി:—ഇപ്പോഴും പാടിയ പദത്തിന്നുത്തരമായി ഞാൻ തന്നെ ഒരു പാട്ടുണ്ടാക്കീട്ടുണ്ട്. അതു പാടട്ടേ?

കാമിനി:—ഓ ഹോ; നീയ്യും തുടങ്ങിയോ കവിതയുണ്ടാക്കാൻ? നിന്റെ കൃതി കേൾക്കട്ടെ.

രംഗിണി:—കല്പനപോലെ—എന്നു പറഞ്ഞു പാടാനാരംഭിച്ചു. രംഗിണി പാടിക്കൊണ്ടിരിക്കുന്നതിനിടയിൽ നിരുപമറാണി മെല്ലെ അവിടെ വന്നെത്തി. "രംഗിണിയുടെ പാട്ടു വളരെ വിശേഷമായിരിക്കുന്നു" എന്നു പറഞ്ഞു.

നിരുപമയെ കണ്ട ഉടനെ അവരെല്ലാവരും എഴുന്നേററു അവളെ വന്ദിച്ചു.

കാമിനി:—"ശരിയാണു്. അവളുടെ സംഗീതം ശ്രീകൃഷ്ണന്റെ മുരളീസ്വരംപോലെ മധുരമായിരിക്കുന്നു!"

നിരുപമ:—രംഗിണി! ഇന്നു രാജകുമാരൻ തിരിച്ചുവന്നാൽ, ഈ പാട്ടു് അദ്ദേഹത്തെ പാടിക്കേൾപ്പിക്കണേ!

ഗണേശദേവൻ ഇപ്പോൾ രാജകുമാരന്റെ നിലവിട്ടു് രാജാവുതന്നെ ആയിരുന്നുവെങ്കിലും ചിരപരിചയത്താൽ അദ്ദേഹത്തെ നിരുപമ രാജകുമാരൻ എന്നാണ് വിളിച്ചു വന്നിരുന്നതു്.

രംഗിണി:—"കൊച്ചുറാണി! ഞാനെന്തിനാണു പാടുന്നതു്? മഹാരാജാവിനു ഇന്നത്തെ ഉത്സവത്തിൽ സമ്മാനം കിട്ടിയതിനെ പ്രമാണിച്ചു ദേവിയല്ലേ പാട്ടുപാടി അദ്ദേഹത്തെ എതിരേൽക്കേണ്ടതു്?"

രാജകുമാരനെ ഇപ്രകാരം പ്രശംസിച്ചു പറയുന്നതു കേട്ടപ്പോൾ നിരുപമയുടെ ഹൃദയത്തിൽ വഴിഞ്ഞൊഴുകിയ സന്തോ

ഷാഭിമാനങ്ങൾ മന്ദസ്മിതരൂപേണ പ്രത്യക്ഷപ്പെട്ടു. മന്ദാക്ഷം തൂകിക്കൊണ്ടു് അവൾ ഇങ്ങനെ പറഞ്ഞു:—

“നിങ്ങളെല്ലാവരും പാട്ടുപാടി അദ്ദേഹത്തെ എതിരേല്ക്കുവിൻ. ഞാൻ അദ്ദേഹത്തിന്നൊരു മാല സമ്മാനിക്കാം.”

കുസുമ:—എന്നാൽ, ഞങ്ങൾ ആദ്യം റാണിയെത്തന്നെ മാലയണിയിക്കട്ടെ. പിന്നെ അതു കഴുത്തിൽ നിന്നെടുത്തു രാജകുമാരനു കൊടുത്തുകൊൾക.

നിരുപമയുടെ കയ്യിലും കാലിലും കഴുത്തിലും അവർ കുസുമാഭരണങ്ങൾ അണിയിച്ചു്, എല്ലാവരും ഒന്നായി പാടിക്കളിച്ചു. പാട്ടവസാനിച്ച ഉടനെ നിരുപമ പറഞ്ഞു:—

“ഈ മാലപോരാ. അദ്ദേഹത്തിന്നു് സമ്മാനിക്കുവാൻ ഞാൻ തന്നെ ഒരു മാല കെട്ടിയുണ്ടാക്കട്ടെ. ഇവിടെ പുഷ്പങ്ങൾക്കു പഞ്ഞമില്ലല്ലൊ. പിന്നെ എന്തിനു ബുദ്ധിമുട്ടുന്നു?”

ഒരു കൽത്തറയിലിരുന്നു് നിരുപമ മാലകെട്ടാൻ ആരംഭിച്ചു. തന്റെ ഹൃദയാന്തരത്തിൽ ഒളിഞ്ഞു കിടന്നിരുന്ന ഏതാൻ ചില സ്മരണകൾക്കു പെട്ടെന്നു ഒരുണർച്ച തട്ടുകയാൽ അവളുടെ അരുണകപോലങ്ങളിൽ ക്ഷണനേരത്തോളം ഒരു നിറപ്പകർച്ചയുണ്ടായി. വളരെ കൊല്ലം മുമ്പു് മഹീപാലതടാകത്തിൽ വെച്ചു് അവൾ കെട്ടിയുണ്ടാക്കിയ മാലയെ ഗണേശദേവൻ ശക്തിയുടെ കണ്ഠത്തിൽ അർപ്പിച്ചപ്പോൾ അവൾ അനുഭവിച്ച മനശ്ശല്യം അവളുടെ സ്മരണയിൽനിന്നു ഇനിയും മാഞ്ഞുപോയിട്ടില്ല. ശക്തിയുടെ സാമീപ്യം തത്സമയത്തുകൂടി അവൾ അനുഭവിക്കുന്നുണ്ടെന്നു തോന്നുകയാൽ നാലുഭാഗത്തും തിരിഞ്ഞുനോക്കി. തന്റെ പരിപന്ഥിനി അവിടെയൊന്നും ഇല്ലെന്നു തീർച്ചയായപ്പോൾമാത്രമേ അവൾക്കു കുറച്ചൊരു സമാധാനമായുള്ളു. തൽക്ഷണം ദൂരത്തുനിന്നു ഒരു മുരളീസ്വരം കേട്ടു എല്ലാവരും ചെവിയോർത്തുകൊണ്ടിരിപ്പായി.

കാമിനി:—ഈ സ്വരം പൂർവകഥകളെ ഓർമ്മപ്പെടുത്തുന്നു. പണ്ടു ദിനേശപുരത്തിൽ നമ്മൾ കളിച്ചു വളൎന്നകാലം കൊച്ചുറാണി ഓൎക്കുന്നുണ്ടോ? അതിന്നുശേഷം ഞാൻ ഈ

സ്വരം കേട്ടിട്ടേ ഇല്ല. മഹീപാലതടാകതീരത്തിൽ വെച്ചു നമ്മൾ 'രാജാവും രാജ്ഞിയും' കളിച്ചതു ദേവി ഓർക്കുന്നില്ലേ?

ഓർക്കുന്നില്ല എന്നോ? സാധുക്കുട്ടി! ആ സ്മരണയുടെ ഉത്സഹതയാണ് അവളുടെ സന്തോഷപൂർത്തിക്കു ഇപ്പോഴും ഒരു പ്രതിബന്ധമായിരിക്കുന്നതു്. തന്റെ മനോഗതം വെളിപ്പെട്ടെങ്കിലോ എന്നു ഭയപ്പെട്ടു കാമിനിയുടെ മുഖത്തു നോക്കാതെ അവൾ ഗൂഢമായി നിശ്വസിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:—

"രാജകുമാരൻ വരാൻ എന്താണിത്ര വൈകുന്നതു്? ഉത്സവം ഇപ്പോൾ കഴിഞ്ഞിരിക്കേണമല്ലോ. ഈ ഓടക്കുഴൽ വിളിക്കുന്നതു അദ്ദേഹംതന്നെ ആയിരിക്കുമോ?"

അതെ—അതു രാജകുമാരൻ തന്നെയായിരുന്നു. പുഷ്പമാല്യങ്ങളെക്കൊണ്ടു അദ്ദേഹത്തെ എതിരേൽക്കുവാനുള്ള അവസരത്തെ ബാലികമാരും അന്നത്തെ വിജയത്തെക്കുറിച്ചു അദ്ദേഹത്തെ അഭിനന്ദിക്കുവാനുള്ള അവസരത്തെ അത്യന്തം ഔത്സുക്യത്തോടുകൂടെ നിരുപമയും കാത്തിരുപ്പായി.

പക്ഷേ, ഗണേശദേവന്റെ അപ്പോഴത്തെ അവസ്ഥ എന്തായിരുന്നു? ആ യുവാവ്, പ്രശാന്തരമണീയമായ നദീതീരത്തിൽ തന്റെ ബാല്യകാലത്തിലെ പ്രിയവയസ്യയും ഹൃദയവല്ലഭയുമായിരുന്ന ശക്തിയുടെ സൌന്ദര്യലഹരിയിൽ ലയിച്ചു ചിരപരിചിതമായ ഒരു ശൃംഗാരഗീതം പാടി പരമാനന്ദം അനുഭവിക്കുകയായിരുന്നു. ഇതരകാര്യസ്മരണകൾ തീരെ ഇല്ലാതെ തന്റെ പ്രിയസഖിയുടെ സാന്നിദ്ധ്യസുഖം മാത്രമേ അദ്ദേഹത്തിന്റെ പഞ്ചേന്ദ്രിയങ്ങൾക്കു് അപ്പോൾ അനുഭവഗോചരമായിരുന്നുള്ളു.

ഹാ! നിരുപമേ! നദീതീരത്തിൽ നടന്നിരുന്ന സംഭവങ്ങളെക്കുറിച്ചു മന്ദമാരുതൻ ഭവതിയെ അറിയിച്ചിരുന്നിരിക്കാം.

—(o)—

## പതിനെട്ടാം അദ്ധ്യായം

സ്ത്രീകളുടെ വിനോദങ്ങളിൽ പങ്കുകൊള്ളുവാൻ അന്നു രാജകുമാരന്നു തീരെ മനസ്സുണ്ടായിരുന്നില്ല. അദ്ദേഹം രാജധാനിയിൽ തിരിച്ചെത്തിയപ്പോൾ നേരം നന്നേ വൈകിയിരുന്നു. ഉദ്യാനത്തിൽനിന്നു നിർഗ്ഗമിച്ച ഹൃദയംഗമമായ സംഗീതം അദ്ദേഹം കേൾക്കാതിരുന്നില്ല. നിരുപമ ആ കൂട്ടത്തിൽ ഉണ്ടെന്നും അദ്ദേഹത്തിന്നറിയാമായിരുന്നു. പക്ഷേ തത്സമയം യാതൊരു നേരമ്പോക്കിലും ഇഷ്ടം തോന്നായ്കയാൽ അദ്ദേഹം ഏകാന്തതയെ വരിച്ചു്, അല്പം അകലെയുള്ള ഒരു ചാരുപടിയിൽ ചെന്നിരുന്നു ചന്ദ്രക്കലയെ നോക്കിക്കൊണ്ടു കാലം കഴിച്ചു. അസ്തമനോന്മുഖനായിരുന്ന നിശാനാഥൻ വെണ്മാടങ്ങളെ ധവളീകരിച്ചുകൊണ്ടു കുറേനേരം പ്രകാശിച്ചശേഷം ക്രമേണ ചരമാബ്ധിയിൽ മറഞ്ഞു. എന്നിട്ടും രാജകുമാരൻ ആ നക്ഷത്രപ്രകാശത്തിൽ ഇരുന്നു. എന്തുതന്നെ ചെയ്താലും വിട്ടൊഴിഞ്ഞുപോകാത്ത ഒരു വിഷാദം അദ്ദേഹത്തിൻെറ മനസ്സിൽകടന്നു് സ്ഥലം പിടിച്ചിരുന്നതിനാൽ അദ്ദേഹം വല്ലാതെ കുഴക്കിലായി ഒടുവിൽ ഇങ്ങിനെ നിലവിളിച്ചു:—

"അയ്യോ ഞാനെന്തൊരു കഠിനതയാണു് പ്രവൃത്തിച്ചതു്! അഥവാ ഞാൻ ഇങ്ങിനെയല്ലാതെ വേറെ ഏതുവിധത്തിലാണു് പ്രവർത്തിക്കേണ്ടിയിരുന്നതു്? ജഗദീശ്വരാ! അവൾക്കു ഞാൻ നിമിത്തമാണല്ലോ ഈ വ്യസനാവസ്ഥ വന്നുചേർന്നതു്! ഇതിന്നു തക്കവണ്ണം ഞാനെന്തു ദുരിതംചെയ്തു? അവൾ എന്നെ ഹൃദയപൂർവ്വം സ്നേഹിച്ചതിന്നു ഇതാണോ പ്രതിഫലം? ഹാ ദൈവമേ, ഞാനെന്തു പാപമാണു് ചെയ്തതു്!"

ആരോ പിൻവശത്തുകൂടി വന്നു രാജകുമാരൻെറ കണ്ണുരണ്ടും പൊത്തി. തൻെറ പ്രാണനാഥൻ വരുന്നതു കാണായ്കയാൽ ഉൽകണ്ഠിതയായി, വിനോദങ്ങളെല്ലാം വിട്ടു ഈ വിജനസ്ഥലത്തു അദ്ദേഹത്തെ തേടിവന്ന നിരുപമയാണു് ഈ നേരമ്പോക്കു പ്രവർത്തിച്ചതു്. രാജകുമാരൻ പെട്ടെന്നു ഞെട്ടിക്കൊണ്ടു് "ആരാണതു്—ശക്തിയോ?" എന്നു ചോദിച്ചു. അതു നിരുപമയാ

ണ്ടെന്നു അദ്ദേഹത്തിന്നു നല്ലപോലെ നിശ്ചയമുണ്ടായിരുന്നു; എങ്കിലും കേവലം ആലോചിക്കാതെ തന്റെ വിചാരധാരയെ അനുസരിച്ചു ഇങ്ങനെ അബദ്ധമായി പറഞ്ഞുപോയി—ആശ്ചര്യവും മനോവേദനയുംനിമിത്തം നിരുപമയുടെ ഹൃദയം അതിവേഗതയോടെ തുടിച്ചുതുടങ്ങി.

“ഇതു ശകതിയല്ല നിരുപമയാണു” എന്നു് അവൾ പറഞ്ഞപ്പോൾ രാജകുമാരന്നുണ്ടായ പരിഭ്രമവും ലജ്ജയും കേവലം അവർണ്ണനീയമായിരുന്നു.

രാജകുമാരന്റെ പെരുമാററങ്ങളിൽ എന്തോ ഒരു മാററം സംഭവിച്ചിട്ടുണ്ടെന്നു നിരുപമയ്ക്കു തോന്നി. അദ്ദേഹത്തിന്റെ സംസാരം പതിവുപോലെ പ്രസന്നമോ പ്രണയമസൃണമോ ആയിരുന്നില്ല. അദ്ദേഹം എത്രതന്നെ നിർബന്ധിച്ചിട്ടും ഇരിക്കാതെ അവൾ കണ്ണിൽ വെള്ളം നിറച്ചുനിന്നതേയുള്ളു. അവൾക്കു വയസ്സു പതിനേഴായെങ്കിലും ബാലസ്വഭാവം ഇനിയും മാറിയിട്ടില്ല. അവളുടെ ഭീരുപ്രകൃതവും, ഹൃദയാവർജ്ജകമായ സൌശീല്യവും, ഭർത്താവോടുള്ള അനുസരണശീലവും പ്രേമപരിപൂർണ്ണമായ ആ യൌവ്വനമലരുടെ മനോഹരതയെ ദ്വിഗുണീകരിച്ചു. വളരെ നേരം മൌനിയായിരുന്ന ഗണേശദേവൻ തന്റെ പ്രിയതമ നിന്നു ബുദ്ധിമുട്ടുന്നതുകണ്ടപ്പോൾ തന്നെത്താൻ കുററപ്പെടുത്തിക്കൊണ്ടു് അവളെ അരികത്തു പിടിച്ചിരുത്തി. ആ സുശീലയാകട്ടെ, ഭർത്താവിന്റെ ചുമലിൽ ചാരി, അദ്ദേഹത്തിന്റെ സ്ത്രാഗ്രംകൊണ്ടു മുഖം മൂടി കരയാനും തുടങ്ങി.

നിരുപമയുടെ നേത്രാഞ്ചലങ്ങളിൽ നിന്നു അനർഗ്ഗളമായി പ്രവഹിക്കുന്ന ബാഷ്പധാര കണ്ടപ്പോൾ ഗണേശദേവൻ തന്റെ സ്വന്തം വ്യസനങ്ങളെല്ലാം വിസ്മരിച്ചു അവളെ പ്രേമപാരവശ്യത്തോടുകൂടെ ആശ്ലേഷിച്ചു.

“എന്റെ നിരുപമ എന്തിനു കരയുന്നു?” എന്നു ഏററവും മധുരസ്വരത്തിൽ ചോദിച്ചതിനു നിരുപമ യാതൊരുമറുപടിയും പറയായ്കയാൽ രാജകുമാരൻ ആ ചോദ്യത്തെ ഒരിക്കൽക്കൂടി ആവർത്തിച്ചു. അവൾ കണ്ണീരൊലിപ്പിച്ചുകൊണ്ടു രാജകുമാരന്റെ മുഖത്തു പ്രേമപരവശയായി നോക്കി“രാജകുമാര!

അങ്ങയ്ക്കു എന്നോടു സ്നേഹമുണ്ടെന്നു പറഞ്ഞുകേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു'' എന്നു പറഞ്ഞു.

രാജകുമാരൻ:—(അവളുടെ തലമുടിച്ചുരുളുകളെ വേർപെടുത്തിക്കൊണ്ട്) ''എന്റെ നിരുപമയോടു ഞാൻ അതെത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്. എന്നിട്ടും എന്റെ ഓമന വിശ്വസിക്കാത്തതെന്താണ്?''

നിരുപമ:—''അങ്ങ്—അങ്ങ്—'' എന്നു പറഞ്ഞു അർദ്ധോക്തിയിൽ നിർത്തി. ഹൃദയോദ്വേഗം നിമിത്തം വിറച്ചുകൊണ്ടിരുന്ന അവളുടെ അധരപല്ലവങ്ങളിൽ രാജകുമാരൻ ചുംബിച്ചപ്പോൾ അവളുടെ പരിഭ്രമം ഏറക്കുറെ ശമിച്ചു. ഭർത്താവിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ട് ''ഇപ്പോൾ ശക്തിമയി ഇവിടെ ഉണ്ടായിരുന്നെങ്കിൽ അങ്ങയ്ക്കു എന്നെക്കുറിച്ചു ഓർമ്മയുണ്ടാകുമോ?''

രാജകുമാരൻ, ''കണ്ണീരൊലിപ്പാടോ''ടുകൂടിയ അവളുടെ മുഖത്തു നോക്കിക്കൊണ്ടിരുന്നതല്ലാതെ യാതൊന്നും മറുപടി പറയുവാൻ ശക്തനായില്ല.

നിരുപമ:—''അങ്ങ് എന്നെ ഒരുകാലത്തും മറക്കുകയില്ലെന്നും അങ്ങയിലുള്ള അവകാശം എനിക്കു മാത്രമാണെന്നും എന്നോടു ശപഥം ചെയ്യണം.''

രാജകുമാരൻ:—''ഞാൻ എന്റെ നിരുപമയുടെ ദാസനല്ലെങ്കിൽ ആരുടേതാണ്?''

നിരുപമ:—''അതെനിക്കു നിശ്ചയമില്ല. പക്ഷേ എന്റെ മനസ്സിനു ഒരിക്കലും സമാധാനം കാണുന്നില്ലെന്നേ എനിക്കു പറവാൻ സാധിക്കു'' ഇത്രയും പറഞ്ഞു അവൾ വീണ്ടും രാജകുമാരന്റെ വസ്ത്രാഗ്രം കൊണ്ടു മുഖം മൂടി കരച്ചൽ തുടന്നു.

രാജകുമാരനു ഈ സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. ഇതാ തന്റെ ഹൃദയവല്ലഭ അനിർവ്വചനീയമായ എന്തോ ഒരു ശങ്കനിമിത്തം വല്ലാതെ കരയുന്നു! പക്ഷേ അവൾക്കു ഭർത്താവിൽ അവിശ്വാസമോ സ്നേഹക്കുറവോ ഉള്ളതായി തോന്നുന്നുമില്ല. ഈ

വിഷമഘട്ടത്തിൽ എന്തു ചെയ്യേണ്ടു എന്നറിയാതെ രാജകുമാരൻ കുഴങ്ങി. അദ്ദേഹം ശക്തിയെ വിവാഹം ചെയ്യുന്നപക്ഷം നിരുപമയുടെ ലോലമായ ഹൃദയം പൊട്ടിപ്പിളരുമെന്നതിന്നു സംശയമില്ല—നേരെമറിച്ചു ശക്തിയെ ത്യജിക്കുന്നതായാൽ അദ്ദേഹം അവളെ അധൎമ്മാനുഷ്ഠാനത്തിന്നു പ്രേരിപ്പിച്ചു എന്ന അപകീൎത്തിക്കും ഇടവരും. തന്റെ ഭൎത്താവു രാജകുമാരനാണെന്നു സൎവ്വാത്മനാ വിശ്വസിച്ചുപോന്ന ശക്തിയെ അന്യപുരുഷനെ വരിക്കേണ്ടിവരുന്നതു അധൎമ്മമല്ലേ?

അന്നുരാത്രി രാജകുമാരന്നു ഉറക്കം വന്നില്ല. ശക്തിയെക്കണ്ടു കാൎയ്യം രണ്ടിലൊന്നു തീൎച്ചപ്പെടുത്താമെന്നു കരുതി, പുലരുന്നതിന്നു വളരെമുമ്പായിത്തന്നെ കിടക്കയിൽ നിന്നെഴുന്നേററു, ഉറങ്ങിക്കൊണ്ടിരുന്ന നിരുപമയെ അറിയിക്കാതെ അദ്ദേഹം പുറത്തേയ്ക്കു പുറപ്പെട്ടു. കുറച്ചുദൂരം ചെന്നപ്പോൾ ഒരു പെരുമ്പറയുടെ ശബ്ദവും കുതിരപ്പട്ടാളക്കാരുടെ കോലാഹലവും കേട്ടു. ഒരു ഭടൻ പെരുമ്പറയടിച്ചു ഇപ്രകാരം വിളംബരപ്പെടുത്തുന്നുണ്ടായിരുന്നു:—

"ഗിയാസുദ്ധീൻരാജകുമാരൻ സുൽത്താനോടു ശണ്ഠയ്ക്കു പുറപ്പെട്ടിരിക്കുകയാൽ സുൽത്താൻ യുദ്ധത്തിന്നു സന്നദ്ധനായിരിക്കുന്നു. സുൽത്താനെ സഹായിക്കുവാൻ ഒരുക്കമുള്ളവർ ഉടനെ അപ്രകാരം ചെയ്തുകൊള്ളണം."

"ഗിയാസുദ്ധീൻ എന്തു കുററം ചെയ്തു?" എന്നു രാജകുമാരൻ അവനോടു ചോദിച്ചു.

"സുൽത്താൻ ഇന്നലെ ഉത്സവസ്ഥലത്തു കണ്ട ഒരു ഹിന്ദുസ്ത്രീയെ വിവാഹംചെയ്‌വാൻ തീൎച്ചയാക്കിയിരുന്നു. പക്ഷേ അവളെ യുവരാജാവു തട്ടിക്കൊണ്ടുപോയി."

ഗണേശദേവൻ ഇടിവെട്ടിയ മരംപോലെ സ്തബ്ധനായി.

—(0)—

# പത്തൊമ്പതാം അദ്ധ്യായം.

തൽക്ഷണം ഗണേശദേവനെ ആരോ പിൻവശത്തുനിന്നു വിളിക്കുന്നതുകേട്ടപ്പോൾ മാത്രമേ അദ്ദേഹത്തിന്നു ബോധം വന്നുള്ളു. അതു കുപിതയായ ഒരു സ്ത്രീയുടെ അധിക്ഷേപസ്വരമായിരുന്നു.

"ഗണേശദേവമഹാരാജാവേ! മുമ്പിൽവെച്ചു് ഒരു സ്ത്രീയെ ആളുകൾ നിൎമ്മൎയ്യാദമായി അപമാനിക്കുന്നതു് നോക്കിനില്ക്കുന്നതാണോ അങ്ങയുടെ കുലധൎമ്മം? കഷ്ടം കഷ്ടം! ഈവക അക്രമവും അനീതിയും കണ്ടിട്ടു യാതൊരു കുലുക്കവും ഇല്ലാതിരിക്കുന്നതു ആശ്ചൎയ്യംതന്നെ. സ്വരാജ്യാഭിമാനികളായ അങ്ങയുടെ പൂൎവ്വികന്മാരുടെ നിൎമ്മലമായ കീൎത്തി നിലനിൎത്തേണ്ടതു് ഇങ്ങിനെയാണോ? പിന്നെ രാജ്യം ഈ അനാഥസ്ഥിതിയിൽ പെട്ടതിലെന്താണാശ്ചൎയ്യം?"

രാജകുമാരൻ വല്ലാതെ അന്ധാളിച്ചു പുറകോട്ടു തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് ഭടജനങ്ങളുടെ മദ്ധ്യത്തിൽ ബന്ധനസ്ഥയായി സ്ഥിതിചെയ്തിരുന്ന ഒരു സന്ന്യാസിനിയെയാണു്.

"ഈ സ്ത്രീ ആരാണു്? ഇവരെ എന്തിനാണു് ബന്തോവസ്തിൽ വെച്ചിരിക്കുന്നതു്."

എന്നു രാജകുമാരൻ ചോദിച്ചു. പട്ടാളക്കാരെല്ലാം അദ്ദേഹത്തെ സലാം ചെയ്തു. ഒരുവൻ മറുപടി പറഞ്ഞു:—

"മഹാരാജാവേ! സുൽത്താൻ വിവാഹം ചെയ്‌വാനുദ്ദേശിച്ചിരുന്ന യുവതിയെ ഈ അമ്മയുടെ വീട്ടിൽനിന്നാണത്രേ ഗിയാസുദ്ദീൻരാജകുമാരൻ തട്ടിക്കൊണ്ടുപൊയ്ക്കളഞ്ഞതു്. അതുകൊണ്ടു് ഇവരെ പിടിച്ചു തടവിലിടേണമെന്നു സുൽത്താൻ കല്പിച്ചിരിക്കുന്നു."

സന്ന്യാസിനി പുച്ഛരസത്തിൽ ചിരിച്ചുകൊണ്ടു പറഞ്ഞു:—

"കുററം ചെയ്‌വാൻ ഒരാൾ. ശിക്ഷയനുഭവിക്കാൻ വേറൊരാൾ—നല്ല ന്യായംതന്നെ."

ഗണേശദേവൻ മുന്നോട്ടുവന്നു് ഉറയിൽനിന്നു വാൾ ഊരി വലത്തുകയ്യിൽ ഉയൎത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു:—

"നിങ്ങൾക്കു ജീവനിൽ കൊതിയുണ്ടെങ്കിൽ മാറിക്കൊള്ളുവിൻ."

രാജകുമാരന്റെ ഉദ്ദേശം ഭടന്മാൎക്കു മനസ്സിലായി.

"മഹാരാജാവേ! ദയചെയ്തു് അവരെ വിട്ടയയ്ക്കാതിരിക്കണേ. അവരെ വിട്ടയച്ചാൽ ഞങ്ങളുടെ തലപോകും. സേനാപതി ഞങ്ങളെ ബാക്കി വെയ്ക്കുകയില്ല."

ഇങ്ങിനെ നിലവിളിക്കാനല്ലാതെ ഖഡ്ഗപാണിയായ രാജകുമാരന്റെ അടുത്തുചെല്ലുവാൻ അവൎക്കാൎക്കും ധൈൎയ്യമുണ്ടായിരുന്നില്ല. അദ്ദേഹം സന്യാസിനിയെ ബന്ധനത്തിൽനിന്നു വിടുർത്തി, ഭയപ്പെട്ടുനിന്നിരുന്ന ഭടന്മാരോടു പറഞ്ഞു:—

"നിങ്ങളാരും ഭയപ്പെടേണ്ട; ഇക്കാൎയ്യത്തിൽ നിങ്ങൾ കുററക്കാരല്ലെന്നു ഞാൻ സേനാപതിയോടു പറഞ്ഞുകൊള്ളാം. എന്നിട്ടും അയാൾ നിങ്ങളെ ശിക്ഷിക്കാനാണു് ഭാവമെങ്കിൽ നിങ്ങളെല്ലാവരും എന്റെ പട്ടാളത്തിൽ ചേൎന്നുകൊള്ളുവിൻ. സേനാപതി എവിടെ?"

ഭടൻ:—"ഞങ്ങൾക്കു ഉത്തരവു തന്നശേഷം സേനാപതി തിരുമേനിയെ കാണ്മാൻ അരമനയിലേയ്ക്കു തന്നെയാണ് പോയതു്."

പെരുമ്പറശബ്ദം ശമിച്ചു. പട്ടാളക്കാരുടെ ചുററും കൂട്ടം കൂടിയിരുന്ന ആളുകളെ ഗണേശദേവൻ നിഷ്പ്രയാസം അകററി,

"അമ്മേ! എന്റെ കൂടെ വരുവിൻ; ഇവരിൽനിന്നു ഇനി യാതൊരുപദ്രവവും ഉണ്ടാവുകയില്ല."

സന്യാസിനി:—മകനെ! എന്റെ മകന്റെകൂടെ നടക്കുമ്പോൾ യാതൊരു ഭയത്തിന്നും അവകാശമില്ലെന്നെനിക്കറിയാം. ഞാൻ മുമ്പേ നടക്കാം. പാണ്ഡവനഗരിയിലെ വഴികൾ എനിക്കു വളരെ പരിചയപ്പെട്ടവയാണു."

പട്ടാളക്കാരൎക്കുട്ടെ അവിടെക്കൂടിയിരുന്ന മററു ജനങ്ങളാകട്ടെ യാതൊന്നും സംസാരിക്കാതെ ശ്വാസം അടക്കി നിലയായി. രാജകുമാരനും സന്യാസിനിയും കാട്ടിനുള്ളിലേയ്ക്കും കടന്നു.

———(൦)———

## ഇരുപതാം അദ്ധ്യായം

കുറെദൂരംചെന്നപ്പോൾ സന്ന്യാസിനി മാൎഗ്ഗമദ്ധ്യത്തിൽനിന്നു.

"മഹാരാജാവേ! വലത്തുവശത്തുള്ള ഈ വഴിയിൽക്കൂടിപോയാൽ അങ്ങയുടെ ഉദ്യാനത്തിൻെറ അതിൎത്തിയിൽ ചെന്നുചേരാം. അങ്ങ് ഇപ്പോൾ അരമനയിലേയ്ക്കുതന്നെ പോവുക. അധികം താമസിക്കാതെ ഞാനും അവിടെ എത്തിക്കൊള്ളാം" എന്നു പറഞ്ഞ് അവർ പിരിഞ്ഞു.

രാജധാനി സമീപിച്ചപ്പോൾ രാജകുമാരൻ അസിംഖാനെ കണ്ടു.

അസിംഖാൻ:—"മഹാരാജാവേ! ഗൌരവമേറിയ ഒരു കാൎയ്യത്തെപ്പററി സംസാരിക്കാനാണ് ഞാൻ വന്നിരിക്കുന്നത്. അച്ഛനും മകനും തമ്മിൽ യുദ്ധം തുടങ്ങാൻ പോകുന്നു. സുൽത്താൻെറ ഭാഗത്തു ചേരുവാൻ ഒരുങ്ങിക്കൊള്ളുമല്ലോ." ഗണേശദേവൻ ഈ ചോദ്യത്തിനുള്ള മറുപടിയല്ലാ പറഞ്ഞത്.

"അസിംഖാൻ! നിങ്ങൾ എന്തൊരക്രമമാണു ചെയ്യുന്നത്! നിൎദ്ദോഷിയായ ആ സന്ന്യാസിനിയെ എന്തിനാണു ദ്രോഹിച്ചത്?"

അസിം:—"മഹാരാജാവേ! ഗത്യന്തരം ഇല്ലായ്കയാൽ അങ്ങിനെ ചെയ്തതാണ്. സുൽത്താൻ കല്പിച്ചാൽ പിന്നെയെന്താണ് നിവൃത്തി? മറെറ സ്ത്രീയെ കിട്ടാത്ത സ്ഥിതിക്കു ഇവരെക്കൊണ്ടു തൃപ്തിപ്പെടാമെന്നായിരിക്കാം സുൽത്താൻെറ അഭിപ്രായം."

അസിംഖാൻെറ ഈ ക്ഷുദ്രസംഭാഷണത്തിൻെറ അസഭ്യസ്വരം രാജകുമാരനെ അധികം നീരസപ്പെടുത്തി.

"അസിംഖാൻ! ഒരു സ്ത്രീയെപ്പററി ഇങ്ങിനെ നിൎമ്മൎയ്യാദം പറയുന്നതു യോഗ്യതയല്ല. സന്ന്യാസിനിയെ ബന്ധനത്തിലിടുവാൻ കല്പിച്ചതു ആരായാലും വേണ്ടതില്ല; ഞാൻ അവരെ വിട്ടയച്ചിരിക്കുന്നു."

"സന്ന്യാസിനിയെ വിട്ടയയ്ക്കുകയോ? മഹാരാജാവേ! ഇതെന്തുകഥയാണു്?"

"വാസ്തവം; ഞാൻ അവരെ ബന്ധനത്തിൽനിന്നു വിടുർത്തി."

"അത്രമാത്രംകൊണ്ടു ദോഷമില്ല. അവരെ പോയ്ക്കളയുവാൻ അനുവദിച്ചിട്ടില്ലല്ലൊ."

"അതും ചെയ്തിരിക്കുന്നു. അല്ലെങ്കിൽ എന്തിനാണവരെ ബന്ധനത്തിൽനിന്നു വിടുർത്തുന്നതു്?"

"മഹാരാജാവേ! ആ സ്ത്രീയെ അങ്ങു് തീരെ വിട്ടയച്ചുവെന്നോ? അവർ എങ്ങോ ഓടിപ്പോയി രക്ഷപ്പെട്ടിരിക്കയില്ലല്ലൊ?"

"ഉവ്വു്. ഞാൻ അവൎക്കു പൂൎണ്ണസ്വാതന്ത്ര്യം നൽകിയിരിക്കുന്നു. അല്ലെങ്കിൽ അവരെ എന്തിനാണു് ഞാൻ വിട്ടയയ്ക്കുന്നതു്?"

"ഇവിടുന്നു നേരമ്പോക്കു പറയുകയാണു്. ഞാൻ ആ സ്ത്രീയെ പാറാവുകാരുടെ പക്കൽ ഏല്പിച്ചിട്ടാണല്ലൊ പോന്നതു്?"

"പാറാവുകാരുടെ പക്കൽ കുററമൊന്നുമില്ല. അവർ അവരുടെ കൃത്യം ശരിയായി നിറവേററിയിരിക്കുന്നു. ബലം പ്രയോഗിച്ചാണു് ഞാൻ സന്ന്യാസിനിയെ അവരുടെ അധീനതയിൽനിന്നു വിടുർത്തിയതു്."

അസിംഖാൻ പരിഭ്രമപരതന്ത്രനായിത്തീൎന്നു.

"മഹാരാജാവേ! ഇവിടുന്നു എന്തൊരു സാഹസമാണു പ്രവൎത്തിച്ചതു്? കാൎയ്യത്തിന്റെ വാസ്തവം മുഴുവനും സന്ന്യാസിനിയോടു ചോദിച്ചു മനസ്സിലാക്കാമെന്നുദ്ദേശിച്ചാണു് അവരെ രാജസന്നിധിയിൽകൂട്ടിക്കൊണ്ടു ചെല്ലുവാൻ സുൽത്താൻ എന്നെ കല്പിച്ചയച്ചതു്. ആ സ്ത്രീ എവിടെയാണുള്ളതെന്നു പറഞ്ഞുതരണം. അല്ലാത്തപക്ഷം അങ്ങയെ രാജദ്രോഹക്കുററത്തിനു തടവുകാരനാക്കേണ്ടിവരും."

"സുൽത്താന്റെ അക്രമപ്രവൃത്തികളെ ഞാൻ അനുസരിക്കുന്നില്ലെന്നുവെച്ചു് എന്റെമേൽ രാജദ്രോഹക്കുററം ചുമത്തുന്നതു ന്യായമാണോ? അഥവാ ഞാൻ കുററക്കാരനാണെന്നു അദ്ദേഹം നിശ്ചയിക്കുന്നപക്ഷം, എന്റെ പിതാമഹൻ അദ്ദേഹത്തിന്റെ പി

താവിന്നു ചെയ്തിട്ടുള്ള ഉപകാരത്തെ സ്മരിച്ച്, അതിന്നു പ്രതിഫലമായി ഞാൻ ഈ സ്ത്രീയുടെ സ്വാതന്ത്ര്യത്തെ അപേക്ഷിക്കുന്നതായി അദ്ദേഹത്തെ അറിയിക്കുക."

അസിംഖാൻ:—(ചിരിച്ചുകൊണ്ട്) മഹാരാജാവേ! ഇവിടുത്തേയ്ക്കു നന്നേ ചെറുപ്പമാണ്. ലോകപരിചയവും നന്നേ കുറയും. ഒരാൾ മുമ്പൊരിക്കൽ ചെയ്തിട്ടുള്ള ഉപകാരത്തെക്കുറിച്ച് വേറൊരാളെ അനുസ്മരിപ്പിക്കുന്നതു് ആയാളുടെ ശത്രുത സമ്പാദിക്കുവാനുള്ള എളുപ്പമാർഗ്ഗമാണ്. സുൽത്താൻെറ മുഷിച്ചൽ സമ്പാദിക്കേണ്ടെന്ന മോഹമുണ്ടെങ്കിൽ സന്യാസിനിയെ വിട്ടുതരുന്നതാണു നല്ലതു്.

രാജകുമാരൻ:—അതു വേറെ കാൎയ്യം. നിങ്ങളും ഒരു പുരുഷനല്ലേ? എൻെറ സ്ഥാനത്തു നിങ്ങളായിരുന്നെങ്കിൽ നിങ്ങൾ മറിച്ചു പ്രവൎത്തിക്കുമോ? നിസ്സഹായയും അശരണയും ആയ ഒരു സ്ത്രീ നിങ്ങളെ അഭയം പ്രാപിച്ചാൽ നിങ്ങൾ സുൽത്താൻെറ കോപം ഭയന്നു മിണ്ടാതിരിക്കുമോ?

അസിംഖാൻ:—മഹാരാജാവേ! വെറുതെ വാദിച്ചിട്ടു ഫലമില്ല. ഞാൻ ഇപ്പോൾ സന്യാസിനിയെ കൂടാതെ സുൽത്താൻെറ അടുക്കൽ ചെന്നാൽ ഉടനെതന്നെ അങ്ങേ തടവുകാരനാക്കേണ്ടതിലേക്കായി തിരിച്ചുപോരേണ്ടിവരും. സുൽത്താൻെറ "ചൈത്താൻ" ഇപ്പോൾതന്നെ ഇളകിയിരിക്കുന്നു. പൂൎവ്വസംഭവങ്ങളെ ഓൎമ്മപ്പെടുത്തി കാൎയ്യം നേടാനുള്ള അവസരം ഇതല്ല.

രാജകുമാരൻ:—അനാഥകളായ സ്ത്രീകളെ അനാവശ്യമായി ദ്രോഹിക്കുന്ന സമ്പ്രദായം നിറുത്താത്തപക്ഷം ഞാൻ അദ്ദേഹത്തിന്നു സൎവ്വഥാ കീഴടങ്ങുന്നതല്ലെന്നുകൂടി നിങ്ങൾ സുൽത്താനെ അറിയിച്ചാൽ കൊള്ളാം.

അസിംഖാൻ അവിടെനിന്നു മടങ്ങി. രാജകുമാരനെ അപ്പോൾതന്നെ രാജദ്രോഹക്കുറ്റത്തിന്നു ബന്ധനസ്ഥനാക്കേണ്ടതാണെന്നു അയാൾക്കു ബോധമുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ പൌരുഷവും, രാജകുമാരൻ, പക്ഷേ, ഔചിത്യം അറിഞ്ഞു പ്രവൎത്തിക്കുമെന്നുള്ള വിശ്വാസവും നിമിത്തം അയാൾ ത

ല്ലാലും ആ സാഹസപ്രവൃത്തിക്കു തുനിഞ്ഞില്ല. സുൽത്താനോട് കാര്യത്തിൻെറ യഥാർത്ഥസ്ഥിതി പറഞ്ഞാൽ അദ്ദേഹവും ഒരു സമയം സമ്മതിക്കുമെന്നു അയാൾക്കു സംശയമുണ്ടായിരുന്നു.

അസിംഖാൻ പോയ ഉടനെ സന്യാസിനി രാജകുമാരൻെറ അടുക്കലെത്തി.

"ഇനിയൊട്ടും ഇവിടെ താമസിക്കുന്നതു ശരിയല്ല. താമസിച്ചാൽ ശത്രുപക്ഷക്കാർ തീർച്ചയായും നമ്മെ പിടിച്ചു തടവിലിടും. ഇവിടുത്തെ പരിവാരങ്ങളേയും പട്ടാളക്കാരേയും തയ്യാറാക്കി നിൎത്തുവാൻ സേനാപതിയോടു ചട്ടംകെട്ടീട്ടുണ്ട്. കുഡുംബങ്ങളെ ഈ ക്ഷണത്തിൽ കൂട്ടിക്കൊണ്ടുവരിക. യുദ്ധം ഇതാ ആസന്നമായിരിക്കുന്നു. പാൎത്തിരിക്കാൻ സമയമില്ല."

ഒരു മണിക്കൂറിന്നുള്ളിൽ ഗജേന്ദ്രദേവൻ കുഡുംബസമേതം പാണ്ഡവനഗരിയിൽനിന്നു പുറപ്പെട്ടു.

അദ്ദേഹത്തെ ബന്ധനസ്ഥനാക്കുവാനുള്ള ആജ്ഞയോടുകൂടി അസിംഖാൻ അവിടെ എത്തിയപ്പോൾ രാജധാനി ശൂന്യമായിരുന്നു.

—— (0) ——

## ഇരുപത്തൊന്നാം അദ്ധ്യായം.

സമരസംരംഭം വൈശ്വാനരജ്വാലപോലെ ബങ്കാളത്തിലെങ്ങും പരന്നു. മകൻെറ അക്രമപ്രവൃത്തിനിമിത്തം വന്നുചേൎന്ന ആശാഭംഗത്താൽ കോപാക്രാന്തനായ സുൽത്താൻ സന്യാസിനിയുടെ മോചനവൃത്താന്തശ്രവണത്താൽ പൂർവാധികം ക്രുദ്ധനായി.

"കൂനിന്മേൽ കുരുപോലെയായില്ലേ ഈ പ്രവൎത്തി? ആധിക്കാരി എൻെറ സമ്മതംകൂടാതെ അവളെ വിട്ടയച്ചതും പോരാ, അതിന്നുശേഷം അങ്ങിനെ ചെയ്‌വാൻ എന്നോടു സമ്മതവും ചോദിക്കുന്നു! അധികപ്രസംഗി! എന്നോടു കളിച്ചാൽ അതൊരു കളിയാകുമെന്നാണ് അവൻെറ ഭാവം! അതു ഞാൻ കാണിച്ചു

ികൊട്ടക്കാരം! അസിംഖാൻ! നീ ഇങ്ങോട്ടു് ഇളിഭ്യനായി തിരിച്ചുവരുമ്മുമ്പു് ആ തെമ്മാടിച്ചെറുക്കനെ പിടിച്ചു തടവിലിടേണ്ടതായിരുന്നില്ലേ? എന്തുകൊണ്ടു അങ്ങിനെ ചെയ്തില്ല?'

ദുസ്സഹമായ ഈ അധിക്ഷേപത്താൽ അസിംഖാൻ ഒന്നു നടുങ്ങിപ്പോയി.

"പ്രഭോ! തിരുമേനിയുടെ തൃപ്പാദാശ്രിതൻ കുററക്കാരനാണെന്നു സമ്മതിക്കുന്നു. പക്ഷേ കാര്യങ്ങളുടെ സ്ഥിതി നമുക്കു പ്രതികൂലമായിട്ടാണിരിക്കുന്നതു്. യുവരാജാവുമായി വിരോധത്തിലിരിക്കുന്ന നമ്മൾ ദിനേശപുരം മഹാരാജാവിനെ തടവുകാരനാക്കി അദ്ദേഹത്തിന്റെ ശത്രുതയും സമ്പാദിക്കുന്നപക്ഷം, രണ്ടുകൂട്ടരോടും യുദ്ധം ചെയ്യേണ്ടിവരും. ഒന്നാമതായി അദ്ദേഹത്തെ തടവുകാരനാക്കി പിടിക്കുന്ന കാര്യം തന്നെ വളരെ എളുപ്പമല്ല. അഥവാ, തടവിലിടുവാൻ സാധിച്ചാൽ, അതു നമുക്കു വലിയൊരു ബലക്ഷയത്തിനു കാരണമായിത്തീരുകയും ചെയ്യും. മഹാരാജാവിനെ നമുക്കു് വശംവദനാക്കിയാൽ, ദിനേശപുരത്തിലെ പ്രബലപ്പെട്ട സൈന്യത്തിന്റെ സഹായം നമുക്കു് കിട്ടും. ഈ ഘട്ടത്തിൽ പ്രത്യേകിച്ചും, അവരുടെ സഹായം നമുക്കു് വളരെ ഉപകാരപ്രദമാണെന്നു പറയാതെ നിവൃത്തിയില്ല."

കാര്യം പറയുന്നതു് കേൾക്കത്തക്ക ക്ഷമാശീലം സുൽത്താനുണ്ടായിരുന്നില്ല. അസിംഖാന്റെ പ്രസംഗം, തീയിൽ എണ്ണ പോലെ, സുൽത്താന്റെ പ്രകോപാഗ്നിയെ പൂർവ്വാധികം ഉജ്ജ്വലിപ്പിച്ചതേയുള്ളു.

"അസിംഖാൻ! ഈ ചെറുക്കന്റെ സഹായമില്ലെങ്കിൽ എനിക്കു എന്റെ ശത്രുക്കളെ ജയിക്കാൻ സാധിക്കയില്ലെന്നാണോ നീ പറയുന്നതു്? അവന്റെ ധിക്കാരം ഞാൻ വെറുതെ വിട്ടുകളയുമെന്നു നീ കരുതുന്നുണ്ടോ?"

സുൽത്താന്റെ ദുസ്സ്വഭാവം അസിംഖാനു് നല്ലപോലെ അറിവുണ്ടായിരുന്നതിനാൽ അധികം പ്രസംഗിച്ചിട്ടു ഫലമൊന്നും ഉണ്ടാവുകയില്ലെന്നു അയാൾ തീർച്ചയാക്കി.

"തിരുമേനി! ഞാൻ അങ്ങിനെ വിചാരിച്ചിട്ടില്ല. തിരുമേനിയുടെ കല്പനപോലെ ചെയ്‌വാൻ ഞാൻ എപ്പോഴും ഒരുക്കമാണു്."

"എന്റെ കല്പന തന്നു കഴിഞ്ഞില്ലേ? ആ അധികപ്രസംഗിയെ ഈ നിമിഷം പിടിച്ചുകൊണ്ടു വരണം എന്റെ മുമ്പിൽ. ഹാജരാക്കണം. പോ!"

അസിംഖാൻ ഉടനെ പുറപ്പെട്ടു. പക്ഷേ ഗണേശദേവന്റെ രാജധാനി ശൂന്യമായിരുന്നു. അവിടെ നിന്നു ഭഗ്നോത്സാഹനായി തിരിച്ചുവരുംവഴിക്ക് സൈന്യസമേതനായ ഗിയാസുദ്ധീനെ എതിരിട്ടു, രണ്ടുപക്ഷക്കാരും തമ്മിൽ ഒരു ചെറിയ യുദ്ധമുണ്ടായി. ഇരുകക്ഷികൾക്കും സ്വല്പം ചില നഷ്ടങ്ങളും സംഭവിച്ചു. നേരം ഇരുട്ടായതോടു കൂടി ശത്രുസൈന്യം കാട്ടിനുള്ളിൽ കടന്നു അഭയം പ്രാപിച്ചു.

പിറേറദിവസം രാവിലെ, സുൽത്താന്റെ കല്പനപ്രകാരം അദ്ദേഹത്തിന്റെ സൈന്യം കാടിനെ നിരോധിച്ചു. ദിനംപ്രതി വർദ്ധിച്ചുവന്നിരുന്ന ഗണേശദേവന്റെ സൈന്യം ആ കാട്ടിലൊരിടത്തായിരുന്നു പാളയം കെട്ടിയിരുന്നതു്. ഇങ്ങിനെ സുൽത്താനു രണ്ടു പ്രബലപ്പെട്ട സേനകളോടെതിരിട്ടു നിൽക്കേണ്ടിവന്നു.

—(൦)—

## ഇരുപത്തിരണ്ടാം അദ്ധ്യായം

സുൽത്താന്റെ പ്രധാനമന്ത്രിയുടെ വിചിത്രതരമായ ആരാമഗൃഹത്തിലായിരുന്നു ശക്തിമയിയുടെ വാസം. അതിമനോഹരമായ ആ കെട്ടിടത്തിലെ മോടികളും ആഡംബരങ്ങളും കണ്ടപ്പോൾ അവൾക്കുണ്ടായ അത്ഭുതവും പരിഭ്രമവും ക്ഷണമാത്രം കൊണ്ടു നാമാവശേഷമായിത്തീർന്നു. തന്റെ ഉൽകൃഷ്ടയോഗത്തെക്കുറിച്ചു് സദാകാലവും സ്വപ്നം കണ്ടുകൊണ്ടിരുന്ന അവൾക്കു ഈ കാഴ്ച ഏററവും പരിചിതമായിത്തന്നെ തോന്നിയതിൽ എന്താണത്ഭുതം? ഒരു മഹാരാജ്ഞിയായിത്തീരേണ്ടുന്ന യോഗം ഇപ്പോൾ സഫലമായിത്തീർന്നിരിക്കെ, ഇവക ആഡംബരങ്ങളിൽ അവൾക്കു ന്യായമായ അർഹതയുണ്ടെന്നല്ലേ അവൾ വിശ്വസിക്കേണ്ടൂ?

നാലു ചുമരുകളിലും അതിമനോഹരങ്ങളായ കണ്ണാടികൾ പതിച്ചിട്ടുള്ള ഒരു വിശാലമുറിയിലാണ് അവർ കടന്നത്. അവിടവിടെ നിരത്തിവെച്ചിട്ടുള്ള ചന്ദനക്കട്ടിലുകളിൽ വളരെ മോടിയുള്ള കാശ്മീർസാൽവകളും, കോച്ചുകളിൽ കസവുതുന്നിപ്പിടിപ്പിച്ച പട്ടുമെത്തകളും, നിലത്തു മേത്തരം പെർസ്യൻ പരവധാനികളും വിരിച്ചിട്ടുണ്ടായിരുന്നു. പരിമളപരിപൂർണ്ണങ്ങളായ കുസുമങ്ങൾ മുറിയിലെങ്ങും ചിതറിക്കിടന്നിരുന്നു. വെള്ളക്കല്ലുകൊണ്ടു പണിചെയ്തുവയും പുഷ്പലതാലംകൃതങ്ങളുമായ ധാരായന്ത്രങ്ങളിൽ നിന്നു നിരർഗ്ഗളമായി നിർഗ്ഗമിച്ച പനിനീർ തുള്ളികളുടെ പരിമളം വികസിതകുസുമങ്ങളെ പൂർവ്വാധികം സുരഭിലങ്ങളാക്കിത്തീർത്തു. യൌവനയുക്തകളും ലാവണ്യവതികളുമായ പരിചാരികമാരാൽ പരിവൃതയായ ശക്തിമയി ആ, മുറിക്കുള്ളിൽ കടന്ന് ചുററും നോക്കിയപ്പോൾ, താൻ ദേവസ്ത്രീകളുടെ വാസസ്ഥലമായ ഒരു ഗന്ധർവ്വോദ്യാനത്തിലാണ് സ്ഥിതിചെയ്യുന്നതെന്നും തന്നെ എതിരേല്പാൻ വേണ്ടി സ്വർഗ്ഗലോകംതന്നെ ഭൂമിയിലേക്കിറക്കിക്കൊണ്ടു വന്നിരിക്കയാണെന്നും മററും ശങ്കിച്ചുപോയി. കൌതുകസംഭ്രമത്തോടുകൂടി നാലുഭാഗത്തും രണ്ടാമതും ദൃഷ്ടിനടത്തിയപ്പോൾ, ഈ വക മോടികൾക്കിടയിൽ ആഡംബരഹീനയായ ഒരു പെണ്കിടാവിൻെറ സ്വരൂപം പ്രതിബിംബിച്ചു കാണാനിടയായി. ആ സ്വരൂപത്തിൻെറ ഉടമസ്ഥ താനാണെന്നും ഈ ആഘോഷങ്ങളെല്ലാം തനിക്കുവേണ്ടിയാണെന്നും അറിഞ്ഞപ്പോൾ അവൾക്കുണ്ടായ സന്തോഷാഭിമാനങ്ങൾ മന്ദഹാസരൂപത്തിൽ വെളിപ്പെട്ടു. പാക്കുവാൻ വീടോ, നിത്യവൃത്തിക്ക് ഉപായമോ, ഇല്ലാതെ വളരെക്കാലം തീർത്ഥാടനംചെയ്ത് പെരുവഴികളിൽകൂടി അലഞ്ഞുനടന്നിരുന്ന ഒരു സാധുപ്പെൺകിടാവ്, ഇതാ ഇപ്പോൾ, അനേകായിരം ആളുകളെ കീഴടക്കി അവരുടെ സുഖദുഃഖങ്ങളെ വ്യവസ്ഥപ്പെടുത്താനുള്ള അധികാരം കരസ്ഥമാക്കിയിരിക്കുന്നു! അവളുടെ ചൊല്പടിക്ക് ജീവനെക്കൂടെ ത്യജിക്കുവാൻ ഒരുക്കമുള്ളവർ എത്രയുണ്ട്! ഇതല്ലെ ഭാഗ്യം!

ദാസികൾ കുളിമുറിയിലേക്കു വഴികാണിച്ചു. അവിടെ, മുത്ത്, വൈരം, മുതലായ അമൂല്യരത്നങ്ങൾ പതിച്ച് വ്യത്യസ്തവർണ്ണങ്ങളിലുള്ള നാലുപുടവകൾ തയ്യാറാക്കി വെച്ചിട്ടുണ്ടായിരുന്നു,

മഹാരാജ്ഞി ഇതിൽ ഏതു് പുടവയാണു് ഉടുക്കുന്നതു്?”

ദാസികളുടെ ഈ ചോദ്യം കേട്ടപ്പോൾ ശക്തി പുടവകൾ ഓരോന്നായി എടുത്തുനോക്കി, പുച്ഛരസത്തിൽ മറുപടി പറഞ്ഞു:—

“ഛീ! എന്തൊരാഭാസം! ഇതിനെക്കാൾ നല്ല പുടവകളില്ലെന്നോ?”

ദാസികൾക്കു് കുറെനേരത്തോളം യാതൊരു മറുപടിയും പറവാൻ സാധിച്ചില്ല. ഒടുവിൽ ഒരുത്തി ഇങ്ങനെ പറഞ്ഞു:—

മഹാറാണി! ഇതേ പുടവകൾക്കുവേണ്ടി മൂന്നു റാണിമാർ ശണ്ഠകൂടി ഇന്നും ബദ്ധവിരോധികളായിട്ടാണിരിക്കുന്നതു്. എന്നിട്ടും ഈ പുടവകളും തിരുമേനിക്കു് ബോധിക്കാത്തതിലാണത്ഭുതം.”

വേറൊരുത്തി:—“ഇവ നാലും യുവരാജാവിന്റെ അമ്മയുടെ പുടവകളായിരുന്നു. അവർ മരിച്ചശേഷം മൂന്നു റാണിമാർ ഒരുപോലെ ഇതിനുവേണ്ടി മത്സരിച്ചുനോക്കി. പക്ഷെ യുവരാജാവു് ഇതാൎക്കും കൊടുക്കാതെ സൂക്ഷിച്ചുവെച്ചുകൊണ്ടിരുന്നു. ഇന്നു് ഇവിടുത്തെ വിവാഹദിവസമാകയാൽ ഇങ്ങോട്ടു് തന്നയച്ചതാണു്.’

ശക്തി:—(മന്ദഹസിച്ചുകൊണ്ടു്) എന്നാൽ, എനിക്കതൊന്നും വേണ്ട. ഇതിൽനിന്നു മൂന്നു പുടവകൾ എടുത്തു് ആ മൂന്നു റാണിമാൎക്കും, പുതിയ റാണിയുടെ സമ്മാനമാണെന്നു പറഞ്ഞു്, കൊടുത്തയക്കൂ.

“ബാക്കിയുള്ള ഒരു പുടവയോ?”

അതോ? യുവരാജാവിന്റെ ഭാൎയ്യമാരിൽ, അദ്ദേഹത്തിനു് അധികം ഇഷ്ടം ആരോടാണു്?”

“മോട്ടിജാൻ റാണിയോടു്.”

“എന്നാൽ ഇതു് അവൾക്കിരിക്കട്ടെ.’

കല്പനപോലെ:—പക്ഷേ, മഹാറാണി എന്താണുടുക്കുക.’

“ഇവിടെ സാരികളുണ്ടെങ്കിൽ, എനിക്കു് ഒരു സാരിയും മൂടുപടവും മാത്രം മതി.”

ദാസി ഒരു പെട്ടിതുറന്നു് അതിൽനിന്നു് പലേ വൎണ്ണത്തിലുള്ള കസവുസാരികളും മൂടുപടങ്ങളും എടുത്തു ശക്തിയുടെ മു

മ്പിൽവെച്ചു. അവരം ആ കൂട്ടത്തിൽ നിന്ന വൈരക്കല്ലുപതിച്ച ഒരു വെള്ളത്ത സാരിയും മുത്തുപതിച്ച ഒരു മൂടപടവും മാത്രം തിരഞ്ഞെടുത്തു.

അതിനുശേഷം കുളിച്ച് ശുഭ്രാംബരങ്ങരം ധരിച്ച് ശകുന്തിമയി ശയനമുറിയിലുള്ള ഒരു കോച്ചിന്മേൽ ചാരിയിരുന്നു. ദാസികരം ഓരോ ഉപചാരങ്ങരം ചെയ്തു അവളെ ശുശ്രൂഷിക്കാനും ആരംഭിച്ചു. ഒരുവരം, ആ സുകുമാരിയുടെ മനോഹരമായ തലമുടി ചികി വേർപെടുത്തി. വേറൊരുവരം അവളെ മന്ദമായി വീശി. മറെറാരുവരം അവളുടെ കാലിൽ മയിലാഞ്ചിയിട്ടു. വേറെ ചിലർ അവളുടെ കോമളശരീരത്തിൽ അത്തറും പനിനീരും തളിച്ചു.

രണ്ടു പെങ്കിടാങ്ങരം ഒരു ആഭരണപ്പെട്ടി തുറന്ന് അവളുടെ മുമ്പിൽ വെച്ചു. അത്യാശ്ചർമായ കാന്തിയും അനല്പമായ ശില്പസാമർത്ഥ്യവും പ്രദർശിപ്പിച്ച ആ ആഭരണങ്ങളിൽ നിന്ന്, സ്വർണ്ണം, വൈരം, വൈഡൂര്യം, മരതകം മുതലായ രത്നങ്ങരം കണ്ണഞ്ചുമാറു വിധത്തിൽ ഉജ്ജ്വലിച്ചു. നല്ലവണ്ണം കടഞ്ഞുതെളിഞ്ഞ വൈരക്കല്ലുകൊണ്ടു നൂറുമടക്കായി പണിചെയ്ത ഒരു മാലയും, നക്ഷത്രമാലകളാൽ പ്രശോഭിതമായ താരാപഥംപോലെ നവരത്നങ്ങരം പതിച്ച ഒരു പൊന്നിൻകിരീടവും അവളുടെ മുമ്പിൽ പിടിച്ച സമയം, അവയിൽനിന്ന കോടിസൂര്യകിരണങ്ങരം പുറപ്പെട്ടുന്നുണ്ടെന്ന ശകുന്തിമയിക്കു തോന്നി. ദിനേശപുരംകൊട്ടാരത്തിലും അവരം വളരെ ആഭരണങ്ങരം കണ്ടിട്ടുണ്ടായിരുന്നു. പക്ഷേ ഇത്ര ഭംഗിയും മോടിപ്പകിട്ടും ഉള്ള ആഭരണങ്ങരം ഇതിനുമുമ്പൊരിക്കലും അവരം കാണുകയുണ്ടായിട്ടില്ല.

ഒടുവിൽ, ആ കൂട്ടത്തിൽ നിന്ന്, അവരം വൈരക്കല്ലുപതിച്ച ചില ആഭരണങ്ങരം മാത്രം എടുത്ത് അണിഞ്ഞതശേഷം, തന്റെ ആഗമനത്തെ ക്ഷമകേടോടുകൂടി കാത്തിരുന്ന യുവരാജാവിനെ കാണ്മാനായി, മുൻ വിവരിച്ച മുറിയിൽ കടന്നുചെന്നു. ഒരു ദരിദ്രപ്പെങ്കിടാവിന്റെ സ്വരൂപം പ്രതിഫലിച്ചുകണ്ടിരുന്ന മിക്കിൽ ഇപ്പോരം പ്രതിബിംബിച്ചുകണ്ടതു് രത്നഭൂഷിതസർവാംഗിയായ ഒരു ലാവണ്യവതിയുടെ സുകുമാരസ്വരൂപമായിരുന്നു. ഒരു ജഗ

ന്മോഹിനിയുടെ മട്ടിൽ അവിടെ പ്രത്യക്ഷപ്പെട്ടു കണ്ട സ്വരൂപം തന്റേതാണെന്നു വിശ്വസിക്കുവാൻ ശക്തിമയിക്കുതന്നെ വളരെ പ്രയാസമായി തോന്നി. പക്ഷേ, മനുഷ്യാതീതമായ ഈ സൌകുമാര്യം കണ്ടനുഭവിക്കുവാൻ അർഹതയുള്ളവർ അവിടെ ആരുണ്ടു്? അവൾ ആർക്കുവേണ്ടിയാണു് ഇത്രയെല്ലാം മോടിയിൽ അണിഞ്ഞിരിക്കുന്നതു്? ഈ ആലോചനകളാൽ അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. കഷ്ടം! ഇതാണോ അവൾ വളരെക്കാലമായി കൊതിച്ചിരുന്ന വിവാഹദിവസം? പ്രാബല്യം, പ്രാഭവം, സമ്പത്തു് ഇതെല്ലാം അവൾക്കു കിട്ടിക്കഴിഞ്ഞു. പക്ഷേ, തന്റെ പ്രേമത്തിന്നു ഭംഗം ഭവിച്ചിട്ടുള്ള ഒരു തരുണിക്കു് ഇതുകൊണ്ടെല്ലാം എന്തു സന്തോഷമാണുണ്ടാകുന്നതു്? പ്രേമശൂന്യമായ ഈ ദഗ്ദ്ധജീവിതം കൊണ്ടെന്താണൊരു ഫലം?

ഗണേശദേവനെ അവൾക്കിനി കണികാണാൻപോലും സാധിക്കുന്നതല്ലെന്നു തീർച്ചയായിക്കഴിഞ്ഞു. ദേഹത്തേയും ദേഹിയേയും പ്രതികാരാഗ്നിയിൽ ഹോമിക്കുവാനും ആ ഉദ്യമത്തിൽ, അഭിമാനം, ആഭിജാത്യം, പാതിവ്രത്യം, ഈ മൂന്നു വിശിഷ്ടഗുണങ്ങളേയും വിറകുകളയുവാനും ആണു് അവളുടെ ഭാവം. പക്ഷേ, നിർഭാഗ്യവശാൽ, ഈ പ്രതികാരഭ്രമം നിമിത്തം, അവൾ സ്വയമേവ ക്ഷണിച്ചുവരുത്തിയ അനർത്ഥം അവളെത്തന്നെയാണു ചുഴലുന്നതു്!

അവളുടെ നൈസർഗ്ഗികമായ മനോജ്ഞപ്രകൃതി തീരെ തകരുകയും സ്ത്രീകൾ ഉൽകൃഷ്ടധനമായി കരുതിപ്പോരുന്ന ചാരിത്രം കളങ്കപ്പെടുകയും ചെയ്തു. സ്വഭാവത്തിന്നു ഇത്രയും മാററം തട്ടിയ ആ പെൺകിടാവു് മനുഷ്യവർഗ്ഗത്തിൽപ്പെട്ട ഒരുവളാണെന്നു പറവാൻതന്നെ സംശയിക്കേണ്ടിവന്നിരിക്കുന്നു. ഹാ—കഷ്ടം! അവൾ വസ്ത്രാഡംബരത്തിൽ പൊതിഞ്ഞ ഒരു ദുഷ്ടപ്രേതമോ പിശാചോ ആണെന്നു് അവൾക്കുതന്നെ തോന്നിപ്പോയി. സ്വന്തമതക്കാരുമായി പിണങ്ങി, ഒരു മുസൽമാന്റെ ഭാര്യാപദം സ്വീകരിക്കാനൊരുമ്പെട്ട അവൾ സർവരുടേയും നിന്ദാഭാജനമായിത്തീർന്നു. അവളുടെ സ്മരണപോലും ആളുകൾക്കു സഹിച്ചു

കൂടാത്തതായി. പിന്നെ, ഗണേശ്ദേവന്റെ കാൎയ്യം പറകയാണെങ്കിൽ, അദ്ദേഹം അവളെ ഹാൎദ്ദമായി സ്നേഹിച്ചിരുന്നില്ലെന്നു കരുതുന്നതായാൽകൂടി, അദ്ദേഹത്തിന്നു് അവളുടെ പേരിൽ അസാമാന്യമായ പ്രതിപത്തിയും ബഹുമാനവും ഉണ്ടായിരുന്നുവെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. പക്ഷേ, ഇപ്പോൾ അദ്ദേഹത്തിന്നു അവളെക്കുറിച്ചുള്ള അഭിപ്രായം എന്തായിരിക്കും? കഷ്ടം-കഷ്ടം! ശക്തിമയി! നിനക്കു് നിന്റെ ഇളയമ്മയെപ്പോലെ വീടും കുടിയും ഇല്ലാത്ത ഒരു സന്ന്യാസിനിയായി നാൾകഴിച്ചാൽ മതിയായിരുന്നില്ലേ? ഇനി പശ്ചാത്തപിച്ചിട്ടെന്താണ് ഫലം?

തത്സമയം ഒരു ദാസി മുറിക്കുള്ളിൽ കടന്നു വന്നു്, ശക്തിയുടെ ദാരുണമായ വിചാരധാരയ്ക്കു തടസ്ഥം വരുത്തി.

"മഹാറാണിയെ കാണ്മാൻ, നവാബ്ഷാ സമയം പാൎത്തു നിൽക്കുന്നു. ഇങ്ങോട്ടു വരാൻ വിരോധമില്ലെന്നു പറയട്ടേ?" എന്നു ചോദിച്ചു.

"അങ്ങിനെയാവട്ടെ— വരാൻ പറക" എന്നു പറഞ്ഞുകൊണ്ടു് ശക്തിമയി ആ മുറിയിൽനിന്നു പുറത്തുകടന്നു, ഒരു ദാസിയെ വിളിച്ചു് താൻ ആദ്യം ധരിച്ചിരുന്ന വസ്ത്രങ്ങൾ കൊണ്ടുവരുവാനാവശ്യപ്പെട്ടു. അവൾ അണിഞ്ഞിരുന്ന വസ്ത്രങ്ങളും, രാജകീയചിഹ്നങ്ങളും അഴിച്ചു ദാസിയുടെ പക്കൽ തിരിച്ചുകൊടുത്തു. ഇതെല്ലാം കണ്ടപ്പോൾ ദാസിക്കു വലിയ ഭയമായി.

"മഹാറാണി! നവാബ്ഷാ എന്തുവിചാരിക്കും?" എന്നു പിറുപിറുത്തു.

"അതു ഞാൻ ആലോചിക്കേണ്ട കാൎയ്യമാണ്. വേഗത്തിൽ പോയി, ഞാൻ പറഞ്ഞപോലെ ചെയ്ക."

ദാസി ഒരക്ഷരംപോലും ശബ്ദിക്കാതെ ഈ കല്പന അനുസരിച്ചു. അവൾ വീണ്ടും പരിവ്രാജികയുടെ വേഷം ധരിച്ചു് ഗിയാസുദ്ദീൻ കാത്തുനിന്നിരുന്ന മുറിയിലേക്കു കടന്നുചെന്നു. തന്റെ പ്രേയസിയുടെ വേഷം കണ്ടപ്പോൾ അയാൾ വല്ലാതെ ആശ്ചൎയ്യപ്പെട്ടു.

"ഇതെന്തൊരു കഥയാണ്? ബങ്കാളത്തിലെ രാജ്ഞിക്കു ചേൎന്നതാണോ ഈ ഉടുപ്പു്?"

"ഞാൻ ബങ്കാളത്തിലെ രാജ്ഞിയായിക്കഴിഞ്ഞില്ല, യുദ്ധം അവസാനിക്കുന്നതുവരെ ഈ വേഷംതന്നെ ധരിക്കാനാണെന്റെ ആഗ്രഹം."

ഗർവ്വും പ്രൌഢിയും കലൎന്ന ഈ വാക്കുകേട്ടപ്പോൾ ഗിയാസുദ്ധീന് അല്പം വിശ്വാസക്കേടുതോന്നി. സൌമ്യവചനങ്ങളാൽ അവളുടെ അന്തൎഗ്ഗതം വല്ലവിധത്തിലും മാററാമെന്നു കരുതി ഇപ്രകാരം പറഞ്ഞു:—

"പ്രാണനാഥേ! ഞാൻ എന്റെ നാട്ടും ധനവും ഐശ്വൎയ്യവും ഉപേക്ഷിച്ചതു ശക്തിമയിക്കു വേണ്ടിയല്ലേ. ഇപ്പോൾ എതിരിടുവാൻ പോകുന്ന ആപത്തിൽനിന്നു എന്നെ രക്ഷിക്കേണ്ടതും എന്റെ ഓമനയുടെ പ്രണയപ്രസന്നമായ കടാക്ഷവീക്ഷണം മാത്രമല്ലേ? പിന്നെ, എന്തിനാണിങ്ങനെ കോപഭാവം കൈക്കൊണ്ടിരിക്കുന്നതു്?"

ഇത്രയും പറഞ്ഞു ഗിയാസുദ്ധീൻ അവളുടെ അടുക്കലേക്കു ചെല്ലുവാൻ ഭാവിച്ചു. പക്ഷേ ആ മാനശാലിനി നീരസത്തോടുകൂടി പിന്മാറിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു:—

"മഹാരാജാവേ! എന്നെ തൊട്ടുപോകരുതു്! ഞാൻ ശപഥം ചെയ്തുകഴിഞ്ഞു. ഈ യുദ്ധം അവസാനിക്കുംവരെ ഞാൻ—"

ഈ ധൃഷ്ടോക്തിയാൽ പരാജിതനായ ഗിയാസുദ്ധീന്റെ കണ്ണുകൾ കോപാരുണങ്ങളായി. അവളെ അൎദ്ധോക്തിയിൽ തടഞ്ഞുകൊണ്ടു് അയാൾ പറഞ്ഞു:—

"ഞാൻ നിന്റെ ചൊല്പടിക്കു നിൽക്കേണമെന്നാണോ നിന്റെ മോഹം? എന്റെ കല്പനപ്രകാരം നീ നടക്കുന്നതല്ലാതെ, നിനക്കു ഞാൻ കീഴടങ്ങുകയോ? നീ എന്റെ ഭാൎയ്യയും എന്റെ ചൊല്പടിക്കു നടക്കേണ്ടവളും ആണെന്നു ഓൎമ്മയിരിക്കട്ടെ."

ധീരോദാത്തയായ ശക്തിയുടെ മനസ്സ് ഇതുകേട്ടപ്പോൾ വല്ലാതെ ക്ഷോഭിച്ചു. നീലോല്പലസദൃശങ്ങളായ നയനങ്ങളിൽ നിന്ദാരസം സ്ഫുരിപ്പിച്ചുകൊണ്ടു ദൃഢസ്വരത്തിൽ അവൾ ഇപ്രകാരം മറുപടിപറഞ്ഞു:—

"അങ്ങിനെയാണെങ്കിൽ, ഞാൻ രാജാവിന്റെ ഭാൎയ്യയല്ലെന്നും, ഒരുകാലത്തും ആവാൻ ഭാവമില്ലെന്നും ഇതാ തിരുമനസ്സറി

യില്ലകൊള്ളുന്നു. എന്നെ ഇപ്പോൾ പോകാൻ അനുവദിക്കണെ. അല്ലാത്തപക്ഷം—"

ഇതു പറഞ്ഞുതീരുന്നതിന്നു മുമ്പായി ഒരു ദാസി ബദ്ധപ്പെട്ടു കടന്നുവന്നു.

"മഹാരാജാവേ! കുട്ടബ്ബ്സാഹിബ് തിരുമേനിയെ ഉടനെ കാണേണമെന്നു പറഞ്ഞു പുറത്തുനില്ക്കുന്നു. എന്തോ വലിയൊരാപത്ത് അടുത്തിട്ടുണ്ടത്രേ!

ഈ ഘട്ടത്തിൽ ശക്തിയുടെ അത്യാഗ്രഹമായ മനോധൈര്യത്തിന്നു വഴിപ്പെടാതെ നിവൃത്തിയില്ലെന്നു ബോധംവരികയാൽ ഗിയാസുദ്ധീൻ ഏററവും വിനീതസ്വരത്തിൽ ഇപ്രകാരം യാചിച്ചു:—

"പ്രാണനാഥേ! നിന്റെ ദാസനായ എന്നോടു ക്ഷമിക്കണേ. ഞാൻ ഇതാ യുദ്ധഭൂമിയിലേക്കു പോകുന്നു. ജീവനോടുകൂടി തിരിച്ചുവരുന്ന കാൎയ്യം തീൎച്ച പറവാൻ പാടില്ലാത്ത വിധത്തിലാണ് എന്റെ യാത്ര. നിനക്കുവേണ്ടി ഈ മരണദുഃഖം അനുഭവിക്കാൻ പുറപ്പെടുന്ന എന്നെ നീ ഒന്നു ആലിംഗനം ചെയ്യുകയില്ലേ? എന്റെ ഓമനേ! ഈയൊരാഗ്രഹം സാധിപ്പിച്ചുതരുന്നപക്ഷം, എനിക്കു ജന്മസാഫല്യമായി. പിന്നെ മരിച്ചാലും സങ്കടമില്ല."

ഇതുകൊണ്ടൊന്നും ശക്തിമയി തന്റെ പ്രതിജ്ഞ വിട്ടില്ല.

"മഹാരാജാവേ! എനിക്ക് എന്റെ പ്രതിജ്ഞയെ ലംഘിക്കുവാൻ തരമില്ല. ഈ യുദ്ധം കഴിയുംവരെ ഞാൻ അങ്ങയുടെ ഭാൎയ്യാപദം സ്വീകരിക്കുന്നതല്ലെന്നു പറഞ്ഞുകഴിഞ്ഞില്ലേ? നമുക്കു രണ്ടുപേൎക്കും അനൎത്ഥം വരുത്തിക്കൂട്ടേണ്ടുന്ന മോഹമുള്ള പക്ഷം ഇനിയും ഇക്കാൎയ്യത്തെക്കുറിച്ചു എന്നെ നിൎബന്ധിക്കാതിരിക്കുന്നതു നന്ന്. അല്ലാത്തപക്ഷം, നൂറുപാറാവുകാരെ അന്തഃപുരത്തിന്നു ചുററും കാവൽ നിൎത്തിയാലും ശരി, എന്നെ സ്വാധീനപ്പെടുത്താമെന്നു വിചാരിച്ചുപോകണ്ട."

ശക്തിമയി ഇങ്ങിനെ പറഞ്ഞതു കുറെസമയം കിട്ടുവാൻ ഉദ്ദേശിച്ചുമാത്രമാണ്. ഗിയാസുദ്ധീന്റെ ഭാൎയ്യയായിരിക്കുന്നതല്ലെന്നു അവൾ മനസാ തീൎച്ചയാക്കിക്കഴിഞ്ഞിരുന്നു.

പുറത്തുനിന്നു വലിയൊരു കോലാഹലം കേട്ടുതുടങ്ങി. കുട്ടിബ്ബ് ബദ്ധപ്പെട്ടു ഓടിയെത്തി.

"തിരുമേനി, നേരം വൈകുന്നു. വേഗത്തിലാവട്ടെ. ഇനി കുറച്ചുകൂടി താമസിച്ചാൽ നമ്മളെല്ലാവരും തടവിലാകും. ദാസികളെയെല്ലാം പല്ലക്കിൽ കയററിക്കഴിഞ്ഞു. റാണിക്കു കയറാൻ വേറൊരു പല്ലക്കു തയ്യാറുണ്ടു്. കാട്ടിൽകൂടി എങ്ങിനെയെങ്കിലും രക്ഷപ്പെട്ടെങ്കിലേ നമുക്കു ഗുണമുള്ളൂ.

വിവാഹോത്സവത്തിന്റെ ആഘോഷവും ആഡംബരവും ഇപ്പോൾ എവിടെ? തന്റെ സർവ്വസ്വവും ഉപേക്ഷിച്ചു, ഈ തൊഴിലിന്നു പുറപ്പെട്ട ഗിയാസുദ്ദീന്നു് ഒടുവിൽ കിട്ടിയ പ്രതിഫലം എന്താണു്? താൻ ആരാധിച്ചുപോന്നിരുന്ന പെൺകിടാവിൽനിന്നു നിഷ്ഠുരണമായ നിഷ്ക്കാസനം! ഈ ആശാഭംഗത്തിന്റെ ദാരുണസ്മരണയാലും തന്റെ ഉദ്യമങ്ങൾക്കു ഇടംപ്രഥമമായി നേരിട്ട പ്രതിബന്ധത്താലും വിഷണ്ണനായിത്തീർന്ന ഗിയാസുദ്ദീൻ തന്റെ അധഃപതനത്തിലേക്കുള്ള പന്ഥാവിൽ ഇതാ കാലുവെച്ചുകഴിഞ്ഞു.

—(൦)—

# ഇരുപത്തിമൂന്നാം അദ്ധ്യായം

"വിനാശോന്മുഖന്മാരെ ദൈവം ഭ്രാന്തചിത്തന്മാരാക്കുന്നു" എന്ന പ്രമാണം സുൽത്താൻ സിക്കന്ദർഷാവിന്റെ കാര്യത്തിലും യഥാർത്ഥമായിരുന്നു. മർക്കടപ്പിടുത്തംകൊണ്ടും ആലോചനക്കുറവുകൊണ്ടും തന്റെ അധഃപതനത്തിന്നുള്ള വഴി അദ്ദേഹം തന്നെ വെട്ടിയുണ്ടാക്കി. ദൃഢമായ പ്രതിജ്ഞയോ സ്ഥിരമായ ഉദ്ദേശമോ ഇല്ലാതെ പരസ്പരവിരുദ്ധങ്ങളായ ആജ്ഞാപരമ്പരകളെക്കൊണ്ടു മന്ത്രികളെ നിരന്തരം ദ്രോഹിച്ചും, അവയുടെ അവശ്യംഭാവിയായ പ്രതികൂലഫലം പ്രമാണിച്ചു, തന്റെ അവിവേകശാസനകളെ സനിഷ്കർഷം നിറവേററിയ ഉദ്യോഗസ്ഥന്മാരെ

കററപ്പെടുത്തിയും, അഥവാ വല്ലപ്പോഴും യുദ്ധഫലം അനുകൂലമായിത്തീൎന്നാൽതന്നെ അതിനുള്ള യോഗ്യത തനിക്കു മാത്രമാണെന്നും 'മററാക്കും അതിൽ പങ്കുകൊള്ളുവാൻ അവകാശമില്ലെന്നു ഘോഷിച്ചും, സുൽത്താൻ ജനങ്ങളുടെ വെറുപ്പിന്നും ദ്വേഷത്തിന്നും പാത്രമായിത്തീൎന്നു. മന്ത്രികളുടെ ഇടയിൽ അതൃപ്തിയും വർദ്ധിച്ചു. പട്ടാളക്കാരുടെ ഉത്സാഹവും മനക്കരുത്തും ദിവസംപ്രതി കുറഞ്ഞുവന്നു. രാജ്യത്തിലെങ്ങും ദുർഭിക്ഷദേവതയുടെ ഉപദ്രവം സഹിക്കാൻ വയ്യാതായി. അരോഗദൃഢഗാത്രന്മാരായ കൃഷീവലന്മാർ, അവരുടെ സ്വന്തം പണിവിട്ടു പട്ടാളത്തിൽ ചേൎന്നതുനിമിത്തം കൃഷിചെയ്യേണ്ടുന്ന ഭാരം സ്ത്രീകളിലും കുട്ടികളിലും ആയിത്തീൎന്നു. ക്ഷാമംനിമിത്തം പട്ടാളക്കാൎക്ക് ദിവസം രണ്ടുനേരത്തെ ഭക്ഷണം കിട്ടുന്ന കാൎയ്യംതന്നെ സന്ദിഗ്ദ്ധമായി. ഇതു പോരെങ്കിൽ, യുദ്ധത്തിൻെറ ഫലവും പ്രായേണ പ്രതികൂലമായിരുന്നു. ഒരു ജയമുണ്ടെങ്കിൽ മൂന്നു പരാജയം നിശ്ചയമാണ്. ഈ കണക്കിന്നു യുദ്ധം ഇനിയും വളരെകാലം നിലനില്ക്കാൻ തരമില്ല. അതു തുടങ്ങീട്ടു കൊല്ലം ഒന്നുകഴിഞ്ഞു. ദിനേശപുരം മഹാരാജാവുമായി സന്ധിക്കരാർ ചെയ്താൽ യുവരാജാവിനെ എളുപ്പത്തിൽ കീഴടക്കാൻ സാധിക്കുമെന്നു മന്ത്രികൾ എത്ര തന്നെ ഉപദേശിച്ചിട്ടും സുൽത്താൻ തൻെറ മക്കടപ്പിടുത്തം വിട്ടില്ല. ഗിയാസുദ്ധീൻെറ ബലം പ്രതിദിനം വർദ്ധിച്ചുവന്നു. ഇനിയും ഉദാസീനത കാണിച്ചാൽ പന്തിയല്ലെന്ന ഘട്ടത്തിലായി. യുവരാജാവിൻെറ ഇനിയത്തെ പുറപ്പാടു പാണ്ഡവനഗരിയിലേക്കായിരിക്കും. സുൽത്താനെക്കാൾ ജയം ഗിയാസുദ്ധീൻെറ ഭാഗത്താണെന്നു കണ്ടപ്പോൾ, ആളുകൾ അനേകമായി അയാളുടെ കക്ഷിയിൽ ചേരാൻ തുടങ്ങി. സുൽത്താൻെറ മക്കളിൽ, ഗിയാസുദ്ധീനൊഴികെ, ഏഴുപേരും അവരുടെ ജ്യേഷ്ഠസഹോദരനെ തോല്പിക്കുവാൻ "പഠിച്ച വിദ്യ പതിനെട്ടും" പ്രയോഗിച്ചിട്ടും ഫലമുണ്ടായില്ലെന്നു മാത്രമല്ല, "ആളുകൾ പോരാ, പോരാ" എന്നിങ്ങിനെ അലമുറയിട്ടുകൊണ്ടും ഇരുന്നു. പാണ്ഡവനഗരിയിൽനിന്നു ഏറെയകലെയല്ലാത്ത ഒരു സ്ഥലത്തു കൂടാരം അടിച്ചു താമസിച്ചിരുന്ന ഗണേശദേവനുമായി സന്ധിയാകുവാൻ മന്ത്രിമാർ ഐകകണ്ഠ്യേന സുൽത്താനോടപേക്ഷിച്ചു. കാരണവന്മാരെല്ലാം വെച്ച്",

ഗണേശദേവൻെറ ഭടന്മാർ സുൽത്താൻെറ സൈന്യത്തെ തോല്പിക്കുക പതിവായിരുന്നു. സുൽത്താൻെറ സൈന്യം ദിനേശ്പുരക്കാരുടെ സൈന്യത്തോടു കൂട്ടിമുട്ടുകുന്നതായാൽ മാത്രമേ ജയം കിട്ടാൻ വഴിയുള്ളൂ എന്നു സർവരും തീർച്ചപ്പെടുത്തി. സുൽത്താനും ഇക്കാര്യം നല്ലപോലെ മനസ്സിലാക്കാതിരുന്നില്ല. പക്ഷേ സ്വയംകൃതമായ അനർത്ഥത്തിൻെറ വിപരീതഫലമോർത്തു പശ്ചാത്തപിച്ചും, തന്നെ ശരണംപ്രാപിക്കേണ്ടുന്ന ഒരു രാജകുമാരനോട് സഹായാപേക്ഷ ചെയ്യാൻ ഇടവരുത്തിയ ദുർയോഗബലത്തെ ശപിച്ചും, അദ്ദേഹം തീരെ നിരുത്സാഹനായിത്തീർന്നു.

ഇപ്രകാരം തൻെറ നിസ്സഹായസ്ഥിതി പ്രത്യക്ഷപ്പെട്ടുവരുന്തോറും അദ്ദേഹത്തിനു കോപവും മുഴുത്തു. യുദ്ധകാര്യങ്ങളെപ്പററി ആലോചിക്കാൻ വേണ്ടി അദ്ദേഹം മന്ത്രിസഭയുടെ ഒരു പ്രത്യേകയോഗത്തെ വിളിച്ചുവരുത്തി. കാര്യത്തിൻെറ ദുർഘടാവസ്ഥയെപ്പററി ശരിയായ ഒരു വിവരണം കൊടുക്കാമെന്നുദ്ദേശിച്ചു സേനാപതിതന്നെ അവിടെ സന്നിഹിതനായിരുന്നു. എങ്കിലും അദ്ദേഹത്തിൻെറ ഉപദേശങ്ങളെ സുൽത്താൻ അനുസരിച്ചില്ലെന്നു മാത്രമല്ല, അതിന്നെല്ലാം "കുററംകൊണ്ടുകൂലി" കൊടുക്കുകയും ചെയ്തു.

സുൽത്താൻെറ കോപം വർദ്ധിച്ചുവന്നു.

"ആ ശാഠ്യംപിടിച്ച ദിനേശപുരത്തെ ഇനിയും കീഴടക്കീട്ടില്ലെന്നോ? സേനാപതി! നീ ഒന്നിനും കൊള്ളാത്ത കഴുതയാണ്. എൻെറ കല്പനപ്രകാരം നടക്കുന്നതിൽ നീ വളരെ അജാഗ്രത കാണിച്ചതുകൊണ്ടാണ് എവിടെ നോക്കിയാലും തകരാറായിക്കാണുന്നത്."

സാമാജികന്മാർ നിശ്ശബ്ദമായി നിന്നതല്ലാതെ യാതൊന്നും മറുപടി പറവാൻ തുനിഞ്ഞില്ല. ഒടുവിൽ സേനാപതി മൌനം ഭഞ്ജിച്ചു:—"മഹാരാജാവേ! നമ്മുടെ സൈന്യത്തെ ദിനേശപുരത്തിൽ തന്നെ രണ്ടുദിവസംകൂടെ നിർത്തിയിരുന്നെങ്കിൽ ഞങ്ങൾ ഗണേശദേവനെ തീർച്ചയായും കീഴടക്കുമായിരുന്നു. പക്ഷേ തിരുമനസ്സിലെ കല്പന ഉടനെ സുവർണ്ണനഗരിയിലേക്കു പോകാനായിരുന്നതിനാൽ, ദിനേശപുരം വിട്ടുപോകാതെ നിവൃത്തിയില്ലെന്നുവന്നു."

അപ്പോൾ, വന്ദ്യവയോധികനും, അസിംഖാന്റെ പിതാവുമായ പ്രധാനമന്ത്രി പറഞ്ഞു:—

"തിരുമേനി! പുതിയ യുവരാജാവായ ഷരീഫുദ്ധീൻരാജകുമാരൻ വനനഗരത്തിലേക്കു പോകുംവഴിക്ക് ഗിയാസുദ്ധീനെ ഉപരോധംചെയ്തു അവിടത്തെ സഹായത്തിലേക്കു കുറെക്കൂടെ ആളുകളെ ആവശ്യപ്പെട്ടു. പക്ഷേ—"

മുഴുവനും പറഞ്ഞുതീരുന്നതിന്നു മുമ്പു സുൽത്താൻ മന്ത്രിയെ തടഞ്ഞു:—

"ഷരീഫുദ്ധീനു കിട്ടിയ വർത്തമാനം കളവായിരുന്നുവെന്നാണെന്റെ വിശ്വാസം."

"തിരുമനസ്സിലെ ധാരണ തെററിപ്പോയി. സൈന്യബലം നന്നേ കുറവായിരുന്നതിനാൽ വനനഗരത്തു പുഴവഴിക്കാകട്ടെ കരവഴിക്കാകട്ടെ ഉപരോധം ചെയ്യുന്ന കാര്യം തീരെ അസാദ്ധ്യമായിരുന്നു. അസിംഖാന്നു അവിടെ ഒരുദിവസം മുമ്പ് എത്താൻ സാധിച്ചിരുന്നെങ്കിൽ ഇന്നു ഗിയാസുദ്ധീൻരാജകുമാരൻ തടവിലായിരുന്നു!"

"അസിംഖാൻ! എന്താണീ കേട്ടതു്! നീ ഒരുദിവസം മുമ്പായി എത്തിയിരുന്നെങ്കിൽ നമുക്കു ജയം കിട്ടുമായിരുന്നുവെന്നോ? നീ എന്തുകൊണ്ടു ശരിയായ സമയത്തു് എത്തിയില്ല?"

"തിരുമേനി! ദിനേശപുരത്തിൽ ഗണേശദേവനുമായി യുദ്ധം ചെയ്തുകൊണ്ടിരുന്ന ഞാൻ എങ്ങിനെയാണ് അതേസമയം വനനഗരത്തിൽ എത്തേണ്ടിയിരുന്നതു്? ഷരീഫുദ്ധീൻ രാജകുമാരനെ സഹായിക്കുവാൻ ഫരീദ്ഷാ പോകേണമെന്നായിരുന്നു നിശ്ചയം."

"ഷംസുദ്ധീനെ ബദൽവെച്ചു നീ തന്നെ പോയി ഷരീഫുദ്ധീനെ സഹായിക്കണം എന്നായിരുന്നില്ലേ എന്റെ കല്പന?"

"ആ കല്പന കിട്ടിയതു കാര്യംകഴിഞ്ഞതിൽ പിന്നെയാണ്. അതു വന്നുചേർന്നപ്പോൾ ഞങ്ങൾക്കു വനനഗരത്തിൽ ചെന്നെത്തുവാൻ നന്നേ കുറച്ചേ സമയമുണ്ടായിരുന്നുള്ളു. ഒന്നാമതു്, പൂർണ്ണഗംഗാനദിയിലെ വെള്ളപ്പൊക്കം നിമിത്തം പുഴ കടക്കാൻ വളരെനേരം വേണ്ടിവന്നു. രണ്ടാമതു്, ഒഴിയാതെയുള്ള മഴയും,

നിരത്തുകളുടെ അമാന്തസ്ഥിതിയും നിമിത്തം യാത്രയ്ക്കു വളരെ ഉല്ടങ്ങളും ഉണ്ടായിരുന്നു. വനനഗരത്തിലെത്തിയപ്പോൾ മാത്രമേ, സമയം വൈകിയ കഥ മനസ്സിലായുള്ളൂ."

"അസാദ്ധ്യം! ഒരു സേനാപതിയുടെ മുഖത്തുനിന്നു ഇങ്ങനെ ഒരു സമാധാനം കേൾക്കുന്നതു ഒന്നാമതായിട്ടാണ്. നിന്നെ സേനാപതിയാക്കിവെച്ചതുതന്നെ അബദ്ധമായിപ്പോയി."

അസിംഖാന്നു സാമാന്യത്തിലധികം ദ്വേഷ്യം വന്നുവെങ്കിലും അതു പുറത്തുകാണിക്കുന്നതു ആ സന്ദർഭത്തിൽ വിഹിതമായിരിക്കയില്ലെന്നു കരുതി ഒന്നും സമാധാനം പറയാതെ മൌനിയായിനിന്നു. പക്ഷേ വന്ദ്യവയോധികനായ പ്രധാനമന്ത്രിക്കു മൌനം കൈക്കൊള്ളുവാൻ ക്ഷമയുണ്ടായില്ല:—

"കഴിഞ്ഞ കാൎയ്യത്തെപ്പററി പ്രസംഗിച്ചിട്ടു ഫലമില്ല. നാം വെറുതെകളയുന്ന ഓരോ നിമിഷത്തിലും ഗിയാസുദ്ധീൻരാജകുമാരന്റെ ബലം വർദ്ധിക്കുകയാണ് ചെയ്യുന്നതു്. അദ്ദേഹത്തിന്റെ തോൽമയിലാണ് രാജ്യത്തിന്റെ ക്ഷേമം നിലനിൽക്കുന്നതു്. അതുകൊണ്ടു ദിനേശപുരക്കാരുമായി സന്ധിയാകേണമോ വേണ്ടയോ എന്നു ഉടനെ തീർച്ചപ്പെടുത്തണം."

മന്ത്രിയുടെ ഉപദേശത്തിന്നു കീഴടങ്ങാതെ നിവൃത്തിയില്ലെന്നുതോന്നുകയാൽ മനസ്സില്ലാ മനസ്സോടുകൂടി സുൽത്താൻ സന്ധികാൎയ്യത്തിന്നു സമ്മതം കൊടുത്തു. ഇങ്ങിനെ പറഞ്ഞു:—

"മന്ത്രിയുടെ ഇഷ്ടംപോലെയാവട്ടെ — പക്ഷേ, ഗണേശദേവൻ നമ്മുടെ അപേക്ഷ നിരാകരിച്ചു നമ്മെ അപമാനപ്പെടുത്താത്തവിധത്തിൽ കാൎയ്യങ്ങൾ ശരിപ്പെടുത്തിരക്കൊള്ളേണ്ടതാണെന്നു പ്രത്യേകം ഓൎമ്മവേണം."

ഗണേശദേവന്റെ അന്തൎഗ്ഗതം അസിംഖാൻ മുമ്പുതന്നെ മനസ്സിലാക്കിയിരുന്നു. കലഹത്തിന്നു കാരണഭൂതയായ സന്ന്യാസിനിയെ മേലിൽ സുൽത്താൻ ഉപദ്രവിക്കാതിരിക്കേണമെന്നും, യുദ്ധംനിമിത്തം വന്നുചേരുന്ന നഷ്ടകഷ്ടങ്ങൾക്കു പ്രതിഫലമായി, ദിനേശപുരക്കാർ സുൽത്താന്നു കൊടുത്തുവരാറുള്ള കപ്പം വിട്ടുകിട്ടേണമെന്നും ആയിരുന്നു ഗണേശദേവന്റെ ഉടമ്പടികൾ.

സുൽത്താൻ ഇതിന്നു സമ്മതിക്കുകയും ചെയ്തിരുന്നു. കരാറിൽ കയ്യൊപ്പുവെയ്ക്കാൻ വേണ്ടി മഹാരാജാവു പിറേറദിവസം രാജസന്നിധിയിൽ ഹാജരാകാമെന്നു തീർച്ചപ്പെടുത്തി. സുൽത്താൻ വിശ്വാസവഞ്ചനം ചെയ്കയില്ലെന്നു ബോദ്ധ്യപ്പെടുത്താൻ, സാഹിബുദ്ദീൻ രാജകുമാരനെ പരിവാരസമേതം ദിനേശപുരത്തിൽ ജാമ്യം നിറുത്തുകയും ചെയ്തു.

—(o)—

# ഇരുപത്തിനാലാം അദ്ധ്യായം

ഗണേശദേവൻ 'ദർബാർ' മുറിയിൽ കടന്നു സുൽത്താനെ അഭിവാദനം ചെയ്തുനിന്നു. അദ്ദേഹത്തിൻെറ നീണ്ടു നിവൎന്ന നിൽപ്പും, മുഖത്തും, പെരുമാററങ്ങളിലും സ്ഫുരിച്ച ഗംഭീരപൌരുഷവും കണ്ടപ്പോൾതന്നെ സുൽത്താൻെറ ഹൃദയത്തിൽ അതിയായ കോപവും അസൂയയും കലങ്ങിമറിഞ്ഞു. കേവലം ഒരു ബാലനായ ആ രാജകുമാരൻെറ പ്രാഗത്ഭ്യത്തെ അണുമാത്രമെങ്കിലും അടക്കുവാൻ അതിപ്രബലനായ തനിക്കു സാധിക്കാതെവരികയാലുള്ള പരാഭവം നിമിത്തം അസ്വസ്ഥനായിത്തീൎന്ന സുൽത്താൻ, കോപാവേശത്താൽ തന്നെത്താൻ മറന്നു്, രാജകുമാരനോടു മൎയ്യാദപ്രകാരം ഇരിക്കുവാൻകൂടി പറയാതെ മൂകനെപ്പോലെയിരുന്നു. സുൽത്താൻെറ ഈ അനവധാനത കണ്ടു ആളുകളെല്ലാം വല്ലാതെ അന്ധാളിച്ചുവശായി. ആസ്ഥാനമണ്ഡപം കേവലം നിശ്ശബ്ദമായി. ആ നിശ്ശബ്ദാവസ്ഥ ആഗന്തുകമായ കൊടുങ്കാററിൻെറ പുരോഗാമിയായ പ്രശാന്തതയെന്നപോലെ സർവ്വരേയും ഭയവിഹ്വലരാക്കി.

ഒടുവിൽ, ഭയാനകമായ ഈ മൌനവ്രതത്തെ ഭഞ്ജിച്ചുകൊണ്ടു് സുൽത്താൻ ഗംഭീരസ്വരത്തിൽ ഇങ്ങിനെ ചോദിച്ചു:—

"ഗണേശദേവ! നിങ്ങൾക്കു് എന്താണു് വേണ്ടതു്?"

സുൽത്താൻെറ പുറപ്പാടു് നല്ലതിന്നല്ലെന്നു് രാജകുമാരന്നു നല്ലപോലെ മനസ്സിലായിരുന്നെങ്കിലും, കഴിയുന്നേടത്തോളം

'അലോഹ്യം' കൂടാതെ കഴിക്കാമെന്നു കരുതി, അദ്ദേഹം വളരെ ശാന്തനായും വിനയാന്വിതനായും മറുപടി പറഞ്ഞു:—

"എൻെറ ആവശ്യം ഞാൻ മുമ്പുതന്നെ വിശദമായി അറിയിച്ചിട്ടുണ്ട്. ആ ഉടമ്പടികൾ ഇവിടുന്നു സ്വീകരിച്ചതായറിയുകയാൽ, സന്ധിക്കരാറിൽ കയ്യൊപ്പുവെയ്ക്കുവാനാണ് ഞാനിപ്പോൾ വന്നിരിക്കുന്നതു്. എന്നാൽ, ആ സംഗതികൾ വീണ്ടും ഇവിടേ ആവർത്തിക്കേണമെന്നാവശ്യപ്പെടുന്ന പക്ഷം അങ്ങിനെ ചെയ്യാനും വിരോധമില്ല. സന്യാസിനിയെ ബന്ധനത്തിൽ നിന്നു വിട്ടയക്കേണമെന്നും, ഈ യുദ്ധത്തിൽ എനിക്കു വന്നിട്ടുള്ള നഷ്ടങ്ങൾക്കു പ്രതിഫലമായി, ദിനേശപുരത്തു് നിന്നു് വരേണ്ടുന്ന കപ്പം വിട്ടുകിട്ടേണമെന്നുമാണ് എൻെറ അപേക്ഷ.

സുൽത്താൻ പുരികം ചുളിച്ചു.

"നിങ്ങൾ എൻെറ നേരെ ലഹളയ്ക്കു് പുറപ്പെട്ടതിനാൽ എനിക്കു വന്നുപെട്ട നഷ്ടങ്ങൾക്കു് ആർ പരിഹാരം ചെയ്യും?"

"യുവരാജാവുമായുള്ള യുദ്ധത്തിൽ ഞാൻ ഇവിടുത്തെ സഹായിക്കാം."

"അതു് എൻെറ കീഴിലുള്ള രാജാക്കന്മാർ ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അവശ്യം ചെയ്യേണ്ട കൃത്യമല്ലേ? എന്നു്, ശത്രുപക്ഷത്തിന്നെതിരായി, സഹായിക്കാതിരുന്നതിനാൽ തന്നെ നിങ്ങൾ ശിക്ഷാർഹനായിത്തീർന്നിരിക്കുന്നു. അതിന്നിപ്പോൾ എന്താണ് ശിക്ഷ വിധിക്കേണ്ടതു്?"

"അതു തീർച്ചപ്പെടുത്തുന്നതു് എന്നെ ഇവിടെ ക്ഷണിച്ചുവരുത്തുന്നതിന്നുമുമ്പു വേണ്ടതായിരുന്നു. യാതൊരുവിധത്തിലും എന്നെ ഉപദ്രവിക്കുകയില്ലെന്നുള്ള ഉത്തമവിശ്വാസത്തിന്മേലാണ് എന്നെ ഇങ്ങോട്ടു് വിളിച്ചുവരുത്തീട്ടുള്ളതു്. എന്നെക്കൊണ്ടു് വല്ല ശിക്ഷയും അനുഭവിപ്പിക്കേണമെന്നു കരുതുന്നതു തന്നെ വിശ്വാസവഞ്ചനമാണ്".

"കൌശലക്കാരോടു മറുകൌശലം പ്രയോഗിക്കുന്നതിൽ യാതൊരു വഞ്ചനയും ഇല്ല. സമാധാനരക്ഷയ്ക്കു് ഇതു മാത്രമെ ഒരു വഴികാണുന്നുള്ളു. അസിംഖാൻ! ഈയാളെപ്പിടിച്ചു തടവിലിടൂ!"

സുൽത്താൻ ഇത്ര വഷളത്വം കാട്ടുമെന്നു ആരും വിചാരിച്ചിരുന്നില്ല. അസിംഖാൻ നിന്ന നിലയിൽ നിന്നിളകാതെ അത്ഭുതത്തോടുകൂടി സുൽത്താന്റെ മുഖത്തുതന്നെ നോക്കി 'സുൽത്താന്റെ വാക്കു വിശ്വസിച്ചു്, ഗണേശദേവനുമായി കരാർ ചെയ്തു അദ്ദേഹത്തെ രാജസന്നിധിയിലേക്കു കൂട്ടിക്കൊണ്ടുവന്നതു് അസിംഖാൻ ആയിരുന്നു. ഇങ്ങിനെ, താനറിയാതെ തന്നേ അസിംഖാൻ, തന്റെ പ്രഭുവിന്റെ നിർമ്മര്യാദപ്രവൃത്തികൾക്കു ഒരു സഹായിയായിത്തീർന്നു! സുൽത്താൻ ഒന്നൊന്നായി ചെയ്തുപോന്ന അനീതികൾ കണ്ടു കണ്ടു് ആ ഭടവീരന്റെ മനസ്സു മടുത്തു. ഇനിയും മൌനിയായിരിക്കുന്നതു ശരിയല്ലെന്നു തീർച്ചപ്പെടുത്തി ഇപ്രകാരം തിരുമനസ്സറിയിച്ചു:—

"തിരുമേനിയുടെ പ്രതിജ്ഞ വിശ്വസിച്ചിട്ടാണ് മഹാരാജാവു് ഇവിടെ വന്നിട്ടുള്ളതു്. അതിനു ഭംഗംവരുത്തിയാൽ തിരുമേനിക്കു ദുഷ്കീർത്തിയും, അവിടത്തെ വാക്കിൽ ജനങ്ങൾക്കു അവിശ്വാസവും ജനിക്കുന്നതാണെന്നു ഓർമ്മവേണം."

സുൽത്താൻ:—"അധികപ്രസംഗി! ശബ്ദിച്ചുപോകേണ്ടാ. കരീമുദ്ദീൻ! ഇന്നുമുതൽ നീയാണ് നമ്മുടെ സേനാപതി. ധിക്കാരിയായ ഈ അസിംഖാനെയും രാജദ്രോഹിയായ ഗണേശദേവനെയും ഈ നിമിഷം തടവിലിടു! ഈ ശിക്ഷ ഇതിനു മുമ്പുതന്നെ വേണ്ടതായിരുന്നു!"

കരീമുദ്ദീൻ—"തിരുമേനി! ദിനേശപുരംരാജാവിന്റെ പരിവാരങ്ങൾ ഗോപുരദ്വാരത്തിൽ നിൽക്കുന്നുണ്ടു്. അവരെ എന്തുചെയ്യണം?"

"അവരെയും തടവിലിടണം."

സുൽത്താന്റെ ആജ്ഞപ്രകാരം അസിംഖാനെയും ഗണേശദേവനെയും കരീമുദ്ദീൻ ബന്ധനസ്ഥരാക്കി. മാന്യവയോധികനായ മന്ത്രിക്കു ഇതു കണ്ടു ക്ഷമിക്കുവാൻ കഴിഞ്ഞില്ല. ആ സാധു, വ്യസനാതിരേകത്താൽ തലയ്ക്കടിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു:—

"സുൽത്താനെ! അങ്ങ് എന്തൊരവിവേകമാണ് ചെയ്തതു്? ഇനി നമ്മുടെ രക്ഷയ്ക്കുള്ള മാർഗ്ഗം എന്താണ്? യാതൊരു

കുറവും കൂടാതെ സേനാപതിയെ തടവിലിട്ടതു ശരിയാണോ?”

സുൽത്താൻ—കാരണമില്ലാതെയോ? നിങ്ങളുടെ മകനാണെന്നു കരുതിയാണ് അവനെ ഇതിന്നു മുമ്പുതന്നെ ഉദ്യോഗത്തിൽ നിന്നു നീക്കാതിരുന്നതു്. ഈ കുഴപ്പങ്ങൾക്കെല്ലാംകാരണം അവൻ ഒരുവനാണ്.

മന്ത്രി—ദിനേശപുരം രാജാവിനെയും അങ്ങു ബന്ധനസ്ഥനാക്കിയല്ലോ. ഇനി, രണ്ടുകൂട്ടരോടും യുദ്ധംചെയ്യാതെ നിർവാഹമില്ലെന്നായി. കലാശം എന്തായിരിക്കുമെന്നു ദൈവത്തിന്നേ അറിഞ്ഞുകൂടു.

സുൽത്താൻ—രണ്ടു കൂട്ടരോടുമോ? തനിക്കു ഭ്രാന്തുണ്ടോ? ഗണേശദേവനെ തടവിലിട്ടാൽ പിന്നെ ദിനേശപുരത്തിൽ യുദ്ധം ചെയ്‌വാനാരുണ്ടു്?

മന്ത്രി—അദ്ദേഹത്തിന്റെ സൈന്യം. മഹാരാജാവിന്റെ അമ്മ ഈ പ്രവൃത്തി കണ്ടുംകൊണ്ടു മിണ്ടാതിരിക്കുമെന്നാണോ കരുതുന്നതു്? ദിനേശപുരത്തുകാർ എല്ലാവരും ഒരുപോലെ നശിക്കുന്നതുവരെ അവർ മഹാരാജാവിന്നുവേണ്ടി യുദ്ധം ചെയ്യാൻ തയ്യാറാണ്.

സുൽത്താൻ—ഗണേശദേവനെ കൊന്നുകളഞ്ഞാൽ?

മന്ത്രി—സാഹിബുദ്ധീൻ രാജകുമാരനെ ദിനേശപുരത്തു ജാമ്യം നിർത്തിയ കഥ തിരുമേനി മറന്നുപോയിരിക്കാം. മഹാരാജാവു തടവിലാണെന്നുള്ള ധ്വനികിട്ടിയാൽ, സാഹിബുദ്ധീന്റെ ജീവൻ അപകടത്തിലാകും.

സുൽത്താൻ—ഗണേശദേവന്റെ കൂടെവന്ന പരിവാരങ്ങളും തടവിലല്ലേ? അതുകൊണ്ടു ഈ വർത്തമാനം ശത്രുപക്ഷക്കാർക്കു കിട്ടേണമെങ്കിൽ കുറച്ചു സമയം വേണ്ടിവരും. ഈ തരംനോക്കി സാഹിബുദ്ധീനെ രക്ഷപ്പെടുത്തണം.

മന്ത്രി—തിരുമേനി! അങ്ങയുടെ കല്പനയെ നിറവേറ്റാൻ ഒരുങ്ങുന്നവരാരാണ്? ലോകവ്യവഹാരങ്ങളിൽ പരിചയിച്ചു തലനരച്ച ഈ കിഴവൻ പറയുന്നതു കേൾക്കണം. അസിംഖാനെ ബന്ധനത്തിൽനിന്നു വിട്ടയയ്ക്കുവാൻ കല്പനകൊടു

ക്കുക. ദിന്നേശപുരം മഹാരാജാവുമായി സന്ധിയാവുകയും ചെയ്യു. അല്ലാത്തപക്ഷം നമുക്കു നാശം വന്നു ചേരുന്നതാണ്. ഇവിടുത്തെ "ചൈത്താൻ" ബാധിച്ചിരിക്കുകയാണെന്നു തോന്നുന്നു.

സുൽത്താൻ—നീയാണ് എന്റെ "ചൈത്താൻ" നിന്റെ മകൻ കുട്ടപ്പാണ് ഗിയാസുദ്ധീന്റെ ഉപദേഷ്ടാവെന്നു നീ അറിയുമോ? അവനാണ് ഈ അനത്ഥത്തിനെല്ലാം കാരണം.

മന്ത്രി—അതുകൊണ്ടുതന്നെയാണ് ഞാൻ അവനെ തള്ളിക്കളഞ്ഞതും.

സുൽത്താൻ—നീ അവനെ തള്ളിക്കളഞ്ഞതുകൊണ്ട് എനിക്കെന്താണൊരു മെച്ചം? അസിംഖാനും ഗിയാസുദ്ധീനുമായി കൂട്ടുകെട്ടുണ്ടെന്നും രണ്ടാളുംകൂടി എന്റെ അധഃപതനത്തിനു ഗൂഢമായി ആലോചിച്ചു വരുന്നുണ്ടെന്നുമാണ് എന്റെ വിശ്വാസം. ശത്രുപക്ഷക്കാരെ ഇതേവരെ അടക്കുവാൻ സാധിക്കാത്തതിനു ഞാൻ ഇതല്ലാതെ വേറെ യാതൊരു കാരണവും കാണുന്നില്ല.

വന്ദ്യവയോധനികനായ മന്ത്രിക്കു ഇതിലധികം കേട്ടുസഹിക്കാൻ സാധിച്ചില്ല. സുൽത്താന്റെ അധിക്ഷേപവാക്കുകൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ തറച്ചു. അദ്ദേഹം തീരെ അക്ഷമനായി, അടക്കാൻകഴിയാത്ത കോപത്തോടുകൂടി ഇങ്ങിനെ പറഞ്ഞു.

"കഷ്ടം കഷ്ടം! ഈ വക ദുശ്ശങ്കകൾ രാജാക്കന്മാൎക്കു ചേൎന്നതല്ല. ഇനി, ഞാൻതന്നെ ഗിയാസുദ്ധീന്റെ പക്ഷക്കാരനാണെന്നല്ലെ ഇവിടുന്നു പറയുക."

സുൽത്താൻ കോപാവേശത്താൽ തന്നെത്താൻ മറന്നു കേവലം ഒരു ഭ്രാന്തനെപ്പോലെയായി.

"അങ്ങിനെയും എനിക്കു ശങ്കയില്ലായ്കയില്ല. താൻ നിർദ്ദോഷിയാണെന്നു അനാവശ്യമായി ഘോഷിക്കുന്നതു തന്നെ കള്ളലക്ഷണമാണ്."

നിഷ്കളങ്കമായ സ്വാമിഭക്തിയോടുകൂടി താൻ ഇത്രനാളും സേവിച്ചുപോന്ന സുൽത്താന്റെ മുഖത്തുനിന്നു നിർഗ്ഗമിച്ച വജ്രകഠിനമായ ഈ വാക്കുകൾ മഹർഷിതുല്യനും ശുദ്ധാത്മാവുമായ ആ വന്ദ്യവയോധികന്റെ ഹൃദയത്തെ വല്ലാതെ വേദനപ്പെടുത്തി. ക്ഷണനേരം യാതൊന്നും പറവാൻ സാധിക്കാതെ അദ്ദേഹം അമ്പരന്നു നിന്നുപോയി. ഒടുവിൽ, ഹൃദയക്ഷോഭത്തെ ഒരു വിധത്തിൽ അടക്കികൊണ്ടു ഇപ്രകാരം പറഞ്ഞു:—

"സുൽത്താനെ! ദൈവം അങ്ങയ്ക്കു പ്രതികൂലിയായിട്ടാണു കാണുന്നതു്. അല്ലെങ്കിൽ ഈ വക ചിത്തഭ്രമം അങ്ങയ്ക്കുണ്ടാകാൻ അവകാശമില്ല. ഞാൻ ഇതാ അങ്ങയുടെ ഉദ്യോഗത്തിൽനിന്നു പിരിയുന്നു. പക്ഷേ, പോകുന്നതിന്നുമുമ്പായി ഒന്നു പറഞ്ഞുകൊള്ളട്ടെ. അങ്ങയ്ക്കു വിനാശകാലം അടുത്തിരിക്കുന്നു. അതുവന്നു് തലയിൽ കയറുന്നതിന്നു മുമ്പായി, അതിന്റെ നിവാരണമാർഗ്ഗം ചിന്തിച്ചാൽ നന്നു്."

സുൽത്താന്റെ അക്രമപ്രവൃത്തികണ്ടു് അത്യന്തം കുപിതരായിത്തീൎന്ന സാമാജികന്മാർ, അവിടെനിന്നു് പോകാൻ പുറപ്പെട്ട മന്ത്രിവൃദ്ധനെ, ആംഗ്യം കൊണ്ടുപോലും തടഞ്ഞുനിൎത്തുവാൻ തുനിഞ്ഞില്ല. അവരുടെ കോപത്തെയും, അതൃപ്തിയേയും, പുറമേ അടയാളപ്പെടുത്താതെ, മൌനഭാവം കൊണ്ടുതന്നെ അവർ ധാരാളം പ്രത്യക്ഷപ്പെടുത്തി, പൂർവാധികമായ ആശാഭംഗത്തോടുകൂടി അവിടെനിന്നു പിരിഞ്ഞുപോയി. പക്ഷേ, ഇതുകൊണ്ടൊന്നും സുൽത്താൻ തന്റെ അഭിപ്രായത്തെ ഭേദപ്പെടുത്തിയതുമില്ല.

സാമാജികന്മാർ പിറ്റെദിവസം രാവിലെ വീണ്ടും സന്നിഹിതരായി. തലേന്നു് രാത്രിമുഴുവനും മഴപെയ്തിരുന്നതിനാൽ, ആകാശമണ്ഡലം കാർമേഘപടലങ്ങളെക്കൊണ്ടു് ഇരുണ്ടു് കിടന്നിരുന്നു. ഈ പ്രക്ഷോഭത്തിന്റെ പ്രതിബിംബമോ എന്നു തോന്നുമാറു് രാജസേവകന്മാരുടെ മുഖഭാവവും കേവലം അപ്രസന്നമായിരുന്നു. കൊടുങ്കാററിന്നു മുമ്പുണ്ടാകുന്ന പ്രശാന്തതപോലെ, ഒരു നിശ്ശബ്ദത, ആ സ്ഥാനമണ്ഡപത്തിലെങ്ങും വ്യാപിച്ചു. പക്ഷേ, പ്രതീക്ഷിതമായ കൊടുങ്കാററടിക്കുവാൻ അധികനേരം താമസിക്കേണ്ടിവന്നില്ല.

രണ്ടു പാറാവുകാർ ഭയവിഹ്വലരായി ബദ്ധപ്പെട്ടു കിതച്ചുംകൊണ്ടു ആസ്ഥാനമണ്ഡപത്തിൽ ഓടിയെത്തി.

"തിരുമേനി! ഗിയാസുദ്ധീൻ രാജകുമാരൻ ഇതാ അടുത്തെത്തിക്കഴിഞ്ഞു. ജലാലുദ്ധീൻരാജകുമാരന്ന് അദ്ദേഹത്തിൻെറ പുരോഗതിയെ തടുക്കുവാൻ സാധിക്കുന്നില്ല. ശത്രുക്കരം ഉടനെ ഇവിടെ എത്തും."

സുൽത്താൻെറ മുഖം വിളത്തു— ശരീരമാസകലം വിറച്ചുതുടങ്ങി.

"അസിംഖാൻ! അസിംഖാൻ!" എന്നുവിളിച്ചു.

"തിരുമേനിയുടെ കല്പനപ്രകാരം അസിംഖാൻ തടവിലാണ്" എന്നു കരീമുദ്ധീൻ മറുപടി പറഞ്ഞു.

സുൽത്താൻെറ പരിഭ്രമവും പരുങ്ങലും അസാദ്ധ്യനിലയിലെത്തി.

"കരീമുദ്ധീൻ! പട്ടാളക്കാരോടൊന്നിച്ചുപോയി ഉടനെ ജലാലുദ്ധീനെ സഹായിക്കൂ. അസിംഖാനെ ജെയിലിൽ നിന്നു വിട്ട് ഇങ്ങട്ടു കൂട്ടിക്കൊണ്ടുവരാനും ഏർപ്പാടുചെയ്യു."

കരീമുദ്ധീൻ പുറത്തേക്കുപോയ ഉടനെതന്നെ തിരിച്ചുവന്നു."

"അസിംഖാൻ പോയ്ക്കളഞ്ഞു. ഇവിടെയുള്ള ചെറുസൈന്യം യുദ്ധക്കോപ്പിട്ടുനുണ്ട്. അവരെ, തിരുമേനി കല്പിച്ചപോലെ, യുദ്ധഭൂമിയിലേയ്ക്കു കൊണ്ടുപോകാം."

"അസിംഖാൻ എവിടെ?

"ഓടിപ്പോയി."

"ഓടിപ്പോവുകയോ?"

"അതേ."

"എങ്ങട്ട്?"

"ഗിയാസുദ്ധീൻരാജകുമാരനെ സഹായിക്കാനാണെന്നാണു കേട്ടതു്?"

സുൽത്താന്ന് ഇതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ആ മുറിയും, ഭവനവും, ജനങ്ങളും എല്ലാം ചക്രാകാരത്തിൽ തിരിയുന്നതായി അയാൾക്കു തോന്നി.

"എന്നാൽ ഗണേശദേവനെ കൂട്ടിക്കൊണ്ടുവരട്ടെ!" എന്നു കല്പിച്ചു.

"ഗണേശദേവനും ഓടിപ്പോയി".

"ഗണേശദേവനും പോയോ? അയ്യോ മന്ത്രി! എന്റെ മന്ത്രി! നമ്മൾ ഇനി എന്തുചെയ്യും?"

"മന്ത്രിയും ഇവിടെയില്ല. അദ്ദേഹവും യുവരാജാവിന്റെ പക്ഷത്തിൽ ചേരാനാലോചനയുണ്ടെന്നാണു് കേട്ടതു്."

മന്ത്രിയും തന്നെ കൈവിട്ടതായി കേട്ടപ്പോൾ സുൽത്താന്റെ നൈരാശ്യം ഒരു വിപരീതശക്തിയായി പരിണമിച്ചു. നിസ്സഹായതയാൽ ഭ്രാന്തചിത്തനായിത്തീൎന്ന ആയാൾ ഗംഭീരസ്വരത്തിൽ ഇങ്ങിനെ ഗർജ്ജിച്ചു. "എല്ലാവരും പോയി! സകലരും എന്നെ ത്യജിച്ചു! ആകട്ടെ, പേടിക്കേണ്ട; ഇനി നിങ്ങളെ രക്ഷിക്കാൻ ഞാൻ മതി".

ഇതുകേട്ടു നിന്നിരുന്ന ഭടന്മാൎക്കെല്ലാം ഒരു ഉണർച്ചതട്ടി. സുൽത്താന്റെ സമരസംരംഭം അവരെയും ബാധിച്ചു. ആസന്നമായ ആപത്തിന്റെ സന്നിധാനത്താൽ അവർ ഇതരചിന്തകളെല്ലാം മറന്നു്, എല്ലാവരും ഒന്നായി എഴുന്നേററു് "സുൽത്താൻ വിജയിയാകട്ടെ" എന്നു ഐകകണ്ഠ്യേന അത്യുച്ചത്തിൽ നിലവിളിച്ചു.

യുദ്ധകാലമായിരുന്നതിനാൽ ഒരു സൈന്യത്തെ ശേഖരിക്കുന്നതിനു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ഒരു മണിക്കൂറിനുള്ളിൽ അവരെല്ലാം യാത്രയ്ക്കു സന്നദ്ധരായി, സുൽത്താന്റെ നായകത്വത്തിൻകീഴിൽ പുറപ്പെട്ടു്, രണ്ടു സൈന്യങ്ങളും പാണ്ഡുവനഗരിക്കടുത്തായി എതിരിട്ടു. മൂന്നുരാപ്പകൽ ഇടവിടാതെ അച്ഛനും മകനും തമ്മിൽ ഘോരസമരം നടന്നു.

ഈ യുദ്ധത്തിന്റെ കലാശം ബങ്കാളരാജ്യചരിത്രത്തിൽ സുപ്രസിദ്ധമാണ്. യുദ്ധത്തിന്റെ മൂന്നാം ദിവസം സിക്കന്ദർഷാ വീരസ്വർഗ്ഗം പ്രാപിച്ചു. "അദീനമസ്ജിഡ്" എന്ന പള്ളിയിൽ വളരെക്കൊല്ലം മുമ്പുതന്നെ പണിചെയ്യിച്ചു തയ്യാറാക്കിവെച്ചിരുന്ന ശവകുടീരത്തിൽ അദ്ദേഹത്തിന്റെ ശരശകലിതമായ ശരീരത്തെ പരിജനങ്ങൾ വിശ്രമിപ്പിച്ചു. ഗിയാസുദ്ദീൻ രാജ്യഭാരം ഏറെറടുത്തു സിംഹാസനാരോഹണം ചെയ്കയുംചെയ്തു.

———(o)———

# ഇരുപത്തഞ്ചാം അദ്ധ്യായം.

പാണ്ഡ്യനഗരിയിൽനിന്നു വളരെ അകലെയല്ലാത്ത "വംഗശിഖരിപുരം" എന്ന സ്ഥലത്തായിരുന്നു ഗണേശദേവൻ പാളയം കെട്ടി താമസിച്ചിരുന്നതു്. അതിന്നു താഴത്തായി, സ്ഫടികസങ്കാശമായ ഒരു ജലാശയമുണ്ടായിരുന്നു. ഈ ജലാശയം ഏതോ ഒരു ദിവ്യശക്തിയാൽ ഉണ്ടായതാണെന്നു .ആ ദിക്കിലെല്ലാം ഒരൈതിഹ്യമുണ്ടു്.- അഥവാ, അതിലെന്താണത്ഭുതപ്പെടാനുള്ളതു്? ചമൽക്കാരഭൂയിഷ്ഠമായ ഈ പുണ്യഭൂമിയിൽ ഏതൊരു വെള്ളച്ചാലിനാണ്, ഏതൊരു വൃക്ഷത്തിനാണ്, എന്നുവേണ്ടാ, ഏതൊരു ശിലാശകലത്തിനാണ് ഇങ്ങിനെ, ഒരൈതിഹ്യമില്ലാത്തതു്? പിന്നെ എന്തിന്നു, സ്ഫടികജലസംപൂൎണ്ണമായ ഈ സരസ്സിന്നു മാത്രം ഈ അവകാശം പാടില്ലെന്നുവെയ്ക്കുന്നു?.

യുദ്ധം ആരംഭിച്ചകാലത്തു, സിക്കണ്ടർഷാ, ദിനേശപുരം മഹാരാജാവിന്റെ പേരിൽ രാജദ്രോഹകുററം ചുമത്തുകയും, സുൽത്താന്റെ കല്പനപ്രകാരം, അസിംഖാൻ വളരെകാലം അദ്ദേഹത്തെ പിന്തുടൎന്നു നടക്കുകയും ചെയ്തവിവരം വായനക്കാർ ഓൎക്കുന്നുണ്ടല്ലൊ. ഗണേശദേവന്റെ സൈന്യം എണ്ണത്തിലും വണ്ണത്തിലും പരിമിതമായിരുന്നതിനാൽ അദ്ദേഹത്തിന്നു അസിംഖാനുമായി തുല്യനിലയിൽ പൊരുതുന്നിൽക്കുവാൻ സാദ്ധ്യമായിരുന്നില്ല. ശത്രുസൈന്യത്താൽ അടിക്കടി അനുഗതരായും ക്ഷുൽപിപാസാദികളാൽ അത്യന്തം പീഡിതരായും ഭവിച്ച ഭടന്മാർ ഒടുവിൽ "വംഗശിഖരിപുര"ത്തിൽ എത്തിച്ചേൎന്നു. ഒരിടത്തും ഒരുതുള്ളിവെള്ളംപോലും കാണാതെ നിരാശപ്പെട്ടു വിവശനായ ഗണേശദേവൻ, ഗത്യന്തരമില്ലായ്കയാൽ, ശത്രുപക്ഷത്തിന്നു കീഴടങ്ങിക്കളയാമെന്നു തീൎച്ചയാക്കി. തൽസമയം, ഭക്ഷണസാധനങ്ങൾ കൊണ്ടുവരുവാൻ പോയിരുന്ന സന്യാസിനി വളരെ സാമാനങ്ങൾ എടുപ്പിച്ചുകൊണ്ടു അവിടെ എത്തിച്ചേൎന്നു. ആളുകളെല്ലാം ദാഹിച്ചു തൊണ്ടവരണ്ടിരിക്കയാണെന്നു അവർ മനസ്സിലാക്കി.

"നിങ്ങൾ ആ അരയാൽവൃക്ഷത്തിന്റെ ചുവട്ടിൽ നോക്കിയോ?" എന്നുചോദിച്ചു.

രാജകുമാരൻ:— ഞങ്ങൾ നോക്കാത്ത സ്ഥലമൊന്നും ബാക്കിയില്ല.

സന്ന്യാസിനി:—"എന്നാൽ ഒന്നുകൂടി പരീക്ഷിക്കാം" എന്നു പറഞ്ഞു, ഉദ്ദേശം സാധിക്കാതിരിക്കയില്ലെന്നുള്ള ഉത്തമ വിശ്വാസത്തോടു കൂടി അവർ അരയാൽവൃക്ഷത്തിന്റെ ചുവട്ടിലേക്കുപോയി. ഭടന്മാരും അവരെ പിന്തുടൎന്നു. പെട്ടെന്നു വൃക്ഷങ്ങളുടെ ഇടയിൽ കുററിക്കാട്ടുകൊണ്ടു മറഞ്ഞു കിടന്നിരുന്ന ഒരു ജലാശയം തൃഷ്ണാൎത്തന്മാരായ അവരുടെ ദൃഷ്ടികൾക്കു ഗോചരീഭവിച്ചു. എല്ലാവരും സന്തോഷാതിരേകത്താൽ ആൎത്തുവിളിച്ചു. സന്ന്യാസിനിയെക്കുറിച്ചുള്ള ഭക്തിനിമിത്തം അവർ ആ സാധ്വിയുടെ കാൽക്കൽ സാഷ്ടാംഗപ്രണാമം ചെയ്തു. ഓരോരുത്തരും തടാകത്തിലിറങ്ങി യഥേഷ്ടം ദാഹം മാററുകയും ചെയ്തു.

ഹിന്ദുക്കൾക്കു അമാനുഷികങ്ങളായ സംഭവങ്ങളെക്കുറിച്ചുള്ള വിശ്വാസവും, ശീതളമായ ആ ജലത്തിന്റെ സംജീവനശക്തിയും ഭടന്മാരെ വീണ്ടും ഉത്സാഹഭരിതന്മാരാക്കി. മററു യാതൊന്നുകൊണ്ടും ലഭിക്കാത്തവിധത്തിലുള്ള ഒരു സഹനശക്തിയും, അതിനുശേഷം, ശത്രുപക്ഷത്തോട്ട് സധൈൎയ്യം പൊരുതുവാനുള്ള കരുത്തും നൽകിയ ആ ജലാശയത്തിനു എന്തോ ഒരു ദിവ്യത്വമുണ്ടെന്നു അവർ തീർച്ചപ്പെടുത്തി, അതിനു "ജീവിതസരസ്സ്" എന്നു നാമകരണം ചെയ്തു.

ശത്രുക്കൾ അവരെ പിന്തുടൎന്നു വരുന്നുണ്ടെന്നറിയുകയാൽ അവർ അവിടെ അധികകാലം താമസിക്കാതെ, സൈന്യബലം വർദ്ധിപ്പിക്കാൻ വേണ്ടി ദിനേശപുർത്തേക്കു യാത്രയായി. യുദ്ധഫലം അവൎക്കനുകൂലമായിത്തന്നെ ഇരുന്നു. ഒടുവിൽ അവർ പാണ്ഡവനഗരിയെ നിരോധിക്കാനുദ്ദേശിച്ചു വീണ്ടും അങ്ങോട്ടു പുറപ്പെട്ടു. അപ്പോഴും ഈ സരസ്സിന്റെ തീരത്തിൽ തന്നെയാണു് അവർ കൂടാരം അടിച്ചു പാൎത്തതു്. ഇതു, ഗണേശദേവൻ സുൽത്താന്റെ വലയിൽ അകപ്പെടുന്നതിനു ഒരാഴ്ച മുമ്പായിരുന്നു. അതിൽ നിന്നു അദ്ദേഹം എങ്ങിനെ രക്ഷപ്പെട്ടുവെന്നു വായനക്കാൎക്കറിവുണ്ടല്ലോ.

:0:

## ഇരുപത്താറാം അദ്ധ്യായം

കർക്കടകത്തിലെ വർഷം അവസാനിച്ചു. മദ്ധ്യാഹ്നങ്ങളിൽ മഴപെയ്യാറില്ലെങ്കിലും ആകാശത്തിൽ കാർമേഘങ്ങൾ തങ്ങിനിന്നിരുന്നു. അസ്തമനസൂര്യന്റെ സ്വർണ്ണപ്രഭങ്ങളായ കിരണങ്ങൾ സായാഹ്നത്തെ പ്രകാശമാനമാക്കിയിരുന്നില്ല. ഇലകളിൽനിന്നു മഴത്തുള്ളികൾ ഇററിററുവീണു., മന്ദമാരുതൻ പ്രശാന്തമായ സരോജലത്തിൽ ചെറുതരംഗങ്ങളെ ജനിപ്പിച്ചുകൊണ്ടു വീശി.

നനവുതട്ടിയ പുൽത്തറകളിൽ മറഞ്ഞിരുന്ന മണ്ഡൂകങ്ങൾ തങ്ങളുടെ ഹൃദയോല്ലാസത്തെ ഗാനരൂപത്തിൽ വെളിപ്പെടുത്തി. കാടുകളുടെ ഉള്ളിൽ കിടന്നു നിരന്തരം പാടിക്കൊണ്ടിരുന്ന ചീവീടുകളുടെ പരുഷസ്വരം നട്ടുച്ചയ്ക്കുകൂടി സന്ധ്യാരംഭശങ്കയുണ്ടാക്കി. ദൃഢഗാത്രന്മാരായ പാറാവുകാരുടെ പദവിന്യാസങ്ങളും ഈ സംഗീതത്തിന്റെ താളത്തിനൊത്തു കേട്ടുകൊണ്ടിരുന്നു.

തടാകതീരത്തിൽ പുതുതായി പണിയിച്ച ഒരു കൽത്തറമേൽ ദിനേശപുരംമഹാരാജാവിന്റെ പരിചാരകന്മാരിൽ ചിലർ ഇരിക്കുന്നു. അവർ യുദ്ധക്രമം അഭ്യസിച്ച ഭടന്മാരല്ലെങ്കിലും യുദ്ധകാലമായിരുന്നതിനാൽ അരയിൽ കഠാരവും, കയ്യിൽ കുന്തവും, തലയിൽ ശിരസ്ത്രവും ധരിച്ചിട്ടുണ്ടു്. ആ കാലത്തെ ബങ്കാളികളും ആധുനികന്മാരും തമ്മിൽ വളരെ അന്തരമുണ്ടു്. പണ്ടുള്ളവൎക്കു യുദ്ധംചെയ്ക എന്നതു് ഒരു പൂർവ്വജന്മസ്മരണമാത്രമായിരുന്നില്ല. നേരേമറിച്ചു, യുദ്ധസാമർത്ഥ്യം ആ കാലത്തു അവരുടെ നിത്യജീവിതത്തിൽ ഒഴിച്ചുകൂടാത്ത ഒരു സാമഗ്രിയായിരുന്നു.

അവിടെ കൂടിയിരുന്നവരിൽ ഒരാളൊഴികെ മറെറല്ലാവരും ഭടവേഷധാരികളായിരുന്നു. വ്യത്യസ്തനായ ആൾ ദിനേശപുരം കൊട്ടാരത്തിലെ ഗായക കവിയും, "കൃഷ്ണലീല"യിൽ ഒരു പ്രധാനവേഷക്കാരനും, നമുക്കു മുമ്പുതന്നെ പരിചിതയായ രംഗിണിയുടെ ഭർത്താവും ആയ നവീനാധികാരിയാണു്. അധികാരിയു

ട്ടെ സംഗീതം രാജകുമാരന്നു വളരെ ഇഷ്ടവും അദ്ദേഹത്തെപ്പററി എല്ലാവൎക്കും ബഹുമാനവും ആയിരുന്നു. രാധാമാധവന്മാരുടെ ലീലകളെപ്പററി അധികാരി എഴുതിയ നാടകം ദിനേശപുരക്കാൎക്കെല്ലാം മുഖസ്ഥമായിരുന്നു. ഈ കഥ നടന്ന കാലത്തു് നാല്പത്തഞ്ചുവയസ്സു പ്രായംചെന്ന അയാൾക്കു് നാലു വേളികൾ കഴിഞ്ഞിരിക്കുന്നു. അതിൽ നാലാമത്തെ പരിഗ്രഹമാണു് രംഗിണി. ആദ്യത്തെ മൂന്നു ഭാൎയ്യമാരെ വേളികഴിച്ചതു അച്ഛനമ്മമാരുടെ അനുമതിയോടുകൂടിത്തന്നെയായിരുന്നു. പക്ഷെ നാലാമത്തെ ഭാൎയ്യയായ "രംഗിണീസുന്ദരി" അദ്ദേഹത്തിന്റെ ജീവിതരംഗത്തിൽ പ്രവേശിച്ചതു അങ്ങിനെയായിരുന്നില്ല. രംഗിണിയെ വിവാഹം ചെയ്വാൻ ആഗ്രഹിച്ചിരുന്ന ഒരു സ്നേഹിതന്റെ ആവശ്യപ്രകാരം അവളെക്കണ്ടുവരാമെന്നു് അധികാരി വാഗ്ദത്തം ചെയ്തു. ശൃംഗാരവിഷയത്തിൽ സദാ ചെറുപ്പക്കാരനായിരുന്ന ആ ബ്രാഹ്മണൻ അവളെക്കണ്ടു് ഭ്രമിച്ചു്, ശുദ്ധാത്മാവായ തന്റെ സ്നേഹിതനോടു ചെയ്ത വാഗ്ദത്തം കേവലം വകവെയ്ക്കാതെ അവളെ കല്യാണം കഴിച്ചു വീട്ടിലേക്കു കൊണ്ടുവന്നു. ഭാഗ്യവും യശസ്സും ഒരിക്കലും വിട്ടുപിരിയാതെ, ജീവകാലം മുഴുവനും ശൃംഗാരമയമായിത്തന്നെ കഴിച്ചുകൂട്ടിയ ഭാഗവതൎക്കു്, ഭയങ്കരമായ ഈ യുദ്ധം നിമിത്തം തന്റെ പഴയ സമ്പ്രദായങ്ങളെല്ലാം ഏറക്കുറെ ഭേദപ്പെടുത്തേണ്ടി വന്നു. മഹാരാജാവോടൊന്നിച്ചു, റാണി നിരുപമാദേവിയും യുദ്ധഭൂമിയിലേക്കു പുറപ്പെട്ട സമയം, തന്റെ നായകിയെ പിരിഞ്ഞിരിക്കാനുള്ള വൈമനസ്യം നിമിത്തം രംഗിണിയും അവരെ അനുഗമിച്ചിരുന്നു. കാന്താവിരഹഭീരുവായ ഭാഗവതൎക്കു് അവളെ പിന്തുടരുകയല്ലാതെ നിൎവ്വാഹമില്ലെന്നും വന്നു.

മഹാരാജാവിന്നും പരിജനങ്ങൾക്കും യുദ്ധസംബന്ധമായി ഓരോ കാൎയ്യങ്ങൾ ആലോചിക്കേണ്ടതുണ്ടായിരുന്നതിനാൽ, അവരാരും ഭാഗവതരുടെ ശൃംഗാരപ്പാട്ടുകൾക്കു ചെവികൊടുത്തിരുന്നില്ല. അദ്ദേഹത്തിന്നു് ആ ജീവിതം വളരെ ദുസ്സഹമായിത്തോന്നിത്തുടങ്ങി. പുറത്തുപോകുമ്പോൾ പട്ടാളക്കാരന്റെ ഉടുപ്പിടേണമെന്നുള്ള നിൎബ്ബന്ധമുണ്ടായിരുന്നു. അതു അധികാരിക്കു വളരെ വിരോധമായിരുന്നതിനാൽ, കൂടാരത്തിന്നുള്ളിൽ നിന്നു പുറ

ത്തിറങ്ങുവാൻ അദ്ദേഹം വളരെ മടിച്ചു. പക്ഷേ പട്ടാളത്തിൽ ആരും മടിയനായിരിക്കാൻ പാടില്ലെന്നാണു നിയമം. വീണാക്കമ്പികൾ മീട്ടിശ്ശീലിച്ച വിരലുകൾകൊണ്ടു വാളും കുന്തവും പിടിക്കുന്നതു കഠിനതയായേക്കുമെന്നു ശങ്കിച്ച്, അധികാരിയെ അഗ്രശാലയിലെ ഒരുദ്യോഗസ്ഥനായി നിയമിക്കുവാൻ ഭടന്മാർ തീർച്ചയാക്കി. യുദ്ധഭൂമിയിൽ, ബ്രാഹ്മണർക്കു ചേരുന്ന പ്രവൃത്തി ഇതല്ലാതെ മറെറന്താണുള്ളതു്? സാധുഭാഗവതർക്ക്, വീണയും ഓടക്കുഴലും കെട്ടിവെച്ചു, കയ്യിലും കടക്കൊള്ളിയുമായി കാലംകഴിക്കേണ്ടിവന്നു. യുദ്ധം ചെയ്യുന്നതിലുള്ളത്ര ദുസ്സഹത അദ്ദേഹത്തിന്നു പാചകവൃത്തിയിലും തോന്നിയിരുന്നു. പക്ഷേ, അടുക്കളപ്പണിയിൽ അത്ര അപായത്തിന്നിടയില്ലല്ലോ എന്നു വിശ്വാസത്തിന്മേലാണു് അദ്ദേഹം ഈ പ്രവൃത്തി സ്വീകരിച്ചതു്. നാടകത്തിൽ അദ്ദേഹം പല വേഷങ്ങളും ധരിക്കാറുണ്ടു്. പ്രത്യേകിച്ചു, രാധയുടെ ദൂതിയായ വൃന്ദയുടെ വേഷത്തിൽ അദ്ദേഹം വളരെ മുമ്പു തന്നെ പേരെടുത്തിരുന്ന ആളാണ്. പക്ഷേ അതെല്ലാം നാടകരംഗത്തിലല്ലേ? നിത്യജീവിതത്തിൽ, ചമൽക്കാരശൂന്യമായ ഒരു വേഷം സ്വീകരിക്കേണ്ടിവന്നതിലാണ് അദ്ദേഹത്തിന്നു വലുതായ അസഹ്യത തോന്നിയതു്. എന്തുചെയ്യാം!

കവികളുടെ പ്രതിഭാവിലാസത്തെ ഉദ്ദീപനം ചെയ്വാൻ പര്യാപ്തമായ ആ വർഷകാലത്തിലെ ദിവസപ്രകൃതി, ഭാഗവതർക്ക് ശൃംഗാരഗീതങ്ങളിലുള്ള ആസക്തിയെ പൂർവ്വാധികം വർദ്ധിപ്പിച്ചു. സ്തോഭജനകങ്ങളായ പാട്ടുകൾ പാടി തന്റെ ആഗ്രഹം നിറവേററുവാനുള്ള മോഹത്താൽ അദ്ദേഹം വീണയും കയ്യിലെടുത്തു തടാകതീരത്തിൽ ഒരിടത്തു ചെന്നിരുന്നു. കുന്തം അവിടെ വലിച്ചെറിഞ്ഞു. വലിയൊരു ഭാരമായിരുന്ന തലപ്പാവും ഊരിവെച്ചു; തലയുടെ മദ്ധ്യത്തിലായി മൂന്നുനാലംഗുലം നീളത്തിൽ കാണ്മാനുണ്ടായിരുന്ന പിൻകുടുമ അദ്ദേഹത്തിന്റെ ഭടവേഷത്തിന്റെ വൈജാത്യത്തെ ധാരാളം പ്രത്യക്ഷപ്പെടുത്തി. പിന്നീടു വീണക്കമ്പികൾ മീട്ടി, കണ്ണു രണ്ടും ചിമ്മി, ശിരഃകമ്പത്തോടുകൂടി, സംഗീതലഹരിയിൽ ലയിച്ചുകൊണ്ടു് അധികാരി പാടിത്തുടങ്ങി.

പക്ഷെ, ആ സാധുഭാഗവതരുടെ സംഗീതരസം ആസ്വദിക്കുവാനോ അദ്ദേഹത്തെ അഭിനന്ദിക്കുവാനോ, അവിടെ ആരും ഉണ്ടായിരുന്നില്ലെന്നു മാത്രമല്ലാ, ആ കൂട്ടരുടെ ചിരിയും സംസാരവും നിമിത്തം അദ്ദേഹത്തിന്റെ പാട്ട് പുറമേ കേൾക്കാൻതന്നെ അവർ സമ്മതിച്ചില്ല. പാട്ടിന്റെ രണ്ടാമത്തെ ചരണം ആരംഭിക്കുവാൻ ഭാവിക്കുമ്പോഴേക്കു ആരോ ഒരാൾ അടുത്തുവന്ന് "സ്വാമി! അതിനെപ്പററി. എന്തുവിചാരിക്കുന്നു?" എന്നു ചോദിച്ചു.

ഭാഗവതർക്ക് വല്ലാതെ കോപം വന്നു. "എന്തുവിചാരിക്കുന്നു എന്നോ? ഈ മഴക്കാലം മുഴുവനും നിനക്കു വിരഹതാപം അനുഭവിക്കാനിടവരട്ടേ എന്നും നിന്നെപ്പോലെയുള്ള വങ്കന്മാരുടെ സഹവാസത്തിനു എനിക്കു ദൈവം ഇടവരുത്താതിരിക്കട്ടെ എന്നുമാണെന്റെ പ്രാർത്ഥന."

ക്ഷുരകൻ ശ്രീകണ്ഠൻ മറുപടിപറഞ്ഞു:—

"മുൻഷിമഹാശയരേ! സ്വാമി പാടട്ടെ. നമുക്കു കുറേനേരം പാട്ടുകേൾക്കാം. സ്വാമീ! ഞാൻ വിരഹാതുരനായിരിക്കയാണ്, അങ്ങയുടെ പാട്ടുകൊണ്ടെങ്കിലും എന്റെ ഹൃദയം തണുക്കട്ടെ."

ഇതുകേട്ടപ്പോൾ ഭാഗവതർക്ക് ബഹുസന്തോഷമായി, ഗാനം തുടന്നു.

ശ്രീകണ്ഠൻ:—ഭേഷ്! സ്വാമി. ഭേഷ്, അങ്ങയോടുള്ള കൃതജ്ഞത കാണിക്കുവാൻ എന്റെ കയ്യിൽ ഒന്നും ഇല്ലാതെപോയല്ലോ! കഷ്ടം തന്നെ.

ഭാഗവതർക്ക് ഉത്സാഹം വർദ്ധിച്ചു പാട്ടുമുറുക്കി. പക്ഷെ അരസികന്മാരായ ശ്രോതാക്കളുടെ അക്ഷമത വീണ്ടും വേഗത്തിൽ പ്രത്യക്ഷപ്പെട്ടു. ശ്രീകണ്ഠൻ അത്ഭുതകരമായ ഒരു സ്വപ്നത്തെക്കുറിച്ചു പ്രസംഗിച്ചുംകൊണ്ടിരിക്കുമ്പോഴാണ് ഭാഗവതരുമായി ഈ സംഭാഷണം ആരംഭിച്ചത്. ആ കഥതന്നെ തുടരേണമെന്നു മററുള്ളവർ നിഷ്കൃഷിക്കുവാൻ തുടങ്ങി.

"അതിന്റെശേഷം സ്വപ്നത്തിൽ എന്തുകണ്ടു?" എന്നായി മുൻഷി. "അതു പറയൂ. ശ്രീകണ്ഠന്റെ സ്വപ്നങ്ങൾ വളരെ വിശേഷമാണ്" എന്നു ഭണ്ഡാരി അഭിപ്രായപ്പെട്ടു.

ശ്രീകണ്ഠൻ കഥ തുടന്നു:—

"തെക്കുഭാഗത്തു ആകാശം അരുണവർണ്ണമായിത്തീന്നപോലെ എനിക്കു തോന്നി."

എന്നിട്ടോ? അതിൽനിന്നു രക്തം പ്രവഹിച്ചു ഭൂമിയിലെങ്ങും പരന്നു, അല്ലേ?" എന്നു ശ്യാമസർദാർ ചോദിച്ചു.

ശ്രീകണ്ഠൻ:—അതെ, എന്തൊരു രക്തപ്രളയമായിരുന്നു! ഈശ്വരാ! നാലുഭാഗത്തും രക്തം! ഇളകിമറിയുന്ന ആ രക്തക്കടലിൽനിന്നു അടിച്ചുകയറുന്ന തിരമാലകൾ മനുഷ്യാകൃതികളായി പരിണമിച്ചു. ആവൂ! എനിക്കു വിചാരിക്കാൻ തന്നെ വയ്യാ. ഞാനും ആ കൂട്ടത്തിൽ പെട്ടവനാണെന്നു മനസ്സിലായപ്പോൾ ഞാനൊന്നു ഉച്ചത്തിൽനിലവിളിച്ചു. പെട്ടെന്നു, കമലാധിവാസിനിയായ ലക്ഷ്മീഭഗവതി അവിടെ പ്രത്യക്ഷപ്പെട്ടു "മകനെ! ഭയപ്പെടേണ്ട" എന്നു അമൃതമധുരമായി എന്നോടു പറഞ്ഞപ്പോൾ ഞാൻ ഞെട്ടി ഉണരുകയും ചെയ്തു.

"അത്ഭുതം. അത്യത്ഭുതം." എന്നെല്ലാവരും കൂടി നിലവിളിച്ചു.

"ആ സ്വരൂപം ആരെപ്പോലെയായിരുന്നു?"

"നമ്മുടെ സന്യാസിനിയെപ്പോലെതന്നെ."

മുൻഷി.—അതു അവർതന്നെ ആയിരിക്കാം. അവരല്ലെ മുമ്പൊരിക്കൽ നമ്മെ രക്ഷിച്ചതു്? അവരുടെ അനുഗ്രഹത്താൽ നമുക്കു ഈ യുദ്ധത്തിലും ജയം കിട്ടുമെന്നാണ് കരുതേണ്ടതു്. ഈ സ്വപ്നം ഒരു ശുഭലക്ഷണമാണ്.

രാജവൈദ്യൻ നികുഞ്ജസേനൻ, ഇതുവരെ ഓരോ മനോരാജ്യത്തിൽ പെട്ടു മൌനിയായിരിക്കുകയായിരുന്നു. ഈ ഒടുവിലത്തെ വാക്കുകൾ കേട്ടപ്പോൾ അയാൾ മൌനം ഭഞ്ജിച്ചു.

"ഇതു യഥാർത്ഥമായി വരട്ടെ. മുസൽമാൻമാരുടെ ഗർവ്വവും, അതോടുകൂടെ "ഹാക്കിം"മാരുടെ അധികപ്രസംഗവും ഭള്ളും ഒടുങ്ങട്ടെ- വ്യാജം- വ്യാജം- ശുദ്ധമെ വ്യാജമാണ് അവരുടെ വിദ്യകൾ. ഹാക്കിംനാസർ ആലിയുടെ ഭള്ളൊന്നു കാണാമല്ലൊ!"

വിദ്വാനായ വൈദ്യർ വീണ്ടും മൌനം അവലംബിച്ചു്, യഥാപൂർവം ഗൌരവം ഭാവിച്ചു വേറൊരുഭാഗത്തേയ്ക്കു തിരിഞ്ഞിരിപ്പായി.

ശ്യാമ്സർദാർ പൂൎവ്വസംഭാഷണം തുടൎന്നു:—

"പക്ഷെ, സുൽത്താനുമായി യുദ്ധം ചെയ്യുന്ന കാൎയ്യം അത്ര എളുപ്പമല്ല."

ശ്രീകണ്ഠൻ—ഏതു സംഗതിയിലാണു നമ്മുടെ മഹാരാജാവിന്നു സുൽത്താനെക്കാൾ ഒരു കുറവുള്ളതു്?

മുൻഷി—പ്രത്യേകിച്ചു ദിവ്യയായ ആ യോഗിനി നമ്മുടെ പക്ഷത്തായിരിക്കെ?

ശ്യാമസർദാർ—അതെല്ലാം ശരിതന്നെ, പക്ഷെ നമ്മൾ വീടും കുടുംബവും വിട്ടുപോന്നിട്ടു കാലം എത്രയായി! അവിടെ ഇപ്പോൾ എന്തൊക്കെ കോലാഹലങ്ങളാണാവോ നടക്കുന്നതു്! നമ്മുടെ കുടുംബങ്ങളുടെ സ്ഥിതി ദൈവത്തിന്നറിയാം!

വേറൊരാൾ—മഹാരാജാവിന്റെ അമ്മയ്ക്കു സന്ന്യാസിനിയോടു് ഇത്ര ബദ്ധവൈരമാവാൻ സംഗതിയെന്താണു്? അവരുടെ പേരുകൂടി മഹാറാണിക്കു കേട്ടുകൂടാ. അവർ ഒരു കള്ളസ്സന്ന്യാസിനിയാണെന്നും, അവർ നിമിത്തമാണു് ഈ യുദ്ധമെന്നും, അവരുടെ സഹവാസം അനൎത്ഥകാരണമാണെന്നും മററുമാണത്രേ മഹാറാണിയുടെ അഭിപ്രായം.

ഭണ്ഡാരി—ഈ യുദ്ധംനിമിത്തം പലേ കുഴപ്പങ്ങളും വന്നുചേരാനിടയുണ്ടെന്നും, അതുകൂടാതെ കഴിക്കേണമെങ്കിൽ ഉടനെ സുൽത്താനുമായി സന്ധിയാക്കേണമെന്നും മഹാറാണി തിരക്കുന്നുണ്ടത്രേ.

സർദാർ—അവർ പറയുന്നതു ശരിയാണു്. വേഗത്തിൽ സന്ധിയാകട്ടെ എന്നാണു എന്റെ പ്രാൎത്ഥന.

ശ്രീകണ്ഠൻ—നിങ്ങളെന്തസംബന്ധമാണു പറയുന്നതു്! നമ്മുടെ മഹാരാജാവു സുൽത്താനു് കീഴടങ്ങുന്നപക്ഷം, സുൽത്താന്റെ ഗർവം പിന്നെ പറയാനുണ്ടോ? രാജ്യത്തുള്ളവരെക്കൊണ്ടൊക്കെ "കൊറാൻ" പഠിപ്പിച്ചല്ലാതെ അയാൾ അടങ്ങിയിരിക്കുമോ? നേരേ മറിച്ചു്, ഇതു നമ്മുടെ മഹാരാജാവിന്നു നല്ലൊരു തരമാണു്. ജയിച്ചുവെങ്കിൽ അവിടുത്തെക്കു സുൽത്താനാവാം. പിന്നെ നമുക്കു് ശ്രീരാമചന്ദ്രന്റെ

വാഴ്ചതന്നെ. നാട്ടിൽ യാതൊരു ഉപദ്രവവും ഇല്ലാതെ സ്വൈരമായി കാലക്ഷേപംചെയ്യാം.

ഭാവിസുഖത്തെപ്പററിയുള്ള ഈ വിശേഷപ്പെട്ട വർണ്ണന കേട്ടപ്പോൾ സർദാക്കു വളരെ ആശ്വാസമായി. "അതു ശരിയാണു" എന്നുമാത്രം പറഞ്ഞു വിരമിച്ചു.

മുൻഷി—ഗണപതി ഇവിടെ ഇല്ലാത്തതു കഷ്ടംതന്നെ. അയാളുടെ ജ്യോത്സ്യം വളരെ കേമമാണു്. ഈ സ്വപ്നത്തിൻെറ ഫലം അയാളോടു ചോദിച്ചറിയാമായിരുന്നു.

സർദാർ—ഒരുസമയം നമ്മുടെ സ്വാമിക്കറിയാമായിരിക്കാം. ബ്രാഹ്മണക്കു ശാസ്ത്രപരിചയം കൂടുമല്ലൊ. സ്വാമി! അങ്ങു കേട്ടില്ലേ സ്വപ്നത്തിൻെറ വിവരണം? ഈ യുദ്ധത്തിൽ ആക്കാണു ജയംകിട്ടാൻ തരം? നമ്മുടെ മഹാരാജാവിനു് സുൽത്താനാവാൻ വഴിയുണ്ടോ?

സർദാർ സംസാരിച്ചുകൊണ്ടിരിക്കുംമദ്ധ്യത്തിൽ ആ സാധുബ്രാഹ്മണൻെറ ദേഹത്തിൽ ചെന്നുവീണു് അയാളെ ഇരുന്നദിക്കിൽനിന്നു തള്ളിയിട്ടു. ഭാഗവതക്കു കോപം വർദ്ധിച്ചുവെന്നു പറയേണ്ടതില്ലല്ലൊ.

ഭാഗ—നീയും നിൻെറ സ്വപ്നവും നശിച്ചുപോകട്ടെ! ഞാൻ ഇതാ പോകുന്നു. ഒരു ദിക്കിൽ സ്വൈരമായിരുന്നു വിശ്രമിക്കുവാൻ സമ്മതിക്കാത്ത ദ്രോഹികൾ!

ഇത്രയുംപറഞ്ഞു അയാൾ വീണയും എടുത്തു യാത്രയായി.

സർദാർ—സ്വാമി പോകുകയോ? ആ സ്വപ്നത്തിൻെറ ഫലം പറഞ്ഞുതന്നു പോകണം!

ശ്രീകണ്ഠൻ:—സ്വാമി തലക്കെട്ടെടുക്കാൻ മറന്നു. തിരിച്ചുവന്നു അതും എടുത്തുപോകണം!

മുൻഷിയുടെ നേരംപോക്കാണു് ഇതിനെക്കാൾ കേമമായതു്.

"സ്വാമി! തലക്കെട്ടു മറക്കേണ്ടാ! ആരെങ്കിലും തലയ്ക്കു പ്രഹരിച്ചാൽ തടുക്കാൻ സാധിക്കില്ല. ആ ചെറിയ പിൻകടുമ്പു സഹായിക്കുകയില്ല."

കൈവല്യരൊഴികെ, മററെല്ലാവരും ഓരോന്നുപറഞ്ഞു ചിരിച്ചു, ആ സാധുഭാഗവതരെ പരിഹസിച്ചു. നികുഞ്ജസേനൻ, ആ ബഹളത്തിൽ ചേരാതെ, അവിടെ നിന്നു നിഷ്ക്രമിക്കുന്ന സപത്രുഷ്ടത്തെ കടക്കണ്ണിട്ടു ഒരു പ്രാവശ്യം നോക്കി, വീണ്ടും ധ്യാനഭാവത്തിൽ തന്നെ ഇരുന്നു. ഭാഗവതരാകട്ടെ ഇതൊന്നും കാണുകയൊ കേൾക്കുകയൊ ചെയ്തതായി ഭാവിക്കാതെ അവരുടെ സന്നിധിയിൽ നിന്നു അന്തർദ്ധാനം ചെയ്തു. കുറെ അകലെ വീണുകിടന്നിരുന്ന ഒരു മരത്തടിയിന്മേൽ ചെന്നിരുന്നു ഇഷ്ടംപോലെ പാടി രസിച്ചു.

—(o)—

## ഇരുപത്തിയേഴാം അദ്ധ്യായം

ഭാഗവതർ പാടിക്കൊണ്ടിരുന്ന പദം അവസാനിച്ചു. വീണയെ മടിയിൽ വിശ്രമിപ്പിച്ചു വെച്ചുംകൊണ്ടു വേറൊരു രാഗം ആലാപിച്ചുതുടങ്ങിയ ക്ഷണത്തിൽ, അയാളുടെ പുരോഭാഗത്തുള്ള വൃക്ഷശാഖകൾക്കിടയിൽ കൂടെ പ്രകാശമാനങ്ങളായ രണ്ടുനേത്രോല്പലങ്ങൾ അയാളുടെ മുഖത്തു പതിഞ്ഞതായിത്തോന്നി. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഒരു യുവതി അടുത്തുവന്നു അയാളെ അഭിവാദ്യം ചെയ്തു.

"സ്വാമി! നമസ്കാരം. എത്ര നല്ല പാട്ട്" കേവലം അപ്രതീക്ഷിതമായ ഈ അഭിപ്രായപ്രകടനം ബ്രാഹ്മണനെ അത്ഭുതപരതന്ത്രനാക്കി. തൻെറ സംഗീതസാമർത്ഥ്യം മനസ്സിലാക്കി അവിടെ വന്നെത്തിയ ആ വനദേവത ആരായിരിക്കാമെന്നറിയായ്കയാലുള്ള പരിഭ്രമം നിമിത്തം ആ സാധുവിനു, പാട്ടുതുടരുവാനെന്നല്ല, നാവെടുക്കുവാൻ പോലും സാധിച്ചില്ല.

സ്ത്രീ:—സ്വാമി പാട്ടു നിറുത്തേണ്ടതില്ല. വേറൊരു പാട്ടുകൂടി കേൾക്കാൻ ആഗ്രഹമുണ്ട്.

സ്തോത്രപ്രിയനും ശുദ്ധാത്മാവും ആയ ഭാഗവതർക്കു ഇതു കേട്ടപ്പോൾ ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ പ്രയാസ

മാണ്. കണ്ഠസ്തംഭനം ഒരുവിധത്തിൽ ഒതുക്കിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു:—

"അമ്മേ! നിങ്ങളുടെ ഇഷ്ടപ്രകാരം ചെയ്വാൻ ഞാൻ എപ്പോഴും ഒരുക്കമാണ്. പക്ഷേ, നിങ്ങൾ ആരാണെന്നറിയുവാൻ വളരെ മോഹമുണ്ട്."

സ്ത്രീ—(മന്ദഹാസത്തോടുകൂടി) അങ്ങയ്ക്കു എന്റെ ഉടുപ്പു കണ്ടാൽ തീൎച്ചപ്പെടുത്തിക്കൂടേ. ഞാൻ ഒരു ഭിക്ഷുകിയാണ്. ബ്രാഹ്മണൻ വീണ നിലത്തുവെച്ചു ബദ്ധാഞ്ജലിയായിനിന്നു.

"അമ്മേ! എന്നെ ഇങ്ങിനെ വഞ്ചിക്കുന്നതെന്തിനാണു? നിങ്ങൾ ഈ വനത്തിൽ അധിവസിക്കുന്ന ഒരു ദേവതയാണെന്നാണ് എന്റെ വിശ്വാസം." ഇത്രയും പറഞ്ഞു, ഭാഗവതർ അവളുടെ കാൽക്കൽ സാഷ്ടാംഗപ്രണാമത്തിന്നു ഭാവിച്ചു."

അപ്പോൾ ആ സ്ത്രീ "അരുതേ! സ്വാമി! അങ്ങു ഒരു മഹാബ്രാഹ്മണൻ; ഞാനോ, ജനനാൽ ഒരു ക്ഷത്രിയസ്ത്രീയാണെങ്കിലും ഈ ലോകത്തിൽ യാതൊരാശ്രയവുമില്ലാതെ കേവലം അനാഥയായി നാൾ കഴിച്ചുപോരുന്ന ഒരു ഭിക്ഷുകി."

ബ്രാഹ്മണന്നു ഈ വൎത്തമാനം വിശ്വാസമായില്ല. "അമ്മേ! ഞാൻ അനേകം ഭിക്ഷുകികളെ കണ്ടിട്ടുണ്ട്. പക്ഷേ ഈ മാതിരി ആരേയും കാണുകയുണ്ടായിട്ടില്ലെന്നു തീൎച്ച പറയാം."

ഈ സംഭാഷണത്തെ അധികം ദീൎഘിപ്പിക്കാതെ, ഭാഗവതരുടെ ശ്രദ്ധയെ മറെറാരു വിഷയത്തിലേക്കു ആകൎഷിക്കുവാൻ അവൾ തീൎച്ചപ്പെടുത്തി.

"സ്വാമി! എന്നാ വേറൊരു പാട്ടു കൂടെ പാടി കേൾപ്പിക്കുകയില്ലേ?"

ഭാഗവതർ:—നിങ്ങൾക്കു ഇങ്ങിനെ ഒരു മോഹമുണ്ടെങ്കിൽ, അതു്, സാധിപ്പിച്ചു തരുന്നതു എനിക്കു വളരെ സമ്മതമാണ്. പക്ഷേ എന്താണു ഞാൻ പാടേണ്ടതു്?

സ്ത്രീ:—എന്താണു പാടേണ്ടതെന്നോ? ശൃംഗാരപ്രധാനങ്ങളായ പദങ്ങളാണ് എനിക്കു അധികം ഇഷ്ടം. അധികാരിയുടെ പാട്ടുകളിൽ എനിക്കു വലിയ ഭ്രമമാണ്. അങ്ങു കുറച്ചുമുമ്പു പാടിയതു അദ്ദേഹത്തിന്റെ ഒരു കൃതിയല്ലേ?

ഇതു കേട്ടപ്പോൾ ബ്രാഹ്മണൻെറ സന്തോഷത്തിന്നു് അളവില്ലാതായി. തൻെറ സംഗീതസാമർത്ഥ്യം ഇപ്പോൾ പൂർണ്ണഫലത്തിലായെന്നു അയാൾ തീർച്ചപ്പെടുത്തി. ഈ സന്തോഷപ്രവാഹത്തെ അടക്കിനിർത്തുവാൻ സാധിക്കാതെ, താൻതന്നെയാണു പ്രസിദ്ധവിദ്വാനായ അധികാരിയെന്നു വെളിപ്പെടുത്തി.

ആ വനദേവത ശക്തിമയിയായിരുന്നുവെന്നു ഇപ്പോൾ വായനക്കാർ ഊഹിച്ചിരിക്കുമല്ലോ. അവൾക്കു ഭാഗവതരെക്കണ്ട ക്ഷണത്തിൽ മനസ്സിലായിരുന്നു. പക്ഷേ, ബാല്യംവിട്ടു യൌവനദശയിൽ പ്രവേശിച്ചിരുന്ന ശക്തിക്കു്, 'പല വടിവും വന്നുമത്തി'രുന്നതിനാൽ അവളെ ഭാഗവതർക്കു തിരിച്ചറിയുവാൻ കഴിഞ്ഞില്ല.

"അങ്ങുന്നാണോ പ്രസിദ്ധവിദ്വാനായ അധികാരി? കവിതക്കാരനും സംഗീതമർമ്മജ്ഞനുമായ അങ്ങേപ്പററി ഞാൻ ധാരാളം കേട്ടറിയും. ഇന്നു എൻെറ കണ്ണിന്നും കാതുകൾക്കും ഒരുപോലെ ചാരിതാർത്ഥ്യത്തിന്നവകാശം വന്നതു എൻെറ പരമഭാഗ്യമെന്നേ പറയേണ്ടതുള്ളു. അങ്ങു ഒരു പദംകൂടി പാടിക്കേൾക്കേണമെന്നു വളരെ മോഹമുണ്ടു്."

ഭാഗവതർ അനേകം 'സംഗതി'കൾവെച്ചു വളരെനേരം പാടി.

ശക്തിമയി, പരിസരാവസ്ഥകളേയും തന്നെത്തന്നേയും മറന്നു, തൻെറ ഹൃദയാസ്വാസ്ഥ്യത്തിന്നു ഏററവും അനുയോജിച്ചിരുന്ന ആ സംഗീതരസത്തിൽ ലയിച്ചിരുന്നുപോയി.

അതിന്നിടയിൽ, നേരം സന്ധ്യയായി. ഒരു മേഘശകലംപോലും ഇല്ലാതെ, സ്ഫടികസങ്കാശമായിരുന്ന നഭോമണ്ഡലത്തിൽ, ശരച്ചന്ദ്രൻെറ പൂർണ്ണബിംബം ഉദിച്ചുപൊങ്ങി. ഇലപ്പടർപ്പിന്നിടയിൽക്കൂടി ഭൂമിയിൽ പതിച്ച ചന്ദ്രകിരണങ്ങൾ ആ വനപ്രദേശത്തെ പ്രകാശമാനമാക്കി. ഭാഗവതരുടെ ഹൃദയാകർഷകമായ സംഗീതാലാപം, കരയിലേക്കു തള്ളിക്കയറുന്ന തരംഗപരമ്പരകളുടെ ഊർജ്ജിതത്തോടുകൂടെ, ചലിച്ചുമിന്നുന്ന ചന്ദ്രികയെ പ്രശാന്തഗംഭീരമാക്കിത്തീർത്തു.

പാട്ടു പെട്ടെന്നു അവസാനിച്ചപ്പോൾ, ശക്തിമയി അവളുടെ ഹൃദയാന്തരത്തിൽ ഉദിച്ചുയൎന്ന വികാരത്തെളളിച്ചുയേയും, പുറത്തേക്കു നിൎഗ്ഗമിക്കുവാൻ ഭാവിച്ച നിശ്വാസത്തെയും പണിപ്പെട്ടടക്കി.

"എനിക്കു വളരെ പ്രിയപ്പെട്ട വേറൊരു പാട്ടുണ്ട്. അതും അങ്ങയുടെ കൃതിയാണെന്നുതോന്നുന്നു. "സരസം പൂനിലാവിങ്കൽ നിശിരമാരുതനേററു" എന്നാണു അതിൻെറ ആരംഭം. ഒരുദിവസം ഒരു ഭിക്ഷക്കാരൻ പാടിക്കേൾക്കുകയുണ്ടായിട്ടുണ്ട്."

"അതേ- അതും എൻെറ കൃതിയാണ്. നിങ്ങൾക്കു പാട്ടിൽ ബഹുഭ്രമമാണെന്നു തോന്നുന്നു. പാടാൻ വശ്യേ?"

"ഇരുന്നു നാരം കഴിക്കുന്ന ഞങ്ങൾക്കു ചിലപ്പോൾ പാടേണ്ടതായിവരും".

"എന്നാൽ ഒരു പാട്ടുപാടി കേൾപ്പിക്കാൻ വിരോധമുണ്ടോ? ലജ്ജിച്ചിട്ടാവശ്യമില്ല. എനിക്കു നിങ്ങളുടെ അച്ഛനാവാൻ പ്രായമുണ്ടല്ലോ".

"അതു വാസ്തവമാണ്. പക്ഷെ അങ്ങയെ പാടിക്കേൾപ്പിക്കുന്നതു ഒരുവക അധികപ്രസംഗമല്ലേ എന്നാണെൻെറ ശങ്ക. എന്തായാലും അങ്ങു ആവശ്യപ്പെട്ടസ്ഥിതിക്കു ഒന്നു പാടാം."

ശക്തിമയി താണശ്രുതിയിൽ തുടങ്ങി ക്രമേണ ശ്രുതി പൊന്തിച്ചു ഉറക്കെ പാടിത്തുടങ്ങി.

സ്വന്തം കൃതിയായ ഒരു ഗാനം ശാരീരഗുണവും, സ്വരമാധുൎയ്യവും ഉളള ഒരാൾ, ബഹുവിശേഷമായും യാതൊരു വീഴ്ചയും കൂടാതെയും പാടിക്കേൾപ്പിക്കുമ്പോൾ ആ കവിക്കുണ്ടാകുന്ന പരമാനന്ദം എന്തുമാത്രമാണെന്നു അനുഭവസ്ഥന്മാൎക്കേ അറികയുള്ളൂ. ചന്ദ്രൻെറ ആകൎഷണത്താൽ പൊങ്ങിക്കയറുന്ന സമുദ്രജലംപോലെ ചേതസ്സമാകൎഷകമായ ഈ ഗാനത്താൽ ഭാഗവതരുടെ ഹൃദയത്തിൽ ആനന്ദരസം വഴിഞ്ഞൊഴുകി. രാപ്പകൽ ദിവ്യസംഗീതം മുഴങ്ങുന്നതും, സുന്ദരമൂൎത്തികൾ അധിവസിക്കുന്നതും ആയ ഒരു മനോഹരസ്വൎഗ്ഗത്തിൽ താൻ ഉന്നമനം ചെയ്യപ്പെട്ടതുപോലെ അയാൾക്കു തോന്നി. ഇത്ര പരമാനന്ദരസം അനു

ഭവിപ്പിച്ച ആ മാനിനീരത്നത്തോടു തനിക്കുള്ള കൃതജ്ഞത കാണിക്കേണ്ടതു തന്റെ ഒന്നാമത്തെ കടമയാണെന്നു അയാൾ തീർച്ചപ്പെടുത്തി.

"അമ്മേ! ഈ ദയയ്ക്കു ഞാൻ എന്തു പ്രത്യുപകാരമാണു ചെയ്യേണ്ടതു്?" എന്നു ചോദിച്ചു.

സന്തോഷപാരവശ്യത്താൽ അയാൾക്കു ഇതിലധികം യാതൊന്നും പറയുവാൻ സാധിച്ചില്ലെങ്കിലും ശക്തിമത്തായ കാര്യം മനസ്സിലായി. ഈ ചോദ്യത്തെത്തന്നെയായിരുന്നു അവളും പ്രതീക്ഷിച്ചിരുന്നതു്.

"സ്വാമിൻ! ലോകസുഖങ്ങളെ ത്യജിച്ചു സന്യാസവൃത്തി കൈക്കൊണ്ടിരിക്കുന്ന ഒരു ഭിക്ഷുകിക്കു എന്തൊരു കാര്യമാണു് അങ്ങു ചെയ്യേണ്ടതായിട്ടുള്ളതു്? എങ്കിലും, ഒരു സംഗതി പറവാനുണ്ടു്. യുദ്ധസംബന്ധമായി ചില രഹസ്യങ്ങൾ അറിയിക്കാനുള്ളതുകൊണ്ടു മഹാരാജാവിനെയോ, അല്ലാത്തപക്ഷം, റാണിയേയോ ഒന്നു കണ്ടാൽ കൊള്ളാമെന്നു എനിക്കു ആഗ്രഹമുണ്ടു്."

യാതൊരു സന്യാസിനിയാകട്ടെ ഭിക്ഷുകിയാകട്ടെ മഹാരാജാവിനെ കാണാൻ പാടില്ലെന്നു അമരറാണിയുടെ കല്പനയുണ്ടായിരുന്നതിനാൽ, ഈ അപേക്ഷ എങ്ങിനെയാണു് നിറവേറേണ്ടതെന്നു ഭാഗവതർ കുറച്ചുനേരം ആലോചിച്ചു.

"പറയാനുള്ള കാര്യം എന്നോടു പറവാൻ വിരോധമുണ്ടോ?"

"അതിന്നു തരമില്ല. വിരോധമില്ലായിരുന്നെങ്കിൽ, ഞാൻ ആദ്യംതന്നെ അങ്ങയോടു പറയുമായിരുന്നു!"

ബ്രാഹ്മണൻ കുറച്ചുകൂടെ ആലോചിച്ചശേഷം ഇങ്ങിനെ പറഞ്ഞു:—

"ആട്ടെ—എന്റെ ഭാര്യയോടു പറഞ്ഞാൽ അവൾ ഇതിന്നൊരു വഴിയുണ്ടാക്കും. എന്റെകൂടെ വരിക. ഭയപ്പെടേണ്ട."

—(0)—

# ഇരുപത്തെട്ടാം അദ്ധ്യായം

നിരുപമയെ കാണേണമെന്ന ശക്തിമയിക്കു തീരെ മോഹമുണ്ടായിരുന്നില്ല. പക്ഷേ, അന്തഃകരണം നമ്മെ ഭീരുക്കളാക്കുക സാധാരണയാണല്ലോ. ഗണേശദേവനെക്കുറിച്ചു മാത്രം ചോദിച്ചാൽ, ബ്രാഹ്മണൻ വല്ലതും ശങ്കിച്ചെങ്കിലോ എന്നു ഭയപ്പെട്ടിട്ടാണ് രാജാവിനെപ്പററി അന്വേഷിക്കുമ്പോൾ റാണിയുടെ പേരു കൂട്ടിച്ചേർത്തതു്.

കൂടാരത്തിന്റെ അടുത്തു ചെന്നുനിന്നപ്പോൾ അവർ കണ്ട കാഴ്ചയെന്തായിരുന്നു? കോമളനായ ഒരു ബാലകൻ ഒരു കട്ടിലിൽ കിടന്നു് സുഖമായുറങ്ങുന്നു. നിദ്രാവശനായ ഓമനപ്പുത്രനെ വാത്സല്യപൂർവ്വം നോക്കിയും, ഇടയ്ക്കിടെ, ആ പുണ്യസന്താനത്തിന്റെ കവിൾത്തടങ്ങളിൽ ഉമ്മവച്ചും, ഗണേശദേവൻ അടുത്തുള്ള ഒരു കട്ടിലിന്മേൽ ഇരിക്കുന്നു. കോമളാംഗുലികളാൽ തന്റെ പ്രാണവല്ലഭന്റെ തലമുടിച്ചുരുളുകൾ തലോടിക്കൊണ്ടു, റാണി നിരുപമാദേവി, മന്ദസ്മിതസുമുഖിയായി അദ്ദേഹത്തോടു കുശലവാർത്തകളെ ചോദിച്ചു മനസ്സിലാക്കുന്നു. ഹാ-പ്രേമപരിപൂർണ്ണമായ ദാമ്പത്യവിലാസത്തിന്റെ ദിവ്യസാന്നിദ്ധ്യം ആരെയാണ് ആനന്ദസോപാനത്തിന്റെ ഒന്നാമത്തെ പടിയിലേക്കു ഉന്നമനം ചെയ്യാത്തതു്! എങ്കിലും അശരണയായ ശക്തിമയിക്കു് ഈ കാഴ്ച ഏററവും ദുസ്സഹമായിരുന്നു. ഭർത്താവിന്റെ ലാളനകളും, പുത്രവാത്സല്യവും, ലോകബഹുമതിയും, യഥേഷ്ടം അനുഭവിക്കുന്ന നിരുപമയുടെ ജീവിതം കേവലം സ്വപ്നതുല്യമായിട്ടാണു കഴിയുന്നതു്. എന്നാൽ ശക്തിയുടെ ജീവിതമോ? ഒരു വിധത്തിൽ അതും സ്വപ്നതുല്യംതന്നെ. പക്ഷേ ആ രണ്ടു ജീവിതങ്ങൾ തമ്മിലുള്ള അന്തരം പറഞ്ഞാൽ തീരുമോ? പ്രേമമോ സുഖമോ മനസ്സമാധാനമോ ഇല്ലാതെ നൈരാശ്യകല്ലോലങ്ങളാൽ നിരന്തരം ഇളകിമറിയുന്ന ഒരു പ്രാരബ്ധക്കടലിലാണു ശക്തിയുടെ ജീവിതം കിടന്നലയുന്നതു്! ഹാ ദൈവമെ! ഈ വിധം കഷ്ടത
ളും അനുഭവിക്കുവാൻ, ആ സുകുമാരി ജന്മാന്തരങ്ങളിൽ എന്തൊര

ദുരിതമാണ് ചെയ്തിട്ടുള്ളതു്! ഈ മാതൃകാദാമ്പത്യസൌഖ്യം കണ്ടക്ഷണത്തിൽ ഉണ്ടായ മാത്സര്യാഭിനിവേശംനിമിത്തം ശക്തിയുടെ ഹൃദയം തൈലസേചനത്താൽ ജ്വലിച്ചുകത്തുന്ന ശ്മശാനാഗ്നിപോലെ, കത്തിക്കാളി. ഭർത്താവിങ്കൽ നിന്നു നിരുപമ അനുഭവിച്ച ഓരോ ലാളനയും, തന്റെ ഹൃദയത്തെ വ്രണപ്പെടുത്താൻ നിർമ്മിക്കപ്പെട്ട കരാളവജ്രമാണെന്നും, അവളുടെ സുന്ദരമുഖത്തു കളിയാടിക്കൊണ്ടിരുന്ന ഓരോ മന്ദഹാസവും ആ വ്രണങ്ങളിൽ വീഴ്ത്തുവാൻ വേണ്ടി ഒരുക്കിവെച്ച കാളകൂടധാരയാണെന്നും ശക്തിമയി തീർച്ചപ്പെടുത്തി. ഒരാളുടെ ഹൃദയമോദനവും, വേറൊരാളുടെ ഹൃദയഭേദനവും ലോകത്തിൽ എല്ലാകാലത്തും നടന്നുവരുന്ന സംഭവങ്ങളാണ്. ഇപ്രകാരം എത്രപേർ കഷ്ടപ്പെടുന്നുണ്ടു്! പക്ഷേ ഇതെല്ലാം ലോകസ്വഭാവമാണുതാനും.

രംഗിണി പുറത്തേക്കു വരുന്നുണ്ടെന്നു കണ്ടു ഉടനെ ശക്തിമയി കുറെ അകലെ മാറിനിന്നു.

രംഗിണി:—മഹാരാജാവിനെ കാണാൻ ഇപ്പോൾ സൌകര്യമാണ്.

ശക്തി:—എനിക്കു പറയാനുള്ള കാര്യം രഹസ്യമാണ്. അതുകൊണ്ടു മഹാരാജാവിനോടു് ദയചെയ്തു പുറത്തേക്കുവന്നാൽ കൊള്ളാമെന്നറിയിച്ചാൽ ഉപകാരമായിരിക്കും.

രംഗിണി വീണ്ടും അകത്തുപോയി വിവരം പറഞ്ഞു. ഗണേശദേവൻ പുറത്തേക്കുവന്നു.

ഗണേശ:—യുദ്ധസംബന്ധമായി ചില ഗൂഢവർത്തമാനങ്ങൾ പറയാനുണ്ടെന്നു കേട്ടു. അതു ഇവിടെവെച്ചു പറയാം. യാതൊരു തരക്കേടും ഇല്ല.

ശക്തി:—(കൃത്രിമസ്വരത്തിൽ) അതു ഇവിടെവെച്ചു പറയാൻ എനിക്കത്ര ധൈര്യമില്ല. ആ തടാകതീരത്തേക്കു വരാൻ വിരോധമില്ലെങ്കിൽ, അവിടെവെച്ചു പറയാം.

മറുപടിക്കു കാത്തുനില്ക്കാതെ ശക്തിമയി തടാകതീരത്തിലേക്കു നടന്നു. രാജാവും അവളെ പിന്തുടർന്നു.

തടാകതീരത്തിൽ എത്തിയ ഉടനെ ശക്തിമയി മുഖത്തു നി[illegible]പടം നീക്കി, തന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തി. ആ

കാശത്തിൽ നിന്നു ചന്ദ്രബിംബംതന്നെ താഴത്തുപതിച്ചു കണ്ടാൽ ഗണേശദേവന്നു ഇത്ര അത്ഭുതംതോന്നിയിരിക്കുമോ എന്നു സംശയമാണ്. എന്തുചെയ്യേണ്ടു എന്നറിയാതെ അദ്ദേഹം കുറേ നേരം സ്തംഭിച്ചു നിലയായി.

എങ്കിലും വേഗത്തിൽ സപ്രബോധംവന്നു, പുച്ഛരസത്തോടെ കുറച്ചൊന്നു പിന്മാറിക്കൊണ്ടു അവളെ നഖശിഖാന്തം നോക്കി.

ബൌദ്ധസ്ത്രീ! നിനക്കു എന്താണിവിടെ കാൎയ്യം?"

വജ്രകഠിനമായ ഈ ചോദ്യം ശക്തിയുടെ ഹൃദയമൎമ്മത്തിൽ തറച്ചു. തന്റെ അധഃപതനത്തെക്കുറിച്ചു ശക്തിമയിയെ ഇത്രവിശദമായി മുമ്പൊരിക്കലും യാതൊരാളും ഓൎമ്മപ്പെടുത്തിയിരുന്നില്ല. അവളെ ബൌദ്ധസ്ത്രീ എന്നു വിളിച്ചതിൽ യാതൊരു തെറ്റും പറവാൻ ഇല്ല. ദിനേശപുരം മഹാരാജാവുമായി ഇടപെടുവാനുള്ള അൎഹതയും അവളുടെ ദുൎവൃത്തി നിമിത്തം ഇല്ലാതായിരിക്കുന്നു. ക്ലേശങ്ങളുമായുള്ള ചിരപരിചയത്താൽ, ശക്തിയുടെ ഹൃദയത്തിന്നു അസാമാന്യമായ ദൃഢതയും, അനല്പമായ ധൈൎയ്യവും സിദ്ധിച്ചിരുന്നതുകൊണ്ടു, അതിദാരുണമായ ഈ അധിക്ഷേപത്തെ യാതൊരു കലുക്കവും കൂടാതെ അവൾ സഹിച്ചു.

"ഞാൻ പേരിൽമാത്രമേ ബൌദ്ധസ്ത്രീ ആയിട്ടുള്ളു. ആ മ്ലേച്ഛന്മാരുടെ അശുദ്ധസ്പൎശം എനിക്കുണ്ടായിട്ടില്ല. ഞാൻ എല്ലാവിധത്തിലും അങ്ങയുടെ അടിമയാണ്. അങ്ങു എന്നെ രക്ഷിക്കാഞ്ഞാൽ എന്റെ ചാരിത്രം നശിച്ചുപോകും. പിന്നെ, ഏറ്റവും ദുസ്സഹമായ നരകക്കുഴിയിൽ ചെന്നു ചാടുകയല്ലാതെ വേറെ ഗതിയില്ലെന്നും വരും.?"

അവർ തമ്മിലുണ്ടായ ഈ കൂടിക്കാഴ്ച, ഇതിന്നുമുമ്പത്തേതിൽ നിന്നു എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു. അന്നു പ്രശാന്തരമണീയമായ വനാന്തരത്തിൽ, ശക്തിമയിയോടുള്ള പ്രേമപാരവശ്യത്താൽ തന്നെത്താൻ മറന്നു ഗുണദോഷങ്ങൾ ചിന്തിക്കാതെയും, മേൽകീഴാലോചിക്കാതെയും പ്രേമപ്രതിജ്ഞകൾ ചെയ്ത രാജകുമാരൻ എവിടെ? ഇന്നു, വികാരക്ഷോഭത്തിന്നു വഴിപ്പെടാതെ, തന്റേറവും ബുദ്ധിശക്തിയും ഉള്ള ഒരു ന്യായാധിപതിയുടെ അടവെട്ടത്തു ശക്തിമയിയോടു വാദിച്ചുനില്ക്കുന്ന ഗ[illegible]ശ

ദേവൻ എവിടെ? രാജകുമാരൻ തന്റെ ധൈര്യം വിടാതെ ഇപ്രകാരം പറഞ്ഞു:—"ഒരു മുസൽമാന്റെ അന്തഃപുരത്തിൽ പാർത്തുപോന്ന നീ എങ്ങിനെ എന്റെ ഭാര്യയായിരിക്കും? ആ കാലമെല്ലാം 'ഇങ്ങിനിവരാതവണ്ണം' കഴിഞ്ഞുപോയി. എനിക്കു ശക്തിമയിയെ വിവാഹംചെയ്യാൻ സാധിക്കുന്ന കാലത്തു അവൾ എന്നെ നിരസിക്കുകയല്ലേ ചെയ്തതു്? അവൾ ഗിയാസുദ്ദീന്റെ ഭാര്യാപദം കയ്ക്കൊണ്ടതായി കേട്ടപ്പോൾ ഞാൻ അവളെക്കുറിച്ചുള്ള ചിന്ത വേണ്ടെന്നുവെച്ചു."

അമ്മയുടെ ഇഷ്ടത്തിന്നെതിരായി രാജകുമാരൻ എന്നെ വിവാഹം ചെയ്യുമായിരുന്നോ?"

"തീർച്ചയായും."

ഇനി പറഞ്ഞിട്ടു കാര്യമെന്താണ്! അവൾ തന്റെ സൗഭാഗ്യവൃക്ഷത്തെ സ്വന്തം ഖഡ്ഗത്താൽ സമൂലച്ഛേദം ചെയ്തു. പ്രതികാരം, ക്രോധം, വിവേകശൂന്യമായ ഗർവ്വം, ദുരഭിമാനം മുതലായ ദുർഗ്ഗുണങ്ങളാൽ പരാജിതയായ ശക്തി സുദൃഢമായ സുഖസ്ഥിതിയെ ത്യജിച്ചു മഹാദുഃഖസമുദ്രത്തിൽ സ്വയമേവ ചെന്നുചാടി. തന്റെ ദുരുദ്യോഗത്തിന്റെ ദുർഘടാവസ്ഥ വെളിപ്പെട്ടപ്പോളുണ്ടായ മനോവേദനയോടും നൈരാശ്യത്തോടും കൂടെ അവൾ ഇങ്ങിനെ ചോദിച്ചു:—

"അയ്യോ രാജകുമാര! ഈ ധർമ്മസങ്കടത്തിൽ നിന്നു രക്ഷപ്പെടുവാൻ യാതൊരുമാർഗ്ഗവും ഇല്ലേ?"

"ഇല്ലാതെ കണ്ടെന്താണ്? നിന്റെ രക്ഷിതാവായി നീ തന്നെ സ്വയംവരിച്ച ആളെച്ചെന്നു ശരണംപ്രാപിച്ചാൽ അയാൾ തീർച്ചയായും സഹായിക്കും."

അവൾ ആർക്കുവേണ്ടി മനസ്സമാധാനത്തെയും സുഖത്തെയും ബലികൊടുത്ത് ഈ അനാഥസ്ഥിതിയിൽ അകപ്പെട്ടുവോ, ആയാളുടെ മുഖത്തുനിന്നു നിർഗ്ഗമിച്ച ഈ കഠിനവാചകം വജ്രപാതംപോലെ അവളുടെ ഹൃദയമർമ്മത്തിൽ തറച്ചു. ആത്മാഭിമാനം ഒഴികെ, മറ്റെല്ലാഗുണങ്ങളും വളരെ മുമ്പുതന്നെ വിട്ടൊഴിയുകയാൽ ശൂന്യമായിരുന്ന അവളുടെ ഹൃദയത്തിൽനിന്നു ആ ഒരു

ണ്ണവും ഇപ്പോൾ മറഞ്ഞു. ഭയങ്കരമായ സമുദ്രമദ്ധ്യത്തിൽ കൊടുങ്കാററിൽപ്പെട്ടു വഴികാണാതെ നട്ടംതിരിയുന്ന ഒരു നാവികനെപ്പോലെ അവൾ ഇതികർത്തവ്യതാമൂഢയായിത്തീർന്നു. ആപൽകാലങ്ങളിൽ അവൾ ഏകാവലംബമായി ആശ്രയിച്ചുപോന്നിരുന്ന ആത്മാഭിമാനം ഇപ്പോൾ നാമാവശേഷമായിത്തീരുകയാൽ അവളുടെ കണ്ണിൽനിന്നു പ്രവഹിച്ച ബാഷ്പകണങ്ങൾ രക്തത്തുള്ളികൾ തന്നെ ആയിരുന്നു.

“ഹാ രാജകുമാര! എന്നെ ഈ ദയനീയാവസ്ഥയിൽ തള്ളിക്കളയരുതേ! എന്റെ പ്രേമത്തെ ദാനംചെയ്‌വാൻ കഴിയാത്ത ഒരാളുടെ കൂടെ ഞാനെങ്ങിനെ കാലംകഴിക്കും? ലോകാപവാദത്തെ ഭയപ്പെടാതെ എന്നെ ഈ അത്യാപത്തിൽ നിന്നും രക്ഷിക്കണേ!”

ശക്തിയുടെ ഹൃദയാന്തരത്തിൽ നിന്നു നിർഗ്ഗമിച്ച ഈ ദീനവിലാപം ധീരോദാത്തനായ ഗണേശദേവന്റെ മനസ്സിനെ വല്ലാതെ ചഞ്ചലപ്പെടുത്തി. തന്റെ നിസ്സഹായതയോർത്ത് അദ്ദേഹം കുറെനേരം മൌനിയായി നിൽക്കേണ്ടിവന്നു. ആ പ്രക്ഷോഭം ഒരുമാതിരി ശമിച്ചപ്പോൾ ഇങ്ങിനെ പറഞ്ഞു:—

“ശക്തിമയിയെ സഹായിക്കേണമെന്നു എനിക്കു വിചാരമില്ലായ്കയല്ല. പക്ഷെ, എന്റെ ജീവൻ ഉപേക്ഷിക്കുന്നതായാൽ കൂടി അന്യപരിഗ്രഹമായ ശക്തിയെ എനിക്കു സ്വീകരിക്കാൻ പാടുള്ളതല്ലെന്നു വന്നിരിക്കുന്നു. ഞാൻ എന്തുചെയ്യും?”

നൈരാശ്യക്കടലിൽ ആണ്ടുകിടന്നിരുന്ന ശക്തിക്കു ഈ വാക്കുകേട്ടപ്പോൾ സ്വല്പമായ ഒരാശ്വാസമുണ്ടായി. “രാജകുമാര! ഞാൻ അന്യന്റെ ഭാര്യാപദം സ്വീകരിച്ചിട്ടുണ്ടെങ്കിലല്ലേ അധർമ്മഭയം വേണ്ടു? അതു സംഭവിച്ചിട്ടില്ലാത്ത സ്ഥിതിക്കു എന്നെ എന്തിനാണിങ്ങിനെ ത്യജിക്കുന്നതു്? അഥവാ, അങ്ങേയ്ക്കു എന്നെ വിവാഹം ചെയ്‌വാൻ പാടില്ലെങ്കിൽ, എനിക്കു ആ ഭാഗ്യം വേണ്ട. എന്നെ അങ്ങു രക്ഷിച്ചു പരാധീനത്തിൽ പെടുത്താതിരുന്നാൽമാത്രം മതി.”

ശക്തിയുടെ ദയനീയാവസ്ഥകണ്ടു ഗണേശദേവന്റെ ചിത്തം വല്ലാതെ ഇളകിവശായി. എങ്കിലും സ്വഭാവജധൈര്യം വിടാതെ ഇങ്ങിനെ മറുപടിപറഞ്ഞു.

“ശക്തി! ശാന്തയായിരുന്നു്, ഞാൻ പറയുന്നതു കേൾക്കൂ. ശക്തിയുടെ അഭിപ്രായം ഫലിക്കുമെന്നു തോന്നുന്നില്ല. നമ്മുടെ ജീവിതപദ്ധതികൾ രണ്ടും രണ്ടുഭാഗത്തായിട്ടാണു കിടക്കുന്നതു്. അയാൾ ശക്തിയെ വിവാഹം ചെയ്തിട്ടില്ലെന്നേയുള്ളു. ലോകദൃഷ്ടിയിൽ ശക്തി അയാളുടെ ഭാര്യയായിക്കഴിഞ്ഞിരിക്കുന്നു. ഈ ഘട്ടത്തിൽ നാം വല്ലതും അന്യഥാ പ്രവർത്തിച്ചാൽ അതു നമുക്ക രണ്ടാൾക്കും അപഖ്യാതിക്കിടയാകുന്നതാണു്. പതിവ്രതകൾക്ക ഭർത്താവു് ദൈവവും ആചാര്യനും മതവും ആണെന്നോർത്തു് ദാമ്പത്യധർമ്മത്തെ നിറവേററുക. അതിൽ ദൈവവും അനുകൂലിക്കാതിരിക്കയില്ല.”

രാജകുമാരന്റെ ഉപദേശവും അതിന്റെ സദുദ്ദേശവും ഗ്രഹിക്കുകയാകട്ടെ, ഗ്രഹിക്കാൻ ശ്രമിക്കുകയാകട്ടെ ചെയ്യാതെ ശക്തിമയി അദ്ദേഹത്തിന്റെ മർമ്മഭേദകമായ അധിക്ഷേപത്താൽ പരാജിതയായി വീണ്ടും നൈരാശ്യത്തെത്തന്നെ ശരണം പ്രാപിച്ചു. ഗണേശദേവന്റെ മുഖത്തുനിന്നു നിർഗ്ഗമിച്ച ഓരോ വാക്കും നിർദ്ദയമായും, പ്രേമശൂന്യമായും, വജ്രകഠിനമായും അവളുടെ ഹൃദയമർമ്മത്തിൽ തറച്ചു. അത്യന്തം ഗാഢവും, പരിശുദ്ധവും ഏകാഗ്രവും ആയ പ്രേമത്തോടുകൂടി അവൾ രാജകുമാരങ്കൽ സമർപ്പിച്ചിരുന്ന സ്വജീവിതത്തെ, അദ്ദേഹം ഗർഹണീയവും അശുദ്ധവും എന്ന നിലയിൽ തള്ളിക്കളഞ്ഞതോർത്തു് അവളുടെ അന്തരംഗം തപിച്ചു. ഈമാതിരി അപമാനം സഹിച്ചിരിക്കത്തക്ക ക്ഷമാശീലം സ്ത്രീകൾക്ക പ്രകൃത്യാ ചുരുക്കമാണു്.

ഈ കഠിനപ്രഹാരം ഏററതോടുകൂടി അവളുടെ മനസ്സിൽ അസ്തമിതപ്രായമായിരുന്ന അഭിമാനം വീണ്ടും വിജൃംഭിച്ചു. അവളുടെ സ്വരത്തിൽ ഗൽഗദസ്പർശമോ ധൈര്യശൈഥില്യമോ കുറച്ചുപോലും പ്രത്യക്ഷപ്പെട്ടിരുന്നില്ല.

“ഗണേശദേവ! ഞാൻ ഒരു ദുർവൃത്തയാണെന്നാണോ അങ്ങു വിചാരിച്ചതു്. എന്റെ ചാരിത്രത്തെ അങ്ങേക്ക വിലയ്ക്കു വി

ക്കാൻ വേണ്ടിയല്ല ഞാൻ അങ്ങയെ ശരണം പ്രാപിച്ചതു്. എന്റെ പാതിവ്രത്യനിഷ്ഠയെ അങ്ങു ബഹുമാനിക്കുമെന്നുള്ള ബോധമാണു എന്നെ അങ്ങയുടെ അടുക്കലേക്കു ആനയിച്ചതു്. എന്നാൽ പരിശുദ്ധാനുപ്രേമത്തെയും, പാതിവ്രത്യനിഷ്ഠയേയും കുറിച്ചു എനിക്കുള്ള അഭിപ്രായം ജനങ്ങൾക്കു സ്വീകാര്യമല്ലെന്നു വന്നിരിക്കയാലും, അങ്ങു കേവലം ജനങ്ങളുടെ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി അങ്ങയുടെ ജീവിതത്തെ നിജപ്പെടുത്തുവാൻ തുനിഞ്ഞിരിക്കയാലും എനിക്കു ഇതിലധികം യാതൊന്നും പറയാനില്ല. എന്റെ ഹൃദിസ്ഥമായ മതം തൃണതുല്യമാക്കിത്തള്ളേണ്ടിവന്നിരിക്കുന്നു. അങ്ങു ന്യായമാണെന്നും, ലോകം മാന്യമാണെന്നും പറയുന്ന ജീവിതക്രമത്തെയാണു ഞാൻ ഇനി പിന്തുടരുവാൻ വിചാരിക്കുന്നതു്. എന്റെ നടപടിയിൽ വല്ലതും പാപവും ഉണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം എനിക്കല്ലെന്നും എന്നെ അതിലേക്കു പ്രേരിപ്പിച്ച ആർക്കാണെന്നും ഓർമ്മയിരിക്കട്ടെ.’’

ഇത്രയും പറഞ്ഞു അവൾ ഒരു മിന്നൽപിണരിന്റെ വേഗത്തോടുകൂടെ അവിടെ നിന്നു മറഞ്ഞു്. പക്ഷേ ഗണേശദേവൻ ചന്ദ്രികാവിലാസത്താൽ പ്രശാന്തരമണീയമായിരുന്ന ആ തടാകതീരത്തിൽതന്നെ ചിന്താമഗ്നനായി വളരെ നേരം നിന്നു.

... ... ... ... ....

യുദ്ധരംഗത്തിൽനിന്നു ജയഭേരിയോടു കൂടി തിരിച്ചെത്തിയ ഗിയാസുദ്ദീൻ തന്റെ വധുവിനെ എതിരേല്ക്കാൻ അതികേമമായ സംഭാരങ്ങൾ ഒരുക്കിയിരുന്നു. പരിവ്രാജികയുടെ വേഷം മാററി, മംഗല്യവസ്ത്രങ്ങൾ ധരിച്ചു, ഒരു മഹാരാജ്ഞിക്കനുരൂപമായ ആഡംബരത്തോടുകൂടി അയാളുടെ അഭാഗമനം പ്രതീക്ഷിച്ചിരുന്ന ശക്തിമയിയുടെ പാദപീഠത്തിൽ ഗിയാസുദ്ദീൻ തന്റെ കിരീടം കാഴ്ചവെച്ചു ഇപ്രകാരം അഭിവാദ്യംചെയ്തു:—

പ്രാണനാഥേ! ബങ്കാളസാമ്രാജ്യത്തിലെ കിരീടമാണിതു്. ഇതിനെ അംഗീകരിച്ചു എന്നെ ദാസനാക്കി കൈക്കൊള്ളുക.’’

ശക്തിയുടെ ഹൃദയത്തിളപ്പു് ഇനിയും ശമിച്ചിരുന്നില്ല. എങ്കിലും വാളിന്റെ ആലിംഗനോപചാരത്തിനു കീഴടങ്ങി അസ്ഫുടമായി ഇപ്രകാരം മറുപടി പറഞ്ഞു:—

"ഞാൻ ഇന്നുമുതൽ അങ്ങയുടെ അടിമയാണേ".

അന്നു രാത്രിതന്നെ ഗിയാസുദ്ധീൻസുൽത്താൻ വിധിപ്രകാരം ശക്തിമയിയെ വിവാഹംചെയ്തു.

—(0)—

## ഇരുപത്തിരണ്ടാം അദ്ധ്യായം

സുൽത്താൻ സിക്കണ്ടർഷാ മരിച്ചതോടുകൂടി ലഹളകളും അവസാനിച്ചു. ദിനേശപുരം മഹാരാജാവു പുതിയ സുൽത്താനുമായി സഖ്യക്കരാർ ചെയ്തു. നാട്ടിലെങ്ങും സമാധാനം ഏർപ്പെട്ടകയാൽ, പ്രജകളുടെ ക്ഷേമസ്ഥിതിയെപ്പററി മനസ്സിരുത്തി ആലോചിക്കുവാൻ ഗണേശദേവനു സമയവും സൌകര്യവും ഉണ്ടായിരുന്നു. യുദ്ധകോലാഹലത്താൽ മുടങ്ങിക്കിടന്നിരുന്ന സ്ഥാപനങ്ങളെയെല്ലാം രണ്ടാമതും ജീവിപ്പിച്ചു. കോട്ടകൾ, കെട്ടിടങ്ങൾ, തോട്ടങ്ങൾ ഇങ്ങിനെ പലേ പുതിയ സ്ഥലങ്ങളും പണിചെയ്യിച്ചു. യുദ്ധകാലത്തു നഷ്ടം അനുഭവിച്ചിരുന്നവർക്കെല്ലാം മഹാരാജാവു യഥാക്രമം പ്രതിഫലം കൊടുത്തു. മരിച്ചവരെക്കുറിച്ചുള്ള ദുഃഖമൊഴികെ നാട്ടിൽ മററു യാതൊരു ദുരവസ്ഥയും ഇല്ലെന്നായി. ഒന്നരക്കൊല്ലം നിലനിന്നിരുന്ന ആ ഘോരസമരത്തിൻെറ ദാരുണസ്മരണ കേവലം സ്വപ്നപ്രായമായി പരിണമിച്ചു. അതിൻെറ ഭയങ്കരതയെപ്പററി ഓരോ ചരിതം പറയുന്ന രസമേ ശേഷിച്ചിരുന്നുള്ളു.

രാജധാനിക്കടുത്തു നദീതീരത്തിൽ ഗണേശദേവൻ ഒരു പുതിയ ആരാമം പണിയിച്ചിട്ടുണ്ടായിരുന്നു. പുഴയിൽ കുളിക്കാൻ പോകുന്ന ജനസമൂഹത്തിൻെറ ഗതാഗതം പതിവായി അതിൽ കൂടെയാണ്.

ഗ്രീഷ്മകാലത്തിലെ രമണീയമായ ഒരു പ്രഭാതത്തിൽ, രാജധാനിയിലെ ഗായകന്മാർ ഭൈരവിരാഗം ആലാപിക്കുകയും തോട്ടത്തിലെ ഒരു പണിക്കാരൻ ആ രാഗത്തിൽമൂളിപ്പാട്ടു പാടുക

യും ചെയ്തുകൊണ്ടിരിക്കെ, ആരാമത്തിലെ പൂച്ചെടികളിൽ നിന്ന് പൂവറുത്തുകൊണ്ടിരുന്ന ഒരു യുവാവ് പെട്ടെന്നു ആ പണി നിൎത്തി, കുറെ ദൂരത്തുനിന്നു നിൎഗ്ഗമിച്ച ഒരു ഭേരിനാദത്തിൽ ബദ്ധശ്രദ്ധനായി നിൽക്കുകയായിരുന്നു. ആ വഴിയേപോയിരുന്നവരിൽ ഒരുവൻ, കാഷായവസ്ത്രധാരിയായ ആ യുവയോഗിയെ കണ്ടു ഇപ്രകാരം പറഞ്ഞു:—

ആ സന്ന്യാസിയെ കണ്ടില്ലെ? എന്തൊരു തേജസ്സാണ്! എന്റെ കുട്ടിയുടെ സുഖക്കേടു മാററിത്തരുവാൻ ഞാൻ അദ്ദേഹത്തോടപേക്ഷിക്കട്ടെ.''

വേറൊരുവൻ സന്ന്യാസിയുടെ നേരെ നോക്കി അൎത്ഥഗൎഭമായി ഒന്നു ശിരഃകമ്പനംചെയ്തു. ഇതുകണ്ടപ്പോൾ ആദ്യത്തെ ആൾ ചോദിച്ചു:—

"എന്താ-ഹേ! നിങ്ങൾക്കു ഇദ്ദേഹത്തെ പരിചയമുണ്ടോ? ഉണ്ടെങ്കിൽ എനിക്കൊരുപകാരം ചെയ്തുതരണം. എന്റെ കുട്ടിയുടെ ദീനംമാറാൻ ഞാൻ പലേടിക്കിലും നേൎച്ചകൂട്ടി.'' കാളിക്കു ഒരാടു വെട്ടിപൂജയും കഴിപ്പിച്ചു. എന്നിട്ടും ഭേദം കാണുന്നില്ല. ഇദ്ദേഹം വിചാരിച്ചാൽ ഒരുസമയം എന്റെ കുട്ടിക്കു സുഖം കിട്ടും.''

മൂന്നാമൻ:—ഇതെന്താണൊരു വാദ്യംകേൾക്കുന്നതു്? ഇന്നാണോ അമാവാസി? സുൽത്താനുമായി യുദ്ധത്തിലേപ്പെട്ട ആ കാലംമുതൽ ഭേരിനാദം കേൾക്കുമ്പോൾ എനിക്കു വല്ലാത്ത ഭയമാണ്. ഈശ്വരാ! അന്നത്തെ കോലാഹലം വിചാരിച്ചുകൂടാ.

നാലാമൻ;— അതെന്തൊരു കലാപമായിരുന്നു! പച്ചവെള്ളംപോലെയല്ലേ അക്കാലത്തു രക്തം ഒഴുകിയിരുന്നതു്? ശത്രുപക്ഷത്തിൽ ഒരുവനെ കൊല്ലാൻ കിട്ടിയാൽ അതിൽപരം ഒരു പരാക്രമം ചെയ്യാനില്ലെന്നായിരുന്നു അന്നത്തെ വിശ്വാസം! അന്നു നമ്മൾ എത്ര നട്ടംതിരിഞ്ഞു!

അഞ്ചാമൻ:—ശരിയാണ്. ആ കൂട്ടർ കുറച്ചുകാലം കൂടി കീഴടങ്ങാതെ നിന്നിരുന്നെങ്കിൽ നമ്മുടെ കാൎയ്യം വലിയ പരു

ങ്ങളാക്മായിരുന്നു. അവർ സ്വന്തമനസ്സാലെ ഒഴിഞ്ഞുപോയതു നമ്മുടെ ഭാഗ്യം!—ഇതെന്തുഘോഷമാണു് കേൾക്കുന്നതു്?

ഒന്നാമൻ:—(രണ്ടാമനോട്ട്) സന്യാസിയെ നോക്കി നിങ്ങൾ തലകുലുക്കിയതിൻെറ സാരമെന്താണ്? നിങ്ങൾക്ക അദ്ദേഹത്തിൻെറ ചരിത്രം അറിയാമെങ്കിൽ പറയൂ. കേൾക്കട്ടെ.

രണ്ടാമൻ:—നിങ്ങൾ ആരോടും പറകയില്ലെന്നു പ്രതിജ്ഞചെയ്യുമോ?

ഒന്നാമൻ:—ഓ. ചെയ്യാം.

രണ്ടാമൻ—അതു് സന്യാസിയും മററും അല്ല സാഹിബുദ്ദീൻ രാജകുമാരനാണ്!

മറേറ ആൾ ഇതു കേട്ടപ്പോൾ അത്ഭുതപരതന്ത്രനായിത്തീരുകയാൽ തൻെറ പ്രതിജ്ഞയുടെ കാര്യം തീരെ മറന്നു. "നമ്മുടെ സുൽത്താൻെറ മരുമകനായ സാഹിബുദ്ദീനോ?" എന്നു വളരെ ഉച്ചത്തിൽ ചോദിച്ചു.

രഹസ്യം പരസ്യമായി.

"ഇതെന്തു കഥ! അയാളെ സുൽത്താൻ കൊന്നിരുന്നില്ലേ?" എന്നായി ഒരാൾ.

"ഇല്ല. ഏഴു സോദരന്മാരെയും കൊന്നശേഷം ഇതാ ഇപ്പോൾ സുൽത്താൻ ഈ കുട്ടിയെ തേടിനടക്കുകയാണ്. ഭാഗ്യവശാൽ നമ്മുടെ മഹാരാജാവു് ഇയാൾക്ക അഭയം കൊടുത്തിരിക്കുന്നു."

"നിങ്ങൾക്കെങ്ങിനെയാണ് ഈ വർത്തമാനം കിട്ടിയതു്?"

"എൻെറ ഭാര്യ നമ്മുടെ ഭാഗവതർസ്വാമിയുടെ മഠത്തിൽ പണിക്ക പോകുന്നുണ്ടു്. അവിടുന്നു കിട്ടുന്നതാണു് ഈ വർത്തമാനമെല്ലാം. അതുകൊണ്ടു ഇതു കളവായിരിക്കാൻ തരമില്ല.

"എന്നാൽ ഇനി നമ്മുടെ കാര്യം നോക്കാനില്ല. ആ കേൾക്കുന്ന ഭേരിനാദം ഒരു പോർവിളി തന്നെയാണ്. സർദാരേ! നിങ്ങളല്ലേ യുദ്ധം കാണാൻ കൊതിച്ചിരുന്നതു്. ഒരിക്കൽക്കൂടി രക്തപ്രവാഹം കണ്ടു നിങ്ങൾക്ക കണ്ണുകുളുർപ്പിക്കാം."

ഒന്നാമൻ—ആരുണ്ടിനി യുദ്ധം ചെയ്യാൻ? കഴിഞ്ഞയുദ്ധത്തിൽ എന്റെ ഒരു മകൻ മരിച്ചു. ആ വ്യസനംകൊണ്ടു അവന്റെ അമ്മയും അവനെ പിന്തുടൎന്നു. എന്റെ രണ്ടാമത്തെ കുട്ടി ഇതാ മരിക്കാറായിരിക്കുന്നു. യുദ്ധം ചെയ്യാൻ ആരാണ് മോഹിച്ചിട്ടുള്ളതു്?

വേറൊരാൾ:—എന്താ ഹേ-തനിക്കു ഭ്രാന്തുണ്ടോ? തന്റെ ഭാൎയ്യയും മക്കളും ഇല്ലെങ്കിൽ മഹാരാജാവിന്നു യുദ്ധം ചെയ്യാൻ ആളെ കിട്ടാതിരിക്കുമോ? തന്റെ രണ്ടു മക്കൾ മാത്രമേയുള്ളു നാട്ടിൽ?

ഒന്നാമൻ—നിങ്ങൾക്കത്ര മോഹമുണ്ടെങ്കിൽ യുദ്ധം ചെയ്തുകൊള്ളുവിൻ. പക്ഷേ, ഒരു അന്യന്നുവേണ്ടി നാട്ടിലുള്ള ആളുകളെയെല്ലാം നശിപ്പിക്കുന്നതു ശരിയല്ലെന്നു ഞങ്ങൾ തിരുമനസ്സറിയിക്കാതിരിക്കയില്ല. സാഹിബുഡീൻരാജകുമാരനെ അങ്ങട്ട് ഏല്പിച്ചുകൊടുത്താൽ സൊല്ലയില്ലല്ലോ.

വേറൊരാൾ—താൻ വളരെ സമൎത്ഥനാണെന്നു ഭാവമുണ്ടെങ്കിൽ തന്റെ പാട്ടിലിരിക്കുന്നതു നന്ന്. താൻ ചെന്നു പറയുന്നപോലെ മഹാരാജാവു നടന്നുകൊള്ളണമെന്നുണ്ടോ?

"മഹാരാജാവ് അനുസരിക്കുന്നില്ലെങ്കിൽ വലിയരാണിയുടെ അടുക്കൽ ചെന്നു പറയും. 'അമ്മേ—ഞങ്ങളെ രക്ഷിക്കണം. അല്ലെങ്കിൽ ഇപ്പോൾതന്നെ കൊന്നേക്കണം' എന്നു അപേക്ഷിച്ചാൽ റാണി അനുസരിക്കാതിരിക്കയില്ല."

"ഒരു കാൎയ്യം തീൎച്ചയാണ്. സുൽത്താന്നു ഈ കുട്ടിയെ പിടികിട്ടിപ്പോയെങ്കിൽ പിന്നെ ആ പാവത്തിന്നു ആയുസ്സില്ല. അത്ര നിഷ്ക്കണ്ടകനാണു സുൽത്താൻ."

നമ്മുടെ മഹാരാജാവോ പരമകാരുണികൻ. സാക്ഷാൽ ധൎമ്മപുത്രർതന്നെ."

ഇങ്ങിനെ സംസാരിച്ചുകൊണ്ടു അവർ സ്നാനഘട്ടത്തിലേക്കു പോയി.

———(o)———

# മുപ്പതാം അദ്ധ്യായം

ജനങ്ങളുടെ ഊഹം യഥാൎത്ഥമായിത്തന്നെ പരിണമിച്ചു. ഗണേശദേവൻ സാഹബുഡീൻരാജകുമാരന്നു സങ്കേതം കൊടുത്ത വിവരം പരസ്യവണങ്ങളിൽ നിന്നു ഗോപനം ചെയ്യുവാൻ എത്രതന്നെ ശ്രമിച്ചിട്ടും ഫലിക്കാതെ, ആ വൎത്തമാനം ഗിയാസുഡീന്നു എങ്ങിനെയോ അറിവുകിട്ടി. ഉടനെതന്നെ, ആ യുവാവിനെ പിടിച്ചുകൊണ്ടുവരുവാൻ കുട്ടബ്ബിനെ നിയോഗിച്ചയച്ചു. ഈ ഭടവീരൻെറ യാത്രാസന്നാഹമായിരുന്നു മുൻ അദ്ധ്യായത്തിൽ വിവരിച്ചു ഭേരിനാദം.

തൻെറ സീമാതീതമായ കൃതജ്ഞതയ്ക്കു പാത്രീഭവിച്ച ഒരു ആപ്തമിത്രത്തെ ആപത്ദശയിൽ കൈവെടിയുകയോ, അതല്ല, പ്രജകളുടെ ക്ഷേമാവസ്ഥയ്ക്കു സൎവ്വഥാ ഹാനികരമായ ഒരു ദാരുണസംഗരത്തിൽ ഏൎപ്പെടുകയോ, എന്താണിവിടെ ചെയ്യേണ്ടതെന്നറിയാതെ ഗണേശദേവൻ വലിയ കുടുക്കിലായി. ആശ്രിതരക്ഷണവും അധൎമ്മധ്വംസനവും രാജധൎമ്മങ്ങളാണെന്നും അവയെ നിൎവ്വഹിക്കാൻവേണ്ടി ഇതരചിന്തകളെ രാജാക്കന്മാർ വിലവെക്കേണ്ടതില്ലെന്നും സുചരിതയായ സന്യാസിനി ഉപദേശിച്ചു. നേരെ മറിച്ചു, ഈ പ്രവൃത്തി, ഭരണതന്ത്രജ്ഞന്മാർ ഒരിക്കലും അംഗീകരിക്കാൻ പാടില്ലാത്തതും, ധൎമ്മശാസ്ത്രങ്ങളാൽ ന്യായീകരിക്കാൻ സാധിക്കാത്തതും ആയ ഒരു ഭോഷത്വമാണെന്നായിരുന്നു അമ്മറാണിയുടെ അഭിപ്രായം.

ധൎമ്മഭ്രംശം നേരിടുന്ന കാൎയ്യത്തിൽ പരമഭീരുവായിരുന്ന ഗണേശദേവന്നു അമ്മറാണിയുടെ അഭിപ്രായത്തോടു യോജിക്കുവാൻ തീരെ മനസ്സുവന്നില്ല. ന്യായവും മൎയ്യാദയും നിലനിൎത്താൻ വേണ്ടി, ചിലപ്പോൾ അനേകം ജീവികളെ നശിപ്പിക്കേണ്ടി വരുന്നതു ലോകസ്വഭാവമാണ്! ഒരൊററമുള്ളു കളയുവാൻ വേണ്ടി എത്രയോ ഉള്ളങ്ങളെ നശിപ്പിക്കേണ്ടിവരാറില്ലേ? ഒരു ഫലം കിട്ടുവാൻ അനേകം ശാഖകൾ മുറിച്ചുകളയേണ്ടിവരാറില്ലേ? സാധിക്കാൻ പോകുന്ന കാൎയ്യം വലുതായാലും ചെറുതായാലും, സ്വാ

ത്ഥമായാലും പരാത്ഥമായാലും, അതിലുള്ള ന്യായത്തെക്കുറിച്ചാണ് നാം സർവ്വോപരിയായി പരിഗണനം ചെയ്യേണ്ടത്.

സുൽത്താൻ സിക്കന്ദർഷാ ഗണേശദേവനെ തടവിലിട്ടപ്പോൾ സാഹിബുദ്ധീനായിരുന്നു അദ്ദേഹത്തെ ബന്ധനത്തിൽനിന്നു വേർപെടുത്തിയത്. തനിക്കും ജനങ്ങൾക്കും വേണ്ടി ഇത്ര വിലപിടിച്ച ഒരു ഉപകാരം ചെയ്ത ആ യുവാവിനെ ഈ വിഷമഘട്ടത്തിൽ നിരാലംബനാക്കി വിടുന്നതിൽ പരം അധർമ്മമായിയാതൊന്നും ഇല്ലെന്നു ഗണേശദേവൻ തീർച്ചപ്പെടുത്തി. അതിന്റെ അനന്തരഫലത്തെക്കുറിച്ചു ആലോചിക്കേണ്ടതല്ലേ എന്നു ചിലർ ചോദിക്കുമായിരിക്കാം. ഭാവികാര്യങ്ങൾ എങ്ങിനെയായിരിക്കുമെന്നു അറിയുവാൻ മനുഷ്യൻ അശക്തനായിരിക്കെ, ഈ വക ഉദ്യമങ്ങളിൽ നിന്നുണ്ടാകാനിടയുള്ള ലാഭനഷ്ടങ്ങളെപ്പററി പര്യാലോചിച്ചിട്ടു യാതൊരു ഫലവും ഇല്ല. അങ്ങിനെ ആലോചിച്ചുതുടങ്ങിയാൽ ധർമ്മം, ന്യായം, സദാചാരം എന്നിങ്ങനെ ഘോഷിക്കപ്പെടുന്ന ഗുണങ്ങളെല്ലാം നാമമാത്രങ്ങളായി പരിണമിക്കുന്നതാണ്. പ്രുഷധർമ്മങ്ങളുടെ നിർവഹണത്തിൽ വന്നുചേരുന്ന ലാഭം വളരെ ലഘുവും സംശയഗ്രസ്തവും, നഷ്ടം സുനിശ്ചിതവും ആയിരിക്കും. വെള്ളത്തിൽ ചാടി മുങ്ങിച്ചാകാൻ തുടങ്ങുന്ന ഒരുവനെ രക്ഷിക്കാൻ പുറപ്പെടുന്നതു് ആ രക്ഷണോദ്യുക്തനുതന്നെ അപായകരമായേക്കാമെന്നു കരുതി ആ പരോപകാരകൃത്യത്തിൽ നിന്നു പിന്മാറുന്നതു ഒന്നുകൊണ്ടും അഭിലഷണീയമായ സംപ്രദായമല്ല. സൽക്കർമ്മങ്ങൾ ചെയ്താൽ ഒടുവിൽ സൽഫലം സിദ്ധിക്കാതിരിക്കയില്ലെന്നു വിശ്വസിച്ചു സദാചാരസരണിയിൽനിന്നു വ്യതിചലിക്കാതെ പ്രവർത്തിക്കേണ്ടതു ജനതയുടെ ചുമതലയാണ്.

ശക്തിമയിക്കു സംഭവിച്ച ദുരവസ്ഥയെക്കുറിച്ചുള്ള സ്മരണ ഗണേശദേവന്റെ ഹൃദയത്തിൽ വേരൂന്നിക്കിടന്നിരുന്നു. തന്നെ അഭയം പ്രാപിച്ച ഒരു അനാഥവനിതയെ, ലോകാപവാദഭയചഞ്ചലനായി തള്ളിക്കളഞ്ഞതു് ക്ഷന്തവ്യമല്ലാത്ത ഒരു പാതകമാണെന്നും, ഇപ്പോൾ അവശ്യംഭാവിയായിത്തീന്ന യുദ്ധം ഈ പാതകത്തിന്റെ അനന്തരഫലമായി സർവ്വശക്തനാൽ നിയമിക്ക

ല്പെട്ട ഒരു പ്രതിക്രിയയാണെന്നും ഗണേശദേവൻ വിശ്വസിച്ചു. പണ്ടത്തെ ഒരു അപഭ്രംശത്താൽതന്നെ കലുഷിതവൃത്തിയായിത്തീൎന്നിട്ടുള്ള താൻ ഇനിയും അതേ അബദ്ധത്തിൽ ചാടുന്നതല്ലെന്നു തീൎച്ചപ്പെടുത്തി, ഗണേശദേവൻ സാഹിബുദ്ധീൻരാജകുമാരന്റെ പരിരക്ഷണത്തിൽ ബദ്ധചിത്തനായി. ഈ ഉദ്യമത്തിൽ താൻ അഥവാ മരിക്കയാണെങ്കിൽ, അതു ഭക്തിമയിയോടു ചെയ്തുപോയ അപരാധത്തിനു തക്കതായ ശിക്ഷയായിരിക്കുമെന്നും അദ്ദേഹം തീരുമാനിച്ചു.

തന്റെ പ്രവൃത്തിയുടെ ധാൎമ്മികത്വത്തെപ്പററി ഗണേശദേവന്നു് തീരെ സംശയമുണ്ടായിരുന്നില്ലെങ്കിലും, അതിന്റെ ഫലമായി നാട്ടുകാർ കഷ്ടപ്പെടാനിടയുണ്ടെന്ന വിചാരവും അവരുടെ ദീനവിലാപങ്ങളുടെ പ്രതിദ്ധ്വനിയും ആ പ്രജാവത്സലന്റെ ഹൃദയാന്തരത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. ജനങ്ങൾക്കു ഈ കാൎയ്യത്തിലുള്ള അഭിപ്രായം അറിവാനുള്ള കൌതുകത്താൽ അദ്ദേഹം രാജ്യതന്ത്രകുശലന്മാരായ പൌരപ്രമാണികളെ ആമന്ത്രണം ചെയ്തു് ഒരു സഭകൂട്ടി. ആസന്നമായ ആപത്തിനെ സംബന്ധിച്ചു് അവരോടെല്ലാം പ്രസംഗിച്ചശേഷം അദ്ദേഹം ഇങ്ങിനെ പറഞ്ഞു:—

“പ്രിയസന്താനങ്ങളെ! കുറച്ചുകാലംമുമ്പു സംഭവിച്ച കഷ്ടതകളിൽനിന്നു നാം ഭാഗ്യവശാൽ രക്ഷപ്പെട്ടു. പക്ഷേ, ഇതാ വേറൊരാപത്തു് നമ്മെ പിടികൂടുവാൻ സന്നദ്ധമായിരിക്കുന്നു. തന്റെ ഏഴു സഹോദരന്മാരെ ഒരുപോലെ കൊലചെയ്തിട്ടും തൃപ്തിപ്പെടാതെ, ഗിയാസുദ്ധീൻസുൽത്താൻ അയാളുടെ മരുമകനെയും മരണദേവതയ്ക്കു് ബലികൊടുപ്പാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു. അമ്മാമനെ ഭയന്നു എന്നെ ശരണം പ്രാപിച്ചിരിക്കുന്ന ആ ബാലൻ എന്റെ അധീനതയിൽ ഇരിക്കുന്ന കാലത്തു ശത്രുപീഡയ്ക്കധീനപ്പെടുന്നതു് വലിയൊരു ധൎമ്മഭ്രംശമായിരിക്കും. നേരെമറിച്ചു, എന്റെ ഈ പ്രവൃത്തിനിമിത്തം ഗിയാസുദ്ധീനുമായി നാം യുദ്ധത്തിലേർപ്പെടേണ്ടിവരികയും ചെയ്യും. ഈ വിഷമഘട്ടത്തിൽ എന്തു പ്രവൎത്തിക്കേണമെന്നു നിങ്ങൾതന്നെ ഉപദേശിക്കുവിൻ.

"ഞങ്ങളുടെ പിതാവും രക്ഷിതാവുമായ മഹാരാജാവിന്റെ കല്പനപടിക്കു കീഴടങ്ങുവാൻ ഞങ്ങൾ സദാ സന്നദ്ധരാണു്," എന്നു അവിടെ കൂടിയിരുന്നവരെല്ലാം ആർത്തുവിളിച്ചു. ആ കോലാഹലം ശമിച്ചശേഷം ഒരു പൌരപ്രമാണി മുന്നോട്ടുവന്നു്, ശാന്തവും വ്യക്തവും ആയ സ്വരത്തിൽ ഇപ്രകാരം പ്രസംഗിച്ചു:—

"തിരുമേനി! ഞങ്ങളുടെ അഭിപ്രായം തുറന്നുപറയേണമെന്നു കല്പിക്കുകയാൽ ഞാൻ എന്റെ സഹോദരന്മാക്കുവേണ്ടി രണ്ടുവാക്കു പറയുവാൻ ഒരുമ്പെട്ടതാണു്. കേവലം അനാഥസ്ഥിതിയിൽ പെട്ടുഴലുന്ന സാഹിബുദ്ധീൻരാജകുമാരൻ തിരുമേനിയെ ശരണം പ്രാപിച്ചിട്ടുള്ള സ്ഥിതിക്കു് അദ്ദേഹത്തെ സംരക്ഷിക്കേണ്ടതു തിരുമേനിയുടെ ധമ്മമാണു്. പക്ഷേ, ഇതിലും അധികം ഗണനീയമായ ഒരു ബാദ്ധ്യത ഇവിടത്തേയ്ക്കുണ്ടു്. അതു പ്രജാപരിപാലനമാണു്. ഇക്കഴിഞ്ഞ യുദ്ധത്തിന്റെ അരിഷ്ടഫലങ്ങൾ ഇനിയും തീരെ അവസാനിച്ചിട്ടില്ല. അതിനു മുമ്പായി, കേവലം അന്യനായ ഒരാളെ രക്ഷിക്കാൻവേണ്ടി, ഇവിടത്തെ സ്വന്തപ്രജകളെ ഇനിയും മരണദേവതയ്ക്കു ബലികൊടുക്കുന്നതു വിഹിതമാണോ എന്നേ ഇവിടെ തീർച്ചപ്പെടുത്തേണ്ടതുള്ളു."

ഈ പ്രസംഗം അവസാനിച്ച ഉടനെ ജനങ്ങൾ വീണ്ടും ആർത്തുതുടങ്ങി.

"മഹാരാജാവു സർവോൽക്കർഷേണ വത്തിക്കട്ടേ!" "തിരുമേനി പ്രജാപാലനം നിർവ്വഹിക്കട്ടെ!" "ഒരു പരദേശിക്കുവേണ്ടി സ്വന്തം പ്രജകളെ നശിപ്പിക്കാതിരിക്കട്ടെ" "തിരുമേനിക്കുവേണ്ടി ഞങ്ങൾ പ്രാണത്യാഗം ചെയ്‌വാൻ ഒരുക്കമാണു്. പക്ഷേ ഒരു മുസൽമാനുവേണ്ടി ഞങ്ങൾ എന്തിനു മരിക്കുന്നു!" എന്നും മററും ഓരോ തരക്കാർ ഓരോവിധത്തിൽ ഉൽഘോഷിച്ചു.

വേറൊരാൾ:—"മഹാരാജാവു് സർവോൽക്കർഷേണ വത്തിക്കട്ടെ! എന്റെ നാലുമക്കൾ ഇക്കഴിഞ്ഞ യുദ്ധത്തിൽ മരിച്ചു. അന്ധനും വൃദ്ധനും ആയ എന്നെ ശുശ്രൂഷിക്കുവാൻ ഇനി

ക്കിനി ഒരൊററ മകനേയുള്ളു. എങ്കിലും തിരുമേനി കല്പിക്കുന്നപക്ഷം അവനേയും യുദ്ധഭൂമിയിലേക്കയയ്ക്കുവാൻ ഞാൻ ഒരുക്കമാണ്. പുത്രസുഖം അനുഭവിക്കാതെ എന്റെ വയസ്സുകാലം കഴിപ്പാനും എനിക്കു മടിയില്ല. പക്ഷേ, ഒരു പരദേശിക്കുവേണ്ടി അനേകായിരം ജനങ്ങളെ നശിപ്പിക്കുന്ന കാര്യത്തിൽ തിരുമേനി മനസ്സിരുത്താതിരിക്കണം.”

പ്രസംഗിക്കാൻ ഇഷ്ടമുള്ളവരെല്ലാം അവരവരുടെ അഭിപ്രായം പറഞ്ഞുകഴിഞ്ഞശേഷം മഹാരാജാവു എഴുന്നേററു:—

“എന്റെ പ്രിയജനങ്ങളെ! നിങ്ങൾ പറയുന്നതു കാര്യമാണ്. തന്റെ ഓമനസ്സന്താനങ്ങളുടെ ക്ഷേമത്തെക്കുറിച്ചുതന്നെയാണ് ഒരു പിതാവ് സർവ്വോപരിയായി ചിന്തിക്കേണ്ടതു്. പക്ഷേ അദ്ദേഹം അവരുടെ ഭൗതികാഭ്യുദയത്തെ മാത്രം ആലോചിച്ചാൽ പോരാ. അവരെ നീതിയും ധർമ്മവും പഠിപ്പിച്ചു്, സദ്വൃത്തന്മാരാക്കിത്തീർക്കുന്നതും ഒട്ടും അപ്രധാനമല്ലാത്ത പിതൃധർമ്മമാണ്. എന്നെ ഒരുകാലത്തു ആപത്തിൽനിന്നു രക്ഷിച്ച ഉത്തമമിത്രത്തെ ഞാൻ ഇപ്പോൾ തള്ളിക്കളയുന്ന പക്ഷം അതിനാലുണ്ടാകുന്ന അപകീർത്തി എനിക്കും എന്റെ പ്രജകൾക്കും ഒരുപോലെയാണ്. ആശ്രിതരക്ഷണം എന്ന ധർമ്മത്തെ ലംഘിച്ച കുററത്തിനു പുറമേ, വിലമതിക്കാൻ പാടില്ലാത്ത ഒരു ഉപകാരത്തിനു പ്രതിഫലമായി അതിനിന്ദ്യമായ കൃതഘ്നത കാണിച്ചുവെന്ന അപഖ്യാതിയും നമുക്കു സിദ്ധിക്കും. മരിച്ചുപോയ സുൽത്താൻ എന്നെ അയാളുടെ രാജധാനിയിലേക്കു ക്ഷണിച്ചതും എന്റെ ദേഹരക്ഷയ്ക്കു ജാമ്യമായി സാഹിബുദ്ധീൻ രാജകുമാരനെ നിർത്തിയതും നിങ്ങൾക്കെല്ലാം ഓർമ്മയുണ്ടല്ലോ. വാക്കിനു വ്യവസ്ഥയില്ലാത്ത സുൽത്താൻ എന്നെ തടവിലിട്ടു. അസിംഖാൻ അയച്ച ദൂതന്മാർ മുഖേന ഈ വിവരം അറിഞ്ഞ സാഹിബുദ്ധീൻ അതിവേഗത്തിൽ വന്നെത്തി എന്നെയും അസിംഖാനെയും ബന്ധനത്തിൽനിന്നു വിമുക്തരാക്കി. നമ്മെ ഇത്രയും സഹായിച്ച ഒരുമാന്യമിത്രത്തെ ഒരത്യാപത്തിൽവിട്ടു നാം മിണ്ടാതിരിക്കുന്നതു മര്യാദയാണോ? ഞാൻമാത്രം മരിക്കുന്നതായാൽ നിങ്ങൾക്കു അപായം നേരിടാതിരിക്കുവാൻ സാധ്യമായിരുന്നെങ്കിൽ, സന്തോഷ

ത്തോടുകൂടെ പ്രാണത്യാഗം ചെയ്യാൻ എനിക്കു മടിയുണ്ടായിരുന്നില്ല. ഈ കൃത്യനിൎവ്വഹണത്തിൽ എൻെറയും നിങ്ങളുടെയും പ്രാണത്യാഗം വേണ്ടിവന്നതിലാണു് എനിക്കു ദുഃഖം. പക്ഷെ, എനിക്കുവേണ്ടിയാണു് നിങ്ങൾ മരിക്കുന്നതെന്നു വിചാരിക്കേണ്ടാ. കേവലം അന്യനായ ഒരു മുസൽമാനുവേണ്ടിയും അല്ല. അശരണനും നിരപരാധിയും ആയ ഒരു ബാലനുവേണ്ടി ആരംഭിക്കപ്പെടുന്ന ഈ യുദ്ധം ഏററവും പരിശുദ്ധമാണെന്നു കരുതുവിൻ! സ്നേഹത്തിന്നു സ്നേഹവും ഉപകാരത്തിന്നു പ്രത്യുപകാരവും ആണു് ശരിയായ പ്രതിഫലം എന്നു ഈ യുദ്ധം വെളിപ്പെടുത്തും. ഈ യുദ്ധത്തിൽ മരിക്കുന്നതു നിങ്ങളുടെ ശേഷക്കാൎക്കു ഒരു പാഠവും, പരലോകത്തിൽ നിങ്ങൾക്കു പരമാനന്ദപ്രാപ്തിക്കു ഒരു കാരണവും ആയിരിക്കും! മരണം പ്രകൃതിനിയമമാകയാൽ ആൎക്കും അതിൽനിന്നും ഒഴിഞ്ഞുമാറുവാൻ കഴികയില്ല. ന്യായമായ കാരണത്താൽ ക്ഷണഭംഗുരമായ ജീവിതത്തെ ത്യജിക്കുന്നതിൽ പിന്നെ വൈമുഖ്യമെന്തിനു്?"

മഹാരാജാവിൻെറ സാരഗൎഭമായ പ്രസംഗം ശ്രോതാക്കളെ ഉത്സാഹഭരിതരാക്കി.

"മഹാരാജാവു സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ. അവിടുന്നു ധൎമ്മപുത്രരുടെ അവതാരമാണു്!"

"ഞങ്ങൾ തിരുമേനിക്കുവേണ്ടി യുദ്ധംചെയ്‌വാൻ തയ്യാറാണു്."

"ഞങ്ങൾ ഈ ധൎമ്മയുദ്ധത്തിൽ തിരുമേനിക്കുവേണ്ടി മരിക്കാൻ ഒരുക്കമാണു്."

ഇപ്രകാരം ഓരോ ആശിസ്സുകൾ ഹസ്തതാഡനഘോഷസങ്കലിതമായി ആസ്ഥാനമണ്ഡപത്തിൽ മുഴങ്ങി. കോലാഹലം കുറെ ശമിച്ചപ്പോൾ മഹാരാജാവു് തുടൎന്നു പറഞ്ഞു:—

"എൻെറ പ്രിയജനങ്ങളെ! അനാവശ്യമായി നിങ്ങൾക്കു യാതൊരു ദുരവസ്ഥയും നേരിടുവാൻ അനുവദിക്കുന്നതല്ല. സുൽത്താനെ ചെന്നുകണ്ടു്, സാഹിബുദ്ദീനെ ഉപദ്രവിക്കാതിരിക്കേണമെന്നപേക്ഷിക്കാനാണു് ഒന്നാമതായി ഞാൻ ആലോചിച്ചി

ട്ടുള്ളതു്. എന്റെ ജാമ്യത്തിന്മേൽ സാഹിബുഡീനെ വിട്ടയയ്ക്കുകയും, അയാൾക്കു വല്ല ദിക്കിലും ഒരു ഗവൎണ്ണരുടെ ഉദ്യോഗം കൊടുക്കുകയും ചെയ്യില്ലെങ്കിൽ മാത്രമേ നമുക്കു യുദ്ധത്തിൽ ഏൎപ്പെടേണ്ടിവരികയുള്ളു.”

സാഹിബുഡീൻ വിശ്വാസവഞ്ചന ചെയ്യുന്നെങ്കിലോ എന്ന ചോദ്യത്തിന്നുത്തരമായി ഗണേശദേവൻ വീണ്ടും പറഞ്ഞു:—

“സാഹിബുഡീൻ സത്സ്വഭാവിയും, വിശ്വാസയോഗ്യനും ആണെന്നെനിക്കു ബോദ്ധ്യമുണ്ടു്. അയാൾ സുൽത്താന്റെ നേരെ ലഹളയ്ക്കു പുറപ്പെടുന്നതല്ലെന്നു എനിക്കറിയാം. എന്നാൽ, സുൽത്താന്റെ മരണാനന്തരം അയാൾ സിംഹാസനാരോഹണത്തിന്നാഗ്രഹിക്കുന്നതായാൽ ആ കാൎയ്യത്തിൽ, ഞാൻ ജീവിച്ചിരിക്കുന്നപക്ഷം, അയാളെ തീൎച്ചയായും സഹായിക്കുന്നതുമാണ്.”

ഈ അഭിപ്രായം സഭാംഗങ്ങൾക്കു വളരെ ബോധിച്ചു.

ഗണേശദേവന്റെ ഉദ്ദേശം കുട്ബ്ബിനെ അറിയിച്ചപ്പോൾ അയാൾക്കു വലിയ കോപമാണുണ്ടായതു്. രാജകുമാരന്റെ ഈ ധിക്കാരത്തിന്നു പ്രതികാരമായി, ദിനേശപുരം വംശത്തെ നിശ്ശേഷം നശിപ്പിച്ചുകളയുന്നതാണെന്നു ആ കുടിലൻ ഭീഷണിപ്പെടുത്തി. “അതിരിക്കട്ടെ, ഞാൻ ജീവിച്ചിരിക്കുന്നേടത്തോളം സുൽത്താന്നു് സാഹിബുഡീനെ പിടികിട്ടുന്നതല്ലെന്നു പറഞ്ഞു ഗണേശദേവൻ ഈ ഭീഷണിപ്രയോഗത്തെ നിരസിക്കയാണു് ചെയ്തതു്.

—(o)—

# മുപ്പത്തൊന്നാം അദ്ധ്യായം

സാഹിബുഡീനെ ശത്രുപീഡയിൽനിന്നു രക്ഷിക്കുന്നതു തന്റെ ധൎമ്മമാണെന്നു ഗണേശദേവന്നു ദൃഢബോധമുണ്ടായിരുന്നതിനാൽ യുദ്ധത്തിന്റെ ആവിൎഭാവത്തിൽ അദ്ദേഹത്തിന്നു പശ്ചാത്താപമോ ചാഞ്ചല്യമോ ഉണ്ടായിരുന്നില്ല. അന്യായമായ ദ്രോഹവും അക്രമവും ഇല്ലായ്മചെയ്യേണമെന്ന വ്രതത്തിൽ സ്ഥി

രണിഷ്ഠയോടെ വത്തിച്ച ആ മഹാമനസ്കൻ, ഈ യുദ്ധത്തിൽ അവശ്യം വന്നുചേരുന്ന നഷ്ടകഷ്ടങ്ങളെ നിരത്ഥകമായി ഗണിച്ചില്ല.

രാജസദസ്സിലെ വാദപ്രതിവാദങ്ങളും, യുദ്ധം കൂടാതെ കിഴികയില്ലെന്ന പ്രതിജ്ഞയും കഴിഞ്ഞശേഷം ഗണേശദേവൻ തിരിച്ചുള്ള നേരെ തൻെറ പ്രിയതമയുടെ മുറിയിലേക്കായിരുന്നു. പ്രക്ഷോഭം ഏറെക്കുറെ ശമിച്ചിരുന്നുവെങ്കിലും അന്നത്തെ സംഭവങ്ങളുടെ സ്മരണ അദ്ദേഹത്തിൻെറ മനസ്സിൽനിന്നു മാഞ്ഞുപോയിരുന്നില്ല. സാഹിബുദ്ധീനെ രക്ഷിക്കാൻ തീച്ചപ്പെടുത്തിയതിനെപ്പററി അമ്മാവൻ കലശലായി കോപിച്ച വിവരമാണ് നിരുപമ ഒന്നാമതായി പ്രിയതമനെ അറിയിച്ചത്.

രാജാ:— അതിരിക്കട്ടെ. ഇക്കാര്യത്തിൽ നിരുപമയുടെ അഭിപ്രായമെന്താണ്? ഞാൻ ചെയ്തതിൽ തെററുണ്ടോ?

നിരു:— അവിടുന്നു ചെയ്തത് വളരെ നന്നായി. രാജാക്കന്മാർ അഗതികളെ രക്ഷിക്കുകയും വികൃതികളെ ശിക്ഷിക്കുകയും ചെയ്യാതിരുന്നാൽ നാട്ടുകാരെങ്ങിനെ കഴിഞ്ഞുകൂടും? അങ്ങയുടെ സ്വാഭാവികമായ മഹാമനസ്കത ഇക്കാര്യത്തിലും പ്രത്യക്ഷപ്പെടുന്നുണ്ട്.

ഗണേശദേവൻ ദയിതയുടെ കരപല്ലവങ്ങളിൽ പ്രേമപൂർവ്വം ചുംബിച്ചു. "എൻെറ നിരുപമ പറഞ്ഞത് സ്ത്രീകളുടെ സ്നേഹസ്വഭാവത്തെയും പ്രത്യക്ഷപ്പെടുത്തുന്നു" എന്നു പറഞ്ഞു.

ഭർത്തൃമുഖത്തിൽ നിന്നു നിർഗ്ഗളിതമായ ഈ പ്രേമാമൃതം നിരുപമയുടെ ഹൃദയത്തെ ആനന്ദതരളിതമാക്കി. ആ സ്ഥിതിയെ മറയ്ക്കുന്നതിന്നായി ഇങ്ങനെ സംഭാഷണം തുടൎന്നു:—

"ആളുകൾ പറഞ്ഞുനടക്കുന്നത് കേട്ടില്ലേ? ശക്തിമയി ഗിയാസുദ്ധീൻെറ ഭാര്യയായെന്നു്?"

"ഉവ്വോ?"

"ഇതറിഞ്ഞിട്ടില്ലെന്നോ? കട്ടഞ്ചിൻെറ കൂടാരത്തിൽനിന്നാണ് വത്തമാനം പുറത്തായത്. അതുകൊണ്ടു ഇതൊരു വെറും ദോഷ്യമായിരിക്കയില്ല. ധനം മോഹിച്ചു ഹീനജാതിയിൽ ചേൎന്നതു വളരെ അവമാനമായിപ്പോയി! നാണം കെട്ടവൾ!!"

ശക്തിയെക്കുറിച്ചുള്ള ഈ നിർഭത്സനം ഗണേശദേവന്ന വളരെ ഉത്സാഹമായിരുന്നു. ശക്തി, വാസ്തവത്തിൽ, അത്ര ഹീനസ്വഭാവമുള്ളവളല്ല. ഗണേശദേവനെ സ്നേഹിച്ചുവെന്നുള്ള കാര്യത്തിൽ മാത്രമേ അവൾ അപരാധിനിയായിട്ടുള്ളു. അനന്യശരണതാപത്താൽ വ്യസനാക്രാന്തയായിത്തീർന്ന ഈ ബാലിക, ഒരു മുസൽമാന്റെ അന്തഃപുരത്തിൽ ചെന്നുപെടുവാൻ ഇടയാക്കിയതും ഗണേശദേവനായിരുന്നു. ഗത്യന്തരമില്ലായ്കയാൽ ഈ കടുപ്പം ചെയ്യേണ്ടിവന്ന ആ ബാലികാരത്നം ഇതാ ജനങ്ങളുടെ നിഷ്കരുണമായ നിന്ദയ്ക്കും നിർഭത്സനത്തിനും പാത്രമായിരിക്കുന്നു!

രാജാ:—അവൾ ധനം മോഹിച്ചാണ് മുസൽമാൻജാതിയിൽ ചേർന്നതെന്ന് നിരുപമ എങ്ങിനെ അറിഞ്ഞു? അതുതന്നെയല്ല; ഒരു മുസൽമാനാകുന്നതിലെന്താണിത്രയൊക്കെ നിന്ദ്യമായിട്ടുള്ളതു്? ഹിന്തുക്കളും മുസൽമാന്മാരും ഒരേ മാതൃഭൂമിയുടെ സന്താനങ്ങളല്ലേ? മതത്തിൽ മാത്രമല്ലേ വ്യത്യാസമുള്ളു? നമ്മളാണ് ശ്രേഷ്ഠന്മാരെന്നഭിമാനിക്കുവാൻ യാതൊരവകാശവും ഇല്ലല്ലൊ.

നിരുപമ:—അതെനിക്കു നിശ്ചയമില്ല. പക്ഷെ എനിക്കു മുസൽമാന്മാരെ വലിയ വെറുപ്പാണ്. സ്വർഗ്ഗം തരാമെന്നു പറഞ്ഞാൽകൂടി ഞാനൊരു മുസൽമാനിയാവുകയില്ല.

രാജാ:—നിരുപമ ഇങ്ങിനെ അന്യജാതിക്കാരെക്കുറിച്ചു വൈരഭാവം കരുതുന്നതു ശരിയല്ല. നാം അവരോടു ഇങ്ങിനെ പെരുമാറുകകൊണ്ടല്ലേ അവർ നമ്മെയും പുച്ഛിക്കുന്നതു്? എല്ലാമതങ്ങളെക്കുറിച്ചും ഉള്ള സമഭാവനയാണ് ഹിന്തുമതത്തിന്റെ ശ്രേഷ്ഠതയ്ക്കുള്ള അടിസ്ഥാനം. ഒരു ഹിന്തുവാണെന്നഭിമാനിക്കുന്ന നിരുപമ, ആ സമഭാവനയെ കേവലം വിസ്മരിച്ചു പ്രവർത്തിക്കുന്നപക്ഷം മതവിപരീതമായിട്ടാണ് നിരുപമയുടെ പ്രവൃത്തി എന്നൊരപരാധത്തിന്നു വഴിപ്പെടേണ്ടിവരും.

ഭർത്താവിന്റെ അഭിപ്രായം ശരിയാണെന്നു നിരുപമയ്ക്കു ബോദ്ധ്യമായി, ഇങ്ങിനെ പറഞ്ഞു:—

അതെങ്ങിനെയെങ്കിലുമാവട്ടെ! ശക്തി ഇവിടെ വന്നാൽ ഞാൻ അവളോടു സമനിലയിൽ പെരുമാറുകയില്ല. തീർച്ച തന്നെ.''

രാജാ:—നിരുപമയെ സമനിലയിൽ കരുതിയാൽ ശക്തിമയിക്കാണ് കുറവ്. നിരുപമയല്ല. അവരം ബങ്കാളസാമ്രാജ്യത്തിലെ ചക്രവർത്തിനി! നിരുപമയോ അവളുടെ കീഴിലുള്ള അനേകം സാമന്തറാണികളിൽ ഒരുത്തി!!

രാജകുമാരന്റെ ഈ വാക്കുകരം നാരാചമുനപോലെ നിരുപമയുടെ ഹൃദയകുസുമത്തിൽ തറച്ചു. ബാല്യകാലം തുടങ്ങി, ശക്തിമയിയെക്കുറിച്ചു അവളുടെ ഹൃദയാന്തരത്തിൽ പുകഞ്ഞുകൊണ്ടിരുന്ന ഈൎഷ്യാകോപം ക്ഷണമാത്രത്തിൽ കത്തിജ്വലിച്ചു. ആളുകളുടെ മനസ്സ് ഈൎഷ്യാധീനമായിത്തീൎന്നാൽ, മററുള്ളവർ പറയുന്നതിലും ചെയ്യുന്നതിലും അവർ വിചാരിക്കാത്ത അൎത്ഥവും ഉദ്ദേശവും ഉണ്ടെന്നു കാണുന്നതു ലോകസ്വഭാവമാണ്. വളരെ കാലം മുമ്പ്, മഹീപാലതീരത്തിൽവെച്ചു രാജകുമാരൻ, കളിയായിട്ടെങ്കിലും, മാലയിട്ടു വരിച്ചതു ശക്തിമയിയെയായിരുന്നു എന്നുള്ള വസ്തുത, നിരുപമയ്ക്കു ശക്തിയോടു തുല്യത ഭാവിക്കാൻ അർഹതയില്ലെന്ന സംഗതിയെ വേണ്ടുവോളം വിശദമായി വിളിച്ചു പറയുന്നുണ്ടല്ലൊ. വീണ്ടും ആ സംഭവത്തെ സ്മരിപ്പിച്ചതിനാൽ ജനിച്ച പരാഭവത്തെ സ്ഫുരിപ്പിച്ചു നിരുപമ ഇങ്ങിനെ പറഞ്ഞു:—

''അതു വാസ്തവമാണ്. ഞാൻ ഒരിക്കലും അവരംക്കു സമമായിരുന്നില്ല.''

തത്സമയം ആരോ വാതിലിൽ തട്ടുകയാൽ രസവിച്ഛിത്തികരമായ ആ സംഭാഷണം ഭാഗ്യവശാൽ അവിടെ അവസാനിച്ചു. വാതിൽ തുറന്നു അകത്തു പ്രവേശിച്ച രംഗിണി സന്യാസിനിയുടെ വരവിനെപ്പററി രാജകുമാരനെ അറിയിച്ചു. രാജാവു എഴുന്നേററു ചെന്നു സന്യാസിനിയെ അകത്തുവിളിച്ചിരുത്തി. അവർ അശുഭവാർത്തകളുടെ ദൂതിയായിരുന്നു.

''സാഹിബുദ്ധീന്റെ സങ്കേതസ്ഥലം അമ്മറാണി മുഖേന കുട്ടബ്ബിന്നു അറിവു കിട്ടിയിരിക്കുന്നു. നാം സംസാരിച്ചിരിക്കുന്ന

തിന്നിടയിൽതന്നെ ഒരു സമയം, ആ ബാലൻ തടവിലായിട്ടുണ്ടാകും. അതുകൊണ്ടു ഒട്ടുംതാമസിക്കാതെ വേണ്ടതു പ്രവൎത്തിക്കണം.”

ഗണേശദേവൻ അത്യന്തം അസ്വസ്ഥനായി.

“അമ്മേ! ഈ വിവരം അറിയച്ചതിന്നു വളരെ വന്ദനം. കഴിയുന്ന വേഗത്തിൽ സൈന്യങ്ങളെ ശേഖരിക്കുവാൻ സേനാപതിയോടു അമ്മതന്നെ ചെന്നു പറയണം. അപ്പോഴേയ്ക്കു ഞാനും പുറപ്പെടാം.”

പിന്നീടു ഒരു നിമിഷംപോലും താമസിക്കാതെ, പെട്ടെന്നു ശേഖരിക്കുവാൻ സാധിച്ചതു ഭടന്മാരോടുകൂടി ഗണേശദേവൻ രണഭൂമിയിലേക്കു പുറപ്പെട്ടു. തന്റെ സൈന്യശേഖരം വന്നെത്തുന്നതുവരെ കുട്ടബ്ബിനെ നിരോധിച്ചു നിൎത്തുവാൻ സാധിക്കുന്ന പക്ഷം യുദ്ധത്തിന്റെ പൎയ്യവസാനത്തെക്കുറിച്ചു പരിഭ്രമിക്കേണ്ടുന്ന ആവശ്യമില്ലെന്നു അദ്ദേഹം തീൎച്ചപ്പെടുത്തി.

പ്രകൃത്യാ പൌരുഷശാലിയും ധീരോദാത്തനും ആയിരുന്ന ഈ രാജകുമാരന്നു്, തന്റെ ഉദ്യമം ധൎമ്മസംരക്ഷണത്തിനാണെന്നുള്ള ബോധം അചഞ്ചലമായ ധൈൎയ്യത്തെയും അപാരമായ സ്ഥൈൎയ്യത്തെയും നൽകി. പക്ഷേ, ദുൎവ്വിധിവിലാസത്താൽ അദ്ദേഹത്തിന്റെ പരിശ്രമങ്ങളൊന്നും ഫലോന്മുഖങ്ങളായി പരിണമിച്ചില്ല. തന്നെ അഭയം പ്രാപിച്ച യുവരാജകുമാരനെ സുൽത്താന്റെ ആക്രമങ്ങളിൽ നിന്നു രക്ഷപ്പെടുത്തുവാൻ അദ്ദേഹത്തിന്നു സാധിച്ചില്ലെന്നു മാത്രമല്ല, സാഹിബുദ്ധീനെ പ്രതിപക്ഷഭടന്മാർ ബന്ധനത്തിൽപെടുത്തിയന്നു രാത്രിതന്നെ ഗണേശദേവനും കാരാഗൃഹവാസം അംഗീകരിക്കേണ്ടിവന്നു.

———(o)———

## മുപ്പത്തിരണ്ടാം അദ്ധ്യായം

ശക്തിമയിയുടെ വസതി സ്ഥിതിചെയ്തിരുന്നതു് ഗംഗാതീരത്തിലെ ഒരു മനോഹരോദ്യാനത്തിലായിരുന്നു. തരളങ്ങളായ മന്ദാകിനീതരംഗങ്ങൾ ആ ഉദ്യാനത്തിന്റെ പുരോഭാഗത്തുള്ള പച്ച

പ്പുൽത്തറകളെ നിരന്തരം ആശ്ലേഷിച്ചുകൊണ്ടിരുന്നു. ഉദ്യാനമദ്ധ്യത്തിൽ ഭുജംഗാകൃതിയിലുള്ള ഒരു സരസ്സിൽ വെള്ളത്താമരകളും ആമ്പലുകളും നിറഞ്ഞിരുന്നു. രജതരേഖകൾപോലെ ജലധാര പൊഴിച്ചുകൊണ്ടിരുന്ന ധാരായന്ത്രങ്ങളും പുരാണപ്രസിദ്ധരായ നായികാനായകന്മാരുടെ വിശിഷ്ടശിലാപ്രതിമകളും പുഷ്പലതാദികളാൽ പരിവേഷ്ടിതമായ ആ സ്ഥലത്തിന്റെ രാമണീയകത്തെ പതിന്മടങ്ങു വർദ്ധിപ്പിച്ചു. ഒരിടത്തു രാധാസഹിതനായ ബാലഗോപാലൻ മുരളീധരനായും വേറൊരിടത്തു ചമ്പകവൃക്ഷച്ചുവട്ടിൽ വാണീഭഗവതി വീണാധാരിണിയായും, മറെറാരു ദിക്കിൽ, ഏകാന്തമായ ഒരു ദ്വീപാന്തരത്തിൽ സൌഭാഗ്യസമ്പത്തുകളുടെ അധിഷ്ഠാനദേവതയായ ലക്ഷ്മീഭഗവതി കമലാധിവാസിനിയായും സ്ഥിതിചെയ്യുന്നു. കവിസാർവ്വഭൗമനായ ശ്രീകാളിദാസന്റെ കല്പനാവൈശിഷ്ട്യത്തിന്റെ അനശ്വരയശസ്തംഭമായി വിളങ്ങുന്ന ശകുന്തള മരവിരികളുടുത്തു്, ഒരു കയ്യിൽ കുടമെടുത്തും, മറേറക്കൈകൊണ്ടു ഒരു ചെറിയ മാൻകിടാവിനെ താലോലിച്ചും വേറൊരിടത്തു നിൽക്കുന്നു. കാമാതുരയായ രത്നാവലി മറെറാരു ദിക്കിൽ നമ്രമുഖിയായി നിന്നു് ഉദയനന്റെ സാന്നിദ്ധ്യസൌഖ്യം അനുഭവിക്കുന്നു.

ഒരു വെള്ളക്കൽത്തറമേൽ കയറിനിന്നു് 'പീലിയെല്ലാം പരത്തി' ക്കൊണ്ടു ഒരു കേകിപ്രവരനും, സ്ഫടികസങ്കാശമായ തടാകജലത്തിലെ കമലങ്ങൾക്കിടയിൽ ധവളാംബരധാരികളായ രാജഹംസമിഥുനങ്ങളും സ്വച്ഛന്ദം വിഹരിക്കുന്നു. ആ ഹംസങ്ങളുടെ കമനീയമായ പുറവും, ഒരു ഭാഗത്തേക്കു ചാഞ്ഞു നിൽക്കുന്ന ഗളനാളവും കണ്ടാൽ, അവ വെള്ളക്കല്ലുകൊണ്ടു നിർമ്മിച്ചുവെച്ച പക്ഷിപ്രതിമകളാണെന്നേ തോന്നുകയുള്ളൂ. വെള്ളിത്തളങ്ങളിൽ സുവർണ്ണമത്സ്യങ്ങൾ തത്തിക്കളിക്കുന്നു. അതിധാവള്യമുള്ള പ്രാവുകൾ പച്ചപ്പുല്ലിൽ ചിറകുകൾ നിവർത്തി വിശ്രമിക്കുന്നു. അപ്രത്യക്ഷമായ ഏതോ ലോകത്തിൽ നിന്നു നിർഗ്ഗമിക്കുന്ന അവ്യക്തസ്വരംപോലെ പനയോലകൾ കാററിലാടിഗ്ഗുഞ്ജിക്കുന്നു. സ്വർണ്ണച്ചങ്ങലകളാൽ ബന്ധിക്കപ്പെട്ട പഞ്ചവർണ്ണക്കിളികൾ വൃക്ഷശാഖകളിൽ ഇരുന്നു സല്ലപിക്കുന്നു. കുററിക്കാട്ടു

കൾക്കിടയിൽ മറഞ്ഞിരുന്ന് പ്രാവുകൾ പരസ്പരം മത്സരിച്ചു ക്രുകുന്നു. വെള്ളിക്കൂടുകളിൽ, മെരുങ്ങിയ കിളികളും 'മൈനാ'പ്പക്ഷികളും തങ്ങളുടെ ബന്ധനസ്ഥിതിയാൽ വന്നുചേൎന്ന അസ്വാസ്ഥതയെ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു പാടുന്നു.

സ്വർഗ്ഗതുല്യമായ ഈ സ്ഥലത്താണു് ബങ്കാളസാമ്രാജ്യത്തിലെ ചക്രവൎത്തിനി വിശ്രമിച്ചിരുന്നതു്. പക്ഷേ, ആ ഉന്നതപദവിയെ അലങ്കരിച്ചുകൊണ്ടിരുന്ന അവൾക്ക അതിന്നനുരൂപമായ മനസ്സ്വാസ്ഥ്യമോ അതിന്റെ ഒരു ശതാംശംപോലുമോ ഉണ്ടായിരുന്നില്ല. അവളുടെ അംഗസൌന്ദൎയ്യത്തിന്നു യാതൊരു ഭംഗവും നേരിട്ടിട്ടില്ല. ലക്ഷണയുക്തമായ അവളുടെ മുഖം ഇപ്പോഴും യൌവനലക്ഷ്മിയുടെയും ഉൽകൃഷ്ടസൌന്ദൎയ്യത്തിന്റെയും കേളീസങ്കേതമായിത്തന്നെ ഇരിക്കുന്നു. പക്ഷേ നീലോല്പലസദൃശങ്ങളായ അവളുടെ നയനങ്ങളിൽ കരുണരസത്തിന്റെയും, അധരപല്ലവങ്ങളിൽ വിളയാടിക്കൊണ്ടിരുന്ന മന്ദഹസിതത്തിൽ വ്യസനഭാവത്തിന്റെയും ലാഞ്ഛനങ്ങൾ ധാരാളം സ്ഫുരിച്ചുകാണ്മാനുണ്ടു്.

അടുത്തുവന്നു തന്റെ കയ്യിൽ തലയുംവെച്ചുകൊണ്ടു നിന്ന ഒരു മാൻകിടാവിനെ അവൾ പുത്രനിർവ്വിശേഷം താലോലിച്ചു. തന്റെ മനോവേദനയെ ശിഥിലീകരിക്കുന്നതിൽ ഭാഗഭാക്കുകളായിരുന്ന പുഷ്പലതാദികൾക്കിടയിൽ കാലംകഴിക്കേണമെന്നായിരുന്നു അവളുടെ ആഗ്രഹം. ഇപ്രകാരം പ്രകൃതിയുടെ നിസർഗ്ഗരാമണീയകത്താൽ പരിവൃതയായിരുന്നിട്ടും അവളുടെ ഹൃദയത്തിൽ ദൃഢപ്രതിഷ്ഠിതമായിത്തീൎന്നിരുന്ന ക്ലേശഭാരത്തെ വിസ്മരിക്കുന്നതിന്നു അവൾ ശക്തയായില്ല.

നേരം സന്ധ്യയായി. ക്ഷീണപ്രഭനായ നിശാനാഥൻ ചക്രവാളത്തിൽ ഉദിച്ചുയൎന്നു. വൃക്ഷശാഖകളെ മന്ദമായി ചലിപ്പിച്ചുകൊണ്ടു മന്ദമാരുതൻ വീശിത്തുടങ്ങി. തടാകജലത്തിലെ ചെറുതിരകൾ മർമ്മരസ്വരം പുറപ്പെടുവിച്ചു. സൌഗന്ധികപുഷ്പങ്ങളുടെ പരിമളധോരണി വായുമണ്ഡലത്തിലെങ്ങും വ്യാപിച്ചു.

ആ മനോഹരകുസുമങ്ങൾ ശക്തിമയിയുടെ ജീവചരിത്രത്തെ ഉദാഹരിക്കുന്നതാണെന്നു അവൾക്കു തോന്നി. പ്രസന്നവും സൌഭാഗ്യപരിപൂർണ്ണവും ആയ ശൈശവം, പ്രേമഭരിതമായ യൌവനം, ദുഃഖഭൂയിഷ്ഠമായ താരുണ്യം, ഈ അവസ്ഥാന്തരങ്ങളെ ആ കുസുമങ്ങളും ദൃഷ്ടാന്തപ്പെടുത്തി. നിരസിക്കപ്പെട്ട ഒരു മാലയുടെ സ്മരണയെ ഉണർത്താനുള്ള ത്രാണിയും അവയ്ക്കുണ്ടെന്നു മനസ്സിലായപ്പോൾ ശക്തിമയി ദീർഘമായൊന്നു നിശ്വസിച്ചു.

കാലം ശിശിരാരംഭമായിരുന്നതിനാൽ പകൽസമയത്തു നല്ല ചൂടും രാത്രിതോറും കലശലായ തണുപ്പും ഉണ്ടായിരുന്നു. ശക്തിമയി തന്റെ വസതിയോടുചേർന്ന ഒരു വിശാലമണ്ഡപത്തിൽ പ്രവേശിച്ചു. പുഷ്പലതാദികളെക്കൊണ്ടും, വിചിത്രതരങ്ങളായ അനേകം ശിലാപ്രതിമകളെക്കൊണ്ടും, അനർഗ്ഗളമായി പ്രവഹിച്ചുകൊണ്ടിരുന്ന ധാരായന്ത്രങ്ങളെക്കൊണ്ടും അലംകരിക്കപ്പെട്ടിരുന്ന ആ മണ്ഡപം വേറൊരു പൂങ്കാവുപോലെ തോന്നി.

തത്സമയം ഒരാളുടെ നിഴൽ ശക്തിമയിയുടെ അടുത്തായി കാണപ്പെട്ടു. തന്റെ സ്വൈരവിശ്രാന്തികൾ ഭംഗംവരുത്തിയ ആൾ ഭർത്താവാണെന്നറിഞ്ഞപ്പോൾ അവളുടെ മുഖം നീരസാവേശത്താൽ വിവിണ്ണമായി.

സാധാരണയായി ശക്തിമയി മകളെ പാടിയുറക്കിയിരുന്നതു് ഈ സമയത്തായിരുന്നതിനാൽ, അന്നുരാത്രി അവളെ ഇപ്രകാരം കാണാനിടയായതിനെപ്പററി ഗിയാസുദ്ദീൻ വളരെ അത്ഭുതപ്പെട്ടു. അവൾക്കു തന്നിൽ പ്രേമം ജനിച്ചുതുടങ്ങിയിരിക്കാമെന്നും, തന്റെ പ്രേമപ്രതിജ്ഞകൾ കേൾക്കാനാഗ്രഹിച്ചു്, ആ സമയത്തു് അവിടെ വന്നതായിരിക്കാമെന്നും മററും ഗിയാസുദ്ദീൻ ഊഹിച്ചു. പക്ഷേ ഇതെല്ലാം വെറും മോഹമായിരുന്നു. സുൽത്താൻ തന്റെ മരുമകനെ തടവിലിട്ട വിവരം കേട്ട ഉടനെ അതിന്റെ യഥാർത്ഥതയെപ്പററി അന്വേഷിക്കാൻ വേണ്ടിയായിരുന്നു ശക്തിമയി ഇത്ര നേരത്തെ ഇങ്ങട്ടു് പുറപ്പെട്ടതു്. അല്ലാതെ, ഗിയാസുദ്ദീന്റെ നർമ്മസല്ലാപങ്ങൾ കേട്ടു രസിക്കാ

മെന്നാശിച്ചിട്ടില്ലായിരുന്നു എന്നു അനന്തരസംഭവങ്ങൾ വെളിപ്പെടുത്തും. സുൽത്താന്റെ പ്രേമപ്രകടനം വകവെയ്ക്കാതെ അവൾ കോപസ്വത്തിൽ ചോദിച്ചു:—

"സാഹിബുദ്ധീൻ തടവിലാണെന്നു കേട്ടതു വാസ്തവമാണോ? അങ്ങ് അവനെ കൊല്ലാനാണോ ഭാവം? കഷ്ടം! ഇത്ര നിഷ്കണ്ടകനായ ഒരാളെ ഞാൻ ഭർത്താവായി സ്വീകരിച്ചുവല്ലോ!"

സുൽത്താൻ അടുത്തുള്ള കട്ടിലിന്മേൽ ഇരുന്നു:—"ഞാനാണോ നിഷ്കണ്ടകൻ? ശക്തിമയിയുടെ കാഠിന്യത്തിന്റെ ഒരു ശതാംശമുണ്ടോ എനിക്കു്? എന്റെ സർവസ്വവും സമർപ്പിച്ചുതന്നിട്ടും എന്നിൽ പ്രസാദിക്കാതിരിക്കുന്നതല്ലേ നിഷ്കണ്ടകത്വം?

സുൽത്താന്റെ ദ്രോഹം എത്രയെങ്കിലും സഹിക്കാം. അയാളുടെ പ്രേമപ്രകടനമാണു് അവൾക്കു തീരെ ദുസ്സഹമായിരുന്നതു്.

ശക്തി—മേലാൽ ഒരുകാലത്തു അവൻ നിമിത്തം വല്ല തകരാറും വന്നേക്കാമെന്നു ഭയപ്പെട്ടു, കേവലം നിരപരാധിയായ ഒരു ബാലനെ നിഷ്കരുണമായും അകാരണമായും കൊല ചെയ്വാൻ തുടങ്ങുന്നതു എന്തൊരന്യായമാണു്! ഇതാണോ മുസൽമാൻ ജാതിയുടെ ശൌര്യം? ഏഴു സോദരന്മാരുടെ രക്തപാനംകൊണ്ടും തൃപ്തിപ്പെടാതെ, അശരണനായ ആ കുട്ടിയെ അനാവശ്യമായി കൊല്ലുവാൻ തുനിയുന്നതു അങ്ങയുടെ ഭീരുത്വത്തെയല്ലേ വെളിപ്പെടുത്തുന്നതു്?

സുൽത്താൻ—അതെങ്ങിനെയെങ്കിലുമാവട്ടെ. വലിയ വീരന്മാരാണെന്നു നടിക്കുന്ന ഹിന്ദുപ്രമാണികൾക്കു ശക്തിയുടെ മഹിമ അറിവാൻ സാധിച്ചിട്ടില്ലല്ലോ. സാധിച്ചിരുന്നെങ്കിൽ, ഇത്രയും വിലപിടിച്ച ഒരു രത്നത്തെ കേവലം ഭീരുവായ ഞാൻ തട്ടിക്കൊണ്ടുപോകുന്നതു അവർ നോക്കിക്കൊണ്ടിരിക്കുമായിരുന്നോ? ഇക്കാര്യത്തിൽ ഭീരുത്വത്തിന്നു ജയവും വീര്യത്തിന്നു പരാജയവുമാണല്ലോ സംഭവിച്ചതു്.

ഇങ്ങിനെയുള്ള അധിക്ഷേപങ്ങളാൽ സുൽത്താൻ ചിലപ്പോൾ ശക്തിമയിയോടു പകരം വീട്ടിയിരുന്നു. അയാളുടെ വാക്കുകളുടെ യാഥാർത്ഥ്യം ഓർത്തു ശക്തിയുടെ മുഖം കോപാരുണമാ

യി. മൌനലംഘനത്തിന്ന അവൾ അസമൎത്ഥയായി. സുൽത്താന്റെ അധിക്ഷേപം അവളുടെ ഹൃദയത്തിൽ പുകഞ്ഞുകൊണ്ടിരുന്ന പരാഭവസ്മരണയെ വീണ്ടും ഉണൎത്തി. തന്റെ ദുരവസ്ഥയ്ക്കു കാരണഭൂതനായ ഗണേശദേവനെ അവൾ സൎവാത്മനാ ശപിച്ചു. ആ മുറിക്കുള്ളിൽ പ്രചരിച്ചിരുന്ന പരിമളധോരണിയും അവിടത്തെ രാമണീയകവും അവൾ കേവലം വിസ്മരിച്ചു. നയനോല്പലങ്ങളിൽ നിന്ദാരസം സ്ഫുരിപ്പിച്ചുകൊണ്ടും, സഹിക്കാൻ വയ്യാത്ത കോപംനിമിത്തം പല്ലുകടിച്ചും, പുരികക്കൊടി ചുളിച്ചും അവൾ അടുത്തുള്ള ഒരു ലതിയിൽനിന്നു ഒരു പൂവറുത്തു കൈവിരലുകളാൽ ഞെരിച്ചു വലിച്ചെറിഞ്ഞു. ജ്വലിച്ചെരിയുന്ന ദീപശിഖയാൽ പ്രകാശമാനമായിരുന്ന അവളുടെ മുഖത്തു വഴിഞ്ഞൊഴുകിയ ലാവണ്യലക്ഷ്മിയാൽ ഉദ്ദീപ്തകാമനായിത്തീൎന്ന ഗിയാസുഡീൻ അവളെ നിൎന്നിമേഷമായ കണ്ണിണയാൽ നുകൎന്നു.

“എന്റെ പ്രാണനാഥേ! അഗ്നിജ്വാലയിൽ പതിച്ച ശലഭത്തെപ്പോലെ ഞാനിതാ എന്റെ ഓമനയുടെ ലാവണ്യാഗ്നിയിൽ കിടന്നുപൊരിയുന്നു. ഇവിടെനിന്നു വിട്ടുപോകാനും ഞാൻ കേവലം അശക്തനായിത്തീൎന്നിരിക്കുന്നു.”

കാമപാരവശ്യത്താൽ അസ്വസ്ഥനായിരുന്ന സുൽത്താൻ ഇത്രയും പറഞ്ഞു ആ സുകുമാരിയുടെ അധരപല്ലവങ്ങളിൽ ഒരു ഗാഢചുംബനം അൎപ്പിച്ചു.

ശക്തിമയിക്കു സുൽത്താന്റെ ഭാൎയ്യാപദം ലഭിച്ചിട്ടു ഇപ്പോൾ കൊല്ലം അഞ്ചുകഴിഞ്ഞുവെങ്കിലും അയാളുടെ പ്രേമലാളനകൾക്കു അവൾ വളരെ അപൂൎവ്വമായിട്ടേ വഴിപ്പെട്ടാറുണ്ടായിരുന്നുള്ളു. തന്റെ അപ്പോഴത്തെ മാനസികാവസ്ഥയിൽ പ്രത്യേകിച്ചും അവൾക്കു അവയെക്കുറിച്ചു പൂൎവാധികമായ വെറുപ്പും വൈമനസ്യവും തോന്നി. സുൽത്താന്റെ ദുസ്സഹസ്പൎശത്താൽ രോമാഞ്ചകഞ്ചുകിതയായി അവൾ നിന്ന ദിക്കിൽനിന്നു ഒന്നു നടുങ്ങി, ആത്മഗതമായി ഇങ്ങനെ പറഞ്ഞു:—

“ഗണേശദേവാ! ഈ സങ്കടങ്ങൾക്കെല്ലാം ഉത്തരവാദി അങ്ങാണ്. അങ്ങേക്കൊണ്ടു് ഇതിന്റെ ഫലം അനുഭവിപ്പിക്കാൻ വേണ്ടിയാണു ഞാൻ ഇനിയും ജീവസന്ധാരണം ചെയ്യുന്നതു്. മററു യാതൊരുദ്ദേശവും എനിക്കില്ല.”

വല്ലാതെ കരഞ്ഞുകൊണ്ടിരുന്ന ഒരു കുട്ടിയെ എടുത്തുകൊണ്ട് ഒരു ദാസി തത്സമയം അവിടെ കടന്നുവന്നു.

"ദേവി! എനിക്കു രാജകുമാരിയുടെ കരച്ചൽ മാററുവാൻ കഴിയുന്നില്ല" എന്നു പറഞ്ഞു.

അമ്മയെ കണ്ടക്ഷണത്തിൽ കുട്ടി ഓടിച്ചെന്നു അവളുടെ മടിയിൽ കയറിയിരുന്നു. "ഞാൻ അമ്മയുടെ അടുക്കൽ ഇരിക്കും. അവളുടെ കൂടെ പോവുകയില്ല" എന്നു പറഞ്ഞു.

ശക്തിമയി ദാസിയെ പറഞ്ഞയച്ചു. മകളുടെ കോമളമുഖത്തു ഒരുമ്മവെച്ചു. പക്ഷെ കുട്ടി ഉടനെ അമ്മയുടെ മടിയിൽ നിന്നിറങ്ങി.

"അമ്മ വികൃതിയാണ്. എന്നെ ദാസിയുടെ അടുക്കൽ വിട്ടുപോന്നില്ലേ? ഞാൻ അപ്പന്റെ അടുക്കൽ പോകട്ടെ" എന്നിങ്ങനെ പരിഭവം പറഞ്ഞുകൊണ്ടു സുൽത്താന്റെ മടിയിൽ ചാടിക്കേറി.

ആ പുണ്യസന്താനത്തിന്റെ വിലാസചേഷ്ടകളാൽ ശക്തിമയിയുടെ ഹൃദയം നവനീതച്ഛായമായി. അവളുടെ കോപം വേഷംമാറി ഒരുവക നൈരാശ്യമായി പരിണമിച്ചു. തന്റെ ഭർത്താവോടു ഹൃദയപൂർവമായ സ്നേഹം ഭാവിക്കുവാൻ അവൾക്കു സാധിച്ചിരുന്നില്ലെങ്കിലും, അയാൾ തന്റെ ഓമനപ്പുത്രിയുടെ ജന്മഹേതുവാണെന്നുള്ള ബന്ധത്തെ അവൾ എങ്ങിനെ വിസ്മരിക്കും? ദൈവമേ! ഉദ്യോഗശക്തിക്കു ഇത്രയും കാഠിന്യമുണ്ടോ?

സുൽത്താൻ കുറെ പൂക്കളെടുത്ത് മകൾക്കു കളിക്കാൻ കൊടുത്തു. അവൾ അതോരോന്നും മേടിച്ച് വെള്ളത്തിലേക്കെറിഞ്ഞു. അവ വെള്ളത്തിൽ ഇളകിക്കളിക്കുന്നതു നോക്കി രസിച്ചു. പനിനീർദളംപോലെ കോമളങ്ങളായ അവളുടെ അധരപുടങ്ങളിൽ കളിയാടിക്കൊണ്ടിരുന്ന കളഹസിതം ആ മുഖകുസുമത്തിന്റെ സുകുമാരതയെ ശതഗുണം വർദ്ധിപ്പിച്ചു. ശക്തിമയിയുടെ ശോകസങ്കലിതമായ കടാക്ഷം അനന്യചിന്താകുലമായ ആ ശിശുസന്താനത്തിൽ തന്നെ വളരെ നേരം പതിഞ്ഞു. അവളുടെ ഹൃദയമോ അതിദുസ്സഹമായ മനോദ്വന്ദ്വത്താൽ തപിച്ചുകൊണ്ടിരുന്നു!

സുൽത്താൻ ഓമനക്കുഞ്ഞിനെ ചുംബിച്ചു, ശക്തിയോടിങ്ങനെ പറഞ്ഞു:—

“പ്രാണനാഥേ! ഞാൻ ശത്രുനിഗ്രഹം ചെയ്യുന്നതു് സ്വാൎത്ഥസന്തുഷ്ടിക്കാണെന്നു് കരുതേണ്ടാ. എൻെറ രാജ്യം ശത്രുപക്ഷത്തിന്നധീനപ്പെട്ടാൽ ഈ ബാലകുസുമത്തിൻെറ അവസ്ഥയെന്തായിരിക്കും?”

ശക്തി;—ആകാശത്തിൽനിന്നു തലയിൽ ഇടിത്തീ വീണാൽ പിന്നത്തെ അവസ്ഥയെന്തായിരിക്കും? നിസ്സഹായനായ ഒരു ബാലനെ കൊലചെയ്തില്ലെങ്കിൽ രാജ്യം അന്യാധീനപ്പെട്ടുപോകുമോ? നാണവും മാനവും കെട്ട ഈ തൊഴിലിനെപ്പററി എനിക്കു കേൾക്കേണ്ട.

സുൽത്താൻ:—അവൻെറ നിസ്സഹായത തന്നെ അവന്നൊരു പിൻബലമാണു്. അതു നിമിത്തം പലരും അവനെ സഹായിക്കാനൊരുങ്ങും. നാട്ടിൽ യാതൊരു സമാധാനവും ഉണ്ടാവുകയുമില്ല.

ശക്തി:—നാട്ടിൽ സമാധാനമുണ്ടാക്കുവാനാണോ അങ്ങു് നിരപരാധികളെ നശിപ്പിക്കാനൊരുമ്പെടുന്നതു്? കൊള്ളാം. ഇതു രാജാക്കന്മാൎക്കു പററിയ നയം തന്നെ. നാട്ടിലുള്ള ലഹളകൾ അമൎത്തി സമാധാനം നിലനിൎത്തേണമെന്നു മോഹമുള്ളപക്ഷം, അപരാധികളെയാണു് ശിക്ഷിക്കേണ്ടതു്. പ്രാണഭയംനിമിത്തം ഒളിവിലിരിക്കുന്ന സാഹിബുദ്ദീൻ ഒരിക്കലും കുററക്കാരനാണെന്നു പറവാൻ പാടില്ല. അവന്നു സങ്കേതം കൊടുത്തു അങ്ങയുടെ ശാസനകളെ നിരാകരിക്കുന്ന ആൾ വേറെയാണു്. ഇക്കാൎയ്യത്തിൽ അപരാധി അയാൾ മാത്രമാണു്.

ഗണേശദേവനെ ശക്തിമയി ഇപ്പോഴും സ്നേഹിച്ചിരുന്നു എന്നു ധരിച്ചിരുന്ന സുൽത്താൻ, അവളുടെ ഈ അഭിപ്രായപ്രകടനം കേട്ടപ്പോൾ വല്ലാതെ അത്ഭുതപ്പെട്ടു. സ്ത്രീകളുടെ അനുരാഗത്തിന്നും വൈരാഗ്യത്തിന്നും അതൃത്തി എവിടെയാണെന്നു അയാൾക്കു നിശ്ചയമുണ്ടായിരുന്നില്ല. ഏതായാലും ശക്തിയുടെ വാക്കു ശുഭസൂചകമാണെന്നു് അയാൾ ഉടനെ വ്യാഖ്യാനിച്ചു്, ഇങ്ങനെ പറഞ്ഞു:—

"ഗണേശദേവൻ തടവിലാണു്."

"തടവിലോ?"

"അതേ-ഒരു മാസത്തിലധികമായി."

ഈ സംഭാഷണം കേട്ടുനിന്നിരുന്ന കുട്ടി "സുന്ദരപ്പാൽ എനിക്കൊരു ഗണേശനെ കൊണ്ടുതന്നിരുന്നു. അതിനൊരു ചന്തവും ഇല്ല" എന്നു പറഞ്ഞു.

കളങ്കമില്ലാത്ത ഓമനക്കുട്ടി! നിന്റെ അമ്മയുടെ ഹൃദയത്തിൽ പുകഞ്ഞുകൊണ്ടിരിക്കുന്ന വ്യസനത്തെപ്പററി നീ ഒന്നും അറിയുന്നില്ല!

തോട്ടക്കാരൻ അവൾക്കു കളിക്കാൻ വേണ്ടി കൊണ്ടുകൊടുത്ത ഒരു "ഗണേശ" വിഗ്രഹത്തെപ്പററിയായിരുന്നു ആ കൊച്ചുറാണി പ്രസംഗിച്ചതു്.

——(ഠ)——

## മുപ്പത്തിമൂന്നാം അദ്ധ്യായം

സാഹിബുദ്ധീൻരാജകുമാരൻ തടവിലായിരുന്നു. അയാളുടെ ശിക്ഷയെപ്പററി രാജസഭയിൽ പലേ ആലോചനകളും നടന്നു. സഭയിൽ സുൽത്താൻ സന്നിഹിതനായിരുന്നില്ല. സമാധാനരക്ഷയ്ക്കുള്ള ഏകമാർഗ്ഗം സാഹിബുദ്ധീന്റെ ഗളച്ഛേദനമാണെന്നു കുട്ടബ്ബു് അഭിപ്രായപ്പെട്ടു. മററുള്ളവർക്കാർക്കും ഈ തീർപ്പു് തീരെ സമ്മതമായിരുന്നില്ല. മഹാരാജ്ഞിയെക്കഴിച്ചാൽ പിന്നെ സുൽത്താന്റെ സ്നേഹവിശ്വാസങ്ങൾക്കു പാത്രീഭവിച്ചിരുന്നതു കുട്ടബ്ബായിരുന്നതിനാൽ അയാളെ വഴിക്കുകൊണ്ടുവന്നാൽ സാഹിബുദ്ധീനെ മരണശിക്ഷയിൽ പെടുത്താതെ കഴിക്കാമെന്നു മററുള്ളവർ തീർച്ചപ്പെടുത്തി. സത്യവാനും നീതിനിരതനും അക്രമദ്വേഷിയും, തന്റെ പ്രാണരക്ഷണംനിമിത്തം സാഹിബുദ്ധീനു് എന്നെന്നും കടപ്പെട്ടവനുമായ അസിംഖാൻ

കുട്ടബ്ബിന്റെ അഭിപ്രായം കേട്ട് വല്ലാതെ കയൎത്ത് ഇങ്ങനെ പറഞ്ഞു:—

“മരിച്ചുപോയ സുൽത്താന്റെ നേരെ ലഹളയ്ക്കു പുറപ്പെട്ടു ഗിയാസുദ്ധീനെ സുൽത്താനാക്കിയതു ഞങ്ങളാണ്. സുൽത്താൻ ഈ മാതിരി വഷളത്തങ്ങൾ തുടങ്ങുന്നപക്ഷം രണ്ടാമതും ഒരു കലാപം വേണ്ടിവരുമെന്നു തോന്നുന്നു. മററാരും യുദ്ധം ചെയ്യാൻ ഭാവമില്ലെങ്കിൽ വേണ്ടാ. ഈ അനീതിയോടെതിരിടുവാൻ ഞാൻ തീർച്ചയായും വാളെടുക്കും. ഈയാളുടെ അക്രമങ്ങൾക്കു കീഴടങ്ങാനല്ല ഈയാളെ സുൽത്താനാക്കി വെച്ചിരിക്കുന്നതു്!”

ഇതിന്നു കുട്ടബ്ബു് പറഞ്ഞ ഉത്തരം ഇപ്രകാരമായിരുന്നു:—

“ഇതുകൊണ്ടൊക്കെ കാര്യമെന്താണ്? നമ്മൾ എന്തു തന്നെ ചെയ്താലും രാജകുമാരനെ രക്ഷപ്പെടുത്താൻ സാധിക്കുകയില്ല. നാം ലഹളയ്ക്കു പുറപ്പെട്ടാൽ നമുക്കുകൂടെ ജീവനാശം സംഭവിക്കും എന്നല്ലാതെ വേറെ യാതൊരു ഫലവും ഉണ്ടാകുന്നതല്ല. ഇപ്പോൾ രാജ്യം ഭരിക്കുന്നതു സുൽത്താനല്ലെന്നു മനസ്സിലാക്കണം. ആ മുടിഞ്ഞ രാജ്ഞിയാണ്!”

സാമാജികന്മാർ ഈ അഭിപ്രായത്തോടു യോജിച്ചു. സുൽത്താൻ ഇത്രയും ദുർവൃത്തനായിത്തീൎന്നതു രാജ്ഞിയുടെ ദുഷ്പ്രേരണയാലാണെന്നു തീരുമാനിച്ചുകൊണ്ടു അവരെല്ലാം ശക്തിമയിയെ ശപിച്ചു തുടങ്ങി. കുട്ടബ്ബു് ആഗ്രഹിച്ച കാര്യം ഫലിച്ചു. അത്രമാത്രമേ ആ കുടിലന്നു മോഹമുണ്ടായിരുന്നുള്ളു. സുൽത്താന്റെ പ്രീതിയിൽ നിന്നു തന്നെ ഭ്രഷ്ടനാക്കി ഒരുപടി താഴ്ത്തിയതു ശക്തിമയിയാണെന്നുള്ള ധാരണനിമിത്തം കുട്ടബ്ബു് അവളെ സ്വാത്മനാ ദ്വേഷിച്ചു. പക്ഷേ ശക്തിമയി രാജ്യകാര്യങ്ങളെക്കുറിച്ചന്വേഷിച്ചു ക്ലേശിക്കാറുണ്ടായിരുന്നില്ല. വാസ്തവം ഇങ്ങിനെയാണെങ്കിലും കുട്ടബ്ബിന്റെ അഭിപ്രായത്തിന്നെതിരായി സുൽത്താൻ വല്ലതും പ്രവൎത്തിച്ചെങ്കിൽ അതിന്നുള്ള ഉത്തരവാദിത്വം ഉടനെ തന്നെ ശക്തിമയിയിൽ ആരോപിക്കുന്ന സമ്പ്രദായം കുട്ടബ്ബിന്നു പതിവായിത്തീൎന്നിരുന്നു.

കുറച്ചുദിവസം മുമ്പു്, തന്നെ വഴിക്കുവെച്ചു കണ്ടപ്പോൾ സലാം ചെയ്യില്ലെന്ന കുററത്തിന്നു്, കുട്ടബ്ബ് കുറെ ആളുകളെ പിടിച്ചു പ്രഹരിച്ചു വിട്ടു. ഇതു കണ്ടു നിന്നിരുന്ന ഗുൽബഹാർരാജകുമാരി കരഞ്ഞുകൊണ്ടു് അമ്മയുടെ അടുക്കൽ ചെന്നു് ഈ വിവരം അറിയിച്ചു. ശക്തിമയി ഈ സംഭവത്തെപ്പററി ചില അന്വേഷണങ്ങൾ നടത്തിയെങ്കിലും വാസ്തവം പുറത്തുവന്നില്ല. തലേദിവസം രാത്രി കുടിച്ചു മത്തന്മാരായി ചിലർ അരമനയിൽ കടന്നു കൊള്ളയിടുവാൻ ശ്രമിച്ചുവെന്നും ആ കുററത്തിന്നാണ് കുട്ടബ്ബ് അവരെ ശിക്ഷിച്ചതെന്നും മററുമായിരുന്നു ശക്തിക്കു കിട്ടിയ വിവരം. പക്ഷെ ശക്തിമയി അവരെയെല്ലാം വിളിച്ചുവരുത്തി മാപ്പുകൊടുത്തു വിട്ടയച്ചു. ആക്കൂട്ടത്തിൽപെട്ട 'സുന്ദരലാൽ' എന്നവനെ തോട്ടത്തിൽ ഒരു പണിക്കാരനായും നിയമിച്ചു. ഇതെല്ലാം കണ്ടപ്പോൾ കുട്ടബ്ബിന്നു് തീരേ സഹിക്കാൻ കഴിഞ്ഞില്ല. പക്ഷെ സുൽത്താനെ മുഷിപ്പിക്കാതിരിക്കാൻ വേണ്ടി അയാൾ ആ മാത്സര്യത്തെ അമർത്തിവെച്ചു. സുൽത്താനോടുള്ള സംഭാഷണങ്ങളിൽ രാജ്ഞിയുടെ ശീലഗുണങ്ങളെ വർണ്ണിച്ചും, മററുള്ളവരോടു പറയുമ്പോൾ, തന്റെ ഉത്സാഹംകൊണ്ടാണ് ആ ക്രൂരർ രാജ്ഞിയുടെ ഉപദ്രവത്തിൽ നിന്നു ഒരുവിധേന രക്ഷപ്പെട്ടതെന്നു് ഉൽഘോഷിച്ചും, ആ കുടിലനയജ്ഞൻ 'ദ്വിജിഹ്വ'കർമ്മത്തെ സ്വേച്ഛാനുസാരം അനുഷ്ഠിച്ചു.

കണ്ടതും കേട്ടതും മറച്ചുവെയ്ക്കാതെ, നിഷ്കപടമായി തുറന്നു പറയുന്ന ബാലസ്വഭാവം അനുസരിച്ചു ഗുൽബഹാർ ഇനിയും ഓരോ കഥകൾ പറഞ്ഞു തന്നെ കുടുക്കിലാക്കാനിടയുണ്ടെന്നു് കുട്ടബ്ബ് ഭയപ്പെട്ടുതുടങ്ങി. ഇതിനെ പരിഹരിക്കാനുള്ള കൌശലം കണ്ടുപിടിക്കാൻ അവന്നു വളരെ താമസം വേണ്ടിവന്നില്ല. രാജകുമാരിക്കു പ്രായമായിക്കൊണ്ടു വന്നിരുന്നതിനാൽ അവളെ അന്തഃപുരത്തിന്നു പുറമെ വിട്ടയയ്ക്കുന്നതു ഭംഗിയല്ലെന്നു അവൻ സുൽത്താനോടുപദേശിച്ചു. സുൽത്താൻ അതു സമ്മതിക്കുകയും ചെയ്തു. എന്നാൽ, ഇതുകൊണ്ടും പ്രത്യേകം യാതൊരു ഗുണവും ഇല്ലെന്നു കണ്ടപ്പോൾ ഇതും രാജ്ഞിയുടെ ദുരുപദേശഫലമാണെന്നു് അവൻ തീരുമാനിച്ചു. പക്ഷെ, ഇതിലധികം യാതൊന്നും ചെ

യ്വാൻ തൽക്കാലം ശക്തനല്ലാതെ വരികയാൽ അടങ്ങിയിരിക്കേണ്ടിവന്നു.

ശക്തിമയി രാജ്യകാര്യങ്ങളിൽ തലയിടുന്നുണ്ടെന്നു തോന്നിയപ്പോഴാണ് അവൻെറ ക്ഷമ തീരേ അസ്തമിച്ചത്. ശക്തിമയിയെ വല്ലവിധത്തിലും അമർത്തേണമെന്നു അവൻ തീർച്ചയാക്കി. സാഹിബുദ്ധീനെ കൊല്ലണമെന്നു മർക്കടപ്പിടുത്തം പിടിച്ചിരുന്ന സുൽത്താൻെറ പ്രതിജ്ഞ പെട്ടെന്നു മാറിക്കണ്ടപ്പോൾ ഇതിലും രാജ്ഞിയുടെ പ്രേരണയുണ്ടെന്നു കുട്ടബ്ബ് ഊഹിച്ചു. സാഹിബുദ്ധീനെ അവശ്യം കൊല്ലേണ്ടതാണെന്നും അല്ലാത്തപക്ഷം കാലാന്തരത്തിൽ അവൻനിമിത്തം പല കലാപങ്ങളും ഉണ്ടാകാനിടയുണ്ടെന്നും അവൻ സുൽത്താനോടു സനിഷ്കൃഷ്ടം ഉപദേശിച്ചു. നേരേമറിച്ച്, ദിനേശപുരംമഹാരാജാവുമായി സഖ്യം ചെയ്യേണ്ടത്യാവശ്യമാണെന്നും അവൻ നിർബന്ധിച്ചു. ഗണേശദേവൻെറ നേരെ ശക്തിമയിക്കു ദ്വേഷമുണ്ടെന്നു അവൻ ഊഹിച്ചിരുന്നതിനാൽ, ഇതും അവളെ പററിക്കേണമെന്നു കരുതി പ്രയോഗിച്ച ഒരു സൂത്രമായിരുന്നു. ഗണേശദേവൻ ഒരിക്കൽ ഒരു വാക്കു പറഞ്ഞാൽ സർവഥാ അതു തെററിനടക്കുന്നതല്ലെന്നും അവൻ സുൽത്താനെ ധരിപ്പിച്ചു.

അതെല്ലാം ശരിതന്നെ. പക്ഷേ ഗണേശദേവൻ അങ്ങിനെ ഒരു പ്രതിജ്ഞ ചെയ്തില്ലെങ്കിലോ? അങ്ങനെ വന്നാൽ അയാളെയും കൊല്ലേണ്ടിവരും. ഗണേശദേവൻെറ സഹായമില്ലാതെ സാഹിബുദ്ധീൻ കഴിഞ്ഞുകൂടുകയില്ല. അതുകൊണ്ട് ഗണേശദേവനെ കൊന്നാൽ സാഹിബുദ്ധീനെക്കൊണ്ടു യാതൊന്നും ഭയപ്പെടാനില്ല" എന്നായിരുന്നു സുൽത്താൻെറ മറുപടി.

ഈ അഭിപ്രായം സുൽത്താൻ പ്രകാശിപ്പിച്ചതു വേറൊരവസരത്തിലായിരുന്നെങ്കിൽ കുട്ടബ്ബ് തീർച്ചയായും പിൻതാങ്ങുമായിരുന്നു. എന്നാൽ ഇതു രാജ്ഞിയുടെ പ്രേരണാഫലമായിരിക്കുമെന്നൂഹിച്ചു കോപാക്രാന്തനായിത്തീർന്ന കുട്ടബ്ബ് സാഹിബുദ്ധീനെ കൊല്ലുന്നതു രാജ്യക്ഷേമത്തിന്നു അത്യാവശ്യകമാണെന്നു വീണ്ടും നിർബന്ധിച്ചു. അവന്നു രാജ്ഞിയുടെ പേരിലുള്ള അസൂയയും ദ്വേഷവും നിമിഷംപ്രതി വർദ്ധിച്ചു. രാജ്ഞിയെക്കുറിച്ചു

രഹസ്യമായി ദൂഷണം പറഞ്ഞു പരത്തിയതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ, അവളുടെ അധികാരം നശിപ്പിച്ച്, ഗർവ്വം അമർത്തേണമെന്നും അവൻ ഉറച്ചു. ഭാഗ്യവശാൽ അതിനുള്ള അവസരം അചിരേണ സന്നിഹിതമാവുകയും ചെയ്തു.

കുട്ടബ്ബിന്റെ കുടിലപ്രവൃത്തികളും ഉദ്ദേശങ്ങളും തീരെ ഊഹിക്കുകപോലും ചെയ്തിട്ടില്ലാത്ത ശക്തിമയി അവനെ ഒരു വിശ്വസ്തമിത്രമായിത്തന്നെ പരിഗണിച്ചുപോന്നു. മുമ്പൊരിക്കൽ ഗണേശദേവനെ യുദ്ധരംഗത്തിൽ ചെന്നുകാണുവാൻ കുട്ടബ്ബ് അവളെ സഹായിച്ച ദിവസംമുതൽ, അവൾക്കു അവന്റെ പേരിൽ ബഹുവിശ്വാസമായിരുന്നു. പക്ഷേ, അവന്റെ ആന്തരോദ്ദേശം അന്നും ഇന്നും ഒരുപോലെ കുടിലമായിരുന്നു. അവൾ ഗണേശദേവന്റെ അടുക്കൽ നിന്നു തിരിച്ചുവരുന്നതല്ലെന്നും, അഥവാ തിരിച്ചുവന്നാൽ തന്നെ, അവളുടെ ഈ രഹസ്യം പുറത്താകുമെന്നു ഭീഷണിപ്പെടുത്തി അവളെ സ്വാധീനമാക്കാമെന്നുമായിരുന്നു അന്നത്തെ അന്തർഗ്ഗതം. അവൾ തിരിച്ചുവന്നു രാജ്ഞിപദം കൈക്കൊണ്ട കാലം മുതൽ, കുട്ടബ്ബ് ഈ വൎത്തമാനം സുൽത്താനെ അറിയിക്കാനുള്ള അവസരം പാൎത്തിരിക്കുകയായിരുന്നു. പരദൂഷണത്തിനിടയിൽ തന്റെ അപരാധവും പുറത്തുവന്നെങ്കിലോ എന്ന ഭയന്നാണ് അവൻ ഇത്രനാളും മൌനം കൈക്കൊണ്ടുതന്നെ ഇരുന്നത്. ഇപ്പോൾ മൌനഭഞ്ജനത്തിന്നു നല്ലോരവസരം കിട്ടി.

ശുദ്ധാത്മാവായ ശക്തിമയി കുട്ടബ്ബിനെ ആളയച്ചുവരുത്തി, ബന്ധനസ്ഥനായ ഗണേശദേവനെ കാണ്മാനുള്ള ആഗ്രഹത്തെ അറിയിച്ചപ്പോൾ ആ മാനുഷരാക്ഷസന്റെ ഹൃദയം സന്തോഷാതിരേകത്താൽ കലശലായി തുടിച്ചുതുടങ്ങി. തന്റെ സ്വാമിനിക്കുവേണ്ടി എന്തുതന്നെ ചെയ്വാനും തയ്യാറാണെന്ന നാട്യത്തിൽ അവൻ ശക്തിമയിയുടെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തു. "ഇതു എത്രയോ ശിഥിലമായ കാൎയ്യം! തന്റെ മഹാരാജ്ഞിക്കുവേണ്ടി ജീവത്യാഗം ചെയ്വാൻകൂടെ കുട്ടബ്ബ് സന്നദ്ധനല്ലേ?" എന്ന ഭാവത്തിൽ അവൻ പല കപടനാട്യങ്ങളും അഭിനയിച്ചു.

—— (൦) ——

# മുപ്പത്തിനാലാം അദ്ധ്യായം

ഗണേശദേവനെ സന്ദർശിപ്പാനായി കാരാഗൃഹത്തിലേക്കു പോകാൻ ശക്തിമയി ഒരുങ്ങിത്തുടങ്ങി. അനാഡംബരയായ ഒരു പരിവ്രാജികയുടെ വേഷത്തിലല്ലാ ഇക്കുറി അവൾ രാജകുമാരനെ കാണ്മാൻ നിശ്ചയിച്ചതു്. സർവ്വാഭരണവിഭൂഷിതയായി അവളുടെ പദവിക്കു സർവ്വഥാ അനുയോജിക്കുന്ന വസ്ത്രാഡംബരങ്ങളാൽ പരിവേഷ്ടിതയായി തന്റെ ധനബഹുമാനസൌഭാഗ്യാദികളെ രാജകുമാരനു് കാണിച്ചുകൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെയായിരുന്നു അവൾ പുറപ്പെട്ടതു്.

തന്റെ ബാല്യസഖാവായിരുന്ന ഗണേശദേവനെയല്ല, തന്റെ ബലവൈരത്തിന്നു വിഷയീഭവിച്ച ആ യുവാവിനെയാണു് ശക്തിമയി ഇപ്പോൾ കാണാൻ പോകുന്നതു്. പണ്ടത്തെ ബാലചാപല്യം അപലപനീയവും, ഒരു മഹാരാജ്ഞിയുടെ ഉന്നതപദവിക്കും പ്രഭാവത്തിന്നും യോജിക്കാത്തതുമാണെന്നു അവൾ മനസ്സാ ഉറച്ചുകഴിഞ്ഞിരിക്കുന്നു.

ഒരു ഇടപ്രഭുവിന്റെ ഭാര്യയായിത്തീരുന്നതിനു പകരം, അവൾക്കു അതിപ്രബലനായ സുൽത്താന്റെ പട്ടമഹിഷീസ്ഥാനം ലഭിച്ചതോർക്കുമ്പോൾ, ഗണേശദേവന്റെ നിരാകരണം, അവളെ സംബന്ധിച്ചിടത്തോളം, അഭിനന്ദനീയമായിരുന്നു എന്നു തന്നെ വേണം പറയാൻ. ഒരുകാലത്തു അദ്ദേഹത്തിന്റെ അനുകമ്പയെ യാചിച്ചും, സർവ്വകാര്യങ്ങൾക്കും അദ്ദേഹത്തെ ആശ്രയിച്ചും ഇരുന്ന ശക്തിമയിക്കു ഇപ്പോൾ അദ്ദേഹത്തെ നിഗ്രഹിക്കാനും അനുഗ്രഹിക്കാനുമുള്ള അധികാരം കരസ്ഥമായിരിക്കുന്നു. ഈ വാസ്തവം ഗണേശദേവനെ ധരിപ്പിക്കാനുദ്ദേശിച്ചാണു് അവളുടെ ഈ യാത്രാരംഭം. അവളുടെ അനുകമ്പയെ അവലംബിക്കേണ്ടുന്ന നില ഇപ്പോൾ രാജകുമാരനിലും, അതു നൾകാനുള്ള അധികാരം അവളിലും പ്രാപ്തമായിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ, ഗണേശദേവന്റെ ജീവിതം ശക്തിമയിയുടെ കാരുണ്യത്തിന്മേലാണു സ്ഥിതിചെയ്യുന്നതു്!

ചുമരിലുള്ള ഒരു ചെറുപഴുതിൽക്കൂടി, നക്ഷത്രശോഭിതമായ നഭോമണ്ഡലത്തിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട്, ഗണേശദേവൻ കാരാഗൃഹത്തിൽ കിടക്കുകയായിരുന്നു. സുൽത്താന്റെ നേരെ ഒരുകാലത്തും ലഹളയ്ക്കു പോകുന്നതല്ലെന്നും, സുൽത്താൻ ആവശ്യപ്പെട്ടപ്പോഴെല്ലാം, ന്യായമായാലും അന്യായമായാലും, അയാളെ സഹായിച്ചുകൊള്ളാമെന്നും ഉടമ്പടിചെയ്യുന്നപക്ഷം ബന്ധനത്തിൽ നിന്നു മോചനം നൽകുവാൻ സുൽത്താൻ സന്നദ്ധനാണെന്നുള്ള സന്ദേശത്തോടുകൂടി അന്നു വൈകുന്നേരം അവിടെ ചെന്നിരുന്ന ഒരു രാജഭടനെ അദ്ദേഹം നിഷേധാർത്ഥത്തിൽ മറുപടിപറഞ്ഞു തിരിച്ചയച്ചു. ഇത്രയും നികൃഷ്ടമായ ഒരു കരാറിൽ ഭാഗഭാക്കാകുവാൻ തന്നെ ക്ഷണിക്കത്തക്ക ഔദ്ധത്യമുള്ള ദുർവൃത്തനെക്കുറിച്ചു അദ്ദേഹത്തിനു സഹിക്കാൻവയ്യാത്ത വെറുപ്പുതോന്നി. ഇപ്പോൾ സുനിശ്ചിതമായിത്തീർന്ന മരണശിക്ഷയെക്കുറിച്ചു അദ്ദേഹത്തിനു തരിമ്പും ഭയം തോന്നിയില്ല. അസ്വാതന്ത്ര്യനായി നാൾ കഴിക്കുന്നതിലും ഉത്തമം മരണമാകുന്നെന്നും, ധർമ്മസംരക്ഷണത്തിനുവേണ്ടി ജീവത്യാഗം ചെയ്യേണ്ടിവരുന്നതു മാനമാണെന്നും കരുതി അദ്ദേഹം ആശ്വസിച്ചു. പക്ഷേ അദ്ദേഹത്തിന്റെ മനസ്സിനെ തെല്ലൊന്നു് വ്യാകുലപ്പെടുത്തിയതു്, തന്റെ മരണാനന്തരം ശേഷക്കാരുടെ ഗതിയെന്തായിരിക്കാം എന്നുള്ള വിചാരമായിരുന്നു. നിഷ്ഠുരനായ ശത്രുവിന്റെ അധീനതയിൽ പെട്ടുഴലുന്ന ഭാര്യാപുത്രന്മാരേയും, ശത്രുപീഡ അനുഭവിച്ചു അനാഥസ്ഥിതിയിൽപ്പെടുന്ന പ്രജകളേയും കുറിച്ചാലോചിക്കുംതോറും, ആശ്രിതവത്സലനായ ആ ധീരാത്മാവു്, തീവ്രമായ മനോദണ്ഡം അനുഭവിച്ചു. ആസന്നമായ മരണവിധി അനുഭവിക്കുന്നതിനു മുമ്പായി, തന്റെ ചരമാഭിലാഷങ്ങളെ പറഞ്ഞറിയിക്കാനോ, തന്റെ ക്ലേശഭാരത്തെ സംഭാഷണമാർഗ്ഗേണ ശിഥിലീകരിക്കുവാനോ, അടുത്തു ആരും ഇല്ലല്ലോ എന്നു വിചാരിച്ചു അദ്ദേഹം അസ്വാസ്ഥചിത്തനായി.

ഇപ്രകാരം മരണത്തെ പ്രതീക്ഷിച്ചുംകൊണ്ടിരുന്നിട്ടും, താൻ മരിക്കാറായിരിക്കുന്നു എന്നു വിശ്വസിക്കുവാൻ അദ്ദേഹത്തിനു് സാദ്ധ്യമായില്ല. തന്റെ വിധിയുടെ വിഷമതയെക്കുറിച്ചാലോചിക്കുംതോറും മരണത്തിന്റെ അസംഭാവ്യതയും ദൈവത്തിന്റെ

പരമകാരുണികത്വവും അദ്ദേഹത്തിന്റെ മനസ്സിൽ ഒരു അസാമാന്യധൈര്യത്തെ ജനിപ്പിച്ചു. തന്നെ ആശ്രയിച്ചുവർത്തിക്കുന്നവരെ സംരക്ഷിച്ചുകൊണ്ടു താൻ ഇനിയും വളരെക്കാലം ജീവിച്ചിരിക്കുമെന്ന ഒരു തോന്നൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ വേരൂന്നി. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ വികാരങ്ങളുടെ അഭിനിവേശത്താൽ അക്ഷമനായി അദ്ദേഹം ചുമരിന്മേൽ കൈകൊണ്ടൊന്നു തല്ലി. ആ കരിങ്കല്ലുണ്ടോ ഇളകുന്നു? കൈ വേദനിച്ചപ്പോൾ ബന്ധനസ്ഥിതി ഓർമ്മവന്നു തന്റെ വിഡ്ഢിത്തത്തെക്കുറിച്ചു മന്ദഹസിച്ചു. പെട്ടെന്നു സന്യാസിനിയുടെ സ്മരണയുണ്ടായി. ആ സാധ്വിയെങ്കിലും തന്നെ സഹായിക്കാതിരിക്കുമോ? അഥവാ, അവർ ഇപ്പോൾ തന്റെ സ്വാതന്ത്ര്യലബ്ധിക്കുള്ള ശ്രമങ്ങൾ ചെയ്യുന്നുണ്ടായിരിക്കാം. തന്റെ ഉദ്ദേശം ധർമ്മസംരക്ഷണമാകയാൽ, തന്നെ ആശ്രയിച്ചുകഴിയുന്നവരെ അഗതികളാക്കി താൻ മരിക്കുന്നതു ദൈവം ഒരുകാലത്തും അനുവദിക്കുന്നതല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം.

തത്സമയം ശക്തിയുടെ രൂപം അദ്ദേഹത്തിന്റെ മനോദർപ്പണത്തിൽ പതിഞ്ഞു. ആ സുകുമാരിയുടെ ഹൃദയഭേദകമായ ദീനസ്വരം അദ്ദേഹത്തിന്റെ ശ്രവണേന്ദ്രിയങ്ങളിൽ പ്രതിദ്ധ്വനിച്ചു. ആരും ആശ്രയമില്ലാതെ അവൾ വന്നു തന്നെ അഭയംപ്രാപിച്ചപ്പോൾ അദ്ദേഹം അവളെ നിഷ്കരുണമായി നിഷ്കാസിക്കുകയാണല്ലോ ചെയ്തതു്. അന്നുമുതൽ ഗണേശദേവന്റെ ജീവിതം വിനാശപന്ഥാവിലേക്കു തരണംചെയ്തിരിക്കുന്നു! ഈ ചിന്തകളാൽ ഗണേശദേവന്റെ ഹൃദയം വീണ്ടും നിരാശാകലുഷിതമായി. മരണമേഗതി എന്നു ആ യുവാവു് ഉറയ്ക്കുകയും ചെയ്തു.

ആശയുടെ ആവേശത്താലും തുടരെത്തന്നെ നിരാശയുടെ ആവിർഭാവത്താലും പരിശ്രാന്തനായിത്തീർന്ന രാജകുമാരൻ അചിരേണ നിദ്രാധീനനായി. കണ്ണടയേണ്ട താമസമേയുള്ളൂ, ഓരോ സ്വപ്നം കണ്ടുതുടങ്ങി. തടവുമുറിയുടെ നാലതിരുകളും വിട്ടു് അദ്ദേഹത്തിന്റെ അന്തഃകരണം നക്ഷത്രശോഭിതമായ നഭോമണ്ഡലത്തിന്റെ പ്രാന്തപ്രദേശങ്ങളിലേക്കു പ്രചരിച്ചു. അവിടെ ഒരു ദേവതയുടെ പ്രത്യക്ഷീകരണമുണ്ടായി. സന്തോഷപ്രാ

രവശ്യത്താൽ ഗണേശദേവൻ ആ ദേവതയുടെ പാദകമലങ്ങളിൽ വീണു വന്ദിക്കുവാൻ ഭാവിക്കുന്നതിനിടയിൽ എന്തോ ഒരൊച്ച കേട്ടു ഞെട്ടിയുണൎന്നുപോയി.

തന്റെ സ്വപ്നം വാസ്തവമായിരിക്കുമോ, തന്നെ ബന്ധനത്തിൽനിന്നു മോചനംചെയ്വാൻ ഒരു ദേവത അവിടെ പ്രത്യക്ഷപ്പെട്ടതു യാഥാൎത്ഥമായിരിക്കുമോ, എന്നിങ്ങനെ ഓരോ ശങ്കകളോടുകൂടി അദ്ദേഹം കണ്ണുതുറന്നു നാലുഭാഗത്തും നോക്കിയപ്പോൾ കണ്ടതു് രത്നഭൂഷിതസൎവ്വാംഗിയായ ഒരു തരുണീരത്നത്തെയാണ്. അവളുടെ രൂപവൈദ്യുതം ആ കല്ലറയിലെ അന്ധകാരത്തെ നിൎമ്മാൎജ്ജനം ചെയ്തു. ഈ കാഴ്ച സ്വപ്നമോ വാസ്തവമോ എന്നു തീൎച്ചപ്പെടുത്തുവാൻ സാധിക്കാതെ അദ്ദേഹം കുറെ നേരം കുഴങ്ങി വശായി. സ്വപ്നവും യാഥാൎത്ഥ്യവും സമ്മിശ്രമായിത്തന്നെ അനുഭവപ്പെട്ടതുനിമിത്തം ഗണേശദേവന്റെ ഹൃദയത്തിൽ അത്ഭുതവും പ്രത്യാശയും നിറഞ്ഞു.

——(o)——

## മുപ്പത്തഞ്ചാം അദ്ധ്യായം

ശക്തിമയി കാരാഗൃഹത്തിൽ കടന്നപ്പോൾ അവിടെ കൂരിരുട്ടായിരുന്നു. അവളുടെ കൂടെ വന്നിരുന്ന ശിപായിയോടു് ഒരു വിളക്കു കൊണ്ടുവരാൻ പറഞ്ഞു. ഇരുട്ടിന്റെ തീവ്രത കുറയ്ക്കാൻ വേണ്ടി അവൾ കണ്ണു ചിമ്മിത്തുറന്നു. ചുമരിലെ ഒരു ചെറുപഴുതിൽകൂടി പ്രവേശിച്ച മങ്ങിയ വെളിച്ചത്തിന്റെ സഹായത്താൽ അവിടെ നിലത്തുകിടന്നിരുന്ന ഒരു സ്വരൂപത്തെ അവ്യക്തമായി അവൾക്കു കാണ്മാൻ സാധിച്ചു. അവൾ സ്വരൂപത്തിന്റെ അടുത്തേക്കു മാറിനിന്നു. ആ വന്ന ആൾ ആരാണെന്നു ഒച്ച കേട്ടപ്പോൾതന്നെ മനസ്സിലാക്കിയിരുന്ന രാജകുമാരൻ "ശക്തി!" എന്നു സംബോധനംചെയ്തു.

"ശക്തിയല്ല. മഹാരാജ്ഞിയാണ്!"

ശക്തിമയിയുടെ മുഖത്തുനിന്നു നിൎഗ്ഗമിച്ച ഈ പ്രാഗത്ഭശബ്ദം ആ കല്ലറയിലൊക്കെ മുഴങ്ങി ഭിത്തികളെക്കൂടെ ഇളക്കുന്നു

ണ്ടെന്നു തോന്നി. പാരുഷ്യവും നിർദ്ദയത്വവും പ്രതിധ്വനിച്ചിരുന്ന ആ ശബ്ദത്താൽ ഗണേശദേവൻ സ്തബ്ധനായിപ്പോയി. ചക്രവർത്തിനിയും മൌനഭഞ്ജനത്തിന്നൊരുങ്ങിയില്ല. അവളുടെ കഠിനവാഗ്വജ്രം എത്രത്തോളം ഫലിച്ചുവെന്നറിവാൻ, ശക്തിമയി അന്ധകാരത്തിന്റെ നിബിഡതയിൽക്കൂടെ ഗണേശദേവന്റെ മുഖഭാവത്തെ പരിശോധിക്കുവാൻ ശ്രമിച്ചുനോക്കി. പക്ഷെ അന്ധകാരം രാജകുമാരനെ സഹായിച്ചു. അദ്ദേഹത്തിന്റെ മുഖത്തു ബാധിച്ചിരുന്ന വൈവർണ്ണ്യം ശക്തിമയിക്കു കാണ്മാൻ സാധിച്ചില്ല.

ശിപായി ഒരു വിളക്കു കൊണ്ടുവന്നു മുറിക്കുള്ളിൽ വെച്ചു വീണ്ടും വാതിലടച്ചു പുറത്തേക്കു പോയി. രാജകുമാരനെ ഇപ്പോൾ അവൾക്കു നല്ലപോലെ കാണ്മാൻ സാധിച്ചു. എന്നാൽ അവൾ കണ്ടതു് തന്റെ ബാല്യത്തിലെ പ്രിയവയസ്യനായിരുന്ന സുകുമാരനേയോ, രാജകീയാഡംബരങ്ങൾ ധരിച്ചു സകല ലോകമാന്യനായ ആ ഗംഭീരപുരുഷനേയോ അല്ല. ചിന്നിച്ചിതറിയ കേശവും ക്ഷീണിച്ചു വ്യസനാകുലമായ മുഖഭാവവുംകൊണ്ടു തന്റെ ദയനീയാവസ്ഥയെ വിളിച്ചുപറയുന്ന ഒരു തടവുകാരനാണ് അവളുടെ ദൃഷ്ടിക്കു ലക്ഷ്യീഭവിച്ചതു്. കുഴിഞ്ഞു താണനേത്രങ്ങളിൽ മാത്രം അദ്ദേഹത്തിന്റെ നൈസർഗ്ഗികമായ അഭിമാനവും ധീരതയും സ്ഫുരിച്ചിരുന്നു.

ഗണേശദേവന്റെ ഈ പ്രാകൃതവേഷത്തെ ശക്തിമയി അനിമേഷങ്ങളായ നേത്രങ്ങളെക്കൊണ്ടു പാനംചെയ്തു. പക്ഷെ അവളുടെ മുഖത്തു യാതൊരു വികാരചിഹ്നവും ഉണ്ടായില്ല. രാജകുമാരന്റെ ദുരവസ്ഥയിൽ അവൾക്കു അനുകമ്പയോ അനുമോദനമൊ ഉണ്ടായതെന്നു എത്ര വിദഗ്ദ്ധനായ അംഗലക്ഷണശാസ്ത്രജ്ഞനും പറവാൻ സാധിക്കാത്തവിധത്തിൽ അവളുടെ ആകൃതിയും പ്രകൃതിയും അത്ര നിർവ്വികാരവും നിശ്ചേഷ്ടവും ആയിരുന്നു. എങ്കിലും അല്പനേരത്തിനുള്ളിൽ ഈ മട്ടൊക്കെ മാറി. അവളുടെ അരുണകപോലങ്ങൾ വിളർത്തു. കണ്ണിൽവെള്ളം നിറഞ്ഞു. അധരം വിറച്ചു. നിർവികാരവും നിശ്ചേതനവും ആയിരുന്ന ആ ശി

ലാപ്രതിമ അചിരേണ നവനീതാർദ്രമായ ഒരു സ്ത്രീഹൃദയമായി പരിണമിച്ചു.

പെട്ടെന്നുണ്ടായ ഈ മാററം അവളുടെ പ്രതികാരേച്ഛയുടെ സഫലീകരണത്താലുണ്ടായ സന്തോഷലക്ഷണമായിരിക്കുമോ? അവളുടെ കണ്ണിൽ നിന്നു പ്രവഹിക്കുന്ന അശ്രുധാര ആനന്ദബാഷ്പങ്ങളായിരിക്കുമോ? അല്ലാ, ശക്തിയുടെ ഹൃദയത്തിൽനിന്നു സ്വാത്ഥം പറന്നുപോയിരിക്കുന്നു. അവൾ അനുരാഗശക്തിയുടെ അധീനതയിൽപെട്ടിരിക്കയാണ്. പാറപ്പുറംപോലെ കഠിനമായി കാണപ്പെട്ട അവളുടെ ഹൃദയം പിളൎന്നു അതിൽ നിന്നിതാ കാരുണ്യാമൃതം നിരർഗ്ഗളമായി പ്രവഹിച്ചു തുടങ്ങുന്നു! തന്റെ ഉൽകൃഷ്ടസ്ഥിതിയിൽ ഗണേശദേവനു ചെയ്വാൻ സാധിച്ചിട്ടില്ലാത്ത ഒരു കാൎയ്യം തന്റെ ദയനീയാവസ്ഥയിൽ അദ്ദേഹത്തിന്നു അനായാസേന സാധിച്ചു.

സ്നേഹത്തിന്നു പൂർണ്ണവികാസം ലഭിക്കുന്നതു സ്വാത്ഥപരിത്യാഗത്താലാണല്ലോ. ശക്തിയുടെ പ്രേമകുസുമത്തിന്നു ഇങ്ങിനെ വികസിക്കുവാൻ ഇതേവരെ സൌകൎയ്യം ലഭിച്ചിരുന്നില്ല. ഗണേശദേവൻ പ്രതാപശാലിയായിരുന്ന കാലത്തു ശക്തിയുടെ ഹൃദയത്തിൽ പ്രേമത്തെ ഉണൎത്തുവാനല്ലാതെ അതിനെ കളങ്കപ്പെടുത്തിയിരുന്ന സ്വാത്ഥത്തെ പ്രമാൎജ്ജനംചെയ്തു പരിപാവനമാക്കിത്തീൎക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇപ്പോഴാകട്ടെ, ബന്ധനത്തിൽപെട്ടു വിപത്തിൽ കുടുങ്ങിയിരിക്കുന്ന ഈ ദൈന്യാവസ്ഥയിൽ, സ്ത്രീഹൃദയത്തിന്നു ആത്മനിർവൃതിയെ പ്രദാനം ചെയ്യുന്ന ആ ദിവ്യപ്രേമത്തെ അവളിൽ അങ്കുരിപ്പിക്കുവാൻ അദ്ദേഹത്തിന്നു ഭാഗ്യമുണ്ടായി. അസൂയ, പ്രതികാരേച്ഛ എന്നീ നീചവികാരങ്ങളുടെ ബാധയിൽനിന്നു അവൾക്കു മോചനം സിദ്ധിച്ചു. യോഗിനിയുടെ ഉപദേശങ്ങളുടെ സാരം ഇപ്പോൾ മാത്രമേ അവൾ ഗ്രഹിച്ചുള്ളു. അതോടുകൂടെ അവളിൽ ജന്മസാഫല്യബോധവും ഉണ്ടായി. അവളുടെ വിജയസൂൎയ്യൻ അത്യുച്ചസ്ഥിതനായി. ആത്മാവിന്നു ഉന്നതപദലബ്ധിയും അപ്പോൾ സംഭവിച്ചു.

പ്രേമാമൃതവർഷിയായി തന്റെ സന്നിധിയിൽ സ്ഥിതിചെയ്യുന്ന ആ പുണ്യവിഗ്രഹത്തിൽനിന്നു "രാജകുമാര! എഴുനീല്ക്കൂ!"

എന്ന മധുരോച്ചാരണം നിർഗ്ഗമിച്ചപ്പോൾ രാജകുമാരൻെറ ഹൃദയത്തിൽ ഉദിച്ചുപൊങ്ങിയ വികാരങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് ഊഹിക്കുന്നതാണു നല്ലതു്. ശക്തിയുടെ പെരുമാററത്തിൽ സംഭവിച്ച മാററം അദ്ദേഹത്തെ ആശ്ചര്യപരതന്ത്രനാക്കി. സ്ത്രീചിത്തം ദേവന്മാക്കുകൂടെ ദുരവഗാഹമാണെന്നു അനുഭവസിദ്ധമായിരിക്കെ, കേവലം മനുഷ്യനായ അദ്ദേഹം അതിന്റെ ഗതിവിശേഷങ്ങൾ അറിയുന്നതെങ്ങിനെ?

"എഴുനീൽക്കൂ രാജകുമാര! നേരം വൈകുന്നു. ഈ വസ്ത്രം കൊണ്ടു അങ്ങയുടെ ദേഹം മറയ്ക്കുക" എന്നു അവൾ വീണ്ടും പറഞ്ഞപ്പോൾ, തൻെറ സ്വപ്നം ഫലിച്ചുവെന്നും ശക്തിമയിയുടെ വരവു് തന്നേ ബന്ധനത്തിൽനിന്നു വേർപെടുത്താനാണെന്നും ഗണേശദേവൻ മനസ്സിലാക്കി. അദ്ദേഹത്തിൻെറ മനോദർപ്പണത്തിൽ സ്വാതന്ത്ര്യാവസ്ഥയുടെ പ്രതിഫലനമുണ്ടായി. താൻ ബന്ധനത്തിൽനിന്നു് വേർപെട്ടതായും, വീണ്ടും പ്രിയജനങ്ങളുടെ സംഗമസുഖം അനുഭവിക്കുന്നതായും അദ്ദേഹം സങ്കല്പബുദ്ധ്യാ കണ്ടു.

"എങ്ങോട്ടാണു് ഞാൻ പോകേണ്ടതു്?" എന്ന ചോദ്യത്തിനുത്തരമായിട്ടെന്നപോലെ ശക്തിമയി വിളക്കു കെടുത്തു. അവളുടെ സാരിയിൽനിന്നു ഒരു കഷണം ചീന്തി അതും, തലയിലിട്ടിരുന്ന ഉത്തരീയവും രാജകുമാരൻെറ കയ്യിൽ കൊടുത്തു.

"രാജകുമാര! ഈ വസ്ത്രങ്ങൾകൊണ്ടു ദേഹം മൂടിക്കളയുക. വാതലിൽ തട്ടിയാൽ ശിപായി വന്നു വാതിൽ തുറന്നുതരും. ഒരക്ഷരംപോലും സംസാരിക്കാതെ അവൻെറ പിന്നാലെ പോയാൽ ജെയിലിൻെറ പുറത്തെത്തും. അവിടെ ഒരു പാറാവുകാരൻ നിൽക്കുന്നുണ്ടായിരിക്കും. അവൻെറ കയ്യിൽ ഈ മോതിരം കൊടുത്താൽ, അവൻ യാതൊരു ചോദ്യവുംകൂടാതെ അങ്ങയെ വിട്ടയയ്ക്കും. പിന്നെ ഇഷ്ടംപോലെ എവിടെയെങ്കിലും പോകാം."

രാജകുമാരന്നു ഇതെല്ലാം സ്വപ്നപ്രായമായിട്ടുതോന്നി. "ശക്തി എന്തുചെയ്യും?" എന്നു ചോദിച്ചു.

"എന്നെപ്പററി അവിടുന്ന ക്ലേശിക്കേണ്ടാ. ഞാൻ എല്ലാം ഏൎപ്പാടുചെയ്തിട്ടുണ്ട്. എന്നെ കൂട്ടിക്കൊണ്ടുപോകാൻ കുട്ടബ്ബ് വരും."

"ശക്തി ഇവിടെനിന്ന തിരിച്ചുപോയെന്ന പാറാവുകാരൻ പറയാതിരിക്കുമോ?

"അങ്ങയുടെ കൂടെ വരുന്ന പാറാവുകാരൻ പാറാവു നിൎത്തിപ്പോകാറായി. അവന്നുപകരം വരുന്നവൻ ഇക്കഥയൊന്നും അറിയുകയുമില്ല."

"മററവൻ പറകയില്ലേ?"

"ഇല്ല—ഞാൻ പറയുംപ്രകാരം ഇവിടുന്ന ചെയ്യണം. എല്ലാം ഞാൻ ശരിപ്പെടുത്തിട്ടുണ്ട്. ഇനിയൊട്ടും താമസിക്കരുത്. താമസിച്ചാൽ തകരാറുണ്ട്.

ശക്തിമയി എല്ലാം ശരിപ്പെടുത്തീട്ടുണ്ടെന്ന പറഞ്ഞതു സത്യമാണോ? ഭയരഹിതയായ സാധ്വീരത്നമേ! ഈ അസത്യവാദത്തിന്ന ഈശ്വരൻ നിനക്കു മാപ്പു തരട്ടെ!

രാജകുമാരനെക്കുറിച്ചല്ലാതെ മററു യാതൊരു ചിന്തയും ഇല്ലാത്ത ശക്തിമയി തന്റെ ഈ സാഹസകൃത്യത്താൽ ക്ഷണിച്ചുവരുത്തുന്ന അപായത്തേയോ അപകടത്തേയോ ഓൎക്കുന്നില്ല. ശക്തിമയിക്കു യാതൊരപായവും വരാനില്ലെന്ന രാജകുമാരനും വിശ്വസിച്ചു. അവളുടെ കയ്യിൽനിന്ന സാരിയും ഉത്തരീയവും വാങ്ങി. പ്രകൃത്യാ സ്വാതന്ത്ര്യശീലനായ തനിക്കു തിരിച്ചുകിട്ടിയ സ്വാതന്ത്ര്യത്തെക്കുറിച്ച് അദ്ദേഹം അത്യന്തം അഭിനന്ദിച്ചു. നിസ്സഹായനായ ഒരു തടവുകാരന്റെ നിലവിട്ട് അനീതിയോടും അക്രമത്തോടും നേരിട്ടു പൊരുതുവാനുള്ള അവസരത്തെ പ്രതീക്ഷിച്ചു അദ്ദേഹം ക്ഷണമാത്രം ആഹ്ലാദഭരിതനായി.

എങ്കിലും, സന്തോഷകരമായ ഒരു സ്വപ്നം കണ്ടുകൊണ്ടിരിക്കുമ്മദ്ധ്യേ പെട്ടെന്നുണൎന്നുപോയാൽ അതിന്നു ഏതുപ്രകാരം ഭംഗം ഭവിക്കുമോ, അപ്രകാരം രാജകുമാരന്റെ സ്വാതന്ത്ര്യസ്വപ്നത്തിന്ന പെട്ടെന്ന ഭംഗമുണ്ടായി കുറച്ചുനേരം അതിന്റെ സ്തബ്ധതയാൽ മൌനം അവലംബിച്ചു ഒടുവിൽ ഇങ്ങിനെ പറഞ്ഞു:—

"മഹാരാജ്ഞി! ഞാൻ ഇവിടെനിന്നു ഒളിച്ചുചാടാൻ വിചാരിക്കുന്നില്ല. അവിടുത്തെ വസ്ത്രങ്ങളും മോതിരവും ഇതാ."

"ശക്തിമയി, ഇടിവെട്ടിയപോലെ, സ്തബ്ധചേഷ്ടനായി നിലകൊണ്ടു.

"മഹാരാജാവേ! എന്താണിങ്ങിനെ പറയുന്നതു്?"

"ഇവിടുത്തെ സഹായത്തെ സ്വീകരിക്കുവാൻ എനിക്കർഹതയില്ല. അതുകൊണ്ടു് ഇവിടുത്തെ ദയാപൂർവ്വകമായ സ്വാതന്ത്ര്യദാനത്തെ കൈക്കൊള്ളുവാൻ ഞാൻ കാംക്ഷിക്കുന്നില്ല."

രാജകുമാരന്റെ ഈ സ്ഥിരനിശ്ചയത്തെ അന്യഥാകരിപ്പാൻ തനിക്കു സാദ്ധ്യമല്ലെന്നു തോന്നുകയാൽ ശക്തിയുടെ മുഖം വിളർത്തു. അവളുടെ ഹൃദയത്തിൽ ശേഷിച്ചിരുന്ന ആശാകലവും നാമാവശേഷമായി. അടിയിടറുകയാൽ ചുമരിന്മെ അവലംബിച്ചും, ഇരുട്ടിൽ വഴിതപ്പിയും അവൾ ഒരുവിധത്തിൽ പുറത്തേയ്ക്കു കടന്നു. തടവുമുറിയുടെ വാതിൽ യഥാപൂർവ്വം അടയ്ക്കുകയും ചെയ്തു.

... ... ... ...

തടവുമുറിയിൽ ഈ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ, കുടിലാഗ്രഗണ്യനായ കുട്ടബ്ബ് സുൽത്താന്റെ സന്നിധിയിൽചെന്നു 'പിരിമുറുക്കു'യായിരുന്നു. രാജ്ഞിയുടെ വിശ്വസ്തഭൃത്യനെന്ന ഭാവത്തിൽ അവളുടെ അടുത്തു ചുററിക്കൂടി, അവളിൽനിന്നു ചില രഹസ്യങ്ങളെല്ലാം മനസ്സിലാക്കിയിരുന്ന ആ് ഏഷണിക്കാരൻ അതെല്ലാം സുൽത്താന്റെ ചെവിയിൽ മന്ത്രിച്ചു, അയാളെ കോപാന്ധനാക്കി.

"കുട്ടബ്ബ്! നീ പറയുന്നതു ശുദ്ധമേ ഭോഷ്കാണ്. ഒരു കാലത്തും അങ്ങിനെ വരാൻ തരമില്ല. ഇതു കുറെ കവിഞ്ഞുപോകുന്നു!"

സുൽത്താൻ ഒരു ഭ്രാന്തനെപ്പോലെയായി. കുട്ടബ്ബിന്റെ ഏഷണിപ്രയോഗം എന്നിട്ടും അവസാനിച്ചില്ല.

"ഞാൻ പറഞ്ഞതു വാസ്തവമാണെന്നു ബോദ്ധ്യമാവുന്നില്ലെങ്കിൽ, തിരുമേനി ഒന്നു പുറത്തേക്കെഴുന്നെള്ളിയാൽ മതി; എന്നാൽ സംശയം തീരാതിരിക്കയില്ല."

"അതെല്ലാം സാധിക്കാത്ത കാര്യമാണ്. നീ പറയുന്നതു വാസ്തവമാണെങ്കിൽ ഈ നിമിഷം പോയി ആ തലവെട്ടി എന്റെ മുമ്പിൽ കൊണ്ടുവരണം."

"ആരുടെ തല? തിരുമേനി!"

"ആരുടേതെന്നോ? ആ ദുഷ്ടൻ ഗണേശദേവന്റെ."

"മഹാരാജ്ഞി അവിടെയുണ്ടായിരിക്കും. അവിടത്തോടെന്താണ് പറയേണ്ടതു്?"

"ഒന്നും പറയേണ്ടാ. അതു ഞാനായിക്കൊള്ളാം."

കുട്ടബ്ബ് ഉദ്ദേശിച്ചിരുന്ന കാൎയ്യം സാധിക്കായ്കയാൽ അവൻ ഭഗ്നാശയനായി. സുൽത്താൻ ശക്തിമയിക്കു മരണശിക്ഷയോ നാടുകടത്തലോ വിധിക്കുമെന്നായിരുന്നു അവൻ പ്രതീക്ഷിച്ചിരുന്നതു്. പക്ഷേ അതു പററിയില്ല.

രാജകല്പന നിൎവ്വഹിക്കുവാൻ കുട്ടബ്ബ് പുറപ്പെട്ടു. സുൽത്താൻ അവനെ വിളിച്ചു വീണ്ടും ഇങ്ങിനെ പറഞ്ഞു:—"രാജ്ഞി തടവുമുറിയിലുണ്ടെങ്കിൽ ഗണേശദേവനെ ഇപ്പോഴും കൊല്ലേണ്ടാ—മനസ്സിലായോ?"

"കല്പനപോലെ."

കുട്ടബ്ബ് ഭഗ്നാശയനായി യാത്രയായി.

—(o)—

## മുപ്പത്താറാം അദ്ധ്യായം

തന്റെ ആശാഭംഗത്തിൽ ഉണ്ടായ വേദനയുടെ തീവ്രതയാൽ ശക്തിമയി മനഃസ്ഥൈൎയ്യംവെടിഞ്ഞു സ്തംഭിച്ചുനിന്നുപോയി. ഗണേശദേവനെ ബന്ധനത്തിൽനിന്നു മോചിപ്പിക്കുവാൻ അവൾ ഉദ്യമിച്ചുവെങ്കിലും അദ്ദേഹം അവളുടെ സഹായത്തെ നിരാകരിക്കുകയാണ് ചെയ്തതു്. ക്ലേശഭൂയിഷ്ഠമായിരുന്ന അവളുടെ ആയുസ്സിനിടയിൽ ഇത്ര വലിയൊരു സങ്കടം ഇതിനു മുമ്പൊരിക്കലും അവൾ അനുഭവിച്ചിരുന്നില്ല. അവളുടെ ആയുഷ്കാലം മുഴുവനും അധന്യമായിട്ടാണ് കഴിഞ്ഞതു്. സകല ആഗ്രഹങ്ങളും അഭീഷ്ടങ്ങളും നിഷ്ഫലങ്ങളായിത്തീരേണമെന്നായി

രുന്നു അവളുടെ ദുർവ്വിധി. തന്റെ സമസ്തസൃഷ്ടികളിൽ ഒരാളുടെ ക്ലേശത്തെ ശിഥിലീകരിക്കുവാൻ ഇന്നുരാത്രി അവൾ ചെയ്ത ശ്രമം ഫലപര്യവസായിയായില്ല. മഹാമനസ്കതയോടും സ്വാർത്ഥരാഹിത്യത്തോടുംകൂടി അവൾ സമർപ്പിച്ച അനുകമ്പ—ഹാ കഷ്ടം! ഇതാ നിഷ്കരുണമായി നിരസിക്കപ്പെട്ടിരിക്കുന്നു. ഈ അവസരത്തിൽ ആ സാധ്വി അനുഭവിച്ച മാതിരി മനോദണ്ഡം ഈ ലോകത്തിൽ മററാരെങ്കിലും അനുഭവിച്ചിട്ടുണ്ടോ എന്നു സംശയമാണ്. അവളുടെ പ്രേമത്തെ ഗണേശദേവൻ പ്രഥമാവസരത്തിൽ നിരാകരിച്ചപ്പോൾ ഉണ്ടായ ആശാഭംഗവും ഹൃദയവേദനയും ഇപ്പോഴത്തേതിനെ അപേക്ഷിച്ച് എത്രയോ ലഘുവായിരുന്നു! കോപമാത്സര്യങ്ങൾ അവളുടെ മനോവേദനയുടെ കാഠിന്യത്തെ കുറയ്ക്കുവാൻ അന്നു അവളെ സഹായിച്ചിരുന്നു! എന്നാൽ ഇന്നാകട്ടെ, അവൾ നിസ്സഹായയായി, കഠിനകദനത്തിൽ ആണ്ടുപോയി. ഈ വ്യസനഭാരത്തെ താങ്ങുവാൻ ആ അബല അശക്തയായിത്തീർന്നു. അവളുടെ ദേഹി ദേഹത്തിൽ നിന്നു ഞെക്കിപ്പിഴിഞ്ഞെടുക്കപ്പെടുന്നതായിത്തോന്നി. അവൾ ആൾ മാറിപ്പോകുന്നതായിക്കൂടെ വിചാരിച്ച്, നൈരാശ്യഗർത്തത്തിൽ പതിച്ചു. സൂര്യമണ്ഡലത്തിൽ നിന്നു പിരിഞ്ഞു വിദൂരമായിത്തീർന്ന ഒരു ഗ്രഹത്തെപ്പോലെ, തന്റെ ഇഹലോകബന്ധങ്ങൾക്കെല്ലാം എന്തോ അറുതിവന്നപോലെ അവൾക്കു തോന്നി.

കാരാഗൃഹത്തിന്റെ മുററത്തെത്തിയപ്പോൾ ക്ഷണനേരം അവൾ സ്വപ്നാവസ്ഥയിലെന്നപോലെ നിശ്ചലയായി നിന്നു. പെട്ടെന്ന് കാലുകൾ കുഴയുകയാൽ നിലത്തു പതിച്ച ഒരു വൃക്ഷത്തെ ചാരിയിരിപ്പായി. തന്റെ ചുററും നടക്കുന്നതെല്ലാം സ്വപ്നതുല്യമായും, തന്റെ സത്തതന്നെ അയഥാർത്ഥമായും അവൾക്കു തോന്നിത്തുടങ്ങി. കണ്ണുരണ്ടും അടച്ച്, അവളും അവളെ ആവരണം ചെയ്തിരുന്ന അന്ധകാരവും ഭിന്നങ്ങളല്ലെന്നും അവൾ സങ്കല്പിച്ചു.

അല്പം അകലെയായി അവളെ പിന്തുടർന്നിരുന്ന ശിപായി അവളുടെ സ്ഥിതികണ്ട്, ഇരുട്ടിൽ തനിയെ പോകാൻ ഭയപ്പെ

ട്ടിട്ടാണ് അങ്ങിനെയിരിക്കുന്നതെന്നൂഹിച്ച് "ഒരു വെളിച്ചംകൊണ്ടുവരട്ടെ?" എന്നു ചോദിച്ചു. അവൻെറ പ്രശ്നം ശക്തിമയിയെ ഉണർത്തി. "വേണ്ട. ഞാൻ പോകയാണ്" എന്നു പറഞ്ഞുകൊണ്ട് അവൾ എഴുന്നേററു യാത്രയുടന്നു.

പടിവാതിലിൻെറ പുറത്തു ജമേദാർ 'ഹുക്ക'യും വലിച്ചിരിക്കയായിരുന്നു. അവൻെറ മുൻവശത്തുകൂടെ രണ്ടു പാറാവുകാർ അങ്ങട്ടുമിങ്ങട്ടും നടക്കുന്നുണ്ടായിരുന്നു. ശക്തിയെ അനുഗമിച്ചിരുന്ന ശിപായി വാതിൽ തുറന്നു. അവൾ പുറത്തേക്കും കടന്നു. 'ആരവിടെ' എന്ന ചോദ്യത്തിന്നു തക്കതായ ഉത്തരം കിട്ടുകയാൽ പാറാവുകാർ വീണ്ടും തങ്ങളുടെ ജോലിനോക്കി. ജമേദാർ വാതിൽ അടച്ചു കഴിഞ്ഞപ്പോഴേയ്ക്ക് ശക്തിമയി കുറെദൂരെ എത്തിയിരുന്നു. അവൻ അവളുടെ പിന്നാലെ ഓടി, മോതിരം, തിരിച്ചു കിട്ടേണമെന്നാവശ്യപ്പെട്ടു.

കുട്ടബ്ബ് അവളുടെ പക്കൽ കൊടുത്തിരുന്ന ഒരു മോതിരത്തിൻെറ സഹായത്താലാണ് ശക്തിമയിക്ക് തടവുമുറിക്കുള്ളിൽ കടക്കുവാൻ സാധിച്ചത്. അടുത്തുള്ള ഒരു പാറാവുമുറിയിൽ കുട്ടബ്ബ് അവളെ കാത്തിരിക്കുമെന്നും തടവുമുറിയിൽനിന്നു പുറത്തു കടന്ന ഉടനെ അവൾ മോതിരം കുട്ടബ്ബിന്നു കൊടുത്തയയ്ക്കേണമെന്നും, അപ്പോൾ അവൻ വന്ന് അവളെ രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോകുമെന്നുമായിരുന്നു ഏർപ്പാട്. പക്ഷേ, കുട്ടബ്ബ്, പറഞ്ഞപ്രകാരം, അവിടെ കാത്തുനിന്നിരുന്നില്ല. ശക്തിമയി പുറത്തേക്കു കടന്നാൽ ഉടനെ വിവരം അറിയിക്കേണ്ടതിന്നു വേണ്ടുന്ന ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. ശക്തിമയി പുറത്തേക്കു വരുന്നതിന്നു മുമ്പായിത്തന്നെ തിരിച്ചെത്താമെന്നു കുട്ടബ്ബ് വിചാരിച്ചിരുന്നുവെങ്കിലും, രാജധാനിയിൽചെന്നു സുൽത്താനെ വിളിച്ചുണർത്തി ഏഷണി പറഞ്ഞറിയിക്കുന്നതിന്നു അയാൾ പ്രതീക്ഷിച്ചതിലധികം താമസം നേരിട്ടു.

മോതിരത്തിന്നാവശ്യപ്പെട്ട ജമേദാരോടു ശക്തിമയി നിഷേധാർത്ഥത്തിൽ മറുവടി പറകയാൽ അവൻ വീണ്ടും തിരക്കിച്ചോദിച്ചു. "മാറി നിൽക്കുക; മഹാരാജ്ഞിയാണു കല്പിക്കുന്നതെന്നു മനസ്സിലാക്കണം" എന്നു ശക്തിമയി ഗംഭീരസ്വരത്തിൽ

മറുവടി പറഞ്ഞപ്പോൾ ജമേദാർ ഭയപുരസ്സരം പിന്മാറി. അവളുടെ സ്വരൂപം അന്ധകാരത്തിനുള്ളിൽ മറഞ്ഞശേഷം അവൻ സ്വസ്ഥാനത്തിലേക്കു മടങ്ങി 'ഹുക്കയെ' വീണ്ടും സേവിച്ചുതുടങ്ങി.

“ഹും-ഹും! സുൽത്താൻെറ ഭാര്യയായിരുന്നു-അല്ലേ! ഗണേശദേവൻെറ ഭാര്യ അയാളെക്കാണാൻ വന്നതാണെന്നല്ലേ ഞാൻ വിചാരിച്ചതു്! നമുക്കു തീർച്ചയായും ഇനാം കിട്ടണം; കുട്ടബ്ബ്സാഹിബിൻെറ ഭാഗ്യമാണു ഭാഗ്യം. സുൽത്താനും ഭാര്യയും അയാളുടെ ഉള്ളംകൈയിലാണു്— എടോ, ചങ്ങാതി! എഴുന്നീൽക്കു.”

ഈ ഒടുവിൽ പറഞ്ഞതു കുട്ടബ്ബിൻെറ ശിഷ്യനോടായിരുന്നു. തൻെറ യജമാനൻെറ കല്പനയാകട്ടെ തണുപ്പിൻെറ അസഹ്യതയാകട്ടെ വകവെയ്ക്കാതെ അവൻ ജമേദാരുടെ കട്ടിലിൽ കമ്പിളികൊണ്ടു നഖശിഖാന്തം മൂടിപ്പുതച്ചു കൂർക്കം വലിക്കുകയായിരുന്നു. ജമേദാരുടെ വിളിക്കു ഉത്തരമായി “ഇതാ വരുന്നു” എന്നു പറഞ്ഞു മൂപ്പർ വീണ്ടും കുംഭകർണ്ണസേവ തുടർന്നു. കുട്ടബ്ബ്സാഹിബിനു മോതിരം അയച്ചുകൊടുക്കുന്ന പണികൂടാതെ കഴിഞ്ഞ സ്ഥിതിക്കു, കുറെനേരം കൂടി 'ഹുക്ക'യുടെ സുഖം അനുഭവിക്കാമെന്നു കരുതി ജമേദാരും ധൂമദേവതയെ ആരാധിച്ചിരിപ്പായി.

—(0)—

## മുപ്പത്തേഴാം അദ്ധ്യായം

---

അർദ്ധരാത്രിയുടെ ഭയങ്കരതയെ കേവലം ഗണ്യമാക്കാതെ ശക്തിമയി നിർഭയം സഞ്ചരിച്ചു. അനേകകാലവും ഇടവിടാതെ തീർത്ഥാടനം ചെയ്തിരുന്ന അവൾക്കു ഈ മാതിരി നിശാസഞ്ചാരങ്ങൾ പരിചിതങ്ങളായിരുന്നു. അവൾ ചിരപരിചിതങ്ങളായ വനാന്തരങ്ങളെ തരണംചെയ്തു സഞ്ചാരംതുടർന്നു. വനസ്പതികൾ ശാഖാഭുജങ്ങളെക്കൊണ്ടു് അവളെ അഭിവാദനംചെയ്തു. ഒടുവിൽ, അവൾ നദീതീരത്തിൽ കുറച്ചുകാലംമുമ്പു, ഗണേശദേവനോ

ടൊന്നിച്ചു ഇരുന്നു വിശ്രമിച്ചിരുന്ന പുളിമരത്തിന്നരികിലെത്തി. ആ മരത്തിന്റെ കൊമ്പുകൾ മുറിഞ്ഞു, ഇലകൾ ഉണങ്ങിക്കൊഴിഞ്ഞു, ഇപ്പോൾ തടിമാത്രം ശേഷിച്ചിരുന്നു. അവളുടെ ജീവിതത്തിന്റെ കഥയും ഏകദേശം ഈ മാതിരിയായിരുന്നില്ലേ? അതിന്റെ മനോജ്ഞതയെല്ലാം നശിച്ചു, ഭയാനകമായ ജീവിതപ്രകൃതിമാത്രം അവളെ നോക്കിക്കൊണ്ടു സ്ഥിതിചെയ്യുന്നു!

തനിക്കു പണ്ടു വലിയൊരു ആത്മീയപരീക്ഷ സംഭവിച്ച ആ സ്മരണീയപ്രദേശത്തിലാണു് അവൾ അന്നുരാത്രിയിലും ചെന്നെത്തിയതു്. അടുത്തു നിൽക്കുന്ന അരയാൽ വൃക്ഷം, അവൾ ചിരകാലം പ്രേമസ്മാരകമായി സൂക്ഷിച്ചുവെച്ചിരുന്ന മാലയുടെ നിർമ്മൂലനാശത്തിന്നു സാക്ഷിയാണു്. ആ സ്ഥലത്തുള്ള ഓരോ മണൽത്തരിയും അവളുടെ ദൃഷ്ടിയിൽ പരിപൂതമായിരുന്നു. അവളുടെ ചിരദീക്ഷിതമായ ആഗ്രഹത്തിന്റെ പ്രത്യക്ഷചിഹ്നമായി അവൾ സൂക്ഷിച്ചുവെച്ചിരുന്ന കുസുമങ്ങളുടെ സമ്പർക്കത്താൽ ധന്യമായിത്തീർന്ന ആ മണ്ണിൽ നിന്നു ഒരുപിടി മണൽ വാരി സാരിയുടെ ഒരററത്തു കെട്ടി, തന്റെ മുല്ലയമ്മയുടെ ഉപാസനാസ്ഥലത്തേക്കു പുറപ്പെട്ടു. മുമ്പിൽ ഒരു നിലവിളക്കു കത്തിച്ചുവെച്ചു, നിലത്തിരുന്നു ധ്യാനാനുഷ്ഠാനം ചെയ്യുന്ന സന്യാസിനിയുടെ രൂപത്തെയാണു ശക്തിമയി പ്രതീക്ഷിച്ചിരുന്നതു്. പക്ഷേ, ക്ഷേത്രത്തിന്നടുത്തെത്തിയപ്പോൾ അവൾ കണ്ട കാഴ്ച കേവലം അപ്രതീക്ഷിതമായിരുന്നു. ക്ഷേത്രത്തിന്റെ രണ്ടുവശത്തുമുള്ള വാതിലുകൾ തുറന്നിട്ടിരുന്നു. മുൻവശത്തുള്ള പൂമുഖത്തു അതിശോഭയോടുകൂടെ ഒരു വെളിച്ചം കാണ്മാനുണ്ടു്. അതു കേവലം ഒരു വിളക്കിന്റെ വെളിച്ചമല്ല, കത്തിജ്വലിക്കുന്ന ഹോമാഗ്നിയാണെന്നു ശക്തിമയിക്കു മനസ്സിലായി. അതിന്റെ കരാളജ്വാല കാളീവിഗ്രഹത്തിൽ പതിച്ചു. സന്യാസിനി ഹോമകുണ്ഡലത്തിന്നരികേനിന്നു കണ്ണടച്ചു പ്രാർത്ഥിക്കുകയായിരുന്നു. അടുത്തുചെന്നു മൌനമായിനിന്നിരുന്ന ശക്തിയെ അവർ കണ്ടിരുന്നില്ല. സമിത്തുക്കളുടെ സമൃദ്ധിനിമിത്തം ഹോമാഗ്നി പൂർവ്വാധികം പ്രകാശത്തോടെ കത്തിക്കൊണ്ടിരുന്നു. ആ ഭയങ്കരജ്വാല ഒരു രക്തപ്രവാഹമാണെന്നും അതിൽക്കൂടെ അനേകം മനുഷ്യശിരസ്സുകൾ

കഴുത്തററു നിലത്തുവീഴുന്നതെന്നും ശക്തിമയിക്കു തോന്നി. ക്രമേണ അഗ്നിയുടെ ഉഗ്രത ശമിച്ചു. തീയ്യിൽനിന്നു ചിതറിവീഴുന്നതായിത്തോന്നിയിരുന്ന ശിരസ്സുകൾ ഒന്നിച്ചുകൂടി ഒരു സിംഹാസനാകൃതിയിലായിത്തീൎന്നു. ആ സിംഹാസനത്തിൻെറ മദ്ധ്യത്തിൽ തേജസ്വിനിയായ ഒരു മൂൎത്തി പ്രത്യക്ഷപ്പെട്ടു. മുഖം ആരുടേതാണെന്നു തിരിച്ചറിയുവാൻ ശക്തിമയിക്കു സാദ്ധ്യമായില്ല. യോഗിനി ജപം തുടൎന്നു:—

"ഹേ സൎവ്വശക്ത! സൎവ്വലോകാധാര! പ്രസീദ, പ്രസീദ! സൎവ്വഭൂതങ്ങളുടേയും സൃഷ്ടികൎത്താവു ഭവാൻതന്നെ. കാരുണ്യാതിരേകത്താൽ സൎവ്വഭൂതങ്ങളേയും രക്ഷിക്കുന്നതും ഭവാൻതന്നെ. പ്രകോപത്താൽ അവയെ സംഹരിക്കുന്നതും ഭവാൻതന്നെ. അങ്ങയുടെ കോപംനിമിത്തം ഈ മാതൃഭൂമി ഭയനിമഗ്നമായ ഒരു ഘോരവസ്ഥയിൽ പെട്ടിരിക്കുന്നു. ഹേ കരുണാസാഗര! ഞങ്ങളിൽ കരുണാമൃതം പൊഴിച്ചു ഞങ്ങളെ രക്ഷിച്ചാലും! ഞങ്ങളുടെ മാതൃഭൂമിക്കലങ്കാരഭൂതന്മാരായി, ഇപ്പോൾ യശശ്ശരീരശേഷന്മാരായിത്തീൎന്നിട്ടുള്ള പുണ്യാത്മാക്കളുടെ ഏകസന്താനമായ ആ കുമാരനെ ബന്ധനത്തിൽനിന്നു മോചിച്ചാലും! അങ്ങയുടെ ദിവ്യചൈതന്യത്തിൻെറ സുഖസ്പൎശത്താൽ അവൻെറ ആത്മാവിനെ ഈ മൂച്ഛയിൽ നിന്നുദ്ധരിച്ചാലും! സ്വവംശത്തെ അന്യാധീനത്തിൽനിന്നു വേർപെടുത്തുവാൻ അവനെ കടാക്ഷിച്ചാലും!"

ഈ പ്രാർത്ഥന കേട്ടുകൊണ്ടു നിന്നിരുന്ന ശക്തിമയിയുടെ ഹൃദയം ആകപ്പാടെ ആനന്ദനൃത്തംചെയ്യുന്നപോലെ തോന്നി. ഉന്നതമായ ഏതോ ലോകത്തിൽ നിന്നെന്നപോലെ ഒരു ദിവ്യസന്ദേശം അവളുടെ ചെവിയിൽ പ്രതിധ്വനിച്ചു. അതിൻെറ പ്രേരണയാൽ അവൾ ഇങ്ങിനെ പറഞ്ഞു:—

"ഭവതിയുടെ ഇഷ്ടംപോലെ വരട്ടെ. അതു സാധിപ്പിക്കുവാൻ ദൈവം എന്നെയാണു് നിയോഗിച്ചിരിക്കുന്നതു്."

ഈ വാക്കുകൾ യോഗിനിയുടെ ശ്രദ്ധയെ ആകർഷിച്ചു. "ശക്തിയോ—അല്ലാ മഹാരാജ്ഞിയോ? ഭവതി അദ്ദേഹത്തെ രക്ഷിക്കുമോ?"

ശക്തി:—അമ്മേ! ഇതിന്നുമുമ്പായിത്തന്നെ ഞാൻ ആ കൃത്യം നിവ്വഹിക്കുമായിരുന്നു. പക്ഷേ എന്റെ സഹായം സ്വീകരിക്കുവാൻ അദ്ദേഹത്തിന്നു സമ്മതമില്ല. എങ്കിലും, അദ്ദേഹം അമ്മയുടെ വാക്കു തള്ളിക്കളയുകയില്ല. അതുകൊണ്ടു അമ്മ എന്റെ കൂടെ വരണം. ഈ മോതിരത്തിന്റെ സഹായത്താൽ നമുക്കു തടവുമുറിക്കുള്ളിൽ കടക്കാൻ സാധിക്കും. പിന്നെ നിങ്ങൾക്കു രണ്ടാൾക്കുംകൂടി പുറത്തേയ്ക്കു വരികയും ചെയ്യാം.”

സന്ന്യാസിനി ഈ അഭിപ്രായത്തെ അത്യൌത്സുക്യത്തോടുകൂടെ അഭിനന്ദിച്ചു. ശക്തിമയി ഒരു കാവിവസ്ത്രം എടുത്തുടുത്തു. സാരിയിൽ കെട്ടിക്കൊണ്ടുവന്നിരുന്ന മണ്ണു മേലെങ്ങും പൂശി. സാരിയുടെ ഒരററംകൊണ്ടു കാവിവസ്ത്രത്തെ മറച്ചു. ഉത്തരീയത്തെ രണ്ടാക്കിക്കീറി അതിൽ ഒരുകഷ്ണം തലയിലിട്ടു. മററെ കഷ്ണവും, ഗണേശദേവനെ ഉടുക്കാൻവേണ്ടി അവൾ മുമ്പുതന്നെ കീറിയെടുത്തിരുന്ന സാരിക്കഷ്ണവും സന്ന്യാസിനിയുടെ പക്കൽകൊടുത്തു ഇങ്ങിനെ പറഞ്ഞു:—

“അമ്മേ, ഈ ഉത്തരീയം തലയിൽ കിടക്കട്ടെ. ഈ സാരി ഉടുക്കുകയും ചെയ്യുക. തടവുമുറിയിൽ എത്തിയ ഉടനെ എന്റെ സാരിയും ഉത്തരീയവും അമ്മയുടെ കയ്യിൽ തരാം. അതു ഞാൻ ഉടുത്തിമാതിരി, രാജകുമാരനെ ഉടുപ്പിക്കണം. തല പ്രത്യേകിച്ചും ഭദ്രമായി മറയ്ക്കണം. പിന്നീടു നിങ്ങൾ രണ്ടാളും പുറത്തേക്കു പോയാൽ ആരും തടസ്സംപറയുകയില്ല.”

സന്ന്യാസിനി;—മകളേ! നീ എന്തുചെയ്യും?

ശക്തി:—എന്നെ കൂട്ടുവാൻ കട്ടിച്ചു് വരുന്നതുവരെ ഞാൻ അവിടത്തന്നെ ഇരിക്കും.

ശക്തിയുടെ ഉദ്യമം എത്രമാത്രം അപായകരമായിട്ടുള്ളതാണെന്നു സന്ന്യാസിനിക്കു നല്ലപോലെ നിശ്ചയമുണ്ടായിരുന്നു. പക്ഷേ, അവളെ അതിൽനിന്നു പിൻവാങ്ങിക്കുവാൻ അവർ ശ്രമിച്ചില്ല. നേരെമറിച്ചു, അവളുടെ പ്രേമശക്തിയോർത്തു അവർ സന്തോഷത്തോടെ ഒന്നു മന്ദഹസിച്ചു. പരബ്രഹ്മചൈതന്യത്തെ അഭിമുഖമായി സന്ദർശിച്ചിട്ടുള്ള ആ പുണ്യവതിക്കുണ്ടോ

മരണഭയം? മനുഷ്യൻെറ ഉൽകൃഷ്ടധനം നശ്വരമായ ഈ ജീവനല്ലെന്നും, ധർമ്മാർത്ഥമായി ജീവിതത്യാഗം ചെയ്യുന്നതു വലിയൊരു സുകൃതമാണെന്നും കരുതിപ്പോന്ന ആ സാധ്വീരത്നം ശക്തിമയിയുടെ സ്ഥിരനിഷ്ഠയെക്കുറിച്ചു അഭിനന്ദിച്ചു.

"അമ്മേ! എനിക്കു ഒരു കാര്യം കൂടെ സാധിപ്പിച്ചുതരേണ്ടതുണ്ട്. എൻെറ മുടിവെട്ടിക്കളയണം" എന്നു ശക്തി പറഞ്ഞു.

അവളുടെ ഇഷ്ടപ്രകാരം, സന്ന്യാസിനി, കറുത്തു, നീണ്ടു, പട്ടുനൂൽ പോലെ മൃദുവായ ആ കേശഭാരം കണ്ടിച്ചു. ശക്തിമയി അതിനെവാങ്ങി വീണ്ടും സന്ന്യാസിനിയുടെ പക്കൽ ഏല്പിച്ചുപറഞ്ഞു:—

"എൻെറ കുമാരന്മാർ അമ്മയില്ലാത്തവരായിത്തീരുന്ന പക്ഷം, ഈ തലമുടി എൻെറ അവസാനത്തെ സമ്മാനമായി അവർക്കു കൊടുക്കണം. അമ്മേ! ഇന്നുമുതൽ അവർ നിങ്ങളുടെ മക്കളാണെന്നും ഓർമ്മവേണം."

സന്ന്യാസിനി കേശഭാരത്തെ വാങ്ങി കാളിയുടെ തൃപ്പാദങ്ങളിൽ വെച്ചു പൂജിച്ചു. ശക്തിമയി പുറത്തേക്കിറങ്ങി. ഉടനെതന്നെ സന്ന്യാസിനിയും അവളെ പിന്തുടർന്നെത്തി.

——(o)——

# മുപ്പത്തെട്ടാം അദ്ധ്യായം

"മഹാരാജാവേ! മഹാരാജാവേ!"

സന്ന്യാസിനിയുടെ വിളി കേട്ട ഉടനെ ഗണേശദേവൻ ഞെട്ടിയുണർന്നു.

"വേണ്ടാ ശക്തി! വേണ്ടാ. ഞാൻ ഈ മുറിയിൽനിന്നു ചാടിപ്പോകാൻ വിചാരിക്കുന്നില്ല. എന്നെ എന്തിനു വെറുതെ മോഹിപ്പിക്കുന്നു?" എന്നു് അദ്ദേഹം ഉറക്കത്തിലെന്നപോലെ പറഞ്ഞു.

അപ്പോൾ സന്ന്യാസിനി:—

മകനേ! ഇതു ശക്തിയല്ല ഞാനാണ്. എന്റെ മകനെ ബന്ധനത്തിൽനിന്നു വിട്ടയയ്ക്കാനാണു് ഞാൻ വന്നിരിക്കുന്നതു്.”

ശബ്ദംകൊണ്ടു ഗണേശദേവന്നു് ആളെ മനസ്സിലായി. സ്വാതന്ത്ര്യപ്രതീക്ഷനിമിത്തം അദ്ദേഹത്തിന്റെ ഹൃദയം തുള്ളിച്ചാടി. യോഗിനിയുടെ സഹായത്താൽ തനിക്കു സ്വാതന്ത്ര്യപ്രാപ്തിയുണ്ടാകുന്നതിൽ അദ്ദേഹത്തിന്നു തീരേ വൈമനസ്യമുണ്ടായിരുന്നില്ല. മൌനിയായിത്തന്നെ അദ്ദേഹം വേഷം മാറി.

സന്ന്യാസിനി വാതിലിൽ തട്ടിയ ഉടനെതന്നെ അതു തുറന്നു. രണ്ടുപേരും പുറത്തേക്കു കടന്നു. വാതിൽ വീണ്ടും അടഞ്ഞു. തടവുമുറിയിൽ ശക്തിമയി മാത്രമായി. രാജകുമാരൻ കാണാതിരിക്കാൻ വേണ്ടി അവൾ ഇത്രനേരവും ഒരു മൂലയിൽ ഒളിച്ചിരിക്കുകയായിരുന്നു. പക്ഷേ, രാജകുമാരൻ കണ്ടേക്കുമെന്നുള്ള ഭയം തീരെ അനാവശ്യമായിരുന്നു. അവൾ ഉള്ളിൽ കടന്നപ്പോൾ രാജകുമാരൻ ഉറക്കമായിരുന്നു. ഉണർന്നതിൽ പിന്നെ, അദ്ദേഹം പുറത്തേക്കു പോകാനുള്ള ശ്രമംനിമിത്തം ഇതരകാര്യങ്ങളെപ്പററി ചിന്തിച്ചിരുന്നുമില്ല. പോരെങ്കിൽ, തടവുമുറിയിൽ കൂരിരുട്ടുമായിരുന്നു.

രാജകുമാരൻ പോയ ഉടനെ ശക്തിമയി ആശ്വാസസൂചകമായി ഒന്നു നിശ്വസിച്ചു. അവളുടെ ഉദ്ദേശം ഫലിച്ചു. ഗണേശദേവന്നു സ്വാതന്ത്ര്യം ലഭിച്ചു. ആ മനസ്വിനിയുടെ പ്രതികാരേച്ഛയും സാധിച്ചു!

തന്റെ ജീവിതദശയിൽ താൻ ആഗ്രഹിച്ചിരുന്ന യാതൊരു കാര്യവും സാധിച്ചില്ലല്ലോ എന്നു ശക്തിമയിക്കു പലപ്പോഴും കുണ്ഠിതം തോന്നാറുണ്ടായിരുന്നു. എങ്കിലും, ഒടുവിൽ ദൈവം അവളെ അനുഗ്രഹിച്ചു. അവളുടെ പരമോദ്ദേശം ഇതാ ഇപ്പോൾ സാധിച്ചു. അതുനിമിത്തം അവൾക്കു അത്യന്തം ചാരിതാർത്ഥ്യമുണ്ടായി. താൻ മുമ്പനുഭവിച്ച ആശാഭംഗങ്ങളെല്ലാം നിസ്സാരമാണെന്നു അതസമയത്തെ സന്തോഷത്താൽ, അവൾക്കു തോന്നി. തന്നിൽ കാരുണ്യാമൃതം വർഷിച്ച ജഗദീശ്വരനെ അവൾ ഹൃദയപൂർവം വന്ദിക്കുകയും, ആ സർവശക്തന്റെ അനവഗാഹ്യങ്ങ

ളായ വിലസിതങ്ങളെക്കുറിച്ചു് സ്തുതിക്കുകയും ചെയ്തു. അവർ അനുഭവിച്ച ജീവിതക്ലേശം, ഉൽകൃഷ്ടമായ തന്റെ പരമോദ്ദേശസിദ്ധിക്കുള്ള കവാടമായിത്തീരുകയാൽ, അതിന്റെ തീവ്രത ഇപ്പോൾ ഏററവും ശിഥിലമാണെന്നു അവർ പരിഗണിച്ചു.

ഭയഭക്തിപുരസ്സരം അവർ രാജകുമാരൻ കിടന്നിരുന്ന സ്ഥലത്തു ചെന്നു. കാരാഗൃഹത്തിലെ കർക്കശമായ വെറും നിലത്തു ആ മഹാരാജ്ഞി, തന്റെ സുകുമാരശരീരത്തെ വിശ്രമിപ്പിച്ചു. രാജകുമാരൻ നരകദുഃഖം അനുഭവിച്ചുകൊണ്ടു അവിടെ കഴിച്ചുകൂട്ടിയിരുന്ന രാത്രികാലങ്ങളിൽ പുതയ്ക്കാൻ ഉപയോഗിച്ചിരുന്ന ഒരു കീറക്കമ്പിളികൊണ്ടു അവർ ദേഹമാസകലം മൂടി. രാജധാനിയിലെ മണിമഞ്ചത്തിൽ കിടക്കുമ്പോൾ എത്രതന്നെ ശ്രമിച്ചിട്ടും അവർക്കു അനുഭവപ്പെടാത്തതായ സമാശ്വാസം ഈ അവസരത്തിൽ അവർക്കു അനായാസേന സിദ്ധിച്ചു. ആകാശമണ്ഡലത്തിൽ ചന്ദ്രികയെന്നപോലെ അവളുടെ ഹൃദയത്തിൽ അന്യാദൃശമായ പരമാനന്ദം വ്യാപിച്ചു. അവളുടെ മനസ്സു് ശാന്തമായി, ഏകാഗ്രതയോടുകൂടി ഈശ്വരധ്യാനം തുടങ്ങി:—

“ഹേ കരുണാകര! നിന്തിരുവടി സർവ്വഭൂതങ്ങളിലും ദയാലുവാകുന്നു. അങ്ങയെ സേവിക്കാത്തവർക്കുകൂടെ അങ്ങയുടെ അനുഗ്രഹം ലഭിക്കുന്നു. ഞാൻ അങ്ങയെക്കുറിച്ചു പല നിർമ്മര്യാദങ്ങളും പറഞ്ഞു. എങ്കിലും കാരുണ്യവാനായ അങ്ങു് എന്നെ കടാക്ഷിക്കുകയാണു ചെയ്തതു്. ഞാൻ അനുഭവിച്ച സങ്കടങ്ങളും ഞാൻ പൊഴിച്ച ബാഷ്പങ്ങളും അങ്ങു് ഒട്ടൊഴിയാതെ ശേഖരിച്ചുവെച്ചു്, അതിനെ ആനന്ദസമുദ്രമാക്കി തിരിച്ചുതന്നു. അങ്ങയുടെ ദിവ്യാനുഗ്രഹം അപാത്രമായ എന്നിലും പ്രകാശിപ്പിക്കുകയാൽ, ഞാൻ ഒന്നുകൂടെ അപേക്ഷിച്ചുകൊള്ളുന്നു. ഈ പരമാനന്ദാനുഭവം എന്നിൽനിന്നു വിട്ടൊഴിയുംമുമ്പു് എന്നെ ഈ ലോകരംഗത്തിൽ നിന്നു് വിട്ടയയ്ക്കേണമെ! ഈ ആനന്ദം അനുഭവിച്ചുംകൊണ്ടിരിക്കെത്തന്നെ, ഇവൾക്കു നിർവ്വാണപദം നൽകേണമേ!”

ഇപ്രകാരം ബ്രഹ്മാനന്ദസുഖം അനുഭവിച്ചുകൊണ്ടിരുന്ന അവർ മെല്ലെ കണ്ണടച്ചു സുഖനിദ്രയിൽപെട്ടു. സ്വപ്നാവസ്ഥ

യിലും ഈ സന്തോഷവും ശാന്തതയും നിഴലിന്നു. ബാല്യകാലം മുതൽക്കേ അവളുടെ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരുന്ന വേണുസ്വരം ഇപ്പോഴും അവൾ കേട്ടു. ബാല്യകാലാനുഭവങ്ങൾ വീണ്ടും, പുഷ്ടജീവനോടുകൂടി, അവളുടെ മനസ്സിനു ഗോചരമായി. മഹീപാലതടാകത്തിൽ ഒരു കൊച്ചുതോണിയും, തടാകതീരത്തിൽ അവളും വിഹരിക്കുകയാണെന്നു അവൾക്കുതോന്നി. തന്റെ പ്രേമഭാജനവും ജീവിതസർവ്വസ്വവും ആയ രാജകുമാരന്റെ സ്വരൂപവും ആ രംഗത്തിൽ തത്സമയം ആവിർഭവിച്ചു. ആ സുകുമാരന്റെ കണ്ഠത്തിൽ പരിലസിച്ചിരുന്ന മാലതീമാലയും അവളുടെ ദൃഷ്ടിയെ പ്രത്യേകം ആകർഷിച്ചു. ഇതിനിടയിൽ, സംഗീതസ്വരം ക്രമേണ അടുത്തടുത്തു വന്ന് ആ സ്ഥലത്തെ സവിശേഷം സംഗീതസാന്ദ്രമാക്കിത്തീർത്തു.

പൂർണ്ണചന്ദ്രന്റെ "വെള്ളിക്കതിരുകൾ" ആകാശമണ്ഡലത്തെ തരളിതമാക്കി. ദാക്ഷിണാത്യമാരുതൻ ചമ്പകപ്പൂമണത്തോടുകൂടെ വീശി. കിളികളുടെ കളകൂജിതത്തോട് സമ്മിളിതമായി മൃദുലമായ മുരളീസ്വരവും കേൾക്കുമാറായി.

അവൾക്കു സുഖവിച്ഛേദം വരുത്തുവാൻ ഈ അവസരത്തിൽ അവിടെ ആരും ഉണ്ടായിരുന്നില്ല. അവളും രാജകുമാരനും മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അവരുടെ ആത്മാവു ബ്രഹ്മാനന്ദത്തിൽ ലയിച്ച്, അനശ്വരമായ സുഖസമൃദ്ധിയുള്ള ഏതോ ദേശാന്തരങ്ങളിൽ സ്വച്ഛന്ദം സഞ്ചരിച്ചു. ഒട്ടകലേനിന്ന്, അപ്സരസ്സുകൾ, അവർക്കു ഏററവും പ്രിയമുള്ള പാട്ടുകൾ പാടുന്നുണ്ടായിരുന്നു. ഇങ്ങിനെ അവളുടെ ഹൃദയം ബ്രഹ്മാനന്ദത്തിൽ മുഴുകി, ക്രമേണ അവൾ ഗാഢനിദ്രയിൽപെട്ടു.

*　　*　　*　　*　　*

ഹാ! തടവുമുറിയുടെ പുറത്തുനിന്നു എന്തോ ഒരു ഭയങ്കരശബ്ദം കേൾക്കുന്നു! അതെന്തായിരിക്കാം! കറുത്തിരുണ്ട രണ്ടു വേഷങ്ങൾ അതാ മുറിയിലേക്കു കടക്കുന്നു!

ഒരുവൻ—"നല്ല ഉറക്കമാണു്."

മറേറവൻ—"എന്നാൽ അധികം നന്നായി. ഇയാൾ ഒരു ബലവാനാണ്. അതുകൊണ്ടു ഉറക്കത്തിൽതന്നെ കഥ കഴിച്ചാൽ നമുക്കു എളുപ്പമായി".

ഒന്നാമൻ—"ഇവിടുന്ന് വിളക്കോടുകൂടി പുറത്തുനിന്നാൽ മതി. ഇരുട്ടിൽ ഞാൻ പണി തീൎത്തുകളയാം."

ഇതുപറഞ്ഞതു് കട്ടബ്ബിനോടായിരുന്നു. ആ കഠോരകൃത്യം ചെയ്തുകഴിയുന്നതുവരെ അയാൾ പുറത്തു കാത്തുനിന്നു.

തത്സമയം ഒരു ഭ്രാന്തനെപ്പോലെ സുൽത്താൻ അവിടെ ഓടിയെത്തി. അദ്ദേഹം കുട്ടബ്ബിനെ കാത്തിരുന്ന് ക്ഷമകെട്ട്, ഒടുവിൽ തന്റെ രാജപദവിയും മററും ഓൎക്കാതെ, അന്തകനായ്ത്തന്റെ സേവകനെ പിന്തുടന്നു കാരാഗൃഹത്തിലേക്കു ചാടിപ്പുറപ്പെട്ടതായിരുന്നു.

"കുട്ടബ്ബ്! നീ ഇനിയും എന്റെ കല്പന നിൎവഹിച്ചിട്ടില്ല. ആ തലയെവിടെ?" എന്നിങ്ങിനെ അത്യുച്ചത്തിൽ ഗൎജ്ജിച്ചു.

ഇതിന്നിടയിൽ ആ ഭയങ്കരകൃത്യം ചെയ്തുകഴിഞ്ഞിരുന്നു. ഒരു തുണിയിൽ എന്തോ ഒരു സാധനം പൊതിഞ്ഞെടുത്തുകൊണ്ടു് ഒരുവൻ ഇരുട്ടറയിൽനിന്നു പുറത്തേക്കു വന്നു. കുട്ടബ്ബ് ആ സാധനം ഏററുവാങ്ങി, മറവുനീക്കി, 'തിരുമേനി ആവശ്യപ്പെട്ട തലയിതാ' എന്നു പറഞ്ഞുകൊണ്ടു അതു സുൽത്താന്റെ കയ്യിൽ കൊടുത്തു.

റാന്തലിന്റെ വെളിച്ചം, രക്തം പുരണ്ട ആ മുഖത്തു പതിച്ചു. അതിൽ പരമാനന്ദസൂചകമായ ഒരു ദിവ്യചൈതന്യം പ്രതിഫലിച്ചിരുന്നു. എന്നാൽ സുൽത്താൻ ഈ പ്രകാശവിശേഷത്തെ കണ്ടില്ല. മുഖം കണ്ടക്ഷണത്തിൽ സുൽത്താൻ ഒരു ഭ്രാന്തനെപ്പോലെ നിലവിളിത്തുടങ്ങി.

"ദുഷ്ട! നിഷ്കണ്ടക! ഇതാരുടെ തലയാണെടാ!"

ഇത്രയും പറഞ്ഞു അയാൾ നിലത്തുവീണ് ഭ്രാന്തനെപ്പോലെ നിലവിളിച്ചു.

—— (0) ——

# മുപ്പത്തൊമ്പതാം അദ്ധ്യായം

ശക്തിമയിയുടെ ദുർമ്മരണംനിമിത്തം സുൽത്താൻ കേവലം ഭ്രാന്തനായിത്തീർന്നു, കുട്ടബ്ബ്, സാഹിബുദ്ധീൻ, പാറാവുകാർ എന്നിവരെയെല്ലാം കൊന്നു. ആളുകളെ കൊലചെയ്യുന്നതിനു യാതൊരു 'കയ്യുംകണക്കും' ഇല്ലെന്നായി. ചിലർ രഹസ്യമായും മറ്റുചിലർ പരസ്യമായും ഗണേശദേവനെ അഭയംപ്രാപിച്ചു. ഗണേശദേവനും ഗിയാസുദ്ധീനും തമ്മിൽ യുദ്ധംതുടങ്ങി. വളരെ പരാജയങ്ങൾക്കുശേഷം ദുർഭഗനായ സുൽത്താൻ മരിച്ചു. ഹിന്ദുക്കളും മുഹമ്മദീയരും ഒത്തുചേർന്നു ഗണേശദേവനെ ബങ്കാളസാമ്രാജ്യാധിപതിയായി അഭിഷേകംചെയ്തു. ബങ്കാളരാജ്യചരിത്രത്തിൽ, ഇദംപ്രഥമമായി, മുഹമ്മദീയസിംഹാസനത്തിൽ ഒരു ഹിന്ദുരാജാവു് ആരോഹണംചെയ്തതു അന്നായിരുന്നു.

* * * *

ശക്തിയുടെ പരാജയത്തിൽ എല്ലാപ്പോഴും സന്തോഷിച്ചിരുന്ന നിരുപമ, തന്റെ പരിപന്ഥിനിയുടെ മരണാനന്തരം, അവൾ അലംകരിച്ചിരുന്ന മാന്യപദവിക്കവകാശിനിയായിത്തീർന്നു. അവളാണല്ലോ ഇപ്പോൾ ചക്രവർത്തിനി!

ശക്തിമയിയുടെ ഉദ്യാനത്തിൽ ഇപ്പോഴും പുഷ്പങ്ങൾ വികസിക്കുകയും പക്ഷികൾ പാടുകയും, മന്ദമാരുതൻ വീശുകയും ചെയ്യുന്നുണ്ടു്. പക്ഷേ, ശക്തിമയി മാത്രം, തന്റെ മനോഹരസാന്നിദ്ധ്യത്താൽ ആ സ്ഥലത്തെ ധന്യമാക്കുന്നില്ല. പണ്ടത്തെപ്പോലെ ഇപ്പോഴും തന്റെ പ്രിയതമന്റെ പ്രേമലാളനകളെ അനുഭവിച്ചുകൊണ്ടു്, നിരുപമാദേവി, നിലാവുള്ള രാത്രികളിൽ ആ പൂങ്കാവിലിരുന്നുല്ലസിക്കാറുണ്ടു്.

അസപത്നയായ ഒരു രാജകുമാരിയുടെ കയ്യും പിടിച്ചുകൊണ്ടു്, യുവരാജകുമാരനായ യാദവദേവൻ നിരുപമയുടെ അടുക്കലെത്തി.

"അമ്മേ! ഞാൻ വലുതായാൽ ഈ ഗുൽബഹാറിനെ കല്യാണം കഴിക്കും" എന്നു നിരുപമയോടും—

"ഓമനേ, കരയേണ്ടാ. നീ എൻെറ റാണിയല്ലേ? ഞാൻ പൂക്കളെറുത്തുതരാം" എന്നു രാജകുമാരിയോടും പറഞ്ഞു.

മകൻെറ വാക്കുകൾ നിരുപമയെ പീഡിപ്പിക്കുകയാണു ചെയ്തതു്.

"മകനെ, അങ്ങിനെ പറയരുതു്. അവൾ ഒരു മുസൽമാൻ കുട്ടിയല്ലേ?"

അടുത്തുനിന്നിരുന്ന സന്ന്യാസിനി ഇതിന്നു തക്കതായ ഉത്തരം കൊടുത്തു.

"ആ കുട്ടിയെ നിന്ദിക്കരുതേ! അവളുടെ അമ്മ നിങ്ങൾക്കുവേണ്ടിയാണു ജീവത്യാഗം ചെയ്തതെന്നു ഓൎമ്മവേണം!".

ഗണേശദേവൻ നിശ്വസിച്ചുകൊണ്ടു ആ രാജകുമാരിയെ മടിയിൽ എടുത്തിരുത്തി വാത്സല്യപുരസ്സരം ചുംബിച്ചു. ഈ ലാളനകൾ കാണുന്തോറും നിരുപമയുടെ മനസ്സിൽ ഭയാശങ്കകൾ വർദ്ധിക്കുകയുംചെയ്തു.

തോട്ടക്കാരൻ കെട്ടിയുണ്ടാക്കിക്കൊണ്ടുവന്നിരുന്ന ഒരു പൂമാല യാദവദേവൻെറ പക്കൽ ഉണ്ടായിരുന്നു. ആ ബാലൻ അതിനെ രാജകുമാരിയുടെ കഴുത്തിലിട്ടു. "രാജകുമാരി! നീയാണെൻെറ റാണി. ഞാൻ നിന്നെ കല്യാണം കഴിക്കാൻ പോകുന്നു" എന്നു പറഞ്ഞു.

* * * * *

കാലാന്തരത്തിൽ നിരുപമയുടെ ഭയാശങ്കകൾ വാസ്തവമായിത്തീൎന്നു. യാദവദേവൻ തൻെറ ബാല്യപ്രതിജ്ഞയെ നിറവേററി. ശക്തിമയിയുടെ ശാപം ഫലിച്ചു. യാദവദേവൻ ചെറുപ്പത്തിൽതന്നെ മുസൽമാനായി വനവാരിലാലിൻെറ വംശത്തിൽ ജനിച്ച 'ഗുൽബഹാർ' രാജകുമാരിയെ വിവാഹം ചെയ്തു.

അദ്ദേഹത്തെയാണ് ബങ്കാളത്തിലെ സുൽത്താനായ ജലാലുദ്ദീൻ' എന്നു ചരിത്രം ഘോഷിക്കുന്നതു്.

ശുഭം.

—(o)—